# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 12 ലക്കം - 7 മിഥുനം - 1194 ജൂലൈ 2019




ഓം നമ:ശിവായ

# വെണ്ണല തൈക്കാട്ട് ശ്രീമഹാദേവ ക്ഷേത്രം



2000 വർഷം പഴക്കമുള്ള ചിരപുരാതന ക്ഷേത്രം

വിവാഹലബ്ധിക്കും ദാമ്പത്യഭദ്രതയ്ക്കും

തൊഴിൽ അഭിവൃദ്ധിക്കും വിദ്യാപുരോഗതികൾക്കും

പ്രത്യേകം പൂജകൾ നടത്തിവരുന്നു

**THYKKATTU SRI MAHADEVA TEMPLE TRUST**

VENNALA P.O, KOCHI 682028, PH: 0484 2805986, MOB: 8089109272

e-mail: thykkattudevaswom@gmail.com, www.thykkattudevaswom.org

Advt

## എഡിറ്റോറിയൽ

# പകർച്ചവ്യാധികൾ

മഴക്കാലമായി. പകർച്ച വ്യാധികളും വ്യാപകമാവുന്നു. ഒരു തുടർക്കഥ എന്നോണം എല്ലാ വർഷവും ഇത് പതിവാണ്. എന്തേ ഇതിന് കാരണം ? ജനസംഖ്യാബാഹുല്യമുള്ള നമ്മുടെ ഈ സംസ്ഥാനത്ത് ജനങ്ങൾ കൂടുതലായി തിങ്ങി പാർക്കുന്ന ഇടങ്ങളിൽ, ജനജീവിതത്തിന് അവശ്യം ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ ഇല്ലാതെ വരുമ്പോൾ, ഇവിടങ്ങളിൽ മാലിന്യത്തിന്റെ തോത് മറ്റുള്ള സ്ഥലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ച അളവിലാവുകയും, അത് ആ പ്രദേശവാസികളുടെ ആരോഗ്യത്തെ ബാധിക്കുകയും ചെയ്യുന്നു. ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്തെ അവയവങ്ങൾ സാധാരണ ഗതിയിൽ പ്രവർത്തിക്കാൻ കഴിയാതെ വരികയോ, ശരീരത്തിലേക്ക് ഏതെങ്കിലും തരത്തിലുള്ള അണുബാധയോ, അതുപോലെ നമ്മുടെ ശരീരത്തിന് ഹിതകരമല്ലാത്ത വൈറസുകളുടെ പുറമെ നിന്നുള്ള കടന്നുകയറ്റമോ ഒക്കെ നമ്മെ രോഗികളാക്കി മാറ്റുന്നു. ഇങ്ങനെ മനുഷ്യനെ രോഗിയാക്കി മാറ്റുന്ന വൈറസുകൾ മുതലായവ വ്യാപിക്കുന്നത് കൂടുതലായും കണ്ട് വരുന്നത് ശുചിത്വമില്ലാത്ത സ്ഥലങ്ങളിലാണ്. രോഗത്തിന്റെ ഒരു പ്രധാന കാരണം തന്നെ ശുചിത്വമില്ലായ്മയാണ്. നമ്മുടെ നാടിനെ സംബന്ധിച്ച് മാലിന്യ സംസ്കരണം ഇന്നും ഒരു വലിയ പ്രശ്നമായി തന്നെ അവശേഷിക്കുകയാണ്. എറണാകുളത്തെപ്പോലെ താണു കിടക്കുന്ന ഒരു പ്രദേശത്ത് മാലിന്യ നിർമ്മാർജ്ജനത്തിനും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും വേണം ഏറ്റവും മുന്തിയ പരിഗണന നൽകേണ്ടത്. ഓടകളിലൂടെയും കാനകളിലൂടെയുമെല്ലാമാണ് പല സ്ഥലങ്ങളിലും കുടിവെള്ള പൈപ്പുകൾ ഇട്ടിരിക്കുന്നത്. ഇതേ കാനകളിലൂടെയാണ് ആ പ്രദേശങ്ങളിലെ മുഴുവൻ മാലിന്യം കലർന്ന മലിനജലവും ഒഴുകി പോകുന്നത്. ഈ പൈപ്പുകളിൽ കാലപ്പഴക്കംകൊണ്ട് സുഷിരങ്ങളുണ്ടാകാം. അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ആഘാതങ്ങൾ മൂലം പൊട്ടലുകളോ പൈപ്പുകൾ തമ്മിൽ ബന്ധിപ്പിക്കുന്നിടങ്ങളിൽ വിടവുകളോ ഒക്കെ ഉണ്ടാവുക സ്വാഭാവികമാണ്. ഇങ്ങനെയുണ്ടാവുന്ന

# ഉള്ളടക്കം

വാല്യം 12 | ലക്കം 7 | ജൂലൈ 2019


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 10 |
| വാസ്തു | 11 |
| ഭാരതത്തിലെ ഋഷികവികൾ | 13 |
| ക്ഷേത്രങ്ങളിലൂടെ | 17 |
| മഹാഭാരതം | 20 |
| ഹരിസുധാലഹരി | 23 |
| വൈദേഹി ആര് ? | 24 |
| പാതഞ്ജലയോഗ ദർശനം | 25 |
| മസ്തിഷ്കത്തെ പിടികൂടിയ ഭൂതങ്ങൾ | 26 |
| യാത്രാവിവരണം | 28 |
| ഭക്തഗർവ്വശമനം | 36 |
| ലോകപരിസ്ഥിതി ദിനം | 38 |
| നവരാത്രി പ്രോഗ്രാം | 40 |
| ജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ | 43 |
| അവസരങ്ങൾ വിനിയോഗിക്കുക | 45 |
| അശനിപാതം | 46 |
| മഴയെത്തുമ്പോൾ | 49 |
| തിരുക്കുറൾ | 51 |
| മാസഫലം | 57 |
| മാട്രിമോണിയൽ | 58-66 |


കവർചിത്രം: *വാല്മീകി മഹർഷി*

## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

വിടവുകളിലൂടയും സുഷിരങ്ങളിലൂടെയും കാനയിലെ മലിനജലം പൈപ്പിൽ കടന്നുകൂടുമെന്നുള്ളതും തർക്കമറ്റ സംഗതിയാണ്. ഇത്തരം മലിനജലം കുടിച്ചാൽ ഏത് ആരോഗ്യവാനും രോഗിയായി മാറും എന്നുള്ളതിൽ സംശയവുമില്ല. പലയിടങ്ങളിലും വിരയും നൂൽപ്പുഴുവും ഒക്കെ പൈപ്പ് വെള്ളത്തിൽ നിന്നും കണ്ടെത്തിയതായി റിപ്പോർട്ടുകളും വന്നിട്ടുണ്ടല്ലോ? അതെല്ലാം ഇതുപോലെ പൈപ്പുകളിൽ പ്രവേശിക്കുന്ന മലിനജലത്തോടൊപ്പം ഉള്ളിൽ കടന്നു കൂടുന്നതാണ്. എറണാകുളത്തെ സംബന്ധിച്ച് കാനകളിലെ ജലം വളരെ അപകടകരമായ രീതിയിൽ മലിനവുമാണ്. നിയമവിരുദ്ധമാണെങ്കിലും പല വീടുകളിൽ നിന്നും സെഫ്റ്റി ടാങ്കിൽ നിന്ന് പുറത്തേക്കൊഴുകുന്ന വെള്ളം ഈ കാനകളിലേക്കാണ് വിടുന്നതെന്നാണ് അറിവ്. ഇതൊക്കെ പരിശോധിക്കേണ്ടവർ പരിശോധിക്കുകയോ, ഇങ്ങനെ പൊതുജനാരോഗ്യത്തെ ബാധിക്കുന്ന ദുഷ്പ്രവർത്തികളിൽ നിന്ന് ആളുകളെ പിന്തിരിപ്പിക്കുവാൻ വേണ്ട ബോധവല്ക്കരണമോ, സമൂഹത്തെ മുഴുവൻ മാരകമായ രോഗങ്ങളിലേക്ക് കൊണ്ടെത്തിക്കുന്ന ഇമ്മാതിരി പ്രവർത്തികൾ ചെയ്യുന്ന കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുകയോ ഒന്നും ഉണ്ടാവുന്നില്ല. ഫലമോ, പ്രദേശത്തെ ജനങ്ങൾ മുഴുവനും രോഗബാധിതരാവുന്നു.

കേരളത്തിലെ മറ്റ് മിക്ക പ്രദേശങ്ങളെക്കാളും വളരെ താഴ്ന്ന് കിടക്കുന്ന, വെള്ളക്കെട്ടിന്റെ ദുരിതം പേറുന്ന എറണാകുളത്തും കൊച്ചിയിലും നഗരസഭ ഏറ്റവും അടിയന്തിരമായി ചെയ്യേണ്ടത് സ്യൂവേജ് സിസ്റ്റം (Sewage System) നടപ്പാക്കുക എന്നുള്ളതാണ്. ഓരോ വീട്ടിലും ഓരോ വലിയ മാലിന്യ ടാങ്കും സൂക്ഷിച്ചു കൊണ്ടാണ് നാം ജീവിക്കുന്നത്. നാളുകൾ കഴിയുമ്പോൾ എങ്ങനെയായാലും സെഫ്റ്റി ടാങ്കുകൾക്ക് പൊട്ടലുകളോ വിള്ളലുകളോ ഉണ്ടായി അതിൽ നിന്ന് അല്പാല്പം മലിനജലം മണ്ണിൽ കലരും. ഇത് സമീപപ്രദേശങ്ങളെ മുഴുവനും മലിനമാക്കുകയും ചെയ്യും. ഇത് ഒഴിവാക്കുവാൻ സ്യൂവേജ് സിസ്റ്റം നടപ്പാക്കണം. വെള്ളക്കെട്ടിന്റെ ഒരു ശല്യവുമില്ലാത്ത തിരുവനന്തപുരം നഗരസഭ എത്ര ഭംഗിയായിട്ടാണ് ഈ സിസ്റ്റം നടപ്പാക്കിയിരിക്കുന്നത്. യഥാർത്ഥത്തിൽ ഇത് കേരളത്തിൽ ഏറ്റവും ആദ്യം നടപ്പാക്കേണ്ടിയിരുന്നത് എറണാകുളത്തും കൊച്ചിയിലുമാണ്. പക്ഷെ കൊച്ചി നഗരസഭ മാറി മാറി പലരും ഭരിച്ചിട്ടും ഇക്കാര്യത്തിന് ഒരു പ്രാധാന്യം കൊടുത്തു കാണാത്തത് ഏറെ നിരാശാജനകമാണ്. ഇനിയെങ്കിലും നഗരസഭ ഇക്കാര്യത്തിന് വേണ്ട പരിഗണന നല്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ ഈ പ്രദേശത്ത് പല സെപ്റ്റിക് ടാങ്കുകളും, പകർച്ച വ്യാധികൾക്ക് ഏറ്റവും കൂടുതൽ കാരണമാകുന്ന കൊതുകുകളുടെ വളർത്തു കേന്ദ്രങ്ങൾ കൂടിയാണ്. നമ്മുടെ ഈ പ്രദേശത്തെ സംബന്ധിച്ച് കൊതുകു ശല്യം ഇല്ലാതാക്കിയെങ്കിൽ മാത്രമെ പകർച്ച വ്യാധികളെ തടയുവാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടി വെള്ളക്കെട്ട് ഒഴിവാക്കുന്ന കാര്യത്തിലും മാലിന്യ നിർമ്മാർജ്ജനത്തിനും നമ്മുടെ നഗരസഭ ചിലതൊക്കെ ചെയ്യുന്നുണ്ടെങ്കിലും പൂർണ്ണ ഫലപ്രാപ്തിയിലെത്തിയെന്ന് പറയുവാൻ സാധിക്കില്ല. ജനങ്ങളുടെ സഹകരണമില്ലായ്മയാണ് ഇതിന്റെ മുഖ്യകാരണം. പൊതുനിരത്തുകളിൽ വീട്ടിലെ മാലിന്യം വലിച്ചെറിയുന്നത് ഇപ്പോഴും പലരും ശീലമാക്കിയിട്ടുണ്ട്. അതാതു പ്രദേശത്തെ റസിഡൻസ് അസ്സോസിയേഷനുകൾ മുൻകൈയ്യെടുത്ത് ഇങ്ങനെയുള്ളവരെ പിടികൂടി നഗരസഭയ്ക്ക് കൈമാറണം. വളരെ അഭ്യസ്ഥവിദ്യരെന്ന് അഭിമാനിക്കുന്ന ചിലരാണ് കാറിലും ബൈക്കിലുമൊക്കെ വന്ന് മാലിന്യം നിറഞ്ഞ കവറുകൾ റോഡിലെക്കെറിഞ്ഞിട്ട് പോകുന്നത്. സർക്കാരിനായാലും നഗരസഭയ്ക്കായാലും ജനങ്ങളുടെ സഹകരണമില്ലെങ്കിൽ ഒരു പദ്ധതിയും, പ്രത്യേകിച്ച് ശുചീകരണ പദ്ധതികൾ വിജയിപ്പിക്കാൻ സാധിക്കില്ല. ആധുനിക വിദ്യാഭ്യാസത്തിൽ പൗരധർമ്മം ഉൾപ്പെടുത്താതിന്റെ ഒരു കുറവാണിത്. ചെറിയ ക്ലാസ്സുകളിൽ വെച്ചു തന്നെ സമൂഹത്തിൽ ഒരു പൗരൻ എങ്ങനെ ജീവിക്കണം. നമ്മുടെ കടമകളെന്തൊക്കെയാണ് തുടങ്ങിയ അതിപ്രധാന പാഠങ്ങൾ ചെറുപ്പത്തിൽ തന്നെ കുട്ടികളെ പഠിപ്പിക്കണം. പണ്ടൊക്കെ പൗരധർമ്മം ഒരു പ്രത്യേക വിഷയമായി തന്നെ പഠിപ്പിച്ചിരുന്നു. അത് പുനരാരംഭിച്ചാൽ തീർച്ചയായും വരും തലമുറകളെങ്കിലും സമൂഹത്തിന് ഗുണം ചെയ്യുന്ന ഉത്തമ പൗരന്മാരായി വളർന്നു വരും എന്നുള്ളതിൽ സംശയമില്ല. എറണാകുളം നഗരത്തിൽ മിക്ക റോഡുകളിലും മാലിന്യക്കൂമ്പാരങ്ങൾ തന്നെ നമുക്ക് കാണാൻ കഴിയും. മിക്കയിടങ്ങളിലും കാനകളെല്ലാം മാലിന്യങ്ങൾകൊണ്ട് നിറഞ്ഞിരിക്കുകയുമായിരിക്കും. ഈ വർഷം ആകെ രണ്ടോ മൂന്നോ ദിവസം മാത്രമെ നല്ല രീതിയിൽ മഴ പെയ്തിട്ടുള്ളൂ. മഴ പെയ്തപ്പോഴെല്ലാം കാനകൾ കവിഞ്ഞ് റോഡുകളെല്ലാം മാലിന്യം നിറഞ്ഞ നിരത്തുകളാവുകയായിരുന്നു. ഈ അവസ്ഥ ഈ നഗരവാസികൾക്ക് അസഹ്യമെന്നു മാത്രമല്ല നാണക്കേടും കൂടിയല്ലെ?

എന്തായാലും പകർച്ചവ്യാധികൾ ഉണ്ടായിട്ട് അതിനുവേണ്ടി പണം ചിലവാക്കുന്ന സർക്കാർ രോഗം വരാതിരിക്കാൻ വേണ്ട മുൻകരുതലുകൾ എടുക്കുന്നതായിരിക്കില്ലേ ഉത്തമം. ഇക്കാര്യത്തിൽ സർക്കാരിന്റെയും നഗരസഭയുടെയും ശ്രദ്ധ പതിയട്ടെയെന്ന് ആഗ്രഹിക്കുന്നു.



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

എറണാകുളം കരയോഗത്തിന്റെ 94-ാമത് വാർഷിക പൊതുയോഗം ജൂൺ 30ന് ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ് സൂര്യതാപ വൈദ്യുതി, ഫാമിലി ഹെൽത്ത് ക്ലബ്ബ്, കരയോഗത്തിലെ പമ്പ ഹാൾ നവീകരണം തുടങ്ങി വിവിധ പദ്ധതികൾക്കും ദൈനംദിന പ്രവർത്തനങ്ങൾക്കുമായി 15,43,00,000 രൂപയുടെ ബഡ്ജറ്റ് ഏകകണ്ഠമായി അംഗീകരിച്ചു.

ഈ വർഷം ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യുക എന്ന പ്രഥമലക്ഷ്യമാണ് മുന്നിലുള്ളത്. കരയോഗാംഗങ്ങൾക്കായി വളരെ ആകർഷകമായ രീതിയിലുള്ള നിക്ഷേപ പദ്ധതികൾ രാധേയം ഗസ്റ്റ് ഹൗസ് നിർമ്മാണത്തിനായി, നിലവിൽ ധനസമാഹരണത്തിനായുണ്ട് എന്ന് ഒരിക്കൽ കൂടി ഈയവസരത്തിൽ ഓർമ്മിപ്പിച്ചു കൊള്ളുന്നു. കരയോഗത്തിന്റെ ഈ പദ്ധതിയിൽ അംഗങ്ങളുടെ നിക്ഷേപം ഉണ്ടാവുന്നത് കൂടുതൽ പ്രചോദനവും പ്രോത്സാഹനവുമാകുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അതിനാൽ ഒരിക്കൽ കൂടി നിങ്ങളുടെ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

2019 ലെ നവരാത്രി ആഘോഷം സെപ്തംബർ 29 മുതൽ ഒക്ടോബർ 8 വരെ നീണ്ടു നില്ക്കുന്ന വിവിധ കലാപരിപാടികളോടെ ടിഡിഎം ഹാളിൽ നടത്തപ്പെടും.അതിനോടനുബന്ധിച്ച് മുൻ വർഷങ്ങളിലെപ്പോലെ തന്നെ സബ്ജൂനിയർ, ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളിലായി പുരാണ-ഇതിഹാസങ്ങൾ, സംഗീതം, നൃത്തം എന്നീ വിവിധ ഇനങ്ങളിൽ കുട്ടികൾക്കായുള്ള മത്സരങ്ങൾ ജൂലൈ 14 മുതൽ ആരംഭിച്ച് സെപ്തംബർ 29 വരെ 11 ദിവസങ്ങളിലായി മത്സര പരിപാടിയിൽ കാണിച്ചിരിക്കുന്നതു പോലെ നടത്തപ്പെടും.വിശദവിവരങ്ങൾ ഈ ലക്കം സൗഹൃദത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രാമായണ മാസമായ കർക്കിടക മാസത്തിൽ പതിവുപോലെ സമ്പൂർണ്ണ രാമായണ പാരായണം ജൂലൈ 21ന്, ഞായറാഴ്ച രാവിലെ 6.30 മുതൽ ടി.ഡി.എം.ഹാളിൽ ശ്രീ.എൻ.ടി.കാർത്തികേയന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്. ഏവരെയും പ്രത്യേകം ക്ഷണിക്കുന്നു.

ഓഗസ്റ്റ് 10ന് ശനിയാഴ്ച രാവിലെ 9.45ന് എറണാകുളം കരയോഗത്തിന്റെ ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി 2019-20 ലേക്കുള്ള വാർദ്ധക്യ-വിധവാ പെൻഷൻ, ചികിത്സാസഹായം, വിദ്യാഭ്യാസ സഹായം എന്നിവയുടെ വിതരണോദ്ഘാടനം നിർവ്വഹിക്കുന്നതാണ്.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ പ്രതിമാസ പരിപാടിയിൽ ജൂലൈ 21ന് ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് 'അന്വേഷിച്ചു കണ്ടെത്തിയില്ല' സിനിമാപ്രദർശനം നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ പരിപാടിയിൽ ജൂലൈ 23ന് ചൊവ്വാഴ്ച വൈകുന്നേരം 6.30 മണിക്ക് 'നളചരിതം ഒന്നാം ദിവസം' കഥകളി നടത്തുന്നതാണ്.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന തലശ്ശേരി വോയ്സ് ഓർക്കസ്ട്രയുടെ 'ഇശൽ ഗാനമേള' ജൂലൈ 26ന് വെള്ളിയാഴ്ച ടിഡിഎം ഹാളിൽ അവതരിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ പ്രവർത്തനങ്ങളിൽ തുടർന്നും അംഗങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.....

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 17.07.2019 മുതൽ 15.08.2019 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 17.07.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 18.7.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 20.7.2019 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 21.7.2019 | ഞായർ | 10.00 a.m | : പാർക്കിൻസൺസ് രോഗചികിത്സ (ആയുഷ്യം പോളിക്ലിനിക്) |
| | | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് - സിനിമപ്രദർശനം അന്വേഷിച്ചു കണ്ടെത്തിയില്ല |
| 23.7.2019 | ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ് കഥകളി: നളചരിതം ഒന്നാം ദിവസം |
| 24.7.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 4.00 p.m. | : വിമൻസ് ഫോറം യോഗം |
| 25.7.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 26.7.2019 | വെള്ളി | 6.30 p.m. | : ബീം പ്രതിമാസ പരിപാടി-ഇശൽ ഗാനമേള |
| 27.7.2019 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 31.7.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 1.8.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 3.8.2019 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 7.8.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 8.8.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 10.8.2019 | ശനി | 9.45 a.m | : ജീവകാരുണ്യഫണ്ട് വിതരണോദ്ഘാടനം |
| | | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 14.8.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 15.8.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |

## നായർ സ്ത്രീസമാജം 2019 ജൂലൈ മാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 16.07.2019 | Get Together | 4.00 pm |
| 17.7.2019 | രാമായണ പാരായണം (സുന്ദരകാണ്ഡം) | 9.00 am |
| 19.7.2019 | വിളക്കു പൂജ | 9.00 am |

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2019 ജൂലൈ മാസം 21-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ ആയുഷ്യം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***



# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

നമ്മുടെയെല്ലാം പ്രിയങ്കരനായ കുഞ്ഞുണ്ണി മാസ്റ്ററുടെ കവിതയിലെ അതിമനോഹരമായ വരികൾ കൂട്ടുകാർ കേട്ടിട്ടുണ്ടായിരിക്കുമല്ലോ?

നല്ല വാക്ക് ചൊല്ലണം
നന്മ ചെയ്തു വാഴണം
നാമഘോഷമെന്നുമെന്റെ
നാവിലായ് വന്നീടണം
നല്ല ചിന്ത ഏകണം
മനസ്സു ശുദ്ധമാകണം
നിത്യനായ ചിത്പ്രകാശരൂപനെ വണങ്ങണം
പൊൻചിലമ്പു കൊഞ്ചിടുന്ന
പിഞ്ചു പാദമോർക്കണം
ആ പദാബ്ജം തന്നിലായ്
സദാ നമിച്ചിടട്ടെ ഞാൻ.

എത്ര മനോഹരമായ കുഞ്ഞികവിതകളാണ് അദ്ദേഹം തന്റെ കുഞ്ഞി കൂട്ടുകാർക്കു വേണ്ടി എഴുതിയത്. അദ്ദഹത്തിന്റെ കുറേ കവിതകൾ എങ്കിലും ഹൃദിസ്ഥമാക്കാൻ ശ്രമിക്കണം കേട്ടോ.

പുതിയ വർഷം എല്ലാ കൂട്ടുകാർക്കും ഉത്സാഹവും, ഉന്മേഷവും പ്രദാനം ചെയ്യട്ടെ എന്നാശംസിക്കുന്നു.

ഇനി കൂട്ടുകാർ ജീവിതത്തിൽ അനുവർത്തിക്കേണ്ട ചില കാര്യങ്ങളെക്കുറിച്ചു പറയാം.

നമ്മുടെ ജീവിതത്തിൽ വിനയത്തിനും, വാക്കിനും ഏറെ പ്രസക്തി ഉണ്ട് കൂട്ടുകാരെ. എളിമ ഉള്ള സ്ഥലത്തെ വളർച്ച ഉണ്ടാവൂ. അതുപോലെയാണ് നല്ല വാക്കും. സൂക്ഷിച്ചുപയോഗിച്ചില്ലെങ്കിൽ രണ്ടും ദോഷകരമാണ്. അർത്ഥവും അനർത്ഥവും എന്ന് കൂട്ടുകാർ കേട്ടിട്ടുണ്ടോ? അമിതമായ ധനമോഹം നമ്മെ സ്വാർത്ഥതല്പരരാക്കും. അതുകൊണ്ട് ഏറെ പണം കൊടുത്തു വാങ്ങുന്ന കളിപ്പാട്ടങ്ങൾ പോലും കൂട്ടുകാർ ആശിക്കരുത്.

ഒരു വ്യക്തിയും നിസ്സാരനല്ല എന്ന് കൂട്ടുകാർക്കു അറിയാമല്ലോ. എല്ലാവരിലും ഉള്ള ദൈവം ഒന്നു തന്നെ. അപ്പോൾ പിന്നെ എന്തിനാണ് വേർതിരിവ്. എളിമയിലേക്ക് ഉള്ള വഴി കാട്ടിയാണ് അറിവ് എന്ന് കൂട്ടുകാർക്കറിയാമോ? ഓരോ കുട്ടിയും പുതിയ അറിവുകൾ ലഭിക്കുമ്പോൾ അത് കൂട്ടുകാർക്കും പകരണം കേട്ടോ. ജീവിതത്തിൽ ഉടനീളം ഈ ഗുണങ്ങൾ പകർത്താൻ ശ്രമിക്കുമല്ലോ? സ്വന്തം ജീവിത സൗകര്യങ്ങൾ കൂടുമ്പോൾ ഒന്നോർത്തോളൂ. എത്രയോ കുട്ടികൾ ഭക്ഷണത്തിനു പോലും വഴി ഇല്ലാത്തവരാണെന്ന്... അവർക്കു വേണ്ടി എന്തെങ്കിലും സഹായം ചെയ്യാൻ കൂട്ടുകാർ ശ്രമിക്കണം. അച്ഛനമ്മമാരോട് ഈ ആഗ്രഹം അറിയിക്കുമ്പോൾ അവർ ഏറെ സന്തോഷിക്കും.

**ഇനി നമുക്ക് കുറച്ചു കടംകഥകൾ പറയാം.**

പഴയകാലത്ത് കടംകഥകൾക്ക് ഏറെ പ്രാധാന്യം ഉണ്ടായിരുന്നു. ഇതിന്റെ ഉദ്ദേശം എന്തായിരുന്നുവെന്ന് കൂട്ടുകാർക്കറിയാമോ? മാനസികമായ ഈ വ്യായാമം സാഹിത്യത്തിൽ അഭിരുചി വളർത്താൻ ഏറെ സഹായിക്കും. ബുദ്ധിപരമായ ഈ വ്യായാമം കൂട്ടുകാർക്കും പരീക്ഷിക്കാവുന്നതേയുള്ളൂ. ഭാഷാസ്നേഹം വളരാൻ കടംകഥകളും അക്ഷരശ്ലോകവും കൂട്ടുകാർ ഒഴിവു സമയങ്ങളിൽ പരിശീലിച്ചോളൂ. ഇവ ശേഖരിക്കുന്നതും ഒരു വിനോദമാവട്ടെ. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. രണ്ടു കിണറ്റിനു ഒരു പാലം – മൂക്ക്
2. അമ്മ കിടക്കും മകൾ ഓടും – അമ്മിയും കുട്ടിയും
3. ഇട്ടാൽ പൊട്ടാത്ത ഇംഗ്ലീഷ് മുട്ട – കടുക്
4. ആനകേറാമല ആട് കേറാമല
   ആയിരം കാന്താരി പൂത്തിറങ്ങി – നക്ഷത്രങ്ങൾ
5. ചുള്ളിക്കമ്പിൽ ഗരുഡൻതൂക്കം – വവ്വാൽ

പഴഞ്ചൊല്ല് എന്ന് കൂട്ടുകാർ കേട്ടിട്ടുണ്ടാവും. പഴയ കാലത്തു പലരും പറഞ്ഞു രസിച്ചിരുന്ന ഒന്നാണ് പഴഞ്ചൊല്ല്.

ചില പഴഞ്ചൊല്ലുകൾ കേട്ടോളൂ.

പൂച്ചയ്ക്കെന്ത് പൊന്നുരുക്കുന്നിടത്ത് കാര്യം
അപ്പം തിന്നണോ കുഴി എണ്ണണോ
ആനയില്ലാത്ത ആറാട്ടോ
അല്പന് ഐശ്വര്യം വന്നാൽ അർദ്ധരാത്രിയിലും കുടപിടിക്കും.

കൂട്ടുകാർക്ക് ഹൃദിസ്ഥമാക്കാൻ ശ്രീകൃഷ്ണ സ്തവത്തിൽ നിന്ന് ഏതാനും വരികൾ താഴെ ചേർക്കുന്നു.

കേവലം പരമധാമമത്ഭുതം
ദേവകിക്ക് വസുദേവ മന്ദിരേ
ഭൂമി ഭാര ഹൃതയേ പിറന്നവൻ
ദേവനെന്മനസി വാഴ്ക സന്തതം,
കാൽച്ചിലമ്പൊലി വളർത്തു പോയ് നട-
ന്നാച്ചി മന്ദിര മലങ്കരിച്ചവൻ

വാച്ച വേദവചനേന കേവലം
വാചനെൻ മനസി വാഴ്ക സന്തതം
പാലും വെണ്ണ മുഴുവൻ കവർന്നിടും
വേല കോലിനലവനായർ യോഷിതാം
നാലു വേതനറുകാതൽ വിണ്ണുളാർ-
പാലലെന്മനസി വാഴ്ക സന്തതം.

# ചങ്കരന്റെ തെങ്ങേറ്റം

**പറവൂർ രാജഗോപാൽ.**
**ഫോൺഃ 9847291483**

ഒരു ദിവസം അതിരാവിലെ ഞങ്ങൾ മാമ്പുറത്തെ നിവാസികൾ ഉണരുന്നത് കുട്ടിമൂപ്പത്ത്യാരുടെ നിലവിളി കേട്ടു കൊണ്ടാണ്.

'അയ്യോ.......അയ്യയ്യോ..... ന്റെ പൊന്നൂട്ടൻ ചങ്കരനെ കാണാനില്ലായേ. ഒന്നോടി വരണേ തമ്പ്രാക്കന്മാരെ.......!'

സ്ഥാനികളായ ഞങ്ങൾ ഒത്തിരി പേർ തിങ്ങിപ്പാർക്കുന്ന ഒരിടമാണ് മാമ്പുറം. ചങ്കരൻ, കുട്ടിമൂപ്പത്തിയുടെ പൊണ്ണൻ മോനാണ്. അവനെ കാണാനില്ലെന്നു പറഞ്ഞാണ് മൂപ്പത്ത്യാരുടെ നിലവിളി.

കണ്ണും തിരുമ്മി ഉറക്കമുണർന്നു വന്ന ഞങ്ങളിൽ പലരും അവനെ തിരക്കി വിളിച്ചു. പലേടത്തും പാഞ്ഞു നടന്നു.

പലപ്പോഴും അവൻ ചില്ലറ കുഴപ്പങ്ങളിൽ ചെന്നു പെടും. ഒടുവിൽ അതിൽ നിന്നൊക്കെ അവനെ രക്ഷപ്പെടുത്തിയെടുക്കുവാൻ ഞങ്ങൾ ഈ മാമ്പുറത്തുകാർ തന്നെ വേണം.

കഴിഞ്ഞവാരം ചങ്കരനെ കാണാനില്ലെന്ന് കുട്ടിമൂപ്പത്തി വിളിച്ചറിയിച്ച് ചെന്നു നോക്കുമ്പോൾ അവനുണ്ട് ദേ ഒരു തെങ്ങിൻ തലപ്പത്ത് ഇരിക്കുന്നു.

'എടാ ചങ്കരാ നീയിതെന്ത് വേലയാ ഒപ്പിച്ചിരിക്കണേ. എറങ്ങി വന്നേടാ.' - ഞങ്ങൾ ചിലർ മേലോട്ടു നോക്കി ആജ്ഞാപിച്ചു.

അതിന് അവന് ഇറങ്ങാൻ അറിഞ്ഞിട്ടു വേണ്ടേ !

'നെക്ക് എറങ്ങാനറിഞ്ഞു കൂടാ.' - തെങ്ങിൻ തലപ്പത്തു നിന്ന് അവൻ വിളിച്ചു പറഞ്ഞു.

'കൈ നോവ്ണൂ. ന്നെ പിടിന്നൊന്ന് എറക്ക്.'

അവൻ ഉച്ചത്തിൽ മേലേനിന്ന് കാറിക്കൂവിക്കൊണ്ടിരുന്നു.

പിന്നെങ്ങനാടാ നീ കേറീത് ? എന്തിനാ തെങ്ങേക്കേറീത് ? - ചിലർക്കത് അറിയണം.

പിന്നെ ദൂരെ ടൗണിൽ നിന്ന് ഫയർ ഫോഴ്സ്കാരൊക്കെ വന്നിട്ടാണ്, അന്ന് ചങ്കരനെ തെങ്ങിൻ തലപ്പത്തു നിന്ന് ഇറക്കിയത്.

തെങ്ങുകയറ്റം ചങ്കരനു പറ്റിയ പണിയല്ലെന്നു ഞങ്ങൾക്ക് അറിയാം. അതുകൊണ്ടു തന്നെ ഞങ്ങൾ അവനെ അതിൽ നിന്ന് പണ്ടേ വിലക്കിയിട്ടുള്ളതാണ്. എന്നിട്ടും എല്ലാവരുടേയും കണ്ണുവെട്ടിച്ച് ചങ്കരൻ തെങ്ങിൽ കയറി.

ഇറക്കിക്കൊണ്ടു വന്ന അവനെ ഞങ്ങൾ പിടിച്ചു നിർത്തി പറഞ്ഞു.

'മേലിൽ ഈ വക കുരുത്തക്കേടിനു പോയാ, ങ്ഹാ, നീ നോക്കിക്കോ'.!

വർക്കിതോമായുടെ പെമ്പ്രന്നോത്തി അന്നക്കുട്ടിക്ക് അപ്പൊ അറിയണം -

എടാ, നീയെന്തിനാടാ തെങ്ങേക്കേറീത് ? എങ്ങനാടാ കേറീത്?

അന്നക്കുട്ടി ആ രണ്ടു ചോദ്യങ്ങളും അപ്പോൾ തന്നെ അവനോടു ചോദിച്ചു. അവൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

രണ്ട് കരിക്ക് ഇടാനാ. തളപ്പിട്ട് പിടിച്ചു പിടിച്ചാ കേറീത്.

പിന്നെ നീയെന്താടാ എറങ്ങാഞ്ഞത് ? - അന്നക്കുട്ടി അവനോടു സംസാരത്തിനു നിന്നു.

തളപ്പിട്ടു കേറാനാ രസം. എറങ്ങാൻ...... എറങ്ങാൻ എനിക്കറിഞ്ഞു കൂടല്ലോ.... - ചങ്കരൻ ഓലപീപ്പി ചുണ്ടത്തു വെച്ച് ഊതിക്കൊണ്ട് ഓടിപ്പോയി.

ഹൊ. ഞങ്ങൾ മാമ്പുറത്തുകാരുടെ ഓരോ പ്രശ്നങ്ങളേ !

എന്തു ചെയ്യാം. ഞങ്ങളുടെയൊക്കെ പുരയിടങ്ങളിൽ പണിക്കാരനായിരുന്ന വെളുമ്പന്റെ മോനായിപ്പോയില്ലേ ചങ്കരൻ.

ഇപ്പോൾ മാമ്പുറത്തെ പുരയിടങ്ങളിൽ യന്ത്രവുമായി വന്നു തെങ്ങ് കയറുന്നത് അടുത്ത പ്രദേശത്തെ അച്ചോത്ത എന്ന ഒരുത്തിയാണ്.

കുട്ടിമൂപ്പത്ത്യാരുടെ നെഞ്ചത്തിടിയോടെയുള്ള നിലവിളി കൂടുതൽ ഉച്ചത്തിലായി.

'ന്റെ ചങ്കരച്ചെക്കൻ എങ്ങു പോയി, ന്റെ തമ്പ്രാ.......?'

ഞങ്ങൾ നാലുപാടും തിരയുന്നതിനിടെയാണ് അടുത്തു നിന്ന തെങ്ങിൻ തലപ്പത്തു നിന്ന് ഒരു വിളി കേൾക്കുന്നത്.

ഞാനിവിടാ. ഒന്നെന്നെ വേഗം രക്ഷിക്ക് !

'ദേ ചങ്കരൻ ഉയരത്ത്, വീണ്ടും തെങ്ങേത്തന്നെയാ,' – അയലത്തെ മൂപ്പിൽസിന്റെ മകൾ ചുന്തരിക്കോത വിരൽ ചൂണ്ടി കാണിച്ചു തന്നു.

ഇങ്ങോട്ടെറങ്ങി വാടാ. അസത്ത് ചെറുക്കാ –ഞങ്ങൾ മാമ്പുറത്തുകാരായ ചിലർക്ക് അരിശം സഹിക്കാനായില്ല.

എനിക്ക് എറങ്ങാനറിയില്ലല്ലോ. പിന്നെങ്ങനാ ?

ചങ്കരൻ തെങ്ങിൻ തലപ്പത്തുനിന്ന് വിളിച്ചു പറഞ്ഞു.

ഇക്കുറി നീയെന്തിനാടാ കേറീത്. കരിക്കിടാനാ ?

അല്ലാ, ഈ കൊലേലെ നാളികേരം വെളഞ്ഞോന്ന് നോക്കാനാ.

ഞങ്ങൾക്ക് ദേഷ്യം വന്നു. ഞങ്ങളിൽ ചിലർ പല്ലു കടിച്ചു.

നന്നായി. കേറാനറിയുന്നോന് എറങ്ങാനുമറിയണം. ഞങ്ങൾ അവനോട് അരിശപ്പെട്ട് തിരികെ പോന്നു. കുട്ടിമൂപ്പത്ത്യാരെ ഞങ്ങൾ ആശ്വസിപ്പിച്ചു.

പേടിക്ക്യണ്ടാ മൂപ്പത്ത്യാരെ. അവൻ എറങ്ങി പോന്നോളും. കേറ്റം പഠിച്ചിട്ടു തന്ന്യാ ഇക്കുറി ചങ്കരൻ തെങ്ങേക്കേറീക്കണത്.

കുറച്ചു സമയം കഴിഞ്ഞ് ഞങ്ങൾ ചിലർ നോക്കുമ്പോൾ ചങ്കരൻ തെങ്ങിൽ നിന്ന് ഇറങ്ങി വന്ന് ഒരു മൂളിപ്പാട്ടും പാടി പോകുന്നു. കള്ള ചങ്കരൻ.

## എറണാകുളം കരയോഗം - **ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2019 ജൂൺ മാസത്തിൽ സംഭാവന നൽകിയവർ**

| | | |
|---|---|---|
| 1. | ശ്രീമതി. ഗീത ഉണ്ണിത്താൻ, 118, കനാൽ റോഡ്, ഗിരിനഗർ, കൊച്ചി – 682020 | 50,000/- |
| 2. | ശ്രീ. ടി. ശ്രീകുമാർ, ചാക്യാട്ട്, മഹാകവി. ജി. റോഡ്, കൊച്ചി – 682011 | 25,000/- |
| 3. | ശ്രീ. രാജീവ് മേനോൻ, ശിവനാഥ് സി.എച്ച്. എസ് ലിമിറ്റഡ്, 3/സി/27 പിരമൽ നഗർ, ഗോർഗോൺ വെസ്റ്റ്, മുംബൈ | 21,000/- |
| 4. | ശ്രീമതി. വിജയലക്ഷ്മി പി. കുമാർ, 5 ബി, വുഡ്ഫോർഡ് അപ്പാർട്ട്മെന്റ് കൊച്ചു കടവന്ത്ര, കൊച്ചി – 682020 | 10,000/- |
| 5. | ശ്രീ. കൃഷ്ണകുമാർ. എം, ഭഗവതി, ടെമ്പിൾ റോഡ്, കിടങ്ങൂർ. പി. ഒ, അങ്കമാലി | 10,000/- |
| 6. | ശ്രീമതി. രാഗേന്ദു, തേജസ്സ് ഹൗസ്, ലിസ്സി ഹോസ്പിറ്റൽ റോഡ്, എറണാകുളം | 10,000/- |
| 7. | ശ്രീമതി. കുമാരി സുകുമാരൻ, ദിവ്യ, നിതിൻ, എൻസൈൻ, എം. ജി. റോഡ് | 10,000/- |
| 8. | ശ്രീമതി. ദേവി മുല്ലോത്ത് , മുല്ലോത്ത് അമ്പാടി എൻക്ലൈവ്, ഡി – 3, ഡിവിഷൻ – LXIV/582, ചിറ്റൂർ റോഡ്, കൊച്ചി – 682011 | 5,000/- |
| 9. | ശ്രീ.മഹേശൻ. എൻ. വി, ദീപാഞ്ജലി, സൗത്ത് ചിറ്റൂർ, കൊച്ചി – 682027 | 5,000/- |
| 10 | ശ്രീ. ഗോപാലകൃഷ്ണ കുറുപ്പ്, ബി 4, ജി.സി. ഡി. എ, എച്ച്.ഐ.ജി ഫ്ളാറ്റ് കർഷക റോഡ്, | 5,000/- |

**ഒരു നിശ്ചയവുമില്ലൊന്നിനും**
**വരുമോരോ ദശ വന്നപോലെ പോം.**
**വിരയുന്നു മനുഷ്യനേതിനോ,**
**തിരിയാ ലോകരഹസ്യമാർക്കുമേ.**

*–കുമാരനാശാൻ*

ചിന്താവിഷ്ടയായ സീത. പദ്യം–11. സീതയുടെ ചിന്തയിൽ ഒരു ഭാഗം –

ഒന്നിനും ഒരു നിശ്ചയവുമില്ല. ഓരോ അവസ്ഥവരും, വന്നപോലെ പോകും. മനുഷ്യൻ എന്തിനോ വേണ്ടി അന്വേഷിച്ചു നടക്കുന്നു. ലോകത്തിന്റെ യഥാർത്ഥരഹസ്യം ആർക്കും മനസ്സിലാവുകയില്ല.

രാഗപരിചയം

# ഹിന്ദോളം

ഡോ. ജയലക്ഷ്മി നന്ദകുമാർ

20-ാമത്തെ മേളകർത്താരാഗമായ നഠഭൈരവിയുടെ ജന്യരാഗമാണ് ഹിന്ദോളം. ശാന്തം. കുലീനം, ഭാവാത്മകം, വശ്യം, ഹൃദ്യം എന്നൊക്കെ വിശേഷിപ്പിക്കാവുന്ന ഒരു രാഗമാണിത്. ആന്ദോളനം എന്ന വാക്കിനോടുപമിക്കാവുന്നതാണ് ഹിന്ദോളം എന്ന രാഗത്തിന്റെ പേര്.

ആരോഹണം : സ ഗ മ ധ നി സ

അവരോഹണം : സ നി ധ മ ഗ സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, സാധാരണ ഗാന്ധാരം, ശുദ്ധ മദ്ധ്യമം, ശുദ്ധ ധൈവതം, കൈശികി നിഷാദം

അഞ്ചു സ്വരങ്ങൾ വീതം ആരോഹണ - അവരോഹണങ്ങളിൽ വരുന്നതിനാൽ ഔഡവ രാഗം ആകുന്നു. അന്യസ്വരങ്ങൾ ഇല്ലാത്തതിനാൽ ഉപാംഗ രാഗമാണ്. ഭക്തി, ശൃംഗാരം എന്നീ ഭാവങ്ങളാണ് ഈ രാഗത്തിൽ നിന്നും ഉളവാകുന്നത്. ഹിന്ദുസ്ഥാനി രാഗമായ മാൽകൗൻസ് ഹിന്ദോളത്തോടു സമാനമാണ്.

കൈശികി നിഷാദത്തിനു പകരം കാകളിനിഷാദം ഈ രാഗത്തിൽ ആലപിച്ചാൽ ചന്ദ്രകൗൻസ് എന്ന രാഗമാവും. ശുദ്ധധൈവതത്തിനു പകരം ചതു: ശ്രുതി ധൈവതം വന്നാൽ 'വരമു' അല്ലെങ്കിൽ ശുദ്ധഹിന്ദോളം എന്ന രാഗമാവും. സാധാരണ ഗാന്ധാരത്തിനു പകരം അന്തര ഗാന്ധാരമായാൽ സല്ലാപം എന്ന രാഗമാവും. സർവ്വകാലിക രാഗമാണെങ്കിലും പ്രഭാത സമയം ഹിന്ദോള രാഗം ആലപിക്കുകയോ കേൾക്കുകയോ ചെയ്യുന്നത് ഉന്മേഷദായകമാണ്. നല്ല ഉറക്കവും ശാന്തതയും പ്രദാനം ചെയ്യുന്നതിനൊപ്പം താണ രക്തസമ്മർദ്ദത്തിനും ദഹനസംബന്ധമായ അസുഖങ്ങൾക്കും സഹായകമാകുന്ന രാഗം കൂടിയാണ് ഹിന്ദോളം.

എല്ലാ സ്ഥായികളിലും സഞ്ചാരമുള്ള ത്രിസ്ഥായി രാഗമാണിത്. രാഗതരംഗിണി, രാഗതാളചിന്താമണി, രാഗതത്വ വിബോധം, സ്വരമേളകലാനിധി, ഷഡ്രാഗചന്ദ്രോദയ എന്നീ പുരാതന ലക്ഷണ ഗ്രന്ഥങ്ങളിൽ ഹിന്ദോള രാഗത്തെ പറ്റി പരാമർശമുണ്ട്.

## ഈ രാഗത്തിലുള്ള കൃതികൾ


1. സാമജവരഗമന - ആദി - ത്യാഗരാജസ്വാമി
2. നീരജാക്ഷി - രൂപകം - മുത്തുസ്വാമി ദീക്ഷിതർ
3. പത്മനാഭ പാഹി - ആദി - സ്വാതി തിരുനാൾ
4. സാമഗാനലോല - രൂപകം - ജി. എൻ. ബാലസുബ്രഹ്മണ്യം
5. മനസുലോനി - രൂപകം - ത്യാഗരാജസ്വാമി

## ചലച്ചിത്രഗാനങ്ങൾ

1. താരം വാൽകണ്ണാടി നോക്കി - കേളി
2. രാജഹംസമേ മഴവിൽ - ചമയം
3. രാസനിലാവിനു താരുണ്യം - പാഥേയം
4. പോരൂ നീ വാരിളം - കാശ്മീരം
5. എന്റെ സിന്ദൂരരേഖയിലെ - സിന്ദൂരരേഖ
6. ദ്വാദശിയിൽ മണിദീപിക - മധുരനൊമ്പരക്കാറ്റ്
7. പാടാം വനമാലീ - കാക്കക്കുയിൽ
8. ഓം നമ : ശിവായ - സാഗരസംഗമം
9. ചന്ദന മണിവാതിൽ - മരിക്കുന്നില്ല ഞാൻ
10. തേടുവതേതൊരു ദേവപദം - വൈശാലി
11. ഇന്ദ്രനീലിമയോലും - വൈശാലി
12. പൂ കുങ്കുമപൂ - രസതന്ത്രം
13. നാൻ തേടും സെവന്തി പൂ - ധർമ്മപത്നി (തമിഴ്)
14. പൊത്തി വെച്ച മല്ലിഗൈ മൊട്ട് - മന്ന വാസനൈ (തമിഴ്)

വാസ്തു

# വാസ്തുവിന്റെ ശാസ്ത്രം




ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

പനമ്പിള്ളി നഗറിൽ 4.50 സെന്റ് സ്ഥലത്ത് മനോഹരമായ ഒരു വീട് പരിശോധിക്കേണ്ടതായി വന്നു. അവിടെ വരവും ചിലവും തമ്മിൽ യോജിപ്പിക്കാൻ കഴിയാത്തവിധം പ്രശ്നങ്ങൾ ധാരാളം ഉണ്ട്. വീട് പരിശോധിച്ചപ്പോൾ പടിഞ്ഞാറോട്ടാണ് വീടിന്റെ മുഖം, അടുക്കള കിഴക്ക് വടക്ക്. ഒരു ബഡ്റൂം കിഴക്ക് തെക്കും, മറ്റൊന്ന് പടിഞ്ഞാറ് വടക്കുമാണ്. പടിഞ്ഞാറ് തെക്കു വശത്താണ് നല്ല വീതിയുള്ള ഗേറ്റ്. വീടിന്റെ തെക്കു പടിഞ്ഞാറ് കാർപോർച്ചും. അവിടെനിന്ന് വരാന്തയും. കാർപോർച്ച് വീടിന്റെ തറ (Floorlevel) യിൽ നിന്നും 60 സെ.മി താഴെയാണ്. തെക്കു പടിഞ്ഞാറേ മൂലയിൽ തന്നെ സിറ്റൗട്ട് 15. സെ.മി. താഴെ ലെവൽ ആണ്. തെക്കു പടിഞ്ഞാറെ മൂല ഒരു വീടിനെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാനമാണ്. ഇത് യാതൊരു കാരണവശാലും മറ്റു മുറികളുടെ ഫ്ളോർ ലെവലിൽ നിന്നും താഴ്ന്ന് കിടക്കരുത്. ഇവിടെ തെക്കു പടിഞ്ഞാറെ മൂലയിൽ സിറ്റൗട്ട് താഴ്ന്നു കിടക്കുന്നു. കാർപോർച്ചും താഴ്ന്നു കിടക്കുന്നു. വീടിന്റെ തെക്കു പടിഞ്ഞാറെ മൂലയിൽ യാതൊരു കാരണവശാലും ഗേറ്റ്, കുളം കുഴികൾ എന്നിവ വരരുത്. എപ്പോഴും പറമ്പിന്റെ തെക്കു പടിഞ്ഞാറെ മൂല ഉയർന്നിരിക്കണം.

ആയതിനാൽ പടിഞ്ഞാറ് തെക്കിൽ നിന്നും ഗേറ്റ് പടിഞ്ഞാറ് വടക്കു ഭാഗത്തേക്ക് മാറ്റണം. തെക്ക് പടിഞ്ഞാറെ മൂലയിലെ കാർ പോർച്ച് ഉയർത്തി ഒരു മുറിയാക്കണം. സിറ്റൗട്ടും മറ്റു മുറികളുടെ സമാനമായ നിരപ്പിന് ഉയർത്തണം.

സമാനമായി മറ്റൊരു വീട് പരിശോധിച്ചപ്പോൾ അവിടെ വീടിന്റെ പടിഞ്ഞാറ് മദ്ധ്യത്തിലുള്ള വാതിൽ പടിഞ്ഞാറ് തെക്ക് വശത്തേയ്ക്ക് മാറ്റിയതായി കണ്ടു. അവിടുത്തെ പ്രശ്നം കുട്ടികൾ പഠിക്കുന്നില്ല. എല്ലാവർക്കും എപ്പോഴും അലസത എന്നിവയാണ്. അവിടെ പടിഞ്ഞാറ് തെക്കിൽ നിന്നും, പ്രധാന വാതിൽ പടിഞ്ഞാറ് വടക്കോട്ട് മാറ്റണം. അടുക്കള വടക്ക് പടിഞ്ഞാറ് മദ്ധ്യത്തിലാണ്. അടുക്കളയുടെ വടക്ക് ഭാഗം, വിറകു കത്തിക്കുന്ന അടുക്കളയും. വടക്കു പടിഞ്ഞാറ് അടുക്കള യാതൊരു കാരണവശാലും കുഴപ്പമില്ല. പക്ഷെ അടുക്കളയുടെ വടക്കു ഭാഗത്ത് മറ്റു മുറികൾ പാടില്ല. വടക്കു ഭാഗത്തേയ്ക്ക് ഒരു വാതിലും, ഒരു ജനാലയും വേണം. ഇവിടെ വർക്ക് ഏരിയയും, അടുക്കളയും ഒന്നാക്കി അടുക്കളയുടെ വടക്കു ഭാഗത്ത് കിഴക്കോട്ട് മാറ്റി ഒരു ചെറിയ ജനൽ വെച്ചാൽ പ്രശ്നങ്ങൾ തീരുന്നതാണ്. കൂടാതെ അവിടെ വടക്ക് -കിഴക്ക് മൂലയിൽ നാലു മീറ്റർ ചതുരത്തിൽ ഒരു കെട്ടിടം പണിതു കാണുന്നു. അതിന്റെ അടിയിൽ ടോയ്‌ലറ്റും മുകൾ വശത്ത് വാട്ടർ ടാങ്കും ആകുന്നു. നിലവിലുള്ള വീടിനേക്കാൾ ഉയരത്തിലാണ് അതു നില്ക്കുന്നത്. ആയത് കഴിയുന്നതും വേഗം പൊളിച്ചു മാറ്റണം. തെക്ക് പടിഞ്ഞാറെ മൂലപോലെ തന്നെ വടക്ക് – കിഴക്ക് വളരെ പ്രധാനപ്പെട്ടതാണ്. അവിടെ കിണറും Underground Water tank ഉം മാത്രം കൊടുക്കാം. പറമ്പിന്റെ ഏറ്റവും താഴ്ന്ന ഭാഗം വടക്ക്– കിഴക്കു ഭാഗം തന്നെയായിരിക്കണം.




**POSITION OF ROOMS**

NO WALLS BOTH WAYS MIDDLE OF BUILDING/COMPOUND

| | |
|---|---|
| 1 | WELL,BORE WELL,WATER SUMP,POOJA,GATE,DOOR VERNDAH,LIVING,DRAWING,KITCHEN,CELLAR etc |
| 2 | WELL,BORE WELL,WATER SUMP,SEPTICTANK etc |
| 3 | DINING,STORE,SEPTICTANK etc |
| 4 | KITCHEN,STAIR,BATH ROOM,OUT HOUSE,BOILER |
| 5 | KITCHEN,DOOR,GATE,DRAWING,LIVING,OFFICE OUT HOUSE |
| 6 | DOOR,GATE,BED ROOM,DINING,LIVING,STAIR,STORE OUT HOUSE |
| 7 | BED ROOM,TOILET,STAIR,STORE |
| 8 | BED ROOM,OFFICE,OVER HEAD TANK,OUT HOUSE,STAIR |
| 9 | BED ROOM,OFFICE,OVER HEAD TANK,STORE,OUT HOUSE |
| 10 | BED ROOM,STAIR,MACHINARY & GODOWN |
| 11 | DOOR,GATE,DINING,LIVING,STAIR,BED ROOM |
| 12 | DOOR,GATE,DRAWING,BED ROOM,KITCHEN, |
| 13 | KITCHEN,LIVING,BED ROOM,STORE |
| 14 | BED ROOM FOR CHILDREN,LIVING,DINING,STUDY SEPTICTANK |
| 15 | DOOR,GATE,DRAWING,PRAYER |
| 16 | DOOR,GATE,WELL,BORE WELL,WATER SUPLY VERANDAH,PRAYER,LIVING,CELLAR |

prepared by:
Engineer. prabhakaramenon
pariyadath@hotmail.com

N.B : ഇതോടൊപ്പം കൊടുത്തിരിക്കുന്ന ചാർട്ട് വീട് പണിയാൻ ആഗ്രഹിക്കുന്നവർക്ക് വളരെ നല്ലതാണ്.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10–ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

തുടർച്ച



# ഭാരതത്തിലെ ഋഷികവികൾ
## അധിനിവേശം-പൈതൃകം-നവോത്ഥാനം

**ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)**

### ലളിത സമ്പ്രദായം

വ്രജഭൂമിയിൽ പ്രചരിതമായ മറ്റൊരു ഭക്തിസാധനയാണ് ലളിത സമ്പ്രദായം. ഇത് ഹിത്ഹരിവംശജിയുടെ രാധാവല്ലഭസമ്പ്രദായത്തോടും സ്വാമി ഹരിദാസ്ജിയുടെ സഖീസമ്പ്രദായത്തോടും സാമ്യം പുലർത്തി. പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ശ്രീവംശീഅലീജിയാണ് ലളിതസമ്പ്രദായം ആവിഷ്കരിച്ചത്. അദ്ദേഹം നവീനമായ ഭക്തിസിദ്ധാന്തങ്ങളും ഉപാസനാപദ്ധതികളും പ്രചരിപ്പിച്ചു. രാധയെ ലളിതാംബികാദേവിയുടെ അവതാരമായി സങ്കൽപിച്ചതിനാൽ വംശീഅലിയുടെ ഭക്തിസാധന ലളിതസമ്പ്രദായം എന്നറിയപ്പെട്ടു. രാധയാണു പരബ്രഹ്മം എന്നു വ്യാഖാനിക്കുന്ന ദാർശനിക കൃതികളാണ് അദ്ദേഹം രചിച്ചത്. വേദങ്ങളിലും ഉപനിഷത്തുക്കളിലും പുരാണങ്ങളിലുമെല്ലാം പരബ്രഹ്മം പുരുഷനാണ്. ലളിതസമ്പ്രദായത്തിന്റെ ദൃഷ്ടിയിൽ രാധയാണ് പരാത്പര തത്വം! ശ്രീകൃഷ്ണനെക്കാൾ ഉൽകൃഷ്ടയായ പരാശക്തി!.

### വംശീ അലി

പഞ്ചാബിൽ നിന്നു വ്രജഭൂമിയിലേക്കു കുടിയേറിയ മിശ്രനാരായൺജി മഹാപണ്ഡിതനും ഭാഗവതോത്തമനുമായിരുന്നു. മഹാത്മാക്കളായ സ്വാമി ഹരിദാസ്ജി, ഹിത്ഹരിവംശ്ജി തുടങ്ങിയവർ അദ്ദേഹത്തിന്റെ സമകാലികരായിരുന്നു. മിശ്രനാരായൺജിക്ക് ധാരാളം അനുയായികളുണ്ടായി. അദ്ദേഹത്തിന്റെ പരമ്പരയിലാണ് വംശീഅലിയുടെ സ്ഥാനം. എ.ഡി. 1764 ൽ ദില്ലിയിലെ ഒരു സാരസ്വത ബ്രാഹ്മണകുടുംബത്തിലാണ് വംശീഅലി ജനിച്ചതെന്നു വിശ്വസിക്കപ്പെടുന്നു. ഭക്തശിരോമണിയായ പ്രദ്യുമ്നനും സുശീലയായ കൃഷ്ണാവതിയുമായിരുന്നു മാതാപിതാക്കൾ. ബാല്യാവസ്ഥയിൽത്തന്നെ അദ്ദേഹത്തിന്റെ മനസ്സ് ഭക്തിയിലുറച്ചു. വായനയിലൂടെയും സദ്സംഗങ്ങളിലൂടെയും അറിവുനേടി.

പത്താമത്തെ വയസ്സിൽ ജയ്പൂർ നരേശന്റെ സങ്കീർണമായ ഒരു പ്രശ്നത്തിന് ഉത്തരംനൽകിക്കൊണ്ട് അദ്ദേഹം പണ്ഡിതന്മാരെപ്പോലും അമ്പരപ്പിച്ചു. ഏതാനും വർഷങ്ങൾക്കകം വേദപുരാണങ്ങളിൽ ജ്ഞാനംനേടി.വൈകാതെ ഗൃഹസ്ഥാശ്രമത്തിലേക്കു പ്രവേശിച്ചു. പുണ്ഡരീകാക്ഷൻ എന്നൊരു പുത്രനും ജനിച്ചു. എന്നാൽ കുറച്ചുകാലത്തിനു ശേഷം വിരക്തനായിത്തീർന്ന വംശീഅലി കുടുംബത്തെയുപേക്ഷിച്ച് വൃന്ദാവനത്തിലേക്കു പോയി. കൃഷ്ണന്റെയും രാധയുടെയും കേളീരംഗമായ വൃന്ദാവനത്തിൽ സന്യാസജീവിതം നയിക്കാൻ തുടങ്ങിയതോടെ അദ്ദേഹത്തിന്റെ കാവ്യപ്രതിഭയുണർന്നു. അദ്ദേഹം രാധയെ പരാശക്തിയുടെ പ്രതീകമായിക്കാണാനും പരബ്രഹ്മരൂപത്തിൽ ആരാധിക്കാനും തുടങ്ങി.സ്ത്രീകൾ പുരുഷനെ ഭയന്നു ജീവിക്കേണ്ടവരല്ലെന്നും സ്വന്തം ശക്തി തിരിച്ചറിഞ്ഞ് പുരുഷനൊപ്പം നിൽക്കേണ്ടവരാണെന്നും അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. സ്ത്രീയുടെ സാന്നിദ്ധ്യമുണ്ടെങ്കിൽ മാത്രമേ പുരുഷന്റെ വ്യക്തിത്വം പൂർണ്ണമാകയുള്ളൂ എന്ന അവബോധം സൃഷ്ടിക്കാൻ

കഴിഞ്ഞത് സമൂഹത്തിൽ നവീനമായ ഒരുണർവിനു വഴിയേകി. സ്ത്രീയോടു ചേർന്നു നിന്നുകൊണ്ടു മാത്രമേ പുരുഷന് സ്വധർമ്മം അനുഷ്ഠിക്കാൻ സാധിക്കൂ എന്നും അദ്ദേഹം തറപ്പിച്ചു പറഞ്ഞു. രാധാതത്വപ്രകാശ്, രാധാസിദ്ധാന്ത്, മോക്ഷവാദ്, കീർത്തിവൃഷഭാനുസ്തോത്രം തുടങ്ങി ഇരുപതോളം സംസ്കൃത രചനകൾ അദ്ദേഹത്തിന്റേതായി വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ലളിതാമംഗളം, വൃന്ദാവനമംഗളം, ഹൃദയ സർവ്വസ്വം, മാധുര്യശതകം തുടങ്ങി പത്ത് ഹിന്ദിഗ്രന്ഥങ്ങളും വംശീഅലിയുടെ രചനകളാണ്. വൃന്ദാവനത്തിൽ താമസിച്ച്, ലളിതാദേവിയായ രാധയെ ഉപാസിച്ച വംശീഅലി രാധയുടെ രാസകേളീ ഭൂമിയിൽത്തന്നെ സമാധിയായി.

വംശീഅലിയുടെ മുഖ്യശിഷ്യനായ അൽബേലി അലി മഹാനായ കവിയായിരുന്നു. കിശോരി അലി, രൂപ്മ ഞ്ജരി, രതൻഅലി, സംകേത് അലി തുടങ്ങിയവർ ലളിതസമ്പ്രദായ ത്തിന്റെ മുഖ്യപ്രചാ രകരായിരുന്നു.

**അക്ബർ ചക്രവർത്തി**

ഇന്ത്യയുടെ ചരിത്രത്തിൽ ഏറ്റവും ഉന്നതമായൊരു സ്ഥാനമലങ്കരിക്കുന്ന ഭരണാധികാരിയാണ് മുഗൾ ചക്രവർത്തി അക്ബർ. രാജ്യതന്ത്രജ്ഞൻ, പ്രജാസ്നേഹി, യോദ്ധാവ് എന്നീ നിലകളിൽ അദ്ദേഹം ഏവരുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റി. കലാകാരന്മാരെയും സാഹിത്യകാരൻമാരെയും അറിഞ്ഞു പ്രോത്സാഹിപ്പിക്കാൻ വിശാലഹൃദയനായ അദ്ദേഹം ശ്രദ്ധപുലർത്തി. ഹിന്ദു -മുസ്ലീം മൈത്രിക്കുവേണ്ടി ഹൈന്ദവതത്വങ്ങളെയും ഇസ്ലാം തത്വങ്ങളെയും സംയോജിപ്പിച്ച് ദിൻ - ഇലാഹി എന്നൊരു പുതിയ മതം സ്ഥാപിച്ചു. ഭാരതീയ പുരാണങ്ങളെ ആധാരമാക്കിയുള്ള സാഹിത്യരചനകളുടെ പകർപ്പുകളെടുത്തു സംരക്ഷിച്ചു. സംഗീതാരാധനയെയും സുഭാഷിതങ്ങളെയും പ്രോത്സാഹിപ്പിച്ചു.മീരാബായിയുടെ ആരാധകനായിരുന്നു അദ്ദേഹം. വിശാലഹൃദയനായ അക്ബറുടെ ദർശനങ്ങൾ പരോക്ഷമായാണെങ്കിലും സമൂഹത്തിൽ നവോത്ഥാനത്തിന്റെ സന്ദേശങ്ങൾ പ്രചരിപ്പിച്ചു.

**ചതുർഭുജ ബ്രാഹ്മണൻ**

അക്ബറിന്റെ ദർബാറിൽ രാജകവിസ്ഥാനമലങ്കരിച്ചിരുന്ന വ്യക്തിയാണ് ചതുർഭുജ ബ്രാഹ്മണൻ. ആയിരം പണമായിരുന്നു അദ്ദേഹത്തിന്റെ വേതനം. മറ്റു രാജ്യങ്ങളിൽ നിന്നെത്തിയ പല പണ്ഡിതന്മാരെയും അദ്ദേഹം വാദപ്രതിവാദങ്ങളിൽ പരാജിതരാക്കി. പിന്നീട് വിരക്തനായിത്തീർന്ന അദ്ദേഹം സ്വാമി വിഠൽനാഥ്ജിയിൽ നിന്നു ദീക്ഷസ്വീകരിച്ചു വല്ലഭസമ്പ്രദായത്തിൽ ചേർന്നു. തുടർന്നുള്ള ജീവിതം ഗോവർദ്ധൻജിക്കു വേണ്ടി സമർപ്പിക്കയും ചെയ്തു.'തിരിച്ചുവരിക' എന്ന സന്ദേശവുമായി അക്ബറിന്റെ ദൂതൻ ഗോവർദ്ധനത്തിലെത്തി. 'നന്ദനന്ദനൻ ഹൃദയത്തിൽ വസിക്കുമ്പോൾ സുഖസമ്പത്തികളെന്തിനുവേണ്ടൂ, ജഗമത്രയും ഭഗവാന്റെ കേളീമണ്ഡപമാണെന്നിരിക്കെ മറ്റൊരു കൊട്ടാരത്തിനെന്തു പ്രസക്തി?' എന്ന മറുപടി നൽകി ദൂതനെ മടക്കി അയച്ചു ചതുർഭുജബ്രാഹ്മണൻ. സാഹിത്യരചനകളിലൂടെ കൃഷ്ണോപാസനയിൽ മുഴുകി ദീർഘമായൊരു ജീവിതം നയിച്ചശേഷം അദ്ദേഹം ഗോലോകം പൂകി.

**രാജാ ആസ്കരൺ**

അബുൾ ഫസലിന്റെ 'ആയിനേ അക്ബരി' എന്ന ഗ്രന്ഥത്തിൽ നിന്ന് രാജാ ആസ്കരൺ എന്ന കവിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നു. അക്ബറിന്റെ ദർബാറിനെ അലങ്കരിച്ചിരുന്ന കവികളും കലാകാരന്മാരും ചരിത്രത്തിലും ഇടം നേടി. ഇവരിൽ ഒരാളായിരുന്നു ആസ്കരൺ എന്ന രാജകുമാരൻ. ഇദ്ദേഹം നർവർഗഡിലെ രാജാ ഭീംസിംഗിന്റെ പുത്രനായിരുന്നെന്നും എ.ഡി. 1615ലാണ് ജനിച്ചതെന്നും 'ശിവസിംഹ്സരോജ്' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിക്കാണാം. സ്വാമികീൽഹ്ദേവന്റെ ശിഷ്യനായിരുന്നു. നാഭാദാസ്ജിയുടെ 'ഭക്തമാൽ' എന്ന ഗ്രന്ഥം രാജാ ആസ്കരൺന്റെ കൃഷ്ണഭക്തിയെക്കുറിച്ചു വിശദമായി പറയുന്നുണ്ട് ആസ്കരൺ വലിയ സംഗീതപ്രേമിയായിരുന്നു. നാനാദേശങ്ങളിൽ നിന്നുള്ള കലാകാരന്മാർ ഇദ്ദേഹത്തിന്റെ ദർബാറിലെ സംഗീത സദിരുകളിൽ പാടുന്ന പതിവുണ്ടായിരുന്നു. ഒരിക്കൽ മഹാഗായകനായ താൻസെൻ രാജാ ആസ്കരൺന്റെ ദർബാറിലെത്തി. അവിടെ വെച്ച് അഷ്ടസഖാക്കളിൽപ്പെട്ട കവി ഗോവിന്ദസ്വാമിയുടെ ഒരുകൃതി ആലപിക്കുകയും ചെയ്തു.

ഗോവിന്ദസ്വാമിയുടെ രചനാസൗകുമാര്യമിയന്ന കൃതി താൻസെൻന്റെ കണ്ഠത്തിലൂടെ ആലപിച്ചു കേട്ട ആസ്കരൺ സ്വയം മറന്നിരുന്നുപോയി. 'നമുക്ക് ഗോവിന്ദസ്വാമിജിയെ കാണണം!' എന്നായി രാജകുമാരൻ. ഒട്ടും വൈകാതെ താൻസെൻ രാജകുമാരനെ വിഠൽനാഥ്ജിയുടെ സന്നിധിയിലേക്കു കൂട്ടിക്കൊണ്ടുപോയി. ദീക്ഷ സ്വീകരിച്ച് ആസ്കരൺ പുഷ്ടിമാർഗത്തിന്റെ പ്രചാരകനായിത്തീർന്നു. തുടർന്ന് ധാരാളം കൃതികൾ രചിച്ചു. ബാലഗോപാലന്റെ ലീലകളെ വർണിക്കുന്ന കൃതികൾ രചിക്കയും

പാടി പ്രചരിപ്പിക്കയും ചെയ്തു. സംഗീതാരാധന യിലൂടെ സമൂഹത്തിൽ സമഭാവന സൃഷ്ടിക്കാൻ പ്രയത്നിച്ച അനേകം പേരിൽ രാജാ ആസ്കരണും ഉൾപ്പെടുന്നു. ഇദ്ദേഹത്തിന്റേതായി ഏതാനും പദ ങ്ങൾ മാത്രമേ വീണ്ടെടുക്കപ്പെട്ടിട്ടുള്ളൂ. എങ്കിലും വല്ലഭസമ്പ്രദായത്തിലെ ഭക്തപരമ്പരയിൽ ഇദ്ദേഹ ത്തിന് മുഖ്യമായ സ്ഥാനമുണ്ട്

**സൂർദാസ് മദൻമോഹൻ**

സംഗീതത്തിലും കാവ്യകുശലതയിലും ഒരു പോലെ തിളങ്ങിയ ഒരു ഭക്തകവിയാണ് സൂർദാസ് മദൻമോഹൻ. താമരയിതളുകൾ പോലെ സുന്ദരമായ കണ്ണുകളുണ്ടായിട്ടും ഇദ്ദേഹത്തെ മറ്റുള്ളവർ 'സൂർ ദാസ്' (അന്ധൻ) എന്നു വിളിച്ചിരുന്നതിന്റെ കാരണം അജ്ഞാതമാണ് എന്ന് പ്രിയദാസ് തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്വാളിയർ നിവാസിയായ രാം ദാസ് എന്ന ബ്രാഹ്മണന്റെ പുത്രനായിരുന്നു സൂർദാ സ്. പിതാവിന് ബാദ്ഷാ അക്ബറുമായി അടുത്ത ബന്ധമുണ്ടായിരുന്നു. ബാല്യത്തിൽത്തന്നെ സംഗീ തത്തിൽ പാണ്ഡിത്യം നേടിയ സൂർദാസ് ഭഗവാൻ മദൻമോഹന്റെ ഭക്തനായിരുന്നു. അതിനാൽ സ്വ ന്തം പേരിനൊപ്പം മദൻമോഹൻ എന്നുകൂടി അദ്ദേ ഹം കൂട്ടിച്ചേർത്തു. കൗമാരപ്രായമെത്തിയപ്പോൾ രാജാവിനു കീഴിലുള്ള ലഖ്നൗ പ്രവിശ്യയിൽ സം ഡീലാ എന്ന ഗ്രാമത്തിൽ അമീൻ ആയി ജോലി കിട്ടി. നാളുകൾക്കകം അദ്ദേഹം രാജാവിന്റെ വി ശ്വസ്തനായിത്തീർന്നു. സന്യാസിമാരെ സഹായി ക്കുന്ന തിലും അവർക്കു വേണ്ടുന്ന സേവനങ്ങൾ ചെയ്തുകൊടുക്കുന്നതിലും ഏറെ തൽപരനായിരു ന്നു സൂർദാസ് മദൻമോഹൻ. ഒരിക്കൽ സർക്കാർ ഖജനാവിലെ പണമെടുത്ത് അദ്ദേഹം സന്യാസി മാർക്കും സാധുജനങ്ങൾക്കും ദാനമായി നൽകി. രാജാവിന് അലോഹ്യമൊന്നും തോന്നിയില്ലെങ്കിലും മന്ത്രിക്ക് സൂർദാസിന്റെ പ്രവൃത്തി അശേഷം രു ചിച്ചില്ല. അദ്ദേഹം സർവ്വസൈന്യാധിപനെ അയച്ച് കുറ്റവാളിയെ ബന്ധസ്ഥനാക്കി തുറങ്കിലടച്ചു.കാ രാഗൃഹത്തിലെ മേൽനോട്ടക്കാരൻ സൂർദാസിനെ പലവിധത്തിലും പീഡിപ്പിച്ചു. വിവരമറിഞ്ഞ അക് ബർ തടവറയിൽ നിന്നു സൂർദാസിനെ മോചിപ്പിക്കു കയും തന്റെ ദർബാറിൽ ഉദ്യോഗം നൽകുകയും ചെയ്തു. സൂർദാസിന്റെ പിതാവായ രാംദാസിനും അക്ബർ ഉദ്യോഗം നൽകി. ഏതാനും വർഷങ്ങൾ ആഗ്രയിൽ തങ്ങിയശേഷം സൂർദാസ് വൃന്ദാവന ത്തിലേക്കു പോയി സന്യാസ ജീവിതത്തിലേക്കു പ്രവേശിച്ചു.താമസിയാതെ അദ്ദേഹത്തിന്റെ കാവ്യ പ്രതിഭ ഉണർന്നു. 'ബ്രജ്മാധുരീസാർ' തുടങ്ങിയ ഗ്രന്ഥങ്ങൾ സൂർദാസ്മദൻമോഹൻജിയെ ചൈത ന്യ മഹാപ്രഭുവിന്റെ ഗൗഡിയാ സമ്പ്രദായവുമായി ബന്ധപ്പെടുത്തുന്നു. വൃന്ദാവനത്തിൽ ഗൗഡിയാ സമ്പ്രദായികളുടെ ഒരു കൃഷ്ണക്ഷേത്രമുണ്ട്. അവി ടത്തെ പ്രതിഷ്ഠ മദനമോഹനനായ ശ്രീകൃഷ്ണ നാണ്. ഈ പ്രതിഷ്ഠയുടെ പേരാണ് സൂർദാസ് തന്റെ പേരിനൊപ്പം ചേർത്തത് എന്ന് ഗവേഷകർ കരുതുന്നു. സമൂഹത്തെ കൃഷ്ണഭക്തിയുടെ കുട ക്കീഴിൽ ഒരുമിച്ചു നിർത്തുക എന്ന ലക്ഷ്യത്തോടെ സൂർദാസ്ജി കാവ്യങ്ങൾ രചിച്ചു. വ്രജഭാഷയോട് അദ്ദേഹത്തിന് പ്രത്യേകമായ ആഭിമുഖ്യമുണ്ടായി രുന്നു. ചൈതന്യസമ്പ്രദായത്തിലെ ശ്രേഷ്ഠ കവി കളിൽ സൂർദാസ് മദൻമോഹനു അനിഷേധ്യമായ സ്ഥാനമുണ്ട്.

**താൻസെൻ**

മഹാനായ അക്ബർ ചക്രവർത്തിയുടെ ദർബാ റിലെ നവര്‍തനങ്ങളിൽ ഒരാളായിരുന്നു താൻസെൻ. ഗായകൻ, സംഗീതജ്ഞൻ എന്നീ നിലകളിൽ ഇത്ര യും ഖ്യാതി നേടിയ മറ്റൊരാൾ ആ കാലഘട്ടത്തി ലുണ്ടായിരുന്നില്ല. മികച്ച കവി എന്ന നിലക്കും അദ്ദേഹം പ്രശസ്തി നേടി. ചരിത്രത്തിൽ സ്ഥാനം നേടിയ വ്യക്തിയായിരുന്നെങ്കിലും താൻസെന്റെ ജീവിതത്തിലേക്ക് കൃത്യമായി വെളിച്ചം വീശുന്ന രേഖകൾ ഉപലബ്ധമല്ല എന്നത് വിചിത്രമായിത്തോ ന്നാം. അതേസമയം ഗ്വാളിയറിലുള്ള അദ്ദേഹത്തിന്റെ സമാധി സ്മാരകം ഇന്നും ധാരാളം സന്ദർശകരെ ആകർഷിച്ചു പോരുന്നു. ഗുരുവായ ഘൗസ് മുഹമ്മ ദിന്റെ സ്മാരകവും ഇതിനോടു ചേർന്നുതന്നെ കാ ണാവുന്നതാണ്. എ.ഡി. 1588 ൽ ഗ്വാളിയറിനടുത്ത് ബേഹത് എന്ന ഗ്രാമത്തിൽ മകരന്ദ്പാണ്ഡേയുടെയും ലക്ഷ്മിയുടെയും പുത്രനായി ജനിച്ച തനു (ഭാനു) എന്ന ബാലനാണ് പിൽക്കാലത്ത് ഹിന്ദുസ്ഥാനി സംഗീതലോകത്തെ ഗന്ധർവ്വൻ എന്നറിയപ്പെട്ട താൻസെൻ.വൃന്ദാവനത്തിലെ സ്വാമി ഹരിദാസ് ബാലനായ തനുവിന്റെ പ്രതിഭ കണ്ടെത്തി അവനെ സംഗീതം പഠിപ്പിച്ചു. ഗുരു മുഹമ്മദ് ഘൗസ് എന്ന മുസ്ലീം യതിവര്യന്റെ അനുഗ്രഹം നേടിയ തനുവിന്റെ വളർച്ച അതിശീഘ്രമായിരുന്നു. ഗ്വാളിയറിലെ ശിവ ക്ഷേത്രത്തെക്കുറിച്ച് ഗ്രാമീണർ പറഞ്ഞിരുന്ന ഒരു കഥയുണ്ട്. തനു സംഗീതസാധകം ചെയ്യുമ്പോൾ ഭൂമി പ്രകമ്പനം കൊണ്ടിരുന്നുവത്രേ ! അക്കാരണ ത്താൽ ക്ഷേത്രം ഒരു വശത്തേക്കു ചരിഞ്ഞുപോയി എന്നാണ് കഥ.രാജാമാൻസിംഗിന്റെ സംഗീത വിദ്യാ

ലയത്തിൽ നിന്ന് ഗാനവിദ്യ അഭ്യസിച്ചതിനുശേഷ മാണ് താൻസെൻ സ്വാമിഹരിദാസ്ജിയുടെ കീഴിൽ ഉപരിപഠനം നടത്തിയത് എന്നു ചില ഗവേഷകർ വിശ്വസിക്കുന്നു. നാനാജാതിമതസ്ഥർ സന്നിഹി തരാവാറുള്ള താൻസെൻന്റെ സംഗീതസദിരുകൾ സംഗീതത്തിലൂടെ സാമൂഹ്യസമത്വം സാധിതമാ ക്കാം എന്നതിന് ഏറ്റവും വലിയ തെളിവായിരുന്നു!

ആദ്യകാലത്ത് പേർഷാസൂറിന്റെ പുത്രൻ ദൗല ത് ഖാന്റെ ദർബാർ ഗായകനായിരുന്നു താൻസെൻ. ദൗലത്ഖാന്റെ മൃത്യുവിനുശേഷം രേവയിലെ രാ ജാരാമചന്ദ്രന്റെ ദർബാർ ഗായകനായി. രാജാരാമ ചന്ദ്രനാണ് 1619 ൽ താൻസെന്നെ അക്ബറിന്റെ ദർബാറിലേക്കു പറഞ്ഞയച്ചത്. അക്ബറിന്റെ ദർബാ റിലെ നവരത്നങ്ങളിൽ ഏറ്റവും മുഖ്യമായ സ്ഥാ നമലങ്കരിച്ചുകൊണ്ട് മഹത്വപൂർണ്ണമായ ജീവിതം നയിക്കുന്നതിനിടെ അദ്ദേഹം അനേകം രാഗങ്ങ ളും രാഗിണികളും ആവിഷ്ക്കരിച്ചു. മിയാ കീ മൽ ഹാർ, മിയാ കി തോടി, ദർബാരി കാനഡാ എന്നീ രാഗങ്ങൾ അവയിൽ ചിലതു മാത്രം. ജന്മംകൊണ്ട് ബ്രാഹ്മണനായിരുന്നെങ്കിലും ഗുരുഘൗസ് മുഹമ്മ ദിന്റെ സ്വാധീനവും അക്ബറിന്റെ സഹവാസവും അദ്ദേഹത്തെ ഇസ്ലാം ധർമ്മങ്ങളിലേക്കാകർഷിച്ചു. മെഹറുന്നീസയുമായുള്ള പ്രണയവും ഇതിനുകാ രണമായി. (മെഹറുന്നീസ അക്ബറിന്റെ പുത്രിയാ യിരുന്നു എന്നു ചില ഊഹാപോഹങ്ങളുണ്ട്). നിം ബാർക്കമതത്തിന്റെയും ഹരിദാസ്ജിയുടെ സഖീ സമ്പ്രദായത്തിന്റെയും പ്രചാരകൻ എന്ന നിലക്കും താൻസെൻ അറിയപ്പെട്ടു.ഒരിക്കൽ രാജാ ആസ്ക രണെയും കൂട്ടി താൻസെൻ ഗോവർദ്ധനത്തിലെ സ്വാമി വിഠൽദാസ്ജിയെ ചെന്നു വന്ദിച്ചു. ഇതിൽ നിന്നും വല്ലഭസമ്പ്രദായത്തിലും താൻസെൻ തൽ പ്പരനായിരുന്നു എന്നു മനസ്സിലാക്കാം. അഷ്ടസ ഖാക്കളിൽ ഒരാളായ ഗോവിന്ദ്സ്വാമിയുടെ കീഴിൽ സംഗീതത്തിന്റെ സങ്കീർണ്ണമായ മേഖലകളിൽ പ്രാവീ ണ്യം നേടി. ശ്രീനാഥ്ജി ക്ഷേത്രത്തിൽ നൃത്തംവെ ച്ചുകൊണ്ടു സംഗീതമാലപിക്കുന്നതിൽ താൻസെൻ സായൂജ്യം കണ്ടെത്തി.

അതോടെ അക്ബറുടെ ദർബാറിൽ പോകാ നുള്ള താൽപര്യം കുറഞ്ഞു. മുഗൾ ദർബാറിനോ ട് താൻസെൻ എന്നെന്നേക്കുമായി വിടപറഞ്ഞു. താൻസെന്നിന്റേതായി 'സംഗീത്സാഗർ', 'രാഗ്മാല', 'ശ്രീഗണേശസ്തോത്ര്' എന്നീ രചനകൾ വീണ്ടെ ടുക്കപ്പെട്ടിട്ടുണ്ട്. മറ്റു ചില ഗ്രന്ഥങ്ങളിലും ഇദ്ദേഹ ത്തിന്റെ കൃതികൾ സംഗ്രഹിച്ചു കാണാം. വ്രജഭാ ഷയിലാണ് അദ്ദേഹം കൃതികൾ രചിച്ചത്. എ.ഡി. 1646-ൽ താൻസെൻ ഇഹലോകവാസം വെടിഞ്ഞു. എന്നാൽ സ്വയം ആവിഷ്ക്കരിച്ച രാഗങ്ങളിലൂടെ, തന്റെ ഗന്ധർവസംഗീതത്തിലൂടെ അനശ്വരനായ താൻസെൻ ഇന്നും സമൂഹത്തെ സംഗീതമെന്ന മഹാ സാഗരതീരത്തേക്ക് വശീകരിച്ചുകൊണ്ടുപോകുന്നു.

**ഗംഗ്**

മഹാനായ അക്ബർ ചക്രവർത്തിയുടെ ദർബാ റിനെ അലങ്കരിച്ചിരുന്ന കവികളിൽ ഏറ്റവും പ്രമു ഖനായിരുന്നു ഗംഗ് എന്ന ഗംഗാപ്രസാദ്. റഹീം, ബീർബൽ, മാൻസിംഗ് തുടങ്ങിയവരുമായി അടുത്ത സൗഹൃദം പുലർത്തിയ വ്യക്തിയാണ് ഇദ്ദേഹം. 'ശി വസിംഹ്സരോജ്' എന്ന ഗ്രന്ഥത്തിൽ ഗംഗാപ്രസാ ദ്ജിയുടെ ജന്മസ്ഥാനം ഇറ്റാവാ ജില്ലയിലെ കനൗർ ആണെന്നും എ.ഡി. 1595 ലാണ് ഇദ്ദേഹം ഭൂജാതനാ യതെന്നും രേഖപ്പെടുത്തിക്കാണാം. എന്നാൽ ഇദ്ദേ ഹത്തിന്റെ ആദ്യകാലജീവിതത്തെക്കുറിച്ച് ഗ്രന്ഥം ഒന്നും പറയുന്നില്ല. അതേസമയം സാമ്പത്തിക പരാ ധീനത വലച്ച അവസരത്തിൽ താൻ സഹായത്തി നായി ബീർബലിനെ സമീപിച്ചതായി ഗംഗ് സ്വന്തം കവിതയിൽ സൂചിപ്പിട്ടുണ്ട്. എ.ഡി. 1627-ൽ ബീർ ബൽ ഗംഗിനെ അക്ബറിന്റെ ദർബാറിലെത്തിച്ചു. സഹൃദയനായ ചക്രവർത്തി ഗംഗിന്റെ കഴിവുകൾ തിരിച്ചറിയുകയും അദ്ദേഹത്തിന് തന്റെ ആസ്ഥാന വിദ്വൽസംഘത്തിൽ സ്ഥാനം നൽകുകയും ചെയ് തു. ഹിന്ദി കാവ്യനഭസ്സിലെ താരമായിരുന്ന റഹിം ഈ സംഘത്തിലെ മുഖ്യനായിരുന്നു. ഗംഗ് റഹിമി ന്റെ പ്രീതി പാത്രമായിത്തീരാൻ താമസമുണ്ടായില്ല. ഒരിക്കൽ ബീർബൽ, രാജാമാൻസിംഗ്, രാജ്കുമാർ ദാനിയാൽ തുടങ്ങിയവരെ പ്രകീർത്തിച്ചുകൊണ്ട് ഗംഗ് ഒരു മഹാകാവ്യം രചിച്ചു. ഇതു വായിച്ചു സന്തുഷ്ടനായ റഹീം ഒരു വൻതുക പുരസ്കാ രമായി നൽകിക്കൊണ്ട് ഗംഗിനെ ആദരിച്ചു. അക് ബറിന്റെ നിര്യാണത്തോടെ ഗംഗിന്റെ കഷ്ടകാലം തുടങ്ങി. സമകാലികരായ കവികളോട് അദ്ദേഹം തന്റെ ദുരിതങ്ങൾ പങ്കുവെച്ചു. അന്നത്തെ ഭരണാധി കാരി ഗംഗിനെ ആനയെക്കൊണ്ടു ചവിട്ടി കൊല്ലിച്ചു എന്നൊരു ശ്രുതിയുണ്ട്. ക്രൂരനായ ഈ ഭരണാ ധികാരി ജഹാംഗീർ ചക്രവർത്തിയായിരുന്നുവത്രേ!

ഖഡീബോലി, വ്രജഭാഷ എന്നീ ഭാഷകളിലാണ് ഗംഗ് കാവ്യങ്ങൾ രചിച്ചത്. കൃഷ്ണഭക്തനായിരു ന്നെങ്കിലും രാമനെക്കുറിച്ചും അദ്ദേഹം കൃതികൾ രചിച്ചു. അവയിലൂടെ ലോകതത്വങ്ങൾ പ്രചരിപ്പിച്ചു. 'ഗംഗ്പദാവലി', 'ഗംഗ് പചീസി', 'ഗംഗ് രത്നാവ

ലി' എന്നിവയാണ് ഇദ്ദേഹത്തിന്റെ മുഖ്യരചനകൾ പക്ഷെ ഇവയിൽ ഒരെണ്ണം പോലും വീണ്ടെടുക്കപ്പെട്ടിട്ടില്ല.

**റഹിം**

അക്ബറിന്റെ ദർബാറിനെ അലങ്കരിച്ചിരുന്ന നവരത്നങ്ങളിൽ ഒരാളായ അബ്ദുൾ റഹിം ഖാൻ ഖാന ഹിന്ദി കാവ്യനഭസിലെ തിളക്കമുള്ള താരമാണ്. പ്രശസ്ത ചരിത്രഗവേഷകരായ അബുൾഫസൽ, അബ്ദുൾ കാദിർ, ജഹാംഗീർ എന്നിവർ റഹിം ഖാൻ ഖാനെയക്കുറിച്ച് മതിപ്പോടെ രേഖപ്പെടുത്തിയിട്ടുണ്ട്. രാജ്യതന്ത്രജ്ഞനും യോദ്ധാവുമായ ബൈറാംഖാൻ ഹുമയൂൺ ചക്രവർത്തിയുടെ കാലംതൊട്ടേ മുഗൾ ചക്രവർത്തിമാരുടെ വിശ്വസ്ഥനായിരുന്നു. അക്ബർ ചക്രവർത്തിപദമേറ്റെടുത്തപ്പോഴും അദ്ദേഹം ഒരു വടവൃക്ഷം പോലെ ഒപ്പം നിന്നു. ബൈറാംഖാന്റെയും ബേഗം സലിമാ സുൽത്താന്റെയും പുത്രനായി പഞ്ചാബിലെ ഖാൻഖാന എന്ന ഗ്രാമത്തിൽ എ.ഡി. 1613-ലാണ് റഹിം ജനിച്ചത്. റഹിമിന് കേവലം നാലു വയസുള്ളപ്പോൾ പിതാവിനു ജീവഹാനി സംഭവിച്ചു.ബൈറാംഖാന്റെ മരണത്തെ തുടർന്ന് റഹിമിന്റെ പിതൃസ്ഥാനം അക്ബർ സ്വയം ഏറ്റെടുത്തു. മിർ സാഖാന്റെ ഗുരുകുലത്തിൽ റഹിമിന്റെ വിദ്യാഭ്യാസത്തിനു വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്തു. ചെറുപ്പത്തിൽത്തന്നെ റഹിമിന്റെ പ്രതിഭ തെളിഞ്ഞു. പതിനൊന്നു വയസ്സു മുതൽക്ക് അദ്ദേഹം കാവ്യരചന തുടങ്ങി. മികച്ചൊരു യോദ്ധാവു കൂടിയായിരുന്ന റഹിം അനേകം യുദ്ധങ്ങൾ ജയിച്ചു. 1635ൽ ഷാഹ്ബാസിന്റെ തുണയോടെ കുംഭൽനേറിലെ വൻകോട്ട പിടിച്ചടക്കിയ റഹിമിന് പുരസ്കാരമായി അക്ബർ 'മീർഅർത്ഥ്' എന്ന ബിരുദവും അജ്മേറിലെ സുബേദാർ പദവിയും നൽകി. കൂടാതെ രൺഥംബോറിലെ കോട്ടയും സമ്മാനമായി വിട്ടുകൊടുത്തു. ഗുജറാത്തിനുമേൽ വിജയം വരിച്ച അവസരത്തിൽ അക്ബർ നൽകിയ ബിരുദമാണ് 'ഖാൻഖാന' എന്നു പറയപ്പെടുന്നു. തദവസരത്തിൽ 'പഞ്ച്ഹസാരി' എന്നൊരു ബിരുദം കൂടി റഹിമിനു ലഭിച്ചുവത്രേ! 1641-ൽ രാജകുമാരനായ ദാനിയാലിന്റെ നിര്യാണത്തോടെ മുഗൾസാമ്രാജ്യത്തിന്റെ ദക്ഷിണാർദ്ധം റഹിമിന്റെ കീഴിലായി. ജഹാംഗീറിന്റെ ഭരണകാലത്തും റഹിം സർവ്വപ്രതാപങ്ങളോടെ തന്നെ വാണു. എന്നാൽ ഷാജഹാന്റെ പക്ഷപാതപരമായ നിലപാടുകൾ മൂലം വാർദ്ധക്യകാലത്ത് റഹിമിന് ചില കഷ്ടതകൾ അനുഭവിക്കേണ്ടി വന്നു.

1655 ൽ പത്നിയുടെ നിര്യാണമുണ്ടായത് റഹിമിനെ ദു:ഖത്തിലാഴ്ത്തി. ജാമാതാവായ ദനിയാലും മൂന്നു പുത്രൻമാരും അകാലമൃത്യുവടഞ്ഞതോടെ അദ്ദേഹം ആകെത്തകർന്നു. റഹിം ഒരു ബഹുഭാഷാപണ്ഡിതനായിരുന്നു. അറബി, തുർക്കി, പാർസി, സംസ്കൃതം, ഹിന്ദി തുടങ്ങിയ ഭാഷകളിൽ അദ്ദേഹം പ്രാവീണ്യമുണ്ടായിരുന്ന റഹിം അക്ബറിന്റെ ദർബാറിലെ ഏറ്റവും പ്രമുഖനായ കവി എന്ന സ്ഥാനത്തിനർഹനായിത്തീർന്നു മറ്റു കവികൾ അദ്ദേഹത്തെ സർവാത്മനാ ആദരിച്ചുപോന്നു. ഗംഗ് എന്ന കവിക്ക് മഹാമനസ്കനായ റഹിം ഒരു വൻ തുക പാരിതോഷികമായി നൽകി. കേശവദാസ്, ആസ്കരൺ, മണ്ഡൻ, നരഹരി, ഹരിനാഥ്, മുകുന്ദ്, ഗംഗ് തുടങ്ങിയ അനേകം കവികൾ റഹിമിന്റെ പാണ്ഡിത്യത്തെയും ധീരതയെയും സ്തുതിക്കുക പതിവായിരുന്നു. 'ദോഹാവലി', ബരവൈനായികാഭേദ്, 'ശൃംഗാർ സോരഠ്', 'മദനാഷ്ടക്', 'ഖേട്കൗതുകജാതക്' മുതലായവയാണ് റഹിമിന്റെ പ്രശസ്ത രചനകൾ. ഇദ്ദേഹത്തിന്റെ സമ്പൂർണ്ണകൃതികൾ 'റഹിംരത്നാവലി' എന്ന പേരിൽ സംഗ്രഹിക്കപ്പെട്ടിട്ടുണ്ട്. സമൂഹത്തിലെ അനാചാരങ്ങൾക്കെതിരെ തന്റെ കൃതികളിലൂടെ പ്രതികരിച്ചും ജനങ്ങൾക്ക് പുത്തൻ ദർശനങ്ങൾ പകർന്നുനൽകിയും ചരിത്രത്തിലിടം നേടിയ ഋഷികവിയായ റഹിം എ.ഡി. 1693 -ൽ പരലോകം പൂകി. (തുടരും)

***ശ്രീമതി. ശ്രീകുമാരി രാമചന്ദ്രന്റെ 'ഭാരതത്തിലെ ഋഷികവികൾ' എന്ന ലേഖന പരമ്പര പുസ്തക രൂപത്തിൽ മാതൃഭൂമി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.***

## എറണാകുളം കരയോഗം


# ജീവകാരുണ്യ സാമൂഹ്യസേവന ധനസഹായ വിതരണോത്ഘാടനം

2019 ആഗസ്റ്റ് 10-ാം തീയതി ശനിയാഴ്ച രാവിലെ 9.45 ന് ടി.ഡി.എം. ഹാളിൽ വെച്ച് കരയോഗത്തിന്റെ ജീവകാരുണ്യ ധനസഹായ വിതരണം നടത്തപ്പെടുന്നു.


ശ്രീ. പി. രാമചന്ദ്രൻ (വേണു)
ജനറൽ സെക്രട്ടറി

ക്ഷേത്രങ്ങളിലൂടെ

# തൈക്കാട്ട് ശ്രീമഹാദേവക്ഷേത്രം



**ഇന്ദിരാഭായി (ഫോൺ: 80785 52892)**



ഭാരതീയ സംസ്കാര ചരിത്രത്തിൽ വേദേതിഹാസ പുരാണങ്ങൾക്ക് പ്രമുഖ സ്ഥാനമാണുള്ളത്. ഇതിഹാസപുരാണമായ മഹാഭാരതത്തിലെ കഥകളുമായി ബന്ധമുണ്ടെന്നു വിശ്വസിക്കുന്ന പല സ്ഥലങ്ങളും ക്ഷേത്രങ്ങളും നമ്മുടെ കൊച്ചു കേരളത്തിലുമുണ്ട്. നാടിന്റെ ചരിത്ര കഥകളെ നാടോടിക്കഥകളായി ഉൾക്കൊള്ളുന്നവയാണ് ഐതിഹ്യങ്ങൾ. ഐതിഹ്യങ്ങളെ വിശകലനം ചെയ്താൽ ഒരു ദേശത്തിന്റെ പല ഭൂതകാല ചിഹ്നങ്ങളേയും നമുക്കു കാണാൻ കഴിയും. അങ്ങനെയുള്ള ഒരു ചിഹ്നമെന്നു വിശേഷിപ്പിക്കാവുന്ന ഒരു സ്ഥലവും ക്ഷേത്രവുമാണ് വെണ്ണലയും വെണ്ണല തൈക്കാട്ട് ശ്രീമഹാദേവക്ഷേത്രവും. എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ പെട്ട ഒരു സ്ഥലമാണ് വെണ്ണല. വെണ്ണല എന്ന സ്ഥലപ്പേരു കേൾക്കുമ്പോൾ വെണ്ണയുമായി ഈ സ്ഥലത്തിനെന്തു ബന്ധം എന്നു ചോദിച്ചേക്കാം. ബന്ധമുണ്ട് എന്നു തന്നെ നമുക്കു വിശ്വസിക്കാം. മഹാഭാരത കഥയുമായും വെണ്ണയുമായും ബന്ധമുള്ളതുകൊണ്ടാണ് ഈ സ്ഥലത്തിന് വെണ്ണല എന്ന പേരുണ്ടായത് എന്നാണ് വിശ്വസിക്കുന്നത്.

മഹാഭാരത കഥയിൽ പാണ്ഡവരെ വധിക്കുവാനായി കൗരവർ അരക്കില്ലം നിർമ്മിക്കുകയും പാണ്ഡവർ അരക്കില്ലത്തിലെത്തിയശേഷം അരക്കില്ലം അഗ്നിക്കിരയാക്കുകയും ചെയ്തു. എന്നാൽ അപകടം മനസ്സിലാക്കിയ പാണ്ഡവർ ഭൂഗർഭ ഗുഹയിലൂടെ രക്ഷപ്പെടുകയും ചെയ്തു. ഗുഹാമാർഗ്ഗം രക്ഷപ്പെട്ട പാണ്ഡവർ സുരക്ഷിതരായി ഹിഡുംബവനത്തിലെത്തിച്ചേർന്നു. ഹിഡുംബവനത്തിൽ അവർ വളരെക്കാലം വസിച്ചിരുന്നു എന്നും വിശ്വസിക്കുന്നു. ഹിഡുംബവനമാണ് ഇന്ന് ഇരുമ്പനം എന്ന പേരിലറിയപ്പെടുന്നത് എന്നാണ് വിശ്വാസം. ഇരുമ്പനം പ്രദേശത്ത് ഗുഹയുടെ ഭാഗങ്ങൾ ഇന്നും കാണാവുന്നതാണ്. അരക്കില്ലം അഗ്നിക്കിരയായപ്പോൾ അവിടെ സൂക്ഷിച്ചിരുന്ന വെണ്ണ ചൂടുകൊണ്ട് ഉരുകി അലയടിച്ചൊഴുകി. വെണ്ണ അലയടിച്ചൊഴുകിയ സ്ഥലം 'വെണ്ണ അല' എന്നറിയപ്പെട്ടു. അങ്ങനെ ഹിഡുംബവനത്തിന്റെ ഭാഗമായിരുന്ന സ്ഥലം 'വെണ്ണ അല' എന്നും പിന്നീട് ലോപിച്ച് വെണ്ണല എന്നും അറിയപ്പെട്ടു. പണ്ടു കാലത്ത് ഇന്നത്തെ വെണ്ണല വരെയും കടലായിരുന്നു എന്നാണ് പറയുന്നത്. ഈ പ്രദേശമെല്ലാം നുരയും പതയും നിറഞ്ഞ വെളുത്ത അലകളുള്ള പ്രദേശമായിരുന്നതിനാലാണ് വെണ്ണല എന്ന പേരു വന്നത് എന്നും പറയുന്നുണ്ട്. ഇന്നും വെണ്ണല ഒരു തീരദേശസമാനമായ പ്രദേശമായാണ് കാണപ്പെടുന്നത്.

വെണ്ണലയിൽ സ്ഥിതിചെയ്യുന്ന ഒരു അതിപു

രാതനമായ മഹാദേവക്ഷേത്രമാണ് തൈക്കാട് ശ്രീമഹാദേവക്ഷേത്രം തൈക്കാട് മഹാദേവക്ഷേത്രം. 2500 ലേറെ വർഷങ്ങളുടെ പഴക്കമുള്ള ഒരു മഹാദേവക്ഷേത്രമാണിത്. മഹാഭാരത കഥയിൽ അർജ്ജുനൻ പാശുപതാസ്ത്രം നേടിയ സന്ദർഭവുമായി ബന്ധമുള്ള ഐതിഹ്യമാണ് ഈ ക്ഷേത്രത്തിനുള്ളത്. ശാന്തവും സംതൃപ്തവുമായ ഭാവത്തിൽ കിരാതമൂർത്തിയായി ശ്രീമഹാദേവൻ ഈ ക്ഷേത്രത്തിൽ കുടിക്കൊള്ളുന്നു. പാശുപതാസ്ത്രം നേടുന്നതിനുവേണ്ടി ഉഗ്രതപസ്സനുഷ്ഠിച്ച അർജ്ജുനനു മുന്നിൽ പ്രത്യക്ഷനായി പാശുപതാസ്ത്രം നൽകിയ ശേഷമുള്ള സന്തോഷഭാവത്തിലാണ് ശ്രീമഹാദേവൻ ഇവിടെ പരിലസിക്കുന്നത്. അർജ്ജുനനെ അനുഗ്രഹിച്ചശേഷം ഭഗവാൻ വന്നിരുന്ന് വിശ്രമിച്ച സ്ഥലമാണ് ഇവിടം എന്നാണ് വിശ്വസിക്കുന്നത്.

കൗരവരോടെതിരിടുവാനുള്ള കരുത്താർജ്ജിക്കുന്നതിനായി അർജ്ജുനൻ പാശുപതാസ്ത്രം നേടുവാൻ ശ്രീമഹാദേവനെ തപസ്സു ചെയ്തു. തപസ്സനുഷ്ഠിക്കുന്ന അർജ്ജുനനെ വധിക്കുവാൻ ദുര്യോധനൻ മൂകാസുരനെ അയയ്ക്കുന്നു. മൂകാസുരൻ പന്നിയുടെ രൂപത്തിൽ അർജ്ജുനന്റെ അടുത്തേക്കെത്തുന്നതു കണ്ട് ശ്രീമഹാദേവൻ കിരാതമൂർത്തിയായി പന്നിയുടെ നേരെ അമ്പയയ്ക്കുന്നു. ഈ സമയം തന്നെ തന്റെ നേരെയടുക്കുന്ന പന്നിയെ കണ്ട അർജ്ജുനനും അമ്പയ്യക്കുന്നു. ഈ രണ്ട് അമ്പുകളും പന്നിയുടെ മേൽ തറയ്ക്കുകയും പന്നി ചത്തു വീഴുകയും ചെയ്തു. പന്നിയെ വധിച്ചതിന്റെ അവകാശവാദവുമായി അർജ്ജുനനും കിരാതനും തമ്മിൽ തർക്കമായി. തർക്കം മൂത്ത് യുദ്ധമായി. യുദ്ധത്തിൽ ആയുധം നഷ്ടപ്പെട്ട അർജ്ജുനൻ തന്റെ ഗാണ്ഡിവം കൊണ്ട് കിരാതനു നേരെ ഓങ്ങിയപ്പോൾ ഏതോ ഒരു അദൃശ്യകരം അദ്ദേഹത്തെ തടയുന്നതായി അനുഭവപ്പെട്ടു. തന്റെ മുന്നിൽ നില്ക്കുന്നത് ഒരു കിരാതനല്ല സാക്ഷാൽ മഹാദേവൻ തന്നെയെന്ന് അദ്ദേഹത്തിനു മനസ്സിലാകുകയും ചെയ്തു. അസ്ത്രവിദ്യയിൽ താൻ പ്രഗത്ഭനാണ്, തന്നെ ആർക്കും പരാജയപ്പെടുത്തുവാൻ കഴിയില്ല എന്ന ഒരു അഹംഭാവം അർജ്ജുനനുണ്ടായിരുന്നു. ഈ ഭാവത്തെ ഇല്ലാതാക്കി പക്വതയുള്ളവനാക്കുവാൻ വേണ്ടിയായിരുന്നു മഹാദേവൻ അർജ്ജുനനു മുന്നിലെത്തിയത്. നിഗ്രഹിക്കുവാനും അനുഗ്രഹിക്കുവാനുള്ള ഉഗ്രശക്തിയാർന്ന പാശുപതാസ്ത്രം അർഹിക്കുന്ന കൈകളിലല്ല എത്തുന്നത് എങ്കിൽ അത് ലോകനാശത്തിനു വഴിതെളിക്കും എന്നതിനാലാണ് ഭഗവാൻ അർജ്ജുനനോടെതിർത്തത്. തെറ്റു മനസ്സിലാക്കിയ അർജ്ജുനന്റെ ഭക്തിയിൽ സംതൃപ്തനായ മഹാദേവൻ അദ്ദേഹത്തെ പാശുപതാസ്ത്രം നൽകി അനുഗ്രഹിച്ചു. തൈക്കാട് ശ്രീമഹാദേവക്ഷേത്രത്തിൽ കുടിക്കൊള്ളുന്ന ആ കിരാത മൂർത്തിഭാവമാർന്ന ശ്രീമഹാദേവൻ ഈ സന്ദർഭഭാവത്തിലാണ് ഇവിടെ പരിലസിക്കുന്നത്.

നാടിനെ ആത്മീയവും സാംസ്കാരികവുമായ ഉയർച്ചയിലേക്കു നയിക്കുന്നതിൽ ക്ഷേത്രങ്ങൾ പ്രധാന പങ്കു വഹിക്കുന്നു. വിദ്യ വിട്ട് അവിദ്യയിലേക്കും സത്തിൽ നിന്ന് അസത്യത്തിലേക്കും അമൃതത്വത്തിൽ നിന്ന് മൃത്യുവിലേക്കും ലോകത്തിലെ ഏറ്റവും മഹത്തായ നമ്മുടെ പാരമ്പര്യം വഴുതി വീണുകൊണ്ടിരിക്കുന്ന ഇക്കാലത്ത് സനാതനധർമ്മത്തിലുറച്ചു നിന്ന് അധർമ്മത്തെ എതിരിടാനുള്ള ശക്തി നാം നേടേണ്ടതുണ്ട്. മനുഷ്യന്റെ വികാരങ്ങളെ ദുർബ്ബലവും ക്ഷണികവുമായ ലൗകികബന്ധങ്ങളിൽ നിന്നുയർത്തി ഈശ്വരോന്മുഖമായ ചിന്തകളും സ്നേഹവും മനസ്സിൽ നിറയ്ക്കുന്ന ഒരു ദിവ്യ ഔഷധമാണ് ഭക്തി. സ്വപ്രയത്നംകൊണ്ട് മാത്രം ഒരു മനുഷ്യന് ജീവിതത്തിൽ വിജയിക്കാനാവില്ല. അതിന് ഈശ്വരാനുഗ്രഹം കൂടിയേ തീരൂ. ഏതൊരാളുടെ ഹൃദയത്തിൽ ഈശ്വരഭക്തി നിറയുന്നുവോ അയാളാണ് ഏറ്റവും വലിയ സമ്പന്നൻ. ഈശ്വരവിശ്വാസികളായ ഭക്തരെ ഈശ്വരഭക്തിയെന്ന നൂലിനാൽ ക്ഷേത്രവുമായി ബന്ധിപ്പിക്കുന്നു. ക്ഷേത്രങ്ങൾ നാടിന്റെ ഐശ്വര്യശ്രോതസ്സുകളാണ്. ക്ഷേത്രം ക്ഷയിച്ചാൽ നാടിന്റെ ഐശ്വര്യവും ക്ഷയിക്കും. ക്ഷേത്രാരാധന ഒരു നാടിന്റെ സംസ്കാരത്തിന്റെ പ്രധാന ഘടകമാണ്.

ക്ഷിപ്രകോപിയും ക്ഷിപ്രപ്രസാദിയുമായ ശ്രീമഹാദേവൻ രൗദ്രഭാവം ഇല്ലാതെ പ്രസന്നഭാവത്തോടെ വാണരുളുന്ന തൈക്കാട് ശ്രീ മഹാദേവക്ഷേത്രം വെണ്ണല ദേശത്തിന്റെ ഐശ്വര്യ ശ്രോതസ്സു തന്നെയാണ്.

പണ്ടു കാലത്ത് തൈക്കാട്ടപ്പന്റെ ഭക്തരായ ബ്രാഹ്മണദമ്പതികൾ അനപത്യതാദു:ഖം മൂലം തൈക്കാട്ടപ്പനെ ശരണം പ്രാപിച്ചു. നിരന്തരമായി അവർ ഭഗവാനെ ഭജിക്കുകയും പൂജാദി കർമ്മങ്ങളും വഴിപാടുകളും നടത്തി പ്രാർത്ഥിക്കുകയും ചെയ്തു പോന്നു. അവരുടെ ഭക്തിയിൽ സംപ്രീതനായ തൈക്കാട്ടപ്പൻ അവരെ സന്താനസൗഭാഗ്യം നൽകി അനുഗ്രഹിച്ചു. ഇന്നും ഈ ക്ഷേത്രസന്നിധിയിൽ സന്താനസൗഭാഗ്യം നേടുവാനായി ധാരാളം ഭക്തർ


എത്തുന്നുണ്ട്. തന്റെ തിരുനടയിലെത്തുന്ന യഥാർത്ഥ ഭക്തരെ ക്ഷിപ്രപ്രസാദിയായ തൈക്കാട്ടപ്പൻ ഒരിക്കലും കൈവിടില്ല എന്ന വിശ്വാസം ധാരാളം ഭക്തജനങ്ങളെ ഈ തിരുനടയിലേക്കെത്തിക്കുന്നു. ഭഗവാനെ ആശ്രയിക്കുന്നവർക്ക് അഭയം നൽകിക്കൊണ്ട് തൈക്കാട്ടപ്പൻ വെണ്ണലയുടെ നാഥനായി വെൺനിലാവായി വെണ്ണലയിൽ വിരാജിക്കുന്നു.

സദാസമയവും വാഹനങ്ങൾ സഞ്ചരിച്ചു കൊണ്ടിരിക്കുന്ന പാതയോടു ചേർന്നു തന്നെ ക്ഷേത്രകവാടം കാണാം. അടുത്ത കാലത്തു നിർമ്മിച്ച ഈ ക്ഷേത്രകവാടം ഒരു രാജകീയ പ്രൗഢിയോടുകൂടി തന്നെയാണ് കാണപ്പെടുന്നത്. പ്രവേശന കവാടം കടന്നാൽ അതിവിശാലമായ ക്ഷേത്രവളപ്പിലേക്കു കടക്കാം. അവിടെ നിന്നും പടിക്കെട്ടുകൾ കടന്നാൽ ക്ഷേത്രാങ്കണത്തിലേക്കാണെത്തുന്നത്. ക്ഷേത്രച്ചുമരുകളെല്ലാം കൃഷ്ണശിലയിൽ തീർത്ത് മനോഹരമാക്കിയിരിക്കുന്നു. തേക്കു തടിയിൽ തീർത്ത ക്ഷേത്രമേൽക്കൂര ചെമ്പു മേഞ്ഞതാണ്. ബലിക്കൽപ്പുര, ക്ഷേത്രശ്രീകോവിൽ, തിടപ്പള്ളി, ഉപദേവതാ ശ്രീകോവിലുകൾ എന്നിവയെല്ലാം കൃഷ്ണശിലയിൽ തീർത്തതും തേക്കു തടിയിൽ നിർമ്മിച്ച മേൽക്കൂരകളുള്ളതും ചെമ്പുമേഞ്ഞു മനോഹരമാക്കിയതുമാണ്. പണ്ട് ഇവിടെ കൊടിമരം ഉണ്ടായിരുന്നില്ല. സാമാന്യം ഉയരമുള്ള നല്ല കൊടിമരം ഇപ്പോൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. കൊടിമരവും നന്ദിപ്രതിഷ്ഠയും ബലിക്കൽപുരയും കടന്ന് നാലമ്പലത്തിലേക്കെത്തിയാൽ ശ്രീമഹാദേവന്റെ തിരുനടയിലാണെത്തുന്നത്. മനോഹരമായ വട്ടശ്രീകോവിലിൽ കിഴക്കോട്ടു ദർശനമായി മഹാദേവൻ കുടികൊള്ളുന്നു. ശ്രീകോവിലിന്റെ പിന്നിൽ പടിഞ്ഞാട്ടു ദർശനമായി ശ്രീപാർവ്വതിദേവിയും ഉണ്ട്. നാലമ്പലത്തിനകത്തു തന്നെ ഗണപതി ഭഗവാനും സ്ഥാനം നൽകിയിട്ടുണ്ട്. നാലമ്പലത്തിൽ ദേവന്റെ നടക്കു നേരെ നമസ്കാരമണ്ഡപവും വടക്കു കിഴക്കു ഭാഗത്തായി മണിക്കിണറും കാണാം.

നാലമ്പലത്തിനു പുറത്ത് കന്നിമൂലയിൽ നാഗദേവതാപ്രതിഷ്ഠയുണ്ട്. തെക്കുകിഴക്കു ഭാഗത്തായി പ്രത്യേക ശ്രീകോവിലിൽ പടിഞ്ഞാട്ടു ദർശനമായി ശാസ്താവിനെ പ്രതിഷ്ഠിച്ചിരിക്കുന്നു. നാലമ്പലത്തിനു വടക്കു വശത്ത് ഒരു പ്രത്യേക ശ്രീകോവിലിൽ മഹാവിഷ്ണുവിനെ പ്രതിഷ്ഠിച്ചിരിക്കുന്നു. വിഷ്ണു ഭഗവാന്റെ പ്രതിഷ്ഠ ഈ ശിവക്ഷേത്രത്തിൽ സ്ഥാപിതമായതിനു പിന്നിൽ ഒരു ഐതിഹ്യമുണ്ട്. പണ്ട് വിഷ്ണു ഭക്തയായ ഒരു സ്ത്രീ നിത്യവും പൂർണ്ണത്രയീശ ദർശനം നടത്തി പോന്നു. പിന്നീട് പ്രായാധിക്യം മൂലം അവർക്ക് നിത്യദർശനം സാദ്ധ്യമാകാതെ വന്നപ്പോൾ അവർ ഭഗവാനോട് തന്റെ സങ്കടമുണർത്തിച്ചു. നിത്യവും ഭഗവാനെ വണങ്ങിയിരുന്ന ഞാൻ എങ്ങനെ ഭഗവാനെ കാണാതെ കഴിയും എന്നു സങ്കടപ്പെട്ടു. അന്നു രാത്രി അവർക്ക് സ്വപ്ന ദർശനമുണ്ടായി. 'എന്നെ കാണാഞ്ഞ് ഇനി വിഷമിക്കേണ്ട, തൈക്കാട്ടമ്പലത്തിൽ ഞാനുണ്ടല്ലോ അവിടെ എന്നെ ദർശിക്കാം' എന്ന്. ഈ സ്വപ്നദർശനത്തെപ്പറ്റി അവർ പറയുകയും ദേവപ്രശ്നത്തിൽ അതു ശരിയെന്നു തെളിയുകയും ചെയ്തു. അങ്ങനെയാണ് തൈക്കാട്ടമ്പലത്തിൽ ഭഗവാൻ മഹാവിഷ്ണുവിന്റെ സാന്നിദ്ധ്യം ഉണ്ടായത് എന്നാണ് വിശ്വാസം. ഇന്നും തന്റെ ഭക്തരെ അനുഗ്രഹിച്ചുകൊണ്ട് ഭഗവാൻ ശ്രീമഹാവിഷ്ണു കിഴക്കോട്ടു ദർശനമായി ഇവിടെ പരിലസിക്കുന്നു. നാലമ്പലത്തിനു പുറത്ത് വടക്കു കിഴക്കു ഭാഗത്തായി നാഗദേവതയേയും ഭദ്രകാളിയേയും ബ്രഹ്മരക്ഷസ്സിനേയും പ്രതിഷ്ഠിച്ചിട്ടുണ്ട്. ഇത് ആഗമദേവപ്രതിഷ്ഠകളാണ്. പണ്ടു കാലത്ത് ഏതോ തറവാടുകളിൽ പൂജിച്ചിരുന്ന ദേവതാ പ്രതിഷ്ഠകളാണിത്. കാലത്തിന്റെ കുത്തൊഴുക്കിൽ ജീവിതചര്യകളിലുണ്ടായ മാറ്റങ്ങൾ കൊണ്ടോ മറ്റോ വേണ്ടവിധം പൂജാദികൾ നടത്തുവാൻ സാധിക്കാതെ വന്നപ്പോൾ അവിടെ നിന്നും ആവാഹിച്ച് ഇവിടെ പ്രതിഷ്ഠിച്ചതാണ് ഈ വിഗ്രഹങ്ങൾ.

അതിവിശാലമായ, മൈതാനസമാനമായി കാണപ്പെടുന്ന ഈ സ്ഥലത്ത് ഇത്രയും പ്രൗഢിയും പൗരാണികതയും നിറഞ്ഞ രീതിയിൽ തൈക്കാട്ടപ്പന് വാസസ്ഥാനമൊരുക്കിയ തൈക്കാട്ടപ്പന്റെ ഭക്തരും ക്ഷേത്രഭാരവാഹികളും അഭിനന്ദനം അർഹിക്കുന്നു. ഈ ക്ഷേത്രത്തെ ഇന്നത്തെ നിലയിലെത്തിക്കുന്നതിനുവേണ്ടി നിയമനടപടികളിലൂടെയും മറ്റു പല വിധത്തിലുമുള്ള അവരുടെ പ്രവർത്തനങ്ങൾ വിലമതിക്കാനാവത്തതാണ്. അതിദയനീയമായ അവസ്ഥയിൽ നിന്നും ഈ ക്ഷേത്രത്തെ അവർ അതിമഹത്തായ നിലയിലെത്തിച്ചു. ഇനിയും മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് തൈക്കാട്ടപ്പൻ അവർക്കു ശക്തി നൽകട്ടെ. ഭക്തജനപങ്കാളിത്തത്തോടെ നഷ്ടപ്രതാപവും ഐശ്വര്യവും വീണ്ടെടുത്ത ഈ പുണ്യക്ഷേത്രം ഒരു മഹാക്ഷേത്രപ്രതീതിയുണർത്തിക്കൊണ്ട് വെണ്ണലയിൽ സ്ഥിതി ചെയ്യുന്നു.

തൈക്കാട്ടപ്പന്റെ അനുഗ്രഹത്തിനായി തിരുമുന്നിൽ ഭക്തിപൂർവ്വം നമിക്കുന്നു.



# മഹാഭാരതം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

പാണ്ഡുവിന്റെ അന്ത്യകർമ്മങ്ങളെല്ലാം ഭംഗിയായി നടന്നു. പാണ്ഡവർ അച്ഛന്റെ കൊട്ടാരത്തിൽ ധൃതരാഷ്ട്രസന്തതികളോടൊപ്പം കഴിഞ്ഞു. ഭീമസേനനനും ദുര്യോധനനും ശത്രുക്കളായിരുന്നു. കളിയിലും തമ്മിൽതമ്മിൽ ഉപദ്രവിക്കുമായിരുന്നു. ഭീമന്റെ ശരീരശക്തിയിൽ ദുര്യോധനന് ദേഷ്യമുണ്ടായിരുന്നു. ഉപദ്രവിക്കാൻ തക്കം പാർത്തിരുന്നു ദുര്യോധനൻ. ജലക്രീഡാനുയോജ്യമായ ഒരു ബംഗ്ലാവു കണ്ടെത്തി

സർവ്വകാമൈഃ സുപൂർണ്ണാനി പതാകോച്ഛ്രായവന്തി ച

തത്ര സംജയനയാമാസ നാനാഗാരണ്യനേകശഃ

എല്ലാ മുറികളും ആഢംബരത്തെ വിളിച്ചോതുന്നതും തുണികളും തോരണങ്ങളും കൊണ്ടലങ്കരിച്ചിരുന്നതുമായിരുന്നു. പല തരത്തിലുള്ള ഭക്ഷണവും അവിടെ കരുതി. ദുര്യോധനൻ പാണ്ഡവരെ അവിടേക്കു ക്ഷണിച്ചു. യുധിഷ്ഠിരൻ സമ്മതിച്ചു. അവരവിടെ ആഘോഷിച്ചു. ദുര്യോധനൻ ഈ സമയം വിഷം കലർന്ന ഭക്ഷണം ഭീമനെ ശരിക്കും കഴിപ്പിച്ചു. കളി കഴിഞ്ഞ് എല്ലാവരും വിശ്രമാലയത്തിലെത്തി വിശ്രമിച്ചു. ഭീമനു ക്ഷീണം തോന്നി. ഭീമന്റെ ശരീരത്തിൽ വിഷാംശം പ്രവർത്തിക്കാൻ തുടങ്ങി. ഭീമനെ ഈ സമയം ദുര്യോധനൻ വള്ളികൊണ്ട് വരിഞ്ഞു കെട്ടി വെള്ളത്തിലേക്കിട്ടു. അവിടെയുണ്ടായിരുന്ന നാഗങ്ങൾ ഭീമനെ കടിച്ചതുമൂലം അദ്ദേഹത്തിൽ നേരെത്തെയുണ്ടായിരുന്ന വിഷത്തിന്റെ കാഠിന്യം കുറഞ്ഞു. സർപ്പങ്ങൾ നെഞ്ചുഭാഗത്തൊഴിച്ച് ബാക്കി എല്ലായിടവും കടിച്ചു. ഭീമന്റെ തൊലിയുടെ കട്ടി അത്രക്കായിരുന്നുവെന്നാണ് പറയുന്നത്. ഇതൊന്നും ഭീമനെ അലട്ടിയില്ല. ബോധം വീണ ഭീമൻ പാമ്പുകളെ ഞെരിച്ച് രക്ഷപ്പെട്ടു. ചില നാഗങ്ങൾ വാസുകിയെ സമീപിച്ചു വിവരങ്ങൾ ധരിപ്പിച്ചു. വാസുകി അവിടെ വന്ന് ഭീമനെ കണ്ടു. അർക്ക എന്ന നാഗങ്ങളുടെ പ്രധാനിയേയും കണ്ടു. അദ്ദേഹം കുന്തിദേവിയുടെ മുത്തച്ഛപരമ്പരയിലെ വ്യക്തി ആയിരുന്നു. ചെറുമകനെ കണ്ട അർക്ക സന്തോഷത്തോടുകൂടി ഭീമനെ കെട്ടിപ്പിടിച്ചു. വാസുകിക്കും സന്തോഷമായി. ഭീമനെ സന്തോഷിപ്പിക്കുവാനായി രത്നങ്ങളും മറ്റും കൊടുക്കാമെന്നു പറഞ്ഞു. ഭീമനു രത്നങ്ങളാവശ്യമില്ലെന്നും പകരം ഭീമന് ആയിരം ആനകളുടെ ശക്തിയുള്ള പാനീയം കുടിക്കാനായി കൊടുക്കാമെന്നും അർക്ക പറഞ്ഞു. അങ്ങനെയാകട്ടെയെന്നും വാസുകി മറുപടി പറഞ്ഞു. ഭീമൻ ഓരോ പാത്രമായി 8 പാത്രങ്ങളിലുള്ള പാനീയം മുഴുവൻ കുടിച്ചു.

പാണ്ഡവന്മാരും കൗരവന്മാരും ഭീമൻ നേരത്തെ മടങ്ങിക്കാണുമെന്ന വിചാരത്താൽ തിരികെ പോയി. അവിടെ ഭീമനെ കാണാതെ എല്ലാവരും വിഷമിച്ചു. ദുഷ്ടനായ ദുര്യോധനൻ ഭീമനെ കൊന്നു കാണുമെന്നുവരെ കുന്തി ചിന്തിച്ചു. വിവരമറിഞ്ഞ വിദുരർ കുന്തിയെ ആശ്വസിപ്പിച്ചു.

ഭീമൻ 8 ദിവസങ്ങൾക്കുശേഷം ആരോഗ്യവാനായി ഉണർന്നു. അവിടെയുണ്ടായിരുന്നവർ ഭീമനോടു വിവരം പറഞ്ഞു.

യതൂ തേ പീതോ മഹാബാഹോ രസോ*f*യം വീര്യസംഭൃതഃ

തസ്മാന്നാഗായുതബലോ രണോളധൃഷ്യോ ഭവിഷ്യസി

ശക്തനായ നായകാ (ധീരാ) ശക്തി പ്രദാനം ചെയ്യുന്ന പാനീയം കുടിച്ചു പതിനായിരം ആനയുടെ ശക്തി അങ്ങേക്കുണ്ടായിരിക്കുന്നു. എല്ലാ യുദ്ധങ്ങളിലും നീ വിജയിക്കും.

അതുകൊണ്ട് പുണ്യനദികളിൽ കുളിച്ച് വീട്ടിലേക്കു തിരിച്ചു പോകൂ. വീട്ടിൽ എല്ലാവരും നിന്നെ

കാത്തിരിക്കുകയാണ്. പാണ്ഡവരുടെ അടുത്തുചെന്ന് ഭീമൻ വിവരമെല്ലാം ധരിപ്പിച്ചു. ഈ വിവരം രഹസ്യമായി വെക്കാനും കൂടുതൽ ശ്രദ്ധിക്കാനും യുധിഷ്ഠിരൻ പറഞ്ഞു. വീണ്ടും ദുര്യോധനൻ ഭീമന് വിഷം കൊടുത്തു. ശക്തനായ ഭീമന് ഒന്നും സംഭവിച്ചില്ല. പിന്നീട് ദുര്യോധനൻ, കർണ്ണൻ, ശകുനി കൂട്ടുകെട്ട് പാണ്ഡവരെ നശിപ്പിക്കുവാൻ പല ഉപായങ്ങളും ചെയ്തു. പക്ഷെ ഒന്നും ഫലം കണ്ടില്ല.

ഈ സന്ദർഭത്തിലാണ് ധൃതരാഷ്ട്രർ ധനുർവ്വേദം പഠിപ്പിക്കുവാനായി കൃപാചാര്യരെ വരുത്തുന്നത്. ഇവിടെ ജനമേജയന്റെ ആഗ്രഹപ്രകാരം കൃപാചാര്യരുടെ ഒരു വിവരണം ലഭിക്കുന്നുണ്ട്. ഗൗതമമുനിക്ക് ശരദ്വാൻ എന്നൊരു പുത്രനുണ്ടായിരുന്നു. വേദം പഠിക്കാനല്ല ആയുധശാസ്ത്രം പഠിക്കുവാനായിരുന്നു ശരദ്വാനു താല്പര്യം. അദ്ദേഹം ആയുധവിദ്യയിലും തപസ്സിലും മുഴുകി ദേവന്മരെ ഭയപ്പെടുത്തി. ജ്വാലാവതി എന്ന അപ്സരസ്ത്രീയെ വിളിച്ച് ശരദ്വയുടെ ആയുധം പഠിക്കുവാനുള്ള തപസ്സിനു വിഘ്നം വരുത്തുവാൻ പറഞ്ഞു. അവർ ശരദ്വന്റെ ആശ്രമത്തിലെത്തി തപസ്സു മുടുക്കുവാൻ ശ്രമിച്ചു. ആ അപ്സരസ്ത്രീയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായ മുനിയുടെ കയ്യിൽനിന്നും ആയുധം താഴെ വീണു. അദ്ദേഹത്തിന് ആ അപ്സരസ്ത്രീയിൽനിന്നും രക്ഷപ്പെടാൻ സാധിച്ചുവെങ്കിലും അദ്ദേഹത്തിൽനിന്നുള്ള ബീജം നിലത്തു വീണതിൽനിന്നും രണ്ടു കുട്ടികൾ ഉണ്ടായിയെന്നും കഥ. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും. ശന്തനുവിന്റെ ഭടന്മാരിൽ ഒരാൾ ആയുധപ്രാവിണ്യം കണ്ട് ഇവരെ കൂട്ടിക്കൊണ്ടുപോകുകയും രാജകൊട്ടാരത്തിൽ എത്തിക്കുകയും ചെയ്തു. രാജാവ് ഇവർക്ക് കൃപനെന്നും കൃപിയെന്നും പേരിട്ടു. ജ്ഞാനദൃഷ്ടിയിൽ വിവരം ധരിച്ച ഗൗതമപുത്രൻ ഇവരെ കാണുകയും ആയുധപരിശീലനം കൊടുക്കുകയും ചെയ്തു. അങ്ങനെ കൃപൻ ആയുധ വിദ്യയിൽ അഗ്രഗണ്യനായി മാറി. ഈ കൃപനിൽനിന്നും ധൃതരാഷ്ട്രപുത്രന്മാരും പാണ്ഡുപുത്രന്മാരും ആയുധാഭ്യാസം നേടി. കൃപിയെ ദ്രോണർ പിന്നീടു വിവാഹം ചെയ്തു. കൃപരുടെ പിതാവായ ശരദ്വാന്റെ പിതാവായ ഗൗതമന്റെ പിതാവായ ദീർഘതമസ്സിന്റെ സഹോദരനാണ് ദ്രോണപിതാവായ ഭരദ്വജൻ.

**ദ്രോണർ:**

വൈശമ്പായൻ ഇവിടെ പറയുന്നത് കുട്ടികളുടെ ആയുധവിദ്യയിൽ ഉപരിപഠനം നടത്താൻ ഒരു യഥാർത്ഥ ഗുരുവിനെ അന്വേഷിച്ചുകൊണ്ടിരുന്ന സമയം ദ്രോണരെ കണ്ടുമുട്ടുകയും അദ്ദേഹത്തെ ഗുരുവായി സ്വീകരിക്കുകയും ചെയ്തുവെന്നാണ്. ഇവിടെ ജനമേജയന്റെ ചോദ്യത്തിനുത്തരമായി ദ്രോണരുടെ ജീവിതകഥ പറയുകയാണ്. ഭരദ്വാജമഹർഷിയെന്ന മഹാമുനി ഗംഗാതീരത്ത് കഠിനമായ തപസ്സു ചെയ്തു കഴിയുകയായിരുന്നു. ഒരുദിവസം മറ്റു മുനിമാരുമായി ഭരദ്വാജൻ അഗ്നിഹോത്രം നടത്താനായി ഗംഗാതീരത്തെത്തി. ഘൃതായി എന്നൊരു അപ്സരസ്ത്രീ നദിയിൽനിന്നും ഉയർന്നുവന്നു. ആ സ്ത്രീയുടെ സൗന്ദര്യത്തിൽ ഭരദ്വാജൻ ആകൃഷ്ടനായി. ആ സമയത്ത് അദ്ദേഹത്തിൽ നിന്നുമുണ്ടായ ബീജത്തെ അദ്ദേഹം കുടത്തിൽ (ദ്രോണിയിൽ) ശേഖരിച്ചു. അങ്ങനെയുണ്ടായതുകൊണ്ട് ദ്രോണർ എന്ന നാമധേയവുമുണ്ടായി. നാലു വേദവും ആറു ശാസ്ത്രവും പഠിപ്പിച്ചു. ആ സമയത്ത് അവിടെ പഠിച്ച ദ്രുപദപുത്രനായ യജ്ഞസേനനും ദ്രോണരും തമ്മിൽ ചങ്ങാത്തമായി. ദ്രുപദരാജാവിന്റെ മരണത്തോടുകൂടി യജ്ഞസേനൻ തിരികെ രാജ്യത്തുപോയി രാജാവായി വാണു. ദ്രോണർ ശരദ്വാന്റെ പുത്രി കൃപിയെ വിവാഹം കഴിച്ചു. കുടുംബം പോറ്റാൻ മാർഗ്ഗങ്ങളില്ലായിരുന്നു. വേദത്തിലും ആയുധവിദ്യയിലും പാണ്ഡിത്യം നേടിയ ദ്രോണർക്ക് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. ദ്രോണർക്കും കൃപിക്കും കുട്ടി ജനിച്ചു. ആ സമയം ഈ കുട്ടിയുടെ ശബ്ദം കുതിരയുടേതുപോലെയാണെന്നും അശ്വത്ഥാമാവ് എന്ന പേരിലറിയപ്പെടുമെന്നും അശരീരി കേട്ടു. ഭരദ്വാജനും സന്തോഷമായി.

ദ്രോണർ പരശുരാമനെ കണ്ടു. പരശുരാമൻ തന്റെ സ്വത്തെല്ലാം പാവങ്ങൾക്കു കൊടുക്കുന്ന സമയമായിരുന്നു. ദ്രോണർ തന്റെ അവസ്ഥയെല്ലാം പറഞ്ഞു. അപ്പോൾ പരശുരാമൻ പറഞ്ഞു, തന്റെ സ്വത്തെല്ലാം ബ്രാഹ്മണർക്കു ദാനം ചെയ്തു. എനിക്ക് ഇനി എന്റേതായി എന്റെ ശരീരവും ചില ആയുധങ്ങളും മാത്രമേ ഉള്ളൂ. ഇതിലേതെങ്കിലും വേണമെങ്കിൽ തരാം. അപ്പോൾ ദ്രോണർ പറഞ്ഞു, തനിക്ക് ആയുധം തന്ന് അത് ഉപയോഗിക്കാനുള്ള വിദ്യയും പഠിപ്പിക്കണം. അങ്ങനെയാകട്ടെയെന്നു പരശുരാമനും പറഞ്ഞു.

പിന്നീട് ദ്രോണർ സഹായം തേടി സതീർത്ഥ്യനായ ദ്രുപദരാജാവിനെ സമീപിച്ചു. ദ്രുപദർ ദ്രോണരെ പുച്ഛിച്ചു തള്ളി

ന ഹി രാജ്യാമുദീർണ്ണാനാമേവംഭുതൈർനിരേഃ കചിത്

സംഖ്യം ഭവതി മന്ദാത്മൻ ശ്രിയാ ഹീനൈർ ധനമുച്യുതൈഃ

മന്ദബുദ്ധിയായ മനുഷ്യാ, വലിയ രാജാക്കന്മാർ നിങ്ങളേപ്പോലുള്ളവരുമായി ചങ്ങാത്തം ഉണ്ടാക്കില്ല. ഈ വാക്കുകൾ കേട്ടു ദ്രോണർ ദുഃഖത്തോടുകൂടി മകനേയും കൂട്ടി ഇറങ്ങി ഹസ്തിനപുരം ലക്ഷ്യമാ

ക്കി നടന്നു. സ്യാലനായ കൃപാചാര്യരുടെ കൂടെ താമസമാക്കി.

ഒരു ദിവസം ഹസ്തിനപുരത്തെ രാജാകുമാരന്മാർ പന്തു കളിക്കുന്നതിനിടയിൽ പന്തു കിണറ്റിലേക്കു വീണു. അവർക്ക് ആ പന്ത് എത്ര ശ്രമിച്ചിട്ടും എടുക്കാൻ കഴിഞ്ഞില്ല. ദ്രോണർക്ക് അവർ രാജകുമാരന്മാരാണെന്നു മനസിലായി. കറുത്തു മെലിഞ്ഞ ബ്രാഹ്മണനും കുട്ടിയും ആരെന്ന് അത്ഭുതത്തോട് കുമാരന്മാർ തിരക്കി. കുമാരന്മാരുടെ കഴിവിനെ കളിയാക്കിക്കൊണ്ട് ദ്രോണർ പറഞ്ഞു,

അഹോ വോ ധിഗ് ബലം ക്ഷാത്രം ധിഗേതാം വഃ കൃതാസ്ത്രതാം

ഭരതസ്യാന്വതേ ജാതാ യേ വീഡാം നിധിഗച്ഛത

ക്ഷത്രിയരായ നിങ്ങളുടെ ശക്തിയിലും ആയുധവിദ്യയിലുള്ള കഴിവിലും ലജ്ജ തോന്നുന്നില്ലേ. ഒന്നുകൂടി ദ്രോണരാവശ്യപ്പെട്ടു.

വീഡാം ച മുദ്രികാം ചൈവ ഹ്യഹമേതദപി ദ്വയം

ഉദ്ധരേയമിഷീകാഭിർഭോജനം മേ പ്രദിയതാം

നിങ്ങൾ എനിക്കു ഭക്ഷണം തന്നാൽ ഞാൻ പന്തു മാത്രമല്ല, ഇപ്പോൾ താഴെ കിടക്കുന്ന ഈ മോതിരവും ഞാൻ എടുത്തു തരാം.

ദ്രോണർ ആയുധത്തിന്റെ സഹായത്തോടെ പന്തും മോതിരവും പുറത്തെടുത്തു. ഇതെടുക്കുന്ന രീതി കണ്ട് കുമാരന്മാരത്ഭുതപ്പെട്ടു. ദ്രോണാചാര്യർ ആരാണെന്നും എന്താണാവശ്യമെന്നും പറഞ്ഞു. എന്നിട്ടിങ്ങനെ പറഞ്ഞു,

ആചക്ഷധ്വം ച ഭീഷ്മായ രൂപേണ ച ഗുണൈശ്ച മാം

സ ഏവ സുമഹാതേജാഃ സാമ്പ്രതം പ്രതിപത്സ്യതേ

നിങ്ങൾ പോയി എന്റെ കഴിവ് ഭീഷ്മരോടു പറയുക. ആ മഹാൻ എന്നെ തിരിച്ചറിയും. വൈശമ്പായൻ പറയുന്നത്, കുമാരന്മാരിൽനിന്നും വിവരമറിഞ്ഞ ഭീഷ്മർ ദ്രോണരെ തിരിച്ചറിഞ്ഞുവെന്നും ഇദ്ദേഹമാണ് കുട്ടികളെ ആയുധവിദ്യ പഠിപ്പിക്കുവാൻ പ്രാപ്തനെന്നു തീരുമാനിച്ചുവെന്നുമാണ്.

എന്നതു കേട്ടു ഭീഷ്മർ തന്നുടെ പൗത്രന്മാരെ

നന്നായി പഠിപ്പിപ്പാനവിടെ വച്ചു കൊണ്ടാൻ

എന്നാണ്. ദ്രോണരുടെ കഥ കേട്ട ഭീഷ്മർ ദ്രോണരെ അംഗീകരിക്കുകയും അദ്ദേഹത്തിനുവേണ്ടി കൗരവരാജ്യം എന്തും ചെയ്യാൻ തയ്യാറാണെന്നും പറഞ്ഞു.

കുരുണാമസ്തി യദ് വിത്തം രാജ്യം ചേദം സരാഷ്ട്രകം

ത്വമേവ പരമോ രാജാ സർവേ ച കുരവസ്തവ

കൗരവർക്കുള്ള ധനമോ രാജ്യമോ എന്തായാലും താങ്കളാണ് അതിനധികാരിയെന്നും കുരുവംശം അങ്ങയുടെ ആജ്ഞയെ അനുസരിക്കാൻ സന്നദ്ധരാണെന്നും പറഞ്ഞു. പിന്നീട് ദ്രോണർക്കു വേണ്ട സ്വത്തും വീടും നൽകി ആദരിച്ചു. കുമാരന്മാരുടെ ആയുധവിദ്യാപഠനം നിർബാധം തുടർന്നു. കർണ്ണനും ദുര്യോധനാദികളും പാണ്ഡവരും ഒരുമിച്ചായിരുന്നു വിദ്യാഭ്യാസം. ഒരിക്കൽ ദ്രോണർ ഇവരെ വിളിച്ചു പറഞ്ഞു, എന്റെ ആഗ്രഹം ആരാണ് സാധിച്ചു തരുന്നത്

കാര്യം മേ കാങ്ക്ഷിതം കിംചിദ്ധ്യദി സംപരിവർത്തതേ

കൃതാസ്ത്രൈസ്തത് പ്രദേയം മേ തദേതദ് വദതാനധാഃ

എന്റെ പ്രിയ ശിഷ്യരേ എന്റെ മനസിൽ ഒരു കാര്യം ഉണ്ട്. നിങ്ങൾ ആയുധവിദ്യയിൽ സമർത്ഥരാകുമ്പോൾ അതെനിക്കു സാധിച്ചുതരുമെന്ന് എന്നോടു പ്രതിജ്ഞ ചെയ്യണം. ആരും മറുപടി പറഞ്ഞില്ല. അർജ്ജുനൻ സാധിച്ചുതരാമെന്നു പറഞ്ഞു. ദ്രോണർ അർജ്ജുനനെ ആശ്ലേഷിച്ചു. പ്രിയശിഷ്യനെ പല അപൂർവ്വ വിദ്യകളും അഭ്യസിപ്പിച്ചു. ഇവിടെ കർണ്ണനും കൗരവരും മറ്റുമുണ്ടായിരുന്നു. കർണ്ണൻ സമർത്ഥനായിരുന്നു. എങ്കിലും അർജ്ജുനനോടു കുശുമ്പുണ്ടായിരുന്നു. അർജ്ജുനന്റെ സാമർത്ഥ്യത്തിൽ സംപ്രീതനായ ദ്രോണർ കൊട്ടാരപാചകക്കാരോട് രാത്രിയിൽ അരിയാഹാരം അർജ്ജുനനു കൊടുക്കരുതെന്നു പറഞ്ഞു.

തതഃ കദാചിദ് ഭുഞ്ജനേ പ്രവവൗ വായുരർജ്ജുനേ
തേന തത്ര പ്രദിപഃ സ ദീപ്യമാനോ വിലോപിതഃ

ഒരു പ്രത്യേക ദിവസം അർജ്ജുനൻ ആഹാരം കഴിച്ചുകൊണ്ടിരുന്നപ്പോൾ കാറ്റു വരികയും വിളക്കണയുകയും ചെയ്തു. അർജ്ജുനൻ ഇരുട്ടത്തും ആഹാരം കഴിച്ചു. ഇത് ഒരു ശീലമായതുകൊണ്ടാണെന്നു മനസിലാക്കിയ അർജ്ജുനൻ രാത്രിയിൽ ആയുധപരിശീലനം തനിയെ തുടങ്ങി. രാത്രിയിൽ അമ്പിന്റേയും വില്ലിന്റേയും ശബ്ദം കേട്ട് ഇറങ്ങിവന്ന ദ്രോണർ അർജ്ജുനനേക്കാൾ വലിയ ഒരു വില്ലാളി വരില്ലായെന്നും മറ്റും പറഞ്ഞനുഗ്രഹിച്ചു. ഇതിനു ശേഷം ദ്രോണർ കുതിരപ്പുറത്തും ആനപ്പുറത്തും കയറിയിരുന്നുള്ള യുദ്ധമുറകൾ അർജ്ജുനനെ പരിശീലിപ്പിച്ചു.

തേരിലുമാനമേലും കുതിരമേലും പിന്നെ പാരിലും
നിന്നു യുദ്ധം ചെയ്യേണ്ടും പ്രകാരങ്ങൾ
എന്നാണ് കിളിപ്പാട്ടിൽ പറയുന്നത്.

(തുടരും)

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ ഫോൺ : 9895981809

**ശ്ലോകം : 36**

രാമദ്വ്യക്ഷരിശോകതാരകമഹാമന്ത്രം ത്വദീയം ഹരേ

കാമം കൈവരുവാനുമപ്പരപദപ്രാപ്തിയ്ക്കു മത്യുത്തമം

കാമാന്ധൻ ഖലനെക്കവിപ്രമുഖനായ് ബ്രഹ്മർഷിയായ് തീർത്തൊരാ

നാമത്തിന്റെ മഹത്വമീശ്വര വിരിഞ്ചാദ്യർക്കുമജ്ഞാതമേ

### ശ്ലോകാർത്ഥം :

അല്ലയോ വിഷ്ണു, രണ്ടക്ഷരമുള്ള രാമ എന്ന, ദു:ഖങ്ങളുടെ അക്കരകടത്തുന്ന ഏറ്റവും മുന്തിയ അവിടുത്തെ മന്ത്രം ആഗ്രഹങ്ങൾ കയ്യിൽ കിട്ടുന്നതിനും, ഏറ്റവും ഉയർന്ന അവസ്ഥ നേടുന്നതിനും ഏറ്റവും നല്ലതാണ്. ആഗ്രഹങ്ങൾ കൊണ്ട് കണ്ണുകാണാതായ ദുഷ്ടനെ കവികളിൽ മുൻപനും, ബ്രഹ്മജ്ഞാനമുള്ള ഋഷിയും ആക്കിത്തീർത്തൊരാ പേരിന്റെ മഹത്വം!! ഈശ്വര, ബ്രഹ്മാവ് മുതലായവർക്കും അറിയാത്തതാണ്.

### വ്യാഖ്യാ:

രാമ മന്ത്രത്തിന്റെ മാഹാത്മ്യം വിവരിക്കുന്നു. ത്രിമൂർത്തികൾക്കു പോലും ലഭ്യമല്ലാത്ത വിദ്യ ഒരു ദുഷ്ടനായ കാട്ടാളനു നേടാം എന്നു സൂചന. രാമ മന്ത്രത്തിനും ഇവിടെ 'ഭോഗശ്ച മോക്ഷശ്ച കരസ്ഥ ഏവ' എന്ന അവസ്ഥ പറയുന്നു.

**ശ്ലോകം 37**

കോപത്താലജമസ്തകത്തെ നഖരാഗ്രംകൊണ്ടു ഖണ്ഡിച്ചതിൻ

പാപം ഭീകരരൂപമാർന്നു ഗിരിശഗ്രാസത്തിനെത്തീടവേ

താപാർത്തൻ ശിവനാദികേശവ ഭവൽപ്പാദാംബുജം സേവചെയ് -

താപന്മുക്തിയുമഹോ സാധിച്ചു ലക്ഷീപതേ

### ശ്ലോകാർത്ഥം :

ആശ്ചര്യം! ജനിക്കാത്തവന്റെ തലയെ കോപം കൊണ്ട് നഖമുനയാൽ മുറിച്ചതിന്റെ പാപം, ഭയം ജനിപ്പിക്കുന്ന രൂപം പൂണ്ട് രുദ്രനെ പിടിക്കാൻ എത്തുമ്പോൾ അല്ലയോ ആദികേശവ, ലക്ഷ്മിയുടെ ഭർത്താവേ, പശ്ചാത്താപ ദു:ഖിതനായ ശിവൻ അവിടുത്തെ കാലാകുന്ന താമരയെ പരിപരിച്ച് ദു:ഖത്തിൽ നിന്ന് മോചനവും, ആത്മശുദ്ധിയും സാധിച്ചു.

### വ്യാഖ്യാ :

കോപാത്താലജമസ്തകത്തെ നഖരാഗ്രം കൊണ്ടു ഖണ്ഡിച്ചതിൻ, ബ്രഹ്മാവിന്റെ തലയിൽ ഒരെണ്ണം ശിവൻ നുള്ളിയെടുത്തതിനെപ്പറ്റി പരാമർശം. കോപത്താൽ, സ്വന്തം മഹിമയെപ്പറ്റി ബ്രഹ്മാവും വിഷ്ണുവും തമ്മിലുണ്ടായ തർക്കത്തിൽ മദ്ധ്യസ്ഥനായി വന്നത് ശിവലിംഗം. ഈ ലിംഗത്തിന്റെ ഓരോ അറ്റവും കണ്ടുപിടിക്കാൻ വിഷ്ണു താഴേക്കും, ബ്രഹ്മാവ് മുകളിലേക്കും യാത്ര തിരിച്ചു. അറ്റം കാണാതെ വിഷ്ണു തിരിച്ചു വന്നു. പകുതി വഴി മുകളിലേക്കു പോയ ബ്രഹ്മാവ്, താഴേക്കു വന്ന കൈതപ്പൂവും കൊണ്ട് തിരിച്ചെത്തി. അന്ത്യം കണ്ടു എന്ന് പറഞ്ഞു. വിശ്വാസം വരാതെ, വിഷ്ണു കൈതപ്പൂവിനോടു ചോദിച്ചു. കൈതപ്പൂവും നുണ പറഞ്ഞു. അതും വിശ്വാസമാവാതെ ശിവനോടു തന്നെ ചോദിച്ചു. ശിവൻ സത്യമറിഞ്ഞ് അതികോപിഷ്ഠനായി. കൈതപ്പൂവിനെ സ്വപൂജയ്ക്ക് നിഷിദ്ധമാക്കി ശപിച്ചതോടൊപ്പം, ബ്രഹ്മാവിന്റെ ഒരു തല നുള്ളിയെടുക്കുകയും അതിലെ തലയോട്ടി പിൽക്കാലത്ത് ഭിക്ഷാടനത്തിനുപയോഗിക്കുകയും ചെയ്തു. ഇതാണിവിടെ പറയപ്പെട്ട കോപം.

അജമസ്തകം, അജൻ, ജനിക്കാത്തവൻ. സൃഷ്ടികർത്താവായ ബ്രഹ്മാവ് സൃഷ്ടിക്കപ്പെട്ടവനാകവയ്യല്ലോ. സൃഷ്ടികൾക്ക് സ്രഷ്ടാവ് ബ്രഹ്മാവാണെങ്കിൽ, ബ്രഹ്മാവിന് സ്രഷ്ടാവാരെന്ന ചോദ്യം വരും. അതുകൊണ്ട് ബ്രഹ്മാവ് അജൻ ജനിക്കാത്തവൻ. / മസ്തകം. തല ഏറ്റവും ഉയർന്നത് എന്നുമാവാം. അജമസ്തകം എന്നു പറഞ്ഞു വച്ചപ്പോൾ, അജന് മസ്തകമല്ലാതെ മറ്റും ചിലതുണ്ടായിരുന്നു എന്നു വരും. മസ്തകം ഏറ്റവും ഉയർന്നത്, ഏറ്റവും പ്രധാനപ്പെട്ടത് എന്നെല്ലാം അർത്ഥം വരുന്നതുകൊണ്ട്, ഖണ്ഡിക്കപ്പെട്ട വസ്തുവിന്റെ മാഹാത്മ്യം ഒന്നുകൂടി വ്യക്തമാക്കുന്നു. നഖാഗ്രംകൊണ്ട് -നഖത്തിന്റെ അറ്റം കൊണ്ട് / ഖണ്ഡിച്ചതിൻ. മുറിച്ചതിന്റെ ./

**(ശേഷം 35-ാം പേജിൽ)**

# വൈദേഹി ആര് ?

പി.ഐ. ശങ്കരനാരായണൻ (ഫോൺ: 9388414034)

ജനകപുത്രിയായ സീത ദശരഥപുത്രനായ ശ്രീരാമന്റെ ഭാര്യയായി എന്നു ഏവർക്കും അറിയാം. ശ്രീരാമസോദരന്മാർ ആരൊക്കെ എന്നു പറയാനും വിഷമമുണ്ടാവില്ല. എന്നാൽ ആ മൂന്നു സഹോദരന്മാരുടെ ഭാര്യമാർ ആരൊക്കെയാണെന്നു ചോദിച്ചാൽ കുഴപ്പമായി ! അവർ അത്ര വേഗത്തിൽ ആരുടേയും ഓർമ്മയിൽ എത്തുകയില്ല. രാമായണത്തിൽ അവരെപ്പറ്റി വിവാഹവേളയിലല്ലാതെ അധികം പരാമർശങ്ങൾ ഇല്ല എന്നതു തന്നെയാണ് കാരണം.

സീതാരാമകല്യാണം വളരെ കേമമായി വർണിക്കപ്പെട്ടു. സകലരാലും ശ്രദ്ധിക്കപ്പെടുകയും ചെയ്തു. എന്നാൽ, അതേ വേദിയിൽ സഹോദരന്മാരായ ഭരത-ലക്ഷ്മണശത്രുഘ്നന്മാരുടെ വിവാഹവും നടന്നിട്ടുണ്ട്. ജനകരാജധാനിയിൽ തന്നെയുള്ള രാജകുമാരിമാരാണ് വധുക്കള് - മാണ്ഡവി, ഊർമ്മിള, ശ്രുതകീർത്തി എന്നീ സഹോദരിമാർ, ജനകമഹാരാജാവിന്റെ അനുജനായ കുശധ്വജന്റെ പുത്രിമാരാണവർ. മാണ്ഡവി ഭരതന്റെയും ഊർമ്മിള ലക്ഷ്മണന്റെയും ശ്രുതകീർത്തി ശത്രുഘ്നന്റെയും പത്നീപദം സ്വീകരിച്ചു.

സീതയെ പല പേരുകളിൽ നമുക്കറിയാം. ജനകജ, ജാനകി, വൈദേഹി, മൈഥിലി എന്നിങ്ങിനെ പോകുന്നു പര്യായപദങ്ങൾ. എന്നാൽ ഇതൊന്നും സീതയുടെ ശരിയായ സ്വന്തം പേരായി പറയുക വയ്യ. ഉഴവുചാലിൽ നിന്നും കണ്ടെടുക്കപ്പെട്ടതിനാൽ സീത എന്ന പേർ വിളിച്ചു വിളിച്ചു സ്ഥിരീകരിക്കപ്പെടുകയും ചെയ്തു. അയോനിജയായ അവൾ യഥാർത്ഥത്തിൽ അനാമികയുമാണ്. എങ്കിലും സൗകര്യത്തിനുവേണ്ടി ഒരു പേർ ഉണ്ടായേ പറ്റൂ. അതാണ് സീത.

സീത എന്ന പേർ സീതയുടേതു മാത്രമാണ്. എന്നാൽ ജനകജ, വൈദേഹി, മൈഥിലി എന്നിവയുടെ കാര്യം അതല്ല. സഹോദരിമാരായ കുശധ്വജപുത്രിമാരായ മാണ്ഡവി, ഊർമ്മിള, ശ്രുതകീർത്തി എന്നിവർക്കാണ് ആ വിശേഷണങ്ങൾ കൂടുതലും യോജിക്കുക. ജനകവംശത്തിൽപ്പെട്ട കുശധ്വജന്റെ യഥാർത്ഥ മക്കൾ അവരാണ്.

കുശധ്വജന്റെ ജ്യേഷ്ഠൻ സീരദ്ധ്വജനാണ് മഹാരാജാവ്. മക്കളില്ലാത്ത അദ്ദേഹം ഉഴവുചാലിൽ നിന്നും കിട്ടിയ കുഞ്ഞിന് സീതയെന്ന പേരിട്ട്. വളർത്തു മകളാക്കിയെന്നു മാത്രം. മഹാരാജാവിന്റെ അരുമയാകയാൽ സീത കൂടുതൽ സ്നേഹാദരങ്ങൾക്കു പാത്രമാവുകയും ചെയ്തു.

സീരദ്ധ്വജൻ മിഥിലയിലെ രാജാവായിരുന്നു. മിഥിലയ്ക്കു വിദേഹമെന്നും പേരുണ്ട്. വംശാവലി അനുസരിച്ചു കിട്ടിയ പേരാണ് ജനകൻ എന്നത്. ഇവയെ മുൻനിർത്തിയാണ് സീതയ്ക്കു ജാനകി, വൈദേഹി, മൈഥിലി തുടങ്ങിയ പേരുകൾ ഉണ്ടായതും. എങ്കിൽ, ആ പാരമ്പര്യത്തിന്റേതായ ഒരു കഥയും ഉണ്ടാകണമല്ലോ. അത് എന്താണെന്നു നോക്കാം.

സൂര്യവംശത്തിലെ ഇക്ഷ്വാകുവിന്റെ പുത്രന്മാരിൽ ഒരാളായിരുന്നു നിമി. സുദീർഘമായ ഒരു യാഗത്തിന് അദ്ദേഹം തീരുമാനമെടുത്തു. കുലഗുരു വസിഷ്ഠനോടു അതു നടത്തുവാൻ ആവശ്യപ്പെടുകയും ചെയ്തു. ദേവേന്ദ്രൻ മറ്റൊരു യാഗത്തിലേയ്ക്കു തന്നെ ക്ഷണിച്ചിരിക്കയാൽ അതു പൂർത്തിയാക്കിയിട്ടു വരാമെന്നു വസിഷ്ഠൻ മറുപടി നൽകി. കാത്തിരിക്കാൻ നിമിയും തയ്യാറായില്ല. ഗൗതമ മഹർഷിയെ ഗുരുവാക്കി അദ്ദേഹം യാഗം തുടങ്ങി.

അഞ്ഞൂറു വർഷങ്ങൾ കടന്നുപോയി. ദേവലോകത്തിൽ നിന്നു തിരിച്ചെത്തിയ വസിഷ്ഠൻ വിവരമറിഞ്ഞു കോപിച്ചു. ഗുരുനിന്ദ നടത്തിയതിന് അദ്ദേഹം നിമിയെ ശപിക്കുകയും ചെയ്തു. 'നിന്റെ ആത്മാവ് ദേഹത്തെ വെടിയട്ടെ...... നീ വിദേഹിയാകട്ടെ!'

'എങ്കിൽ , അങ്ങയുടെ ആത്മാവും ദേഹത്തെ വെടിയട്ടെ എന്നു ഞാനിതാ ശപിക്കുന്നു!' കോപകലുഷനായ നിമിയിൽനിന്നു വസിഷ്ഠനെതിരെയും ശാപവചസ്സുകൾ ഉയർന്നു.

അതുവേണ്ടായിരുന്നു എന്ന തോന്നൽ, ശപിച്ചു കഴിഞ്ഞ ശേഷമാണ് രണ്ടു പേർക്കും ഉണ്ടായത്. പക്ഷെ എന്തു ചെയ്യാം, ശാപം ഉടൻ ഫലവത്തായി . വസിഷ്ഠന്റെ ആത്മാവ് പിന്നീട് ശാപമോചനം തേടി പിതാവായ ബ്രഹ്മാവിന്റെ അടുക്കൽ ചെല്ലുന്നുണ്ട്. ബ്രഹ്മാവ് വസിഷ്ഠനെ ആശ്വസിപ്പിക്കുകയും മിത്രാവരുണന്മാരുടെ മകനായി ജന്മമെടുക്കാനുള്ള മാർഗനിർദ്ദേശം നൽകുകയും ചെയ്യുന്നു.

ഇപ്പുറത്ത് നിമിയുടെ കാര്യമാണ് കഷ്ടം. യാഗം മുഴുവനാക്കിയിരുന്നില്ല. അതിനിടയിലാണ് ഈ ശാപം. യാഗം മുഴുമിപ്പിക്കാതെയും വയ്യ. യാഗത്തിൽ

(ശേഷം 42-ാം പേജിൽ)

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

**ഒന്നാമധ്യായത്തിലെ (സാധന പാദം) 32–ാ മത്തെ സൂത്രം :-**

*തത് പ്രതിഷേധാർഥം ഏകതത്വാഭ്യാസ :*

അതിനെ പ്രതിഷേധിക്കാൻ ഏകതത്വത്തിൽ അഭ്യാസം ചെയ്യണം.

തത് എന്നാൽ അതിന്റെ. ഏതിന്റെ? മുൻപു പറഞ്ഞ 9 വിഘ്നങ്ങളുടെയും 4 വിക്ഷേപസഹജങ്ങളുടെയും. അവയെ പ്രതിരോധിക്കാൻ എന്തു ചെയ്യണം? ഏക തത്വത്തെ അഭ്യസിക്കണം.

ഏക തത്വമെന്താണെന്ന ചോദ്യം അല്പം കുഴപ്പം പിടിച്ചതാണ്. ബ്രഹ്മമാണ് ഏകമായ, രണ്ടാമതൊന്നില്ലാത്ത (അദ്വൈതമായ) തത്ത്വം. ഈശ്വര തത്ത്വം തന്നെ. ഈ ചർച്ച തുടങ്ങുന്നത് ഈശ്വരനിൽ നിന്നാണ്. ഈശ്വരന്റെ നാമം ഓങ്കാരമാണ്. അതിന്റെ ജപവും അർഥ ചിന്തയും ചെയ്യണം. എന്നാൽ ആത്മജ്ഞാനവും വിഘ്നനാശവുമുണ്ടാകും. അപ്പോഴാണ് ഏതെല്ലാമാണ് വിഘ്നങ്ങളെന്നു പറയുന്നത്. അതുകൊണ്ട് ഇത് മുമ്പു പറഞ്ഞതിനെ ഉറപ്പിക്കുകയാണെന്നു പറയണം.

ഇതിനെതിരായും ചിന്തയുണ്ട്. സൂത്രങ്ങളിൽ ആവർത്തനം വരില്ല. ഈശ്വരപ്രണിധാനം കൊണ്ട് വിഘ്നനാശമുണ്ടാവുമെന്ന് ഒരിക്കൽ പറഞ്ഞാൽ പിന്നെ അതു പറയില്ല. അതുകൊണ്ട് ഇവിടെ ഏതെങ്കിലും ഇഷ്ടമായ അഭിമത വസ്തുവാണ് ഏകതത്ത്വം എന്നു വ്യാഖ്യാനിക്കുന്നവർ ഉണ്ട്. ഏക തത്വത്തെപ്പറ്റി ചില ചിന്തകൾ ഇവിടെ അസ്ഥാനത്താവില്ല. തത്വത്തെ യാഥാർത്ഥ്യമെന്നെടുക്കുക. ഒരു മരം. അത് യഥാർത്ഥമാണ്. അത് മുറിച്ചു പലകയാക്കി. ഇപ്പോൾ അതാണ് യഥാർത്ഥം. ഇലയും കായയുമായി നിന്ന മരമല്ല. പലക ഉപയോഗിച്ചു മേശയുണ്ടാക്കി. ഇപ്പോൾ മേശയാണ് യഥാർഥം. കുറെ വർഷങ്ങൾക്കുശേഷം അത് മരപ്പൊടിയായി മാറും. പിന്നെ അതു വളമായേക്കാം. പല തത്വങ്ങൾ, ഇതിൽ ഏകതത്ത്വത്തെ കണ്ടെത്തണം. ഒരു ചെറിയ കുട്ടി യഥാർത്ഥമാണ്. അവൻ ബാലനും യുവാവും ഗൃഹസ്ഥനും വൃദ്ധനും ഒക്കെയാവും. അതാത് സമയത്ത് ആ രൂപം യഥാർത്ഥമാണ്. എന്നാൽ അതിന് ഒരു തുടർച്ച നല്കുന്ന ഒരു തത്ത്വം (ഒരു കാഴ്ച്ചക്കാരൻ) ഉള്ളിൽ ഉണ്ട്. ഒരു ബോധ തലം. മാറ്റത്തിലും മാറാതിരിക്കുന്ന ഒരു യാഥാർഥ്യം. സത്യം. അതാണ് ഏക തത്ത്വം.

ഭൗതിക ശാസ്ത്രലോകം മാറുന്ന യാഥാർഥ്യങ്ങളെ മാത്രം കാണുന്നു. അതളക്കാവുന്നതായിരിക്കണം. കാണാവുന്നവയായിരിക്കണം. സ്നേഹം, പ്രാണൻ മുതലായവയൊന്നും ഈ പരിധിയിൽ വരില്ല. അവ യഥാർഥ്യമല്ലെന്നു വരുമോ? ആധുനികമായ മാനുഷിക ബന്ധങ്ങൾ പോലും ഇത്തരം തത്ത്വചിന്തകളിൽ കുടുങ്ങി വിറങ്ങലിച്ചു നില്ക്കുകയാണ്.

കൃഷ്ണമാചാരി ഈ സൂത്രത്തെ വ്യാഖ്യാനിക്കുന്നത് മനസ്സിനെ 'ഹേയ ഗുണ രഹിത, കല്യാണ ഗുണ പൂർണ' മാക്കണമെന്നാണ്. ദുർഗുണങ്ങളെ കളഞ്ഞ് സൽഗുണങ്ങളെ നിറക്കണം.

നാം മറ്റുള്ളവരുടെ അവസ്ഥ കണ്ട്, അതുപോലെയായില്ലല്ലോ എന്നു പരിതപിക്കും. അനേക തത്ത്വമാണ് മനസ്സിൽ. എനിക്കു ഞാനാകാനേ കഴിയൂ. ആ ഏക തത്ത്വം മുറുകെ പിടിക്കണം. താരതമ്യം പ്രസക്തമല്ല. അഭ്യാസം വേണം താനും. നമ്മുടെ ഒറ്റക്കുള്ള യാത്രയെ സ്വയം ബഹുമാനിക്കുക തന്നെ വേണം. 'പര ധർമോ ഭയാവഹ' എന്ന ഗീതാവചനം ഓർത്തിരിക്കണം. ഏക തത്ത്വാഭ്യാസത്തിന് ഇനിയും വ്യാഖ്യനം ആവാം. ഒരു മല കയറുമ്പോൾ പല പാതകൾ പരീക്ഷിച്ചു മടങ്ങുന്നതിലും നല്ലത്, ഒരു പാതയെ പിൻതുടരുന്നതു തന്നെ. പല കുഴികൾ കുഴിച്ച് ഉപേക്ഷിക്കുന്നതിലും ഭേദം വെള്ളം കിട്ടുന്നതു വരെ ഒരു സ്ഥലത്തു തന്നെ കുഴിക്കുന്നതല്ലേ? ഈ സൂത്രത്തിന്റെ ഭാഷ്യത്തിൽ വ്യാസൻ ബുദ്ധന്റെ ക്ഷണികവാദി ശിഷ്യരെയും വൈനാശികരെയും കണക്കിന് പ്രഹരിക്കുന്നുണ്ട്. ചിത്തം ക്ഷണികമാണ്. ഒരു പ്രത്യയം. ഒരു ചിന്ത, ഒരു സങ്കല്പം അതു തന്നെ ചിത്തം. അതു ക്ഷണനേരമേ നില്ക്കൂ. അത് വിനാശമടയും. അടുത്തത് ഒരു പുതു ചിത്തമാണ്. പരസ്പരം ബന്ധമില്ല. ചിത്തത്തിന് തുടർച്ചയില്ല. ഇതാണ് ക്ഷണികവാദികളുടെ സിദ്ധാന്തം. അങ്ങിനെയെങ്കിൽ ഞാനിന്നലെ കണ്ടു വെച്ച ഹോട്ടലിൽ ഇന്ന് ചെന്ന് ഊണു കഴിച്ചു എന്നു പറയാനൊക്കില്ല. ഇന്നലെ കണ്ടത് അവിടെ കഴിഞ്ഞു. ഇന്ന് അതു കണ്ടാലറിയില്ല. മാത്രവുമല്ല ക്ഷണികചിത്തത്തിൽ ഒരു സമയത്ത് ഒരു പ്രത്യയമേ ഇരിക്കൂ. അത് എപ്പോഴും ഏകാഗ്രമായിരിക്കും. സ്വന്തം ഗുരുവിന്റെ തന്നെ മനസ്സിനെ ഏകാഗ്രമാക്കാനുള്ള ആഹ്വാനം പാഴാവും. പല ചിന്തകളുണ്ടെങ്കിലല്ലെ ഏകാഗ്രതയുടെ വിഷയം വരുന്നുള്ളൂ. അതുകൊണ്ട് ക്ഷണിക- വൈനാശിക വാദങ്ങൾ പൊള്ളയാണ്. ക്ഷണിക പ്രത്യയങ്ങളുടെ പ്രവാഹത്തിന് ആശയമാണ് ഏകമായ ചിത്തം എന്നതാണ് യാഥാർത്ഥ്യം.

# മസ്തിഷ്കത്തെ പിടികൂടിയ ഭൂതങ്ങൾ

**സി.രാമചന്ദ്രൻ, ഫോൺ: 9995820684**

മസ്തിഷ്കത്തെ പറ്റി നാം പഠിക്കുന്നത് മസ്തിഷ്കത്തിലൂടെത്തന്നെയാണെന്ന താണ് ഏറ്റവും രസകരം. മസ്തിഷ്കം എന്തു ചെയ്യുന്നുവോ അതാണ് മനസ്സ്. മനസ്സ് നെഞ്ചിൻകൂടിനകത്തല്ല നോതലയോട്ടിക്കകത്താണ്. വിഭിന്ന ഘടകങ്ങൾ ഒത്തൊരുമയോടെ ചെയ്യുന്ന ഒരു സംഘസംഗീതനൃത്തത്തിന്റെ ആകെത്തുകയാണ് മസ്തിഷ്കം എന്നുപമിക്കാം. പ്രസ്തുത സംഗീതത്തിന്റെയും നൃത്തത്തിന്റെയും താളപ്പിഴകളും ശ്രുതിഭംഗങ്ങളുമാണ് മാനസിക വൈകല്യങ്ങളിൽ പ്രതിഫലിക്കുന്നത്.

മസ്തിഷ്കം, മനസ്സ്, ശരീരം എന്നിവ തമ്മിലുള്ള നിഗൂഢ ബന്ധനങ്ങളുടെ കെട്ടഴിക്കുന്തോറും അത് കുരുങ്ങുന്നു എന്നതാണ് വാസ്തവം. കുരുങ്ങി കുരുങ്ങിയാണ് അത് ആത്മീയതയിലേക്കും അതീന്ദ്രിയതയിലേക്കും പിരിഞ്ഞു പടരുന്നത്. കുരുങ്ങിയും അഴിഞ്ഞും അത് ഭാഷയും കലയും സർഗാത്മകതയും മതപരതയും ആത്മബോധവും മറ്റും സൃഷ്ടിക്കുന്നു. ഇതിനെക്കുറിച്ചെല്ലാം പഠിക്കുന്ന ബ്രെയിൻ സയൻസ് കഴിഞ്ഞ പതിനഞ്ചു വർഷത്തിനിടെ നന്നായി പുരോഗമിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത അറിവുകൾ ജനസാമാന്യത്തിലേക്ക് എത്തി വരുന്നതേയുള്ളൂ താനും.

പ്രപഞ്ച പരിണാമത്തിന്റെ അതിസങ്കീർണമായ അവസാന ഉത്പന്നമാണ് മനുഷ്യ മസ്തിഷ്കം. അത് ജൈവപരിണാമത്തിന്റെ പാരമ്യമാണ്. ജൈവപരിണാമത്തിന്റെ കൈവഴികൾ പരിശോധിച്ചാൽ ജീവികൾക്കും ജീവികളുടെ അവയവങ്ങൾക്കും മസ്തിഷ്കത്തിനും മനുഷ്യമസ്തിഷ്കത്തിനു തന്നെയും പരിണാമപരമായ ചരിത്രമുണ്ടെന്നു മനസ്സിലാകും. ആദ്യജീവികളുടെ ആദികോശത്തിൽ നിന്നാണതിന്റെ തുടക്കം. ആദിമ ജീവികളിൽ മസ്തിഷ്കത്തിന്റെ പ്രാഥമിക ധർമ്മങ്ങൾ നിർവഹിച്ചിരുന്ന കോശഭാഗങ്ങൾ പരിണമിച്ചാണ് നാഡീകുഴലുകളും കോശരൂപീകരണവും നടന്നത്. പ്രാകൃതമായി ബഹുകോശ ജീവികളിലുരുത്തിരിഞ്ഞ നാഡീവ്യൂഹം മത്സ്യങ്ങളിലൂടെ, ഉഭയജീവികളിലൂടെ, ഉരഗങ്ങളിലൂടെ, സസ്തനികളിലൂടെ, പ്രൈമേറ്റുകളിലൂടെ സഞ്ചരിച്ചാണ് ആദിമമനുഷ്യന്റെ മസ്തിഷ്കമാകുന്നത്. എല്ലാ മസ്തിഷ്കങ്ങളും ഒരു ആദിമ മസ്തിഷ്കത്തിന്റെ പരിഷ്കരണവും തുടർച്ചയുമാണ്.

പരിണാമ സിദ്ധാന്തത്തിന്റെ വെളിച്ചത്തിലല്ലാതെ മസ്തിഷ്കപരിണാമത്തെയും വിലയിരുത്താനാവില്ല. വഴിത്തിരിവുകളിലുണ്ടായ യാദൃശ്ചികതകളാണ് പലപ്പോഴും അത്ഭുതകരമായ രൂപാന്തരപ്രാപ്തിയുടെ രഹസ്യം. പ്രകൃതിയുടെ സ്വാഭാവിക ലക്ഷ്യത്തിനുമപ്പുറത്തേക്കുള്ള വികാസമാണ് മനുഷ്യകുലത്തിനുണ്ടായത്. അതാകട്ടെ പ്രകൃതിയെക്കുറിച്ചു ചിന്തിക്കുകയും പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങളുടെ പ്രത്യാഘാതമായിട്ടു കൂടിയാണ്. മറ്റു ചില കാര്യങ്ങളിലും ഇതുണ്ടായിട്ടില്ല എന്നില്ല. മത്സ്യത്തിന്റെ ചിതമ്പലുകളാണ് പക്ഷിയുടെ തൂവലുകളായത്. മുൻകാലുകളുടെ പരിഷ്കൃതരൂപമാണ് വവ്വാലുകളുടെ ചിറകുകളായത്. മത്സ്യങ്ങളെ ജലത്തിൽ പൊന്തി നിൽക്കാൻ സഹായിക്കുന്ന വായു സഞ്ചികളാണ് ജന്തുക്കളുടെ ശ്വാസകോശമായി പരിണമിച്ചത്. വാലില്ലാക്കുരങ്ങിന്റെ തലച്ചോറിലെ ചില ധർമ്മങ്ങൾ പുനർനിർവചിച്ചാണ് ആദിമ മനുഷ്യന് ഭാഷാശേഷിയുണ്ടായത്. അജൈവ വസ്തുക്കളിൽ നിന്ന് യാദൃശ്ചികമായി ജീവൻ ഉണ്ടായതുപോലെ തന്നെയാണ് വാലില്ലാവാനരനിൽ നിന്ന് അതിശയകരമായ ഒരു പുതിയ വംശം തന്നെ പിരിഞ്ഞു വന്നത് – നരവംശം. ഇതിനെയെല്ലാം തന്നെ അതിശയിക്കുന്ന മറ്റൊരു രൂപാന്തരമാണ് ആയിരമായിരം നാഡീബന്ധസമുച്ചയങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്ന മസ്തിഷ്കം. ഇന്നത്തെ മന:ശാസ്ത്രജ്ഞന്മാർ മനുഷ്യമസ്തിഷ്കത്തിന്റെ രഹസ്യപ്പാട്ടുകൾ തുറക്കുവാനുള്ള മഹത്തായ ഉദ്യമങ്ങളിൽ വിനീതമായി ഏർപ്പെട്ടിരിക്കുന്നു. അതിലവർ പതുക്കെയാണെങ്കിലും വിജയിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിൽ ഭൗതിക ശാസ്ത്രത്തെക്കുറിച്ച് ഏതാണ്ടെല്ലാം കണ്ടെത്തിക്കഴിഞ്ഞു എന്ന് ശാസ്ത്രസമൂഹം

പൊതുവേ കരുതിയിരുന്നു. എന്നാൽ ഐൻസ്റ്റൈന്റെ ആപേക്ഷികാ സിദ്ധാന്തം, അന്ന് അജ്ഞാതമായിരുന്ന അറിവിന്റെ മറ്റൊരു ലോകത്തേക്ക് പുതിയൊരു വാതായനം തുറന്നു. യശോദയെപ്പോലെ ആശ്ചര്യം കൊണ്ട് വാ പിളർന്നു പോയതുപോലുള്ള കാഴ്ചകളാണ് ടെലസ്കോപ്പുകളും മൈക്രോസ്കോപ്പുകളും നമുക്കു കാണിച്ചു തന്നത്. പുതിയ പ്ലാസ്റ്റിക്കുകളും അത്ഭുതകരമായ ഔഷധങ്ങളും ശാസ്ത്രം മാനവരാശിക്കു സംഭാവന ചെയ്തു. ആണവശാസ്ത്രം പുതിയ ഊർജ്ജവും ബഹിരാകാശ ഗവേഷണം പുതിയ വാർത്താ വിനിമയ സംവിധാനവും സംഭാവന ചെയ്തു. ഇലക്ട്രോണിക്സും കമ്പ്യൂട്ടറുകളും ചേർന്ന് ജീവിതത്തിന്റെ കണക്കു കൂട്ടലുകളെ ഉൽക്കർഷപൂർവമാക്കി. ജൈവപ്രവർത്തനങ്ങൾ അതിശയകരമായ കൃത്യതയോടെ വിശദീകരിക്കപ്പെട്ടു. മഹാമാരികളുടെ കാരണങ്ങളും പ്രതിവിധിയും ദൈവസഹായമില്ലാതെ തന്നെ വിശദീകരിച്ചു. ജനിതക കോഡ് അടയാളപ്പെടുത്തി ചിത്രീകരിച്ചതോടെ ജൈവശാസ്ത്രത്തിൽ മറ്റൊരു വിപ്ലവത്തിനു കളമൊരുങ്ങി.

ഇരുപത്തൊന്നാം നൂറ്റാണ്ടു തുടങ്ങിയപ്പോൾ പോലും മന:ശാസ്ത്രവും മനോരോഗ വിജ്ഞാനീയവും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലുണ്ടായിരുന്ന അറിവിൽത്തന്നെ മരവിച്ചു നിൽക്കുകയായിരുന്നു. ഫ്രോയ്ഡിന്റെ സ്വപ്നശാസ്ത്രത്തിലും ബിഹേവിയറിസത്തിലും അതു മുങ്ങി കിടന്നു. എന്നിരുന്നാൽ തന്നെ മാനവിക വിഷയങ്ങളെ മന:ശാസ്ത്രപരമായ ഉൾക്കാഴ്ചയോടെ വിശദീകരിക്കുവാൻ തക്കവണ്ണം നാഡീശാസ്ത്രവും മനശാസ്ത്രവും ക്രമേണ വളർന്നു. എന്നിട്ടും മസ്തിഷ്ക്കത്തെക്കുറിച്ച് അറിയാനുള്ളതിന്റെ ഒരംശം മാത്രമേ ഇന്നും നമ്മുടെ മുന്നിലുള്ളൂ. ഇന്ന്, ഇരുപത്തൊന്നാം നൂറ്റാണ്ട് മുന്നേറുമ്പോൾ മനുഷ്യമസ്തിഷ്കനിഗൂഢതയുടെ അടരുകൾ ഓരോന്നായി അടർത്തി വിടർത്തി പരിശോധിച്ച് ശാസ്ത്രം പടിപടിയായി മുന്നേറുകയാണ്.

ദർപ്പണ നാഡീകോശങ്ങളാണ് മനുഷ്യകുലത്തെ ബഹുദൂരം മുന്നോട്ടു നയിച്ച മറ്റൊരു ഘടകം. മുൻതലമുറയുടെ കാഴ്ചപ്പാടുകളോടു സമരസപ്പെടുവാനും അതു സ്വായത്തമാക്കുവാനും യാഥാസ്ഥിതികനായി മാറുവാനും പ്രേരിപ്പിക്കുന്നുണ്ടെങ്കിൽക്കൂടി അത് മനുഷ്യനിൽ പരിഷ്കരിക്കപ്പെട്ടിട്ടുള്ളതുപോലെ മറ്റു വേറൊരു നട്ടെല്ലിലുമില്ല. സമൂഹത്തിന്റെ ആവശ്യത്തിനനുസരിച്ചു സൃഷ്ടിക്കപ്പെട്ടതാണ് ദൈവവും മതവുമെങ്കിലും, ദൈവവിശ്വാസവും മതവിശ്വാസവും തുടരുന്നതിന്റെ അടിസ്ഥാനവും ദർപ്പണനാഡീകോശങ്ങളുടെ സാന്നിദ്ധ്യവുമാണ്. മനുഷ്യനൊഴിച്ചുള്ള എല്ലാം ജീവികൾക്കും യുക്തിപൂർവ്വം പെരുമാറാനെ കഴിയൂ. മനുഷ്യൻ ബുദ്ധിജീവിയോ യുക്തിജീവിയോ അല്ലാതാകുവാനും വികാരജീവിയായി മാറുവാനുമുണ്ടായ കാരണവുമതാണ്. മാലാഖമാരും ഗന്ധർവന്മാരും മനുഷ്യമസ്തിഷ്കത്തിൽ മാത്രം ജീവിക്കുന്നു. അതിനൊന്നും തന്നെ മസ്തിഷ്കത്തിനു പുറത്ത് അസ്തിത്വമില്ല. ഒരാൾ മന:പൂർവമായി ശ്രമിച്ചാൽ മാത്രമേ അയാൾക്ക് യുക്തിവാദിയോ ബുദ്ധിജീവിയോ ആയി മാറാൻ കഴിയൂ. അത്തരത്തിലുള്ളവർ എണ്ണത്തിൽ കുറവായിരിക്കാനാണ് സാധ്യത. എന്നാൽ ജീവിതസാഹചര്യങ്ങളിലുള്ള മാറ്റം യാഥാസ്ഥിതിക ചിന്തയിലും പരിണാമം സംഭവിപ്പിക്കും.

ദർപ്പണ നാഡീകോശങ്ങളാണ് മനുഷ്യകുലത്തിന്റെ ബൗദ്ധിക ചിന്തകളെ ബഹുദൂരം മുന്നോട്ടു നയിച്ചത്. ഭാഷാ ശേഷിയുടെയും സൗന്ദര്യബോധത്തിന്റെയും ഉറവിടമെന്ന് കരുതുന്നതും അതുതന്നെയാണ്. ആത്യന്തികമായി മനുഷ്യന്റെ സ്വത്വബോധം ഉരുത്തിരിഞ്ഞുണ്ടാകുന്നതിന് അത് എത്രമാത്രം സഹായകരമാകുന്നു എന്ന അന്വേഷണം, മനോവിജ്ഞാനീയമെന്ന ശാസ്ത്രശാഖയെ പുതിയ തലങ്ങളിലേക്കുയർത്തുന്നു – ന്യൂറോസൈക്കിയാസീസ്.

*(മിനിക്കഥ)*


# പെരുവഴി

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

അയാൾ ആദ്യമായാണ് ആ പ്രദേശത്തെത്തുന്നത്. ഒരു അപരിചിതനോട് അയാൾ ലക്ഷ്യത്തിലേക്കുള്ള വഴി ചോദിച്ചു.

അപരിചിതൻ പറഞ്ഞുകൊടുത്ത വഴി തെറ്റായിരുന്നു. മറ്റൊരാൾ പറഞ്ഞുകൊടുത്തത് മറ്റൊരു തെറ്റായ വഴി. തുടങ്ങിയേടത്തു തന്നെ തിരിച്ചെത്തുന്ന വഴിയാണ് വേറൊരാൾ പറഞ്ഞു കൊടുത്തത്.

വഴി അറിയാത്തവർ വഴി കാട്ടിയായാൽ ആ വഴി പെരുവഴിയാകും. അതുകൊണ്ട് വഴി കണ്ടെത്തുന്നതിനു മുമ്പെ വഴി അറിയാവുന്നവനെ കണ്ടെത്തണം. അതെങ്ങനെ? മാത്രമല്ല, വഴി അറിയാവുന്നവരിലും വഴി പിഴപ്പിക്കുന്നവർ ഉണ്ടായിക്കൂടെന്നില്ലല്ലോ!



# DISCOVER UK
## യാത്രാവിവരണം

പ്രൊഫ. സി. സുമംഗലാദേവി

ഏപ്രിൽ 5 –ഞങ്ങൾ ലണ്ടനോട് വിടപറയുന്ന ദിനം. രാവിലെ 7.30 ന് തന്നെ കൃത്യനിഷ്ഠയോടെ ഞങ്ങളെല്ലാവരും പ്രഭാത ഭക്ഷണവും കഴിഞ്ഞ് യാത്രയ്ക്ക് തയ്യാർ. മാഞ്ചസ്റ്ററിലേക്കാണ് ഞങ്ങളുടെ യാത്ര. 340 കിലോമീറ്റർ ദൂരം ഉദ്ദേശം 4 മണിക്കൂറിൽ ഞങ്ങൾ ഓടി എത്തി. അത്ഭുതമില്ല, അതാണവിടുത്തെ റോഡുകളുടെ പ്രത്യേകത. ഹോൺ അടിയ്ക്കേണ്ട, ബ്രേക്ക് പിടിക്കണ്ട, ഒരു തട്ടും തടവും ഇല്ലാതെ മുന്നോട്ടു പോകാം. 6 വരിയും 8 വരിയും ഒക്കെയാണ് ഹൈവേയിലെ റോഡുകൾ. ആവശ്യാനുസരണം ഫ്ളൈ ഓവറുകൾ. അസൂയ തോന്നിപ്പോകും, അവരുടെ റോഡുകൾ കണ്ടാൽ. റോഡിന്റെ ഇരുപുറവും ഒരേ പാറ്റേണിലുള്ള കെട്ടിടങ്ങൾ. എല്ലാത്തിനും ചിമ്മിനിയും കാണാം, അവിടുത്തെ കാലാവസ്ഥ വിളിച്ചോതിക്കൊണ്ട്. റോഡിലൊന്നും മാലിന്യം കണികാണാനേ ഇല്ല. വീടുകളുടെ പിറകിലും, നിരത്തിൽ അവിടവിടെയായും, മാലിന്യശേഖരണത്തിനുള്ള വീപ്പകൾ. റോഡിൽ വലിച്ചെറിയുന്ന സംസ്കാരം അവർക്കില്ല എന്നത് വ്യക്തം. സൂരജിന്റെ നേതൃത്വത്തിൽ ഈ ദീർഘയാത്രയിൽ ഞങ്ങൾ പാട്ടുപാടിയും, വീറോടും വാശിയോടും അന്താക്ഷരി കളിച്ചും ഒക്കെ രസിച്ചു. ഞങ്ങളിലെ പാട്ടുകാരെയും പടുപാട്ടുകാരെയും കണ്ടെത്താൻ അത് ഉപകരിച്ചു. ഞങ്ങൾ കുട്ടികളെപ്പോലെ ആ യാത്ര ആസ്വദിച്ചു. സമയം പോയതോ കിലോമീറ്ററുകൾ താണ്ടിയതോ ഞങ്ങൾ അറിഞ്ഞതേ ഇല്ല. ഞങ്ങളിലെ പാട്ടുകാരായ അജിത് വാസുവിനും, കൃഷ്ണകുമാറിനും സംഗീത ലോകത്ത് ശ്രമിച്ചാൽ ഉയർന്നു വരാൻ ഭാവിയുണ്ടെന്ന് ഞങ്ങൾ വിലയിരുത്തി. അവർക്ക് അതിനായി ആശംസകളും നേരുന്നു.

വടക്കു പടിഞ്ഞാറെ ഇംഗ്ലണ്ടിലെ മുഖ്യപട്ടണമാണ് മാഞ്ചസ്റ്റർ. സമ്പന്നമായ വ്യാവസായിക പൈതൃകമുള്ള പട്ടണം. ഇവിടെ ഓൾഡ് ട്രാഫോർഡ് എന്നയിടത്ത് വളരെ വിസ്തൃതമായ ഒരു സ്റ്റേഡിയം ഉണ്ട്. ഈ കളിക്കളം പ്രസിദ്ധമാകുന്നത് മാഞ്ചസ്റ്റർ യുണൈറ്റഡ് എന്ന ഫുട്ബോൾ ക്ലബ്ബിന്റെ സ്വഗൃഹം എന്ന നിലയ്ക്കാണ്. ഫിഫ ക്ലബ്ബ് വേൾഡ് കപ്പ് അടക്കം ഇംഗ്ലണ്ടിലെ ക്ലബ്ബുകളുടെ ഇടയിൽ ഏറ്റവും അധികം പുരസ്കാരങ്ങൾ നേടിയ മാഞ്ചസ്റ്റർ യുണൈറ്റഡ് ലോകത്തിലെ തന്നെ ഏറ്റവും അധികം ആരാധകരുള്ള ക്ലബ്ബാണ്. ഫുട്ബോൾ രക്തത്തിലലിഞ്ഞ കേരളത്തിലും മാഞ്ചസ്റ്റർ യുണൈറ്റഡ് പലർക്കും സ്വന്തം ക്ലബ്ബ് ആണ്. ഞങ്ങളുടെ കൂടെയും ഈ ക്ലബ്ബിന്റെ ആരാധകവൃന്ദം ഉണ്ട്. അവരോടൊപ്പം, അവരിൽ നിന്ന് കടംകൊണ്ട ആവേശവും കൈമുതലാക്കി ഞങ്ങൾ 'ചുവന്ന ചെകുത്താന്മാർ' എന്നറിയപ്പെടുന്ന മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ കളിക്കളം കാണാനിറങ്ങി.

രണ്ടു വഴികാട്ടികളാണ് ഞങ്ങളെ സ്റ്റേഡിയം കാണിക്കാൻ ഒപ്പം വന്നത്. ഞങ്ങളുടെ ആവേശത്തിന് എന്തെങ്കിലും കുറവുണ്ടെങ്കിൽ അതവർ നികത്തി. കാലാകാലങ്ങളിൽ ക്ലബ്ബിന് വേണ്ടി കളിച്ച ടീമുകളുടെ ചിത്രങ്ങൾ, പേരുകേട്ട കളിക്കാരുടെ ചിത്രങ്ങൾ, 1968 ലെ യൂറോപ്യൻ കപ്പ് നേടിയ ടീമംഗങ്ങളുടെ ചിത്രങ്ങൾ ഒക്കെ പ്രദർശിപ്പിച്ചിട്ടുണ്ട് അവിടെ. 1958 ൽ മ്യൂനിച്ച് വിമാനദുരന്തത്തിൽ ക്ലബ്ബിലെ 8 കളിക്കാർ കൊല്ലപ്പെട്ടു. അവരുടെ ചിത്രങ്ങൾ ഇന്നും നീറുന്ന ഓർമ്മയായി പ്രാധാന്യത്തോടെ പ്രദർശിപ്പിച്ചിട്ടുണ്ട്. അവിടെ നടക്കുന്ന കളികളിൽ പങ്കെടുക്കുന്ന ടീമുകൾ ഇരിക്കുന്ന സ്ഥലങ്ങൾ, അവർ ഡ്രസ്സ് മാറുന്ന സ്ഥലം, വിശ്രമിക്കുന്ന സ്ഥലങ്ങൾ തുടങ്ങി ഫുട്ബോളിന്റെ പിന്നണിയിലെ പല കാഴ്ചകളും അവിടെ കാണാൻ കഴിഞ്ഞു. സഞ്ചാരികളെ ആകർഷിക്കാനായി മത്സരക്കളികളില്ലാത്ത ദിവസങ്ങളിൽ 9.30 മുതൽ 5.00 മണി വരെ ഏകദേശം 75000 ആളുകൾക്ക് ഒന്നിച്ചിരുന്ന് കളി കാണാൻ കഴിയുന്ന വിസ്തൃതവും വിശ്വവിഖ്യാതവുമായ ആ

സ്റ്റേഡിയം തുറന്നിരിക്കും ആവേശത്തോടെ വിവരങ്ങൾ നൽകുന്ന ഗൈഡുകളുടെ സേവനസഹിതം.

തുടർന്ന് ഗൈഡുകൾ ഞങ്ങളുടെ സംഘത്തെ രണ്ടു ടീമുകളായി തിരിച്ചു. ഒരു ടീമിന്റെ ക്യാപ്റ്റൻ ഞങ്ങളിൽ ഏറ്റവും പ്രായം കുറഞ്ഞ ഞങ്ങളുടെ മാധവ്, രണ്ടാമത്തെ ടീമിന്റെ ക്യാപ്റ്റൻ ഞങ്ങളിൽ ഏറ്റവും ചെറുപ്പം കൂടിയ വേണു. സാധാരണ ഫുട്ബോൾ ടീമുകൾ മത്സരത്തിന് വേണ്ടി കളിക്കളത്തിലേക്കിറങ്ങുന്ന വഴിയിലൂടെ ഞങ്ങൾ ഇരുടീമുകളും കളിക്കളത്തിലേക്ക് ഓടി ഇറങ്ങി. പശ്ചാത്തലത്തിൽ ആരാധകരുടെ ആവേശഭരിതമായ ആരവങ്ങളുടെ റിക്കാർഡ് ശബ്ദം കൂടെയായപ്പോൾ ഒരു ഫുട്ബോൾ മത്സരത്തിന്റെ സാങ്കല്പിക യാഥാർത്ഥ്യത്തിലൂടെ ഞങ്ങൾ ഒരു നിമിഷം കടന്നു പോയി. ഫുട്ബോൾ കളിക്കാൻ ആരോഗ്യമുള്ളവർക്ക് വേണമെങ്കിൽ ആ വിശ്വപ്രസിദ്ധ കളിക്കളത്തിൽ പന്തുരുട്ടാം. അത്രയ്ക്കാത്മവിശ്വാസമില്ലാതിരുന്നതുകൊണ്ട് ഞങ്ങൾ കളിക്കളത്തിലെ ചിത്രങ്ങൾ മൊബൈലിൽ പകർത്തി മടങ്ങി. മടങ്ങും വഴി ചിലരൊക്കെ കളിക്കാരുടെ ജഴ്സികൾ വാങ്ങി. അത്ര ആവേശമില്ലാത്തവർ വെറും കയ്യോടെ, പക്ഷേ ഹൃദയം നിറഞ്ഞ് അവിടെ നിന്നും യാത്രയായി.

ഞങ്ങൾ യാത്ര തുടരുകയാണ്. മാഞ്ചസ്റ്റർ സിറ്റി ടൂർ. മാഞ്ചസ്റ്ററിൽ നിന്ന് തന്നെ നല്ല ചുറുചുറുക്കുള്ള ഒരു വനിത ഞങ്ങൾക്കു വഴികാട്ടിയായി. അവിടുത്തെ നെടുംപാതയിലൂടെ സഞ്ചരിച്ച് ചുറ്റുമുള്ള കാഴ്ചകൾ കാണുകയാണ് ലക്ഷ്യം. ഞങ്ങളുടെ വഴികാട്ടി തത്ത പറയുംപോലെ നിർത്താതെ ഓരോരോ കാഴ്ചകൾ വിവരിക്കാൻ തുടങ്ങി. ആദ്യം ദൃഷ്ടിയിൽ പെട്ടത് ഒരു റെയിൽവേ സ്റ്റേഷനാണ്. വെറും സ്റ്റേഷൻ അല്ല. ലോകത്തിലെ ആദ്യത്തെ റെയിൽവേസ്റ്റേഷൻ. കാസിൽ ഫീൽഡ് എന്ന സ്ഥലത്ത് ലിവർ പൂൾ റോഡിൽ 1830 സെപ്റ്റംബർ 15 ന് ആദ്യത്തെ റെയിൽവേസ്റ്റേഷൻ ഉണ്ടായി. ആവി വണ്ടിയാണ് അന്ന് ഓടിയത്. ലോകത്തിൽ ഇന്ന് നിലവിലുള്ളതിൽ വച്ച് പഴക്കമേറിയ സ്റ്റേഷൻ ഇതാണ്.

മുന്നോട്ട് പോകുമ്പോൾ ഓക്സ്ഫോർഡ് റോഡിൽ തലയുർത്തി നിൽക്കുന്നു, മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റി. വിഖ്യാതമായ റസ്സൽ ഗ്രൂപ്പിന്റെ ഭാഗമാണിത്. 2004 ൽ മാഞ്ചസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയും, മാഞ്ചസ്റ്ററിലെ വിക്ടോറിയ സർവ്വകലാശാലയും സംയോജിപ്പിച്ച് സ്ഥാപിതമായതാണിത്. ഏകദേശം 50,000 ത്തോളം വിദ്യാർത്ഥികളും, 4000 ത്തോളം ആദ്ധ്യാപകരും ഇവിടെയുണ്ടത്രെ. ഇംഗ്ലണ്ടിലെ 167 സർവ്വകലാശാലകളിൽ രണ്ടാമതു സ്ഥാനം മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിക്കാണ്. ഇരുപത്തഞ്ചിലധികം നോബൽ പുരസ്കാരജേതാക്കളെ ലോകത്തിന് സമ്മാനിച്ച സർവ്വകലാശാലയാണിത്. അതിൽ 4 പേർ വിദ്യാർത്ഥികളെ അറിവിന്റെ ലോകത്തേയ്ക്ക് കൈപിടിച്ചു നടത്തികൊണ്ട് ഇന്നും അവിടെ സേവനം അനുഷ്ടിക്കുന്നു. ഗവേഷണ പ്രധാനമായ ഈ സർവ്വകലാശാലയുടെ പ്രഖ്യാപിത ലക്ഷ്യം തന്നെ 'അറിവ്, ബുദ്ധി, മാനവികത' എന്നാണ്.

യാത്രയിലുടനീളം പ്രകൃതി എത്ര സുന്ദരിയാണെന്ന് അനുഭവിച്ചറിഞ്ഞുകൊണ്ട് ഞങ്ങൾ A.C. Marriot- Salford Quays ൽ എത്തി വിശ്രമിച്ചു.

അഞ്ചാം ദിവസം ശനിയാഴ്ച. ഇന്നാണ് വിശദമായ സ്കോട്ട്ലന്റ് സന്ദർശനം ആരംഭിക്കുന്നത്. 8.45 ന് തന്നെ ഞങ്ങൾ യാത്ര ആരംഭിച്ചു.

സ്കോട്ട്ലന്റ് യു.കെ യുടെ വടക്കേ അറ്റത്തുള്ള പ്രദേശം മലകളും, കാടുകളും, തടാകങ്ങളും , താഴ്വരകളും നിറഞ്ഞ സുന്ദരമായ സ്ഥലം. സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യം എന്നറിയപ്പെട്ടിരുന്ന യു.കെ രണ്ടു ലോകമഹായുദ്ധങ്ങളുടെ ആഘാതം ഏറ്റു വാങ്ങിയിട്ടുണ്ട്. പല വൻശക്തികൾ ഉദയം ചെയ്തിട്ടുണ്ടെങ്കിലും ബ്രിട്ടൻ എന്നും ശക്തയായി തന്നെ തുടർന്നു. 1707 ലാണത്രെ 'Kingdom of great Britain' നിലവിൽ വന്നത്. 1706 ലുണ്ടാക്കിയ യൂണിയൻ സന്ധി (Treaty of Union) പ്രകാരം ഇംഗ്ലണ്ടും സ്കോട്ട്ലന്റും ചേർന്നാണ് ഗ്രേറ്റ് ബ്രിട്ടൻ ആയത്. 1801 ൽ ഐർലന്റും ചേർന്ന് അത് യുണൈറ്റഡ് കിങ്ഡം ആയി. 1900 ആയപ്പോഴേക്കും സ്കോട്ട്ലന്റ് സ്വാതന്ത്ര്യത്തിന് വേണ്ടി മുറവിളി തുടങ്ങി. 1997 ൽ സ്കോട്ട്ലന്റിലെ ജനങ്ങൾക്കിടയിൽ നടന്ന അഭിപ്രായ വോട്ടെടുപ്പിന്റെ അടിസ്ഥാനത്തിൽ സ്കോട്ട്ലന്റ് പാർലമെന്റ് രൂപികരിക്കാൻ യു.കെ അനുമതി നൽകി. 1999 ൽ ആദ്യമായി സ്കോട്ട്ലന്റ് പാർലമെന്റ് സമ്മേളിച്ചു. ഇന്ന് സ്കോട്ടിഷ് നാഷണൽ പാർട്ടിയാണ് ഭരണകക്ഷി. അതിന്റെ നേതാവിനെ ഫസ്റ്റ്മിനിസ്റ്റർ (പ്രൈംമിനിസ്റ്റർ എന്നല്ല) എന്നു വിളിക്കും എന്ന് ഞങ്ങളുടെ ഗൈഡ് ഊന്നി പറയുകയുണ്ടായി. സ്കോട്ട്ലന്റ് യു.കെ വിട്ടുപോരണമെന്ന ശക്തമായ പൊതുജനാഭിപ്രായത്തെ തുടർന്ന് , അതിനുവേണ്ടി ഒരു പൊതു അഭിപ്രായവോട്ടെടുപ്പ് നടത്തുകയും, ഭരണകക്ഷി അനുകൂല നിലപാട് എടുക്കുകയും ചെയ്തുവെങ്കിലും, ജനാഭിപ്രായം നേരിയ ഭൂരിപക്ഷത്തിൽ വിട്ടു പോരേണ്ടതില്ല എന്നായിരുന്നു.

സ്കോട്ട്ലന്റിലെ പോലീസിന്റെ പ്രാഗത്ഭ്യം യു.കെ വളരെ വിലമതിക്കുന്നു,അംഗീകരിക്കുന്നു. അതുകൊണ്ടാണ് രാജ്യത്തിന്റെ പോലീസ് കേന്ദ്രത്തിന് 'സ്കോട്ട്ലന്റ്യാർഡ്' എന്ന പേരു വന്നത്. അവരുടെ സി.ഐ.ഡി വിഭാഗത്തെ സൂചിപ്പിക്കുന്നതും ഈ വാക്കു തന്നെ. അന്വേഷണ പാടവം, കുറ്റകൃത്യങ്ങൾ തെളിയിക്കാനുള്ള കഴിവ് ഇവകൊണ്ട് സ്കോട്ട്ലന്റ്യാർഡ് ലോകപ്രസിദ്ധമാണ്. നമ്മുടെ ഡി.ജി.പി. സിബി മാത്യുസ് ഉൾപ്പടെ അന്വേഷണ മികവു തെളിയിച്ച പല ഓഫീസർമാരും സ്കോട്ട്ലന്റ്യാർഡിൽ പരിശീലനം നേടിയിട്ടുണ്ട്.

ഞങ്ങൾ നേരെ പോയത് ഗ്ലാസ്ഗോയിലേക്ക്. രണ്ടു മണിക്കൂർ ബസ്സ് യാത്ര. പാട്ടും, കഥയും, കവിതയും, ചുറ്റുപാടിന്റെ സൗന്ദര്യമാസ്വദിക്കലുമൊക്കെയായി യാത്രാക്ലേശം അറിഞ്ഞതേയില്ല. യാത്രയ്ക്കൊരു ഇടവേളക്കായി അരമണിക്കൂർ ഒരു ഷോപ്പിംഗ് കോംപ്ലക്സിൽ വണ്ടി നിർത്തി. ധാരാളം സന്ദർശകർ ഈ ഇടത്താവളത്തിൽ ഞങ്ങളെപ്പോലെ തന്നെ വിശ്രമാർത്ഥം ഇറങ്ങിയിരുന്നു. സുന്ദരമായ സ്ഥലം നിമ്നോന്നതങ്ങളായ പച്ചപ്പുൽമേടുകൾ. ലോഭമില്ലാതെ വിടർന്നു നില്ക്കുന്ന വിവിധ നിറങ്ങളിലുള്ള പൂക്കൾ. നല്ല വൃത്തിയും വെടുപ്പും ഉള്ള കടകൾ. സമയം പാഴാക്കാതെ, എന്റെ കൊച്ചു മക്കൾക്ക് ഏറ്റവും ഇഷ്ടം പുസ്തകങ്ങളായതുകൊണ്ട് , അവർക്കു വേണ്ടി കുറച്ചു പുസ്തകങ്ങൾ വാങ്ങി. പ്രകൃതി കനിഞ്ഞനുഗ്രഹിച്ചിരിക്കുന്ന ആ ചുറ്റുപാട് പകർത്തി വയ്ക്കാൻ ആരും പ്രലോഭിതരാകും. ഞങ്ങൾ ഫോട്ടോ എടുക്കുന്നതുകൊണ്ട് തദ്ദേശവാസികളായ കുറച്ചുപേരും ഞങ്ങളുടെ കൂടെ നിന്ന് ഫോട്ടോ എടുത്തു. അറിയുന്ന ഭാഷയിൽ ഞങ്ങൾ അവരോട് സംവദിച്ചു. അവരും ഞങ്ങളും സന്തുഷ്ടർ.

ഗ്ലാസ്ഗോ, സ്കോട്ട്ലന്റിന്റെ പടിഞ്ഞാറു ഭാഗത്തുള്ള ഒരു തുറമുഖ നഗരം. അവിടുത്തെ ഏറ്റവും വലിയ നഗരം. ക്ലൈഡ് നദീതീരത്ത് വിക്ടോറിയൻ ശില്പകലാ ചാതുരിക്ക് പേരു കേട്ട സമ്പന്ന പാരമ്പര്യം അവകാശപ്പെടുന്ന, വ്യാപാരവൈവിദ്ധ്യം കൊണ്ടും, കപ്പൽ നിർമ്മാണം കൊണ്ടും ഒക്കെ സമ്പന്നത കൈവരിച്ച നഗരം. ജനസംഖ്യ നമ്മുടെ കൊച്ചിയിലേതിനേക്കാൾ കുറവ്. പ്രകൃതിമനോഹാരിതയ്ക്ക് ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കേരളത്തെയും വെല്ലും. അവരുടെ കെട്ടിടങ്ങളെല്ലാം ഒരേ മാതിരിയാണ്. വിക്ടോറിയൻ സ്റ്റൈൽ. എല്ലാത്തിനും പുകക്കുഴൽ, അവരുടെ കാലാവസ്ഥയെ വിളംബരം ചെയ്യും വിധം. ഒരു കാര്യം എടുത്തു പറയാതെ വയ്യ. ഗ്ലാസ്ഗോ നഗരവും ഞങ്ങൾ സന്ദർശിച്ച മറ്റിടങ്ങളും, വളരെ ശുചിത്വമുള്ളവയാണ്. തെരുവിലെങ്ങും ഒരു കടലാസ് കഷണംപോലും അലക്ഷ്യമായി വലിച്ചെറിയപ്പെട്ടതായി കണ്ടില്ല. അതിനു കാരണം അവിടവിടെ കൈയെത്തും ദൂരത്ത് മനോഹരമായ മാലിന്യസംഭരണികൾ മാലിന്യം വിഴുങ്ങാനായി വാ തുറന്നിരിക്കുന്നതാവാം. ഗ്ലാസ്ഗോയിൽ മാലിന്യസംഭരണികളിൽ ഭരണകൂടവും ജനങ്ങളും കൈകോർത്തുകൊണ്ടാണ് നഗരം മാലിന്യരഹിതമായി സംരക്ഷിക്കുന്നത് എന്ന ബോർഡും കണ്ടു.

ഗ്ലാസ്ഗോയിൽ ഏറ്റവും ആകർഷിച്ചത് ഗ്ലാസ്ഗോ സർവകലാശാല തന്നെ. ജനനന്മയ്ക്കുവേണ്ടിയുള്ള പഠനങ്ങൾക്കാണ് ഇവിടെ പ്രാമുഖ്യം കൊടുക്കുന്നത് എന്ന് ഞങ്ങളുടെ ഗൈഡ് എടുത്തു പറഞ്ഞു. കേട്ടപ്പോൾ സന്തോഷം തോന്നി. പുറം രാജ്യങ്ങളിൽ നിന്ന് ധാരാളം ഗവേഷണകുതുകികൾ ഇവിടെ എത്തുന്നുണ്ടത്രെ. 8000–9000 പൗണ്ട് വരെയാണ് ഫീസ്, ഒരു വർഷത്തേയ്ക്ക്. സ്കോട്ട്ലന്റുകാർക്ക് വിദ്യാഭ്യാസം സൗജന്യം.

800 വർഷം പഴക്കമുള്ള ഗ്ലാസ്ഗോ കത്തീഡ്രൽ – കത്തോലിക്കരുടെ ഔദ്യോഗിക പള്ളി ഒരു പ്രധാന സന്ദർശക കേന്ദ്രമാണ്. സ്കോട്ട്ലന്റിലെ ഏറ്റവും പഴക്കമേറിയ കെട്ടിടവും ഇതാണത്രെ. മദ്ധ്യകാലഘട്ടത്തിലെ ഈ പള്ളി തന്നെയാണ് ഔദ്യോഗിക പള്ളിയായി അംഗീകരിക്കപ്പെട്ടിരിക്കുന്നതും നിലനിന്നു പോരുന്നതും. ഞങ്ങളുടെ വഴികാട്ടിയുടെ അഭിപ്രായത്തിൽ ഭൂരിപക്ഷം ജനങ്ങളും നിരീശ്വരവാദികളായി മാറുകയാണത്രെ. പണ്ടുണ്ടായിരുന്ന ആരാധനാലയങ്ങൾ മിക്കതും ഇന്ന് നിശാക്ലബ്ബുകളായി പരിണമിച്ചിരിക്കുന്നു. എന്നാൽ കടുത്ത നിരീശ്വരവാദവും ഈശ്വരനിഷേധവും ഉള്ള ഇടമാണെങ്കിലും ജനങ്ങൾ മറ്റെവിടുത്തെക്കാളും സന്തുഷ്ടരും സമാധാനപ്രിയരും ആണത്രെ.

ഇവിടെ നിന്നും ജോർജ്ജ് സ്ക്വയർ എന്ന സ്ഥലത്തേക്ക് ഒരു റോഡുണ്ട്. ഈ റോഡ് അവിടെയുള്ള ഏറ്റവും പഴയ റോഡാണത്രെ. യാതൊരു കേടുപാടുമില്ലാതെ, അവരുടെ സത്യ സന്ധമായ നിർമ്മാണപാടവം വിളിച്ചോതികൊണ്ട് ആ റോഡ് നിലകൊള്ളുന്നു എന്ന് ഗൈഡ് തെല്ലഭിമാനത്തോടെ തന്നെ പറഞ്ഞു. ഏതാനും വർഷങ്ങൾക്കുള്ളിൽ താറുമാറായി പോകുന്ന മരാമത്തു പണികൾക്കു കുപ്രസിദ്ധി നേടിയ കേരളത്തിൽ നിന്നുള്ള നമുക്ക് ഇത് ലോകാത്ഭുതങ്ങളിലൊന്നായി തോന്നിയേക്കാം.

1901 ൽ സ്ഥാപിതമായ Kelvingrove Art gallery and museum കേഴ്‌വികേട്ട ഒരു സന്ദർശക സ്ഥലമാണ്. ഇവിടുത്തെ പ്രവേശനം സൗജന്യവും. 2006 ൽ മൂന്നു വർഷം നീണ്ടു നിന്ന അറ്റകുറ്റ പണികൾക്ക് ശേഷം പൊതുജനങ്ങൾക്കായി തുറന്നിട്ടിരിക്കുകയാണ്. കലയുടെയും സംസ്കാരത്തിന്റെയും ഒരു പ്രപഞ്ചം. ലിയനാഡോ ഡാവിഞ്ചി അടക്കമുള്ളവരുടെ സൃഷ്ടികൾ ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു. ഇവിടെ പ്രദർശനത്തിനു വച്ചിരിക്കുന്ന സംഗീതോപകരണങ്ങൾ താല്പര്യമുള്ളവർക്ക് ഉപയോഗിച്ചു നോക്കുവാനും അനുവാദമുണ്ട്. 'Don't touch' ബോർഡുകൾ അവിടെ കണ്ടതേയില്ല. ലണ്ടനിലെ ട്രഫാൽഗർ സ്ക്വയർപോലെയുള്ള ഒരു സ്ഥലമാണ് ജോർജ്ജ് സ്വയർ. മീറ്റിംഗുകളും സമരങ്ങളും ജാഥകളും ഒക്കെ ഇവിടെയേ നടത്തൂ. വിക്ടോറിയ രാജ്ഞിയുടെ ഭർത്താവിന്റെ ഒരു പ്രതിമ രാജ്ഞി തന്നെ അനാവരണം ചെയ്തത് ഇപ്പോഴും തലയുയർത്തി അവിടങ്ങനെ വിരാജിക്കുന്നു. അതുപോലെ രാജ്ഞി 800 വർഷം മുമ്പ് ഉത്ഘാടന കർമ്മം നിർവഹിച്ച ടൗൺ ഹാളും, അതിപ്രൗഢിയോടെ കേടുപാടുകൾ കൂടാതെ അവിടെ കാണാം. ലോകപ്രസിദ്ധനായ നെൽസൺ മണ്ഡേലയെ സ്വീകരിച്ച്, അദ്ദേഹം ജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ച സ്ഥലം നെൽസൺ മണ്ഡേല പ്ലേസ് എന്ന് പേരിട്ട് സൂക്ഷിച്ചിരിക്കുന്നു.

ഗ്ലാസ്ഗോ ഒരു മനോഹരി തന്നെ എന്ന് ലോകം അംഗീകരിച്ചതിനാലാവാം, അമേരിക്കക്കാർ സിനിമയുടെ ചിത്രീകരണത്തിനായി ഇവിടെ എത്താറുണ്ടത്രെ. അതുകൊണ്ട് 'Baltimore of Newyork' എന്നും ഇവിടം അറിയപ്പെടുന്നു. ഗ്ലാസ്ഗോ നഗരത്തിലും മലയാളികളുടെ സംഘടിത സാന്നിദ്ധ്യമുണ്ട്. നമ്മുടെ കൊച്ചുകേരളം, ചരിത്രത്തിലെ ഏറ്റവും ദുരിതപൂർണ്ണമായ പ്രളയത്തിൽ മുങ്ങിയപ്പോൾ നമുക്കൊരു കൈത്താങ്ങാകാൻ കലാകേരളം ഗ്ലാസ്ഗോ മുന്നോട്ടു വന്നു. നല്ലൊരു തുക സംഭരിച്ച് നാട്ടിലെ സഹോദരങ്ങൾക്ക് അവർ നൽകി.

സിറ്റി ടൂറും, പിന്നെ ചെറിയൊരു ഷോപ്പിംഗും അന്നത്തെ പരിപാടികൾ അവസാനിപ്പിച്ച് ഞങ്ങൾ ഹോളിഡേഇന്നിൽ ഒരു രാത്രി, വിശ്രമത്തിനായി ചേക്കേറി.

ആറാം ദിവസം ഞായറാഴ്ച. ഇന്ന് എഡിൻബർഗിലേക്കാണ് യാത്ര. സ്കോട്ട്ലന്റിന്റെ തലസ്ഥാനമാണ് എഡിൻബർഗ്. രാജകീയ പ്രൗഢിയുള്ള ഒരു നഗരം വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന ഒട്ടേറെ വിഭവങ്ങൾ അവിടെയുണ്ട്. മുഖ്യകൃഷി ബാർലി, അതുകൊണ്ട് ഉൽപ്പാദിപ്പിക്കുന്ന പ്രധാന ഉല്പന്നം സ്കോച്ച് വിസ്കി. അതാണ് പ്രധാന വരുമാന മാർഗ്ഗവും. അവിടുത്തെ ജനസംഖ്യയുടെ ഇരട്ടി ആടുകൾ അവിടെ ഉണ്ടത്രെ. ആടുകളോ, നല്ല കുടുംബജീവിതം നയിക്കുന്നവയും. കുഞ്ഞാടുകൾ അമ്മയെ പിരിഞ്ഞ് എങ്ങുമേ പോകാറില്ല. അതുകൊണ്ടു തന്നെ മേയാൻ വിട്ടാൽ തിരികെ വീട്ടിലെത്തിക്കുവാൻ ഒട്ടും ബുദ്ധിമുട്ടേണ്ടതില്ല.

എഡിൻ ബർഗ് ആർട്ട്സ് ഫെസ്റ്റിവലിനെകുറിച്ച് ഞങ്ങളുടെ ഗൈഡ് വാചാലയായി. ആഗസ്റ്റിൽ മൂന്നാഴ്ച നീണ്ടു നിൽക്കുന്ന ഉത്സവം. മൂവായിരത്തിലധികം പരിപാടികൾ അരങ്ങേറാറുണ്ട്. നമുക്കു പരിചിതനായ മിസ്റ്റർ ബീനെ അവതരിപ്പിച്ച റിച്ചാർഡ് ആവിനും മറ്റും അവിടെ പരിപാടികൾ അവതരിപ്പിക്കാറുണ്ടത്രെ.

എഡിൻ ബർഗിലെ തെരുവുകളിലൂടെ യാത്ര ചെയ്യുമ്പോൾ ഒരിടത്ത് വണ്ടി നിർത്തി 'ഇതാ, ഇതാണ് ഹാരിപോട്ടറുടെ ജന്മഗൃഹം' എന്ന് ഞങ്ങളുടെ വഴികാട്ടി പറയുകയുണ്ടായി. കൊച്ചു മക്കളുടെ ഇഷ്ട നായകനായ മന്ത്രവാദി ബാലന്റെ വീട് !! താല്പര്യപൂർവ്വം പുറത്തേക്കു നോക്കിയപ്പോൾ എലിഫന്റ് ഹൗസ് എന്ന പേരിലുള്ള ഒരു കടയാണ് കണ്ടത്. ഹാരിപോട്ടറുടെ സൃഷ്ടാവ് J. K. Rowling അവിടെ ഇരുന്ന് ചായകുടിച്ചും മറ്റുമാണത്രെ സ്ഥിരമായി എഴുതികൊണ്ടിരുന്നത്. ലോകമെമ്പാടുമുള്ള ഹാരിപോട്ടർ ആരാധകർ ഒരു തീർത്ഥാടന സ്ഥലമെന്നപോലെ ഇവിടം സന്ദർശിക്കുന്നു.

James Bond ആയി അഭിനയിച്ച് ജനഹൃദയം കവർന്ന ഷോൺ കോനറി ജനിച്ചതും എഡിൻ ബർഗിലാണ്. അദ്ദേഹം പഠിച്ച ആർട്ട്സ് സ്കൂൾ, രാജ്ഞി എല്ലാ ജൂലൈ മാസത്തിലും വന്നു താമസിക്കുന്ന റീജന്റ് ടവ്വേഴ്സ് തുടങ്ങിയവയും വഴിയോര കാഴ്ചകളായി ഞങ്ങൾ കണ്ടു.

അന്ന് ഞങ്ങൾ വിശദമായി സന്ദർശിച്ചത് Edinburg Castle ആണ്. വളരെയധികം ചരിത്രപ്രാധാന്യമുള്ള ഈ കോട്ടയുടെ അടിസ്ഥാനശില എഴുപതു ദശലക്ഷം വർഷങ്ങൾ പഴക്കമുള്ള നാമാവശേഷമായ ഒരു അഗ്നിപർവ്വതശിലയാണ്. ഇത് 'കാസിൽ റോക്ക്' എന്നറിയപ്പെടുന്നു. എഡിൻബർഗ് സിറ്റിയെക്കാൾ 250 അടി ഉയരത്തിലാണ് ഈ കോട്ട നിലകൊള്ളുന്നത്. ശിലായുഗം മുതലെ ഇവിടെ മനുഷ്യവാസം ഉണ്ടായിരുന്നതായി പുരാവസ്തു ഗവേഷകർ അഭിപ്രായപ്പെടുന്നു. രാജാക്കന്മാരുടെ താമസസ്ഥലമായിരുന്ന ഈ കോട്ടയിൽ 1130 എ.ഡി. യിൽ ഡേവി

ഡ് ഒന്നാമൻ രാജാവ്, കല്ലുകൊണ്ടുള്ള ഒരു പള്ളി, അദ്ദേഹത്തിന്റെ അമ്മ മാർഗററ്റിന്റെ ഓർമ്മയ്ക്കായി നിർമ്മിച്ചത് ഇന്നും St. Margaret's Chapel എന്ന പേരിൽ അവിടെ യാതൊരു കേടുപാടും കൂടാതെ നില്ക്കുന്നുണ്ട്. സ്കോട്ട്ലന്റ് രാജ്ഞി മേരി തന്റെ മകൻ ജയിംസിന് ജന്മം നൽകിയത് ഈ കോട്ടയിൽ വച്ചായിരുന്നത്രെ. ഇംഗ്ലണ്ടിനെയും സ്കോട്ട്ലന്റിനേയും ഒന്നിച്ച് ഭരിച്ച രാജാവായിരുന്നു ഈ ജയിംസ് രാജാവ്. 1566 ൽ ചാൾസ് ഒന്നാമനാണ് അവസാനമായി ഇവിടെ താമസിച്ച രാജകുടുംബാംഗം എന്ന് ചരിത്രം. ഒലിവർ ക്രോംവെല്ലിന്റെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെടുത്താനായി സ്കോട്ട്ലന്റ് അവരുടെ സമ്പത്ത് മുഴുവനും ഈ കോട്ടയ്ക്കുള്ളിലായിരുന്നത്രെ സൂക്ഷിച്ചിരുന്നത്. ഇന്നും സ്കോട്ട്ലന്റ് രാജകുടുംബത്തിന്റെ രത്നങ്ങളുടെ ശേഖരം ഇതിനുള്ളിലാണ് സൂക്ഷിച്ചിരിക്കുന്നത്. പട്ടാളത്തിന്റെ സംരക്ഷണത്തിലാണ് ഇന്നും ഈ കോട്ട.

കോട്ടയും കടന്ന് വീണ്ടും ബസ്സിൽ യാത്ര തുടരവെ സന്ദർശകരുടെ മനമറിയുന്ന ഞങ്ങളുടെ വഴികാട്ടി, മുൻകൂട്ടി തീരുമാനിക്കാത്ത ഒരു പരിപാടി ഞങ്ങളിലേയ്ക്കെറിഞ്ഞു തന്നു. ജന്നിംഗ്സ് ബ്രൂവറി സന്ദർശനം. സ്കോട്ട്ലന്റുകാരുടെ പ്രധാന വരുമാന മാർഗ്ഗമായ സ്കോച്ച് വിസ്കി ജനിക്കുന്നതും വളരുന്നതും ഒക്കെ എങ്ങനെ എന്ന് അവിടം സന്ദർശിച്ചാലറിയാമത്രെ. കേട്ടതേ ഒരു നല്ല വിഭാഗത്തിന് അതു കണ്ടേ തീരൂ. അങ്ങനെ ഞങ്ങൾ രണ്ടായി പിരിഞ്ഞു. ഒരു വിഭാഗം ഡിസ്റ്റിലറിയിലേക്കും, മറുവിഭാഗം നാഷണൽ മ്യൂസിയത്തിലേക്കും.

National Museum of Scotland: അറിവിന്റെ ഭണ്ഡാഗാരം. ലോകത്തിന്റെ ആദിമമനുഷ്യൻ മുതൽ 21 ാം നൂറ്റാണ്ടുവരെയുള്ള ചരിത്രം, പ്രകൃതിയിലെ അതിശയങ്ങൾ, വ്യത്യസ്ത സംസ്കാരങ്ങൾ, കലകൾ, ശാസ്ത്രീയ നേട്ടങ്ങൾ, ഡിസൈനുകൾ, ഫാഷനുകൾ അങ്ങനെ ലക്ഷക്കണക്കിന് കാഴ്ച വസ്തുക്കളുടെ ഒരു മഹാപ്രപഞ്ചം.

ആദ്യം ഞങ്ങളെ ആകർഷിച്ചത് ഡോളിയാണ്. ഡോളിയെ അറിയില്ലേ ? ചരിത്രത്തിൽ ആദ്യമായി പൂർണ്ണമായ സെല്ലിൽ നിന്നും ക്ലോണിംഗ്മുഖേന സൃഷ്ടിക്കപ്പെട്ട സസ്തന ജീവി - പ്രശസ്തയായ ചെമ്മരിയാട് ഡോളി. 5.7.1996 ൽ സ്കോട്ട്ലന്റിലെ റോസ്‌ലിൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ജനിച്ച ഡോളിയുടെ ജനനം ലോകത്തെ അറിയിച്ചത് 22.2.1997 ൽ ആയിരുന്നു. കോശം നൽകിയ ആടിന്റെ തനിപ്പകർപ്പായിരുന്നത്രെ ഡോളി. ദശാബ്ദത്തിലെ ഏറ്റവും വലിയ ശാസ്ത്രീയ നേട്ടമായി ഇത് ആഘോഷിക്കപ്പെട്ടു. യാഥാസ്ഥിതികർക്ക് ധാർമ്മിക വിവാദങ്ങൾക്കു തുടക്കം കുറിക്കാനും ഇതു കാരണമായി. ഏതായാലും ഡോളി 6 ആട്ടിൻ കുട്ടികൾക്ക് ജന്മം നൽകി. നാലു വയസ്സായപ്പോഴേക്കും സന്ധിവാതം പിടിപ്പെട്ട് കഷ്ടപ്പെടാൻ തുടങ്ങിയ ഡോളിക്ക് 14.2.2003 ൽ റോസ്‌ലിൻ ഇൻസ്റ്റിറ്റ്യൂട്ടിൽ തന്നെ ദയാവധം നൽകി അങ്ങനെ മരണമടഞ്ഞ ഡോളിയെ സ്റ്റഫ് ചെയ്ത് ഇവിടെ സൂക്ഷിച്ചിരിക്കുന്നു, എന്നെന്നും അനശ്വരയാക്കിക്കൊണ്ട്.

അതുപോലെ, ലോകത്തിലെ ഏറ്റവും അധികം ഭാരമുള്ള പ്രാണി - ഗോലിയത്ത് ബീറ്റിൽ- ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു. ഏകദേശം 4 മീറ്റർ ആണത്രെ ഈ ചിലന്തിയുടെ കാലുകളുടെ അറ്റങ്ങൾ തമ്മിലുള്ള ദൂരം. ഭീമാകാരനായ ഇതിനെയും സ്റ്റഫ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. സ്കോട്ട്ലന്റിലെ ഇതിഹാസ പുരുഷനായ ഡേവിഡ്ഫാർസ് ഓടിച്ചിരുന്ന F1 റേസിംഗ്കാർ, വിവാദ കഥാനായിക റാണിമേരിയുടെ ആടയാഭരണങ്ങൾ, സ്കോട്ട്ലന്റിലെ പ്രാചീന രത്നാഭരണങ്ങൾ, ലോകത്തിലെ എല്ലാ സംസ്കാരങ്ങൾ, കലകൾ , ഫാഷനുകൾ, ശാസ്ത്രസാങ്കേതിക വിദ്യകൾ ഇവയെക്കുറിച്ചെല്ലാം വിശദമായ പഠനം നടത്താൻ ഈ മ്യൂസിയം ഉപകരിക്കും. 18 ാം നൂറ്റാണ്ടു മുതലുള്ള വസ്ത്രാഭരണങ്ങൾ, പുരാതന ഈജിപ്തിലെ ശവപ്പെട്ടികൾ, ഹാരിപോട്ടറിന്റെ ഫിലോസഫേഴ്സ് സ്റ്റോണിലും മറ്റും കണ്ട Lewis Chess Pieces, Metropolis എന്ന സിനിമക്കു വേണ്ടി ഉണ്ടാക്കിയ മരിയ എന്ന റോബോട്ടിന്റെ പുനരാവിഷ്കരണം, ലണ്ടനിലെ കിംഗ്സ് കോളേജിലെ റിസപ്ഷനിസ്റ്റ് ഇൻഫ എന്ന റോബോട്ട്, മനുഷ്യൻ ചെയ്യുന്ന എന്തു ജോലിയും ചെയ്യുന്ന ബോക്സർ റോബോട്ട് എന്നു വേണ്ട റോബോട്ടുകളുടെ ഒരു നീണ്ട നിര തന്നെ അവിടെ കാണാം. കണ്ടാലും കണ്ടാലും തീരാത്ത കാഴ്ച വസ്തുക്കളുടെ അനന്തമായ പ്രദർശനം !!

ഡിസ്റ്റിലറിയിൽ പോയ ഞങ്ങളുടെ കൂട്ടുകാർ സ്കോച്ചു വിസ്കി ബാർലിയിൽ നിന്നെങ്ങനെയുണ്ടാക്കുന്നെന്നും, അതെങ്ങനെ ഗ്ലാസ്സിൽ ഒഴിക്കണമെന്നും, എങ്ങനെ കുടിക്കണമെന്നും ആധികാരികമായി പഠിച്ചു. അയർഷ എന്ന സ്ഥലത്തു ജനിച്ച ജോണിവാക്കർ 1825 ൽ വിസ്കി വിതരണം ആരംഭിച്ചുവത്രെ. സ്കോച്ചു വിസ്കിയും സാധാരണ വിസ്കിയും തമ്മിലുള്ള വ്യത്യാസം അത് ഏതു ധാന്യത്തിൽ നിന്ന് ഉണ്ടാക്കുന്നു എന്നതാണെന്നും അവർ മനസ്സിലാക്കി. പോരെങ്കിൽ 8 മുതൽ 10 വർഷം വരെ തടിയ്ക്കുള്ളിൽ സൂക്ഷിക്കുന്നതാണ് മു

ന്തിയ ഇനം എന്നും തിരിച്ചറിഞ്ഞു. ഏതായാലും 10 പൗണ്ട് പ്രവേശനഫീസ് കൊടുത്ത് ഡിസ്റ്റിലറി കാണാൻ പോയവർ സന്തഷ്ടരായാണ് മടങ്ങിയെത്തിയത്. പലരും ഡിസ്കൗണ്ട് കൂപ്പണുകൾ കാര്യമായി പ്രയോജനപ്പെടുത്തി എന്നാണറിവ്.

ഡിസ്റ്റിലറിക്കാരും മ്യൂസിയംകാരും ഒത്തു ചേർന്ന് ഞങ്ങൾ ഹോളിഡേ ഇൻ എന്ന ഹോട്ടലിൽ ഒരു രാത്രി വിശ്രമത്തിനായി ചേക്കേറി.

ഉറക്കം സകല ക്ഷീണവും തുടച്ചു മാറ്റും എന്നത് സത്യമാണെന്ന് ക്ഷീണിച്ചുറങ്ങി ഉണരുമ്പോൾ ശരിക്കും ബോധ്യമാകും. ഞങ്ങൾ എല്ലാവരും പ്രത്യേകിച്ച് സ്ത്രീകൾ, ഉഷാറോടെ രാവിലെ തയ്യാർ. ആദ്യത്തെ പരിപാടി മ്യൂസിയംകാർക്ക് ഷോപ്പിംഗ്, ഡിസ്റ്റിലറികാർക്ക് വേണമെങ്കിൽ മ്യൂസിയം ഏതും സ്വീകരിക്കാം. ഞങ്ങളുടെ വിവരണം കേട്ട് മ്യൂസിയം, കാണേണ്ടതു തന്നെ എന്ന് ബോധ്യം വന്നവർ മ്യൂസിയത്തിലേക്കു പോയി. ഞങ്ങൾ Print Mark എന്ന കേഴ്‌വി കേട്ട സൂപ്പർമാർക്കറ്റിലേക്കാണ് പോയത്. നമ്മുടെ ലുലുവും മറ്റും കണ്ടവർക്ക് വലിയ പുതുമ ഒന്നും അവിടെ തോന്നിയതേ ഇല്ല.

കോസ്മോ ഹോട്ടലിലെ 'Inter National Buffet' യ്ക്കു ശേഷം വീണ്ടും യാത്ര തുടരുകയാണ്.

ഹോട്ടലുകളുടെയും മറ്റു പൊതുസ്ഥലങ്ങളുടെയും മുമ്പിൽ ഭിക്ഷാടകരായി പലരേയും ഞങ്ങൾ കണ്ടിരുന്നു. പണ്ടെന്നോ ബിലാത്തി സന്ദർശിക്കാൻ പോയ ഒരു നമ്പൂതിരി മടങ്ങി വന്നപ്പോൾ കൂട്ടുകാരോട് 'അവിടെയുള്ളവർക്കൊക്കെ എന്താ അവസ്ഥ!! പിച്ചക്കാരുപോലും ഇംഗ്ലീഷാ സംസാരിക്കുന്നത്' എന്ന് അത്ഭുതപ്പെട്ട കഥ ഓർക്കാതിരുന്നില്ല. ഭിക്ഷ യാചിക്കാൻ നിൽക്കുന്നവരും കോട്ടും ടൈയുമൊക്കെ അണിഞ്ഞാണ് നില്ക്കുന്നത്. അവിടുത്തെ കാലാവസ്ഥയിൽ അത്തരം വേഷം അനിവാര്യമാണു താനും. എന്നാൽ അന്ധമായ പാശ്ചാത്യാനുകരണം കാരണം നമ്മുടെ നാട്ടിലെ ചൂടു കാലാവസ്ഥയിൽ കോട്ടും കാൽസറായിയും ഒക്കെ ധരിച്ചു നടക്കുന്നവരെ എന്തു പറയാൻ!! സാമ്പത്തിക സഹായം ആവശ്യപ്പെട്ടു നിൽക്കുന്നവരിൽ ചിലർ ഗിത്താർ പോലെയുള്ള സംഗീതോപകരണങ്ങൾ ഉപയോഗിച്ച് പാട്ടുപാടിയും മറ്റുമാണ് സംഭാവനകൾ ആവശ്യപ്പെടുന്നത്. മറ്റു ചിലർ നിശ്ശബ്ദരായി ഒരു ബോർഡും പിടിച്ചാണ് നില്ക്കുന്നത്. ഒരിടത്തൊരാൾ തന്റെ ദേഹത്തു തൂക്കിയിട്ടിരിക്കുന്ന ബോർഡിൽ ഇങ്ങനെയെഴുതിയിരുന്നു. " I am not a junkie or alcoholic, trying to raise 15 lbs= (pounds) for hostel / homeless / broke / down on my luck Please help" (ഞാൻ മയക്കുമരുന്നിനടിമയോ മദ്യപാനിയോ അല്ല, ഹോസ്റ്റലിൽ താമസിക്കാൻ 15 പൗണ്ട് വേണം, എനിക്ക് വീടില്ല, പാപ്പരാണ്, ഭാഗ്യഹീനനാണ്, ദയവായി സഹായിക്കൂ.)

'വല്ലതും ഇട്ടേച്ചു പോണേ തുള്ളി –

കല്ലരി കഞ്ഞി നീർമോന്താൻ' എന്ന കവിതാശകലം ഓർമ്മയിൽ വന്നു. ദാരിദ്ര്യം ലോകത്തിലെവിടെയും നമുക്കു നേരെ നിലവിളിക്കുന്നുണ്ടെന്ന സത്യം വിളിച്ചോതുന്ന കാഴ്ച.

അന്ധവിശ്വാസത്തിനും അത്ര കുറവൊന്നും തോന്നിയില്ല. ഗാഡ്മിയറിലൂടെ വഴി നടക്കുമ്പോൾ അവിടെ ഒരു കിണർ. "Wishing well " എന്ന് എഴുതി വച്ചിട്ടുണ്ട്. എന്താഗ്രഹിച്ചും ആ കിണറ്റിൽ പണമിട്ടാൽ ആ ആഗ്രഹം സാധിക്കുമത്രെ. ധാരാളം നാണയങ്ങൾ അതിനുള്ളിൽ കിടക്കുന്നുമുണ്ടായിരുന്നു. ധാരാളമാളുകൾ തങ്ങളുടെ ആഗ്രഹങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നു സാരം.

വീണ്ടും പറയാതെ വയ്യ. മാലിന്യസംസ്കരണത്തിന് അനുകരണീയമായ മാതൃകയാണ് ഇംഗ്ലണ്ടിലെ നഗരങ്ങളിലെല്ലാം കാണുന്നത്. വഴിയരികിലോ, പൊതുഇടങ്ങളിലോ അലക്ഷ്യമായി എറിഞ്ഞ ചവറുകൾ കാണാനില്ല. വൃത്തിയുള്ള ചവറ്റുകുട്ടകൾ ഓരോ തെരുവിലും സ്ഥാപിച്ചിട്ടുണ്ട്. നിരനിരയായി വീടുകൾ കണ്ടയിടങ്ങളിൽ ഓരോ വീടിന്റെയും പിറകിൽ ചവർ വേർതിരിച്ചിടാനായി ചവറ്റുകുട്ടകൾ സ്ഥാപിച്ചിരിക്കുന്നു. ഒരിടത്തു പോലും നിറഞ്ഞു കവിഞ്ഞ ചവറ്റുകൊട്ടയോ, ചവറ്റുകുട്ടകൾക്കു പുറത്ത് അലക്ഷ്യമായി എറിഞ്ഞ ചപ്പു ചവറുകളോ ഇല്ല. ജനതയുടെ അച്ചടക്കവും, ഭരണകൂടത്തിന്റെ കാര്യപ്രാപ്തിയും, ജനങ്ങളുടെ ആരോഗ്യത്തിൽ അവർക്കുള്ള അതീവ താല്പര്യവും ഒരേ സമയം ദൃശ്യമാകുന്ന രംഗം.

എഡിൻബർഗിൽ നിന്ന് കെൻഡാൽ നഗരത്തിലേക്കുള്ള യാത്രയാണിനി. ഊണു കഴിഞ്ഞിട്ടുള്ള ബസ്സ് യാത്ര ആകയാൽ മയക്കം കണ്ണുകളിൽ തൂങ്ങി നില്ക്കുന്നു. എന്നാൽ പ്രകൃതിരമണീയമായ വഴിയോര കാഴ്ചകൾ ഉണർന്നിരിക്കാൻ പ്രേരിപ്പിക്കുന്നു. കാഴ്ചയും, മയക്കവും തമ്മിലുള്ള വടംവലിയിൽ മിക്കവാറും ഒക്കെ മയക്കം ജയിച്ചു. ഏതാണ്ട് 5 മണിയോടെ ഞങ്ങൾ കെൻഡാലിലെ കാസിൽഗ്രീൻ ഹോട്ടലിൽ എത്തിച്ചേർന്നു.

കെൻഡാൽ– സ്കോട്ട്ലന്റിലെ ഒരു ഗ്രാമപ്രദേശം. നമ്മുടെ ചങ്ങമ്പുഴയുടെ വരികളാണോർമ്മ വന്ന

ത്. 'കറയറ്റൊരാലസൽഗ്രാമഭംഗി'. ഞങ്ങൾ ക്ഷീണം മറന്ന് സായാഹ്നസവാരിക്കായിറങ്ങി. ചെമ്മരിയാടുകളുടെ കൂട്ടം വിശാലമായ പുൽത്തകിടിയിൽ മേഞ്ഞു നടക്കുന്നു. കുഞ്ഞാടുകൾ അമ്മമാരെ മുട്ടിയുരുമ്മി കൂടെ തന്നെ. ഊട്ടിയിലെ പുഷ്പപ്രദർശനം നടക്കുന്നിടത്തുകൂടെയാണോ നടക്കുന്നതെന്നു തോന്നിപ്പോകും. അല്പം തണുപ്പുള്ള കാറ്റിൽ ചെറുതായി ഇളകി ആടുന്ന വിവിധങ്ങളായ പൂക്കൾ. നടക്കാൻ പറ്റിയ കാലാവസ്ഥ. അങ്ങനെ നടക്കവെ മൃഗസ്നേഹികളോട് കുശലം പറയാൻ ഒരു പൂച്ച എത്തി. ഫോട്ടോയ്ക്ക് പോസു ചെയ്യാൻ തല്പരനായ ഒരു പൂച്ച. കഴുത്തിലൊരു മണി കെട്ടിയിട്ടുണ്ട്. അപ്പോഴേ നാമകരണം നടന്നു, 'മണികണ്ഠൻ'. അവൻ പരിചയ സമ്പന്നനും ആതിഥ്യമര്യാദയുള്ളവനും തന്നെ. തൊട്ടു തലോടി ഒപ്പം നിന്ന് ഫോട്ടോ എടുക്കാൻ മണികണ്ഠൻ പോസു ചെയ്തു നിന്നു തന്നു. അങ്ങനെ ആസ്വദിച്ചു നടക്കുമ്പോൾ ഒരു ബോർഡ് "Plot for sale'. ഞങ്ങളിലെ റിയൽ എസ്റ്റേറ്റ് താല്പര്യക്കാർ അതു ചുറ്റി നടന്നു കണ്ടു. ഗുരുവായൂർ ഗസ്റ്റ് ഹൗസ് പണി തീരുമ്പോൾ കെൻഡാൽ ഗസ്റ്റു ഹൗസ് തുടങ്ങണോ എന്നൊരാലോചന ! അസ്തമയ സൂര്യൻ മലമുകളിൽ 'ഞാനിപ്പോൾ ഒളിക്കും' എന്ന ഭാവത്തിൽ. ഞങ്ങൾ തിരികെ ഹോട്ടലിലേക്കു പോന്നു. സായാഹ്നം സുന്ദരമായി ചെലവഴിച്ച ഞങ്ങൾ രാത്രിഭക്ഷണത്തിനു ശേഷം അവിടുത്തെ ഹാളിൽ ഒത്തുകൂടി. അന്യോന്യം പരിചയം ഉറപ്പിച്ചും, യാത്രയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ പങ്കുവെച്ചും, കരയോഗത്തിന്റെയും, ഹോളിഡേ ഡിസ്കവറേഴ്സിന്റെയും സേവനത്തെ ശ്ലാഘിച്ചും എല്ലാവരും സംസാരിച്ചു. യാത്ര അവസാനിക്കുന്നതിന്റെ ദു:ഖച്ഛവിയും പ്രകടമായിരുന്നു.

ഞങ്ങളുടെ സന്ദർശന പരിപാടിയ്ക്ക് തിരശ്ശീല വീഴാറായി വരുന്നു. അതിരാവിലെ എല്ലാവരും സൂരജിനെ പൂർണ്ണമായി അനുസരിച്ച് 9 മണിയ്ക്ക് ബസ്സിൽ കയറി. ഗ്രാമീണ ഭംഗി നിറഞ്ഞതെങ്കിലും വിശാലമായ നിരത്തുകൾ. ഇവിടെ ജനസംഖ്യ വളരെ കുറവാണത്രെ. ടൗണിലുള്ളതിന്റെ പകുതി ആളുകളേ ഗ്രാമങ്ങളിലുള്ളു. വീടുകൾ ഒരേ തരത്തിൽ തന്നെ. ചിമ്മിനിയോടുകൂടി, കാലാവസ്ഥയെ ഓർമ്മിപ്പിച്ചുകൊണ്ട് . ഞങ്ങൾ ഗ്ലാഡ്മിയറിലേക്കാണ് യാത്ര. മഹാനായ വില്യം വേഡ്സ്വർത്ത് ജീവിച്ച സ്ഥലത്തേയ്ക്ക്. ഗ്ലാഡ്മിയർ; മേഘത്തെപോലെ ഒറ്റപ്പെട്ടു നടക്കുവാൻ ഗ്ലാഡ്മിയറിലെ തെരുവിലൂടെ ഇന്നും സാധിക്കും. വേഡ്സ്വർത്ത് നീണ്ട നടപ്പുകൾ ഇഷ്ടപ്പെട്ടിരുന്ന വ്യക്തിയായിരുന്നത്രെ. ആ നടപ്പുകളിലാണ് അദ്ദേഹത്തിന് കവിതകൾ അനുസ്യൂതം ഒഴുകി വന്നിരുന്നതും. എവിടെ തിരിഞ്ഞു നോക്കിയാലും പുഷ്പാലംകൃതമായ കാഴ്ചകൾ.

" I wandered lonely as a cloud
That floats on high o'er vales and hills
When all at once I saw a crowd,
A host, of golden daffodils
Beside the lake, beneath the trees
Fluttering and dancing in the breeze''

തണുത്ത കാറ്റത്ത് തലയാട്ടി നില്ക്കുന്ന പൂക്കൾ നമ്മളും കാണുന്നുണ്ട്. കവിത തോന്നാത്തത് കാവ്യദേവിയുടെ കടാക്ഷം ഇല്ലാത്തതുകൊണ്ടു മാത്രം.!

1770 ഏപ്രിൽ 7 ന് ഇംഗ്ലണ്ടിന്റെ പടിഞ്ഞാറുള്ള കോക്കർ മൗണ്ട് എന്ന സ്ഥലത്താണ് മഹാനായ കവി ജനിച്ചത്. ഞങ്ങൾ ഏപ്രിൽ എട്ടിനാണ് അവിടെയെത്തിയത്. അദ്ദേഹത്തിന്റെ ജന്മവാർഷികത്തിന്റെ പിറ്റേദിവസം. 8-ാം വയസ്സിൽ അമ്മയേയും, 13-ാം വയസ്സിൽ അച്ഛനെയും നഷ്ടപ്പെട്ട ആ ബാലനിലെ കവിയെ തട്ടിയുണർത്തിയത് ചെറുപ്പത്തിലേയുള്ള ഏകാന്തതയാവാം. അദ്ദേഹം കോളറിഡ്ജ്, റോബർട്ട് എന്നീ മറ്റു കവികളുമായി ചേർന്ന് Lake Poets (കായൽ കവികൾ) എന്നും അറിയപ്പെടുന്നു. കോളറിഡ്ജുമായി ചേർന്നതാണ് തന്റെ സാഹിത്യജീവിതത്തിന് ദിശാബോധം നൽകിയതെന്ന് അദ്ദേഹം തന്നെ അവകാശപ്പെടുന്നു. സഹോദരി ഡൊറോത്തിയും ഭാര്യ മേരിയുമൊത്ത് അവസാനത്തെ എട്ടു വർഷങ്ങൾ അദ്ദേഹം ഗ്രാസ്മീയറിലെ Dove Cottage, ൽ താമസിച്ചിരുന്നു. Dove Cottage,, ഒരു നിധി പോലെ കാത്തു സൂക്ഷിക്കുന്നുണ്ടവിടെ. അതിനു മുമ്പിൽ അദ്ദേഹത്തിന്റെ 'ഡാഫൊഡിൽസ്' എന്ന കവിത ആലേഖനം ചെയ്തു വച്ചിട്ടുണ്ട്. 1850 ഏപ്രിൽ 23 ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അന്ത്യവിശ്രമംകൊള്ളുന്ന സ്ഥലവും പള്ളിയും (St. Oswalde Church) ഒക്കെതന്നെ സന്ദർശക കേന്ദ്രങ്ങളാണിന്ന്. 1998 ൽ 'Wordsworth Daffodil Garden' എന്ന പേരിൽ ഒരു ഉദ്യാനവും സജ്ജമാക്കിയിട്ടുണ്ട്. St. Oswalde Church ലെ Rector ആണ് മേൽനോട്ടം. 'Wordsworth Trust' എന്നൊരു ട്രസ്റ്റും രൂപികരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കവിതകളും മറ്റും അച്ചടിച്ച് വിതരണം ചെയ്തും മറ്റും അവർ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പണം സംഘടിപ്പിക്കുന്നു. കവിയുടെ സ്മരണയ്ക്കു മുന്നിൽ, അവരുടെ പ്രവർത്തനങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ഞങ്ങളും കുറെ പേനകളും സ്മരണികകളും മറ്റും വാങ്ങി കവിയുടെ സ്മരണ അനശ്വരമാക്കുക എന്ന അവരുടെ സദുദ്ദേശത്തിന്

ഭാവുകങ്ങൾ നേർന്നുകൊണ്ടും, Daffodils അയവിറക്കികൊണ്ടും, ഓർമ്മകൾ മൊബൈലിൽ പകർത്തി ഞങ്ങൾ യാത്രയായി.

മലനിരകളുടെ അരികിലൂടെയുള്ള വിൻഡർ മിയർ തടാകം. ഈ തടാകത്തിന്റെ അരികിലൂടെ തണുത്ത കാറ്റുമേറ്റ് പ്രകൃതിഭംഗിയുമാസ്വദിച്ചു നടക്കുമ്പോൾ കവിത വന്നുപോകും, അത്ഭുതമില്ല. അപ്പോൾ അതിലൂടെയുള്ള ബോട്ട്യാത്രയോ? പറഞ്ഞറിയിക്കാനാവാത്ത സുഖദമൊയൊരോർമ്മ. ഞങ്ങൾ മറുകരയെത്തി. അവിടെ നിന്ന് വീണ്ടും ബസ്സിലേക്ക്. നേരെ മാഞ്ചസ്റ്റർ വിമാനത്താവളത്തിലേക്ക്. കൃത്യം 5 മണിക്ക് അവിടെയെത്തി. ദീർഘദർശിയായ ഞങ്ങളുടെ 'ടൂർ ഓപ്പറേറ്റർ' സൂരജിനെ അഭിനന്ദിക്കാതെ വയ്യ. 8.30 ന്റെ വിമാനത്തിൽ നേരെ അബുദാബിയിലേക്ക്. സിനിമ കണ്ടും ഉറങ്ങിയും ഒക്കെ അബുദാബിയിലെത്തി. രണ്ടു മണിക്കൂർ നീണ്ട കാത്തിരിപ്പ്. സമയം പോകുന്നില്ലേ എന്നു തോന്നി പോകുന്നു. എല്ലാവർക്കും തിരക്കായി. കൃത്യസമയമായ 7.15 ന് തന്നെ പ്രിയങ്കരിയായ നെടുമ്പാശ്ശേരിയിലെത്തി. Imigration നും മറ്റും കൊണ്ടു പോകാൻ ചെറിയ വാഹനങ്ങൾ തയ്യാർ. യാത്രാക്ഷീണമുള്ളവർക്ക് അത് ആശ്വാസകരവും, അനുഗ്രഹവുമാണ്. നടപടി ക്രമങ്ങൾ ഞൊടിയിടയിൽ തീർത്ത് , നമ്മുടെ മണ്ണിൽ തിരികെയെത്തി. അതും സുഖമുള്ള ഒരു അനുഭൂതി തന്നെ. സംശയമില്ല.

യാത്രകൾ ഓർമ്മകൾ മാത്രമല്ല നൽകുന്നത്. ദൂരെയുള്ള ഇടങ്ങളെപറ്റി , അവിടുത്തെ ചരിത്രത്തെ പറ്റി, സംസ്കാരത്തെപറ്റി, മാനവ സംസ്കൃതികൾക്കിടയിൽ തങ്കനൂൽ പോലെ അവയെ കോർത്തിണക്കി നില്ക്കുന്ന മാനവികത എന്ന ഉന്നതമായ ആശയത്തെ പറ്റി, ചിന്തിക്കുവാനും , പഠിക്കുവാനും ഉള്ള പ്രേരണകൂടി യാത്രകൾ നമുക്കു നൽകുന്നു. ലോകത്തിലെ എല്ലാ വിജ്ഞാനവും നമ്മുടെ വിരൽത്തുമ്പിലെ മൊബൈൽ സ്ക്രീനിലേക്ക് ആവാഹിക്കുവാൻ കഴിയുന്ന സാങ്കേതിക മികവാർന്ന കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. കണ്ട കാഴ്ചകൾ മാത്രമല്ല, ആ കാഴ്ചകളെപ്പറ്റി തുടർന്നു നടത്തിയ വായനകൂടി ആവുംവിധം പങ്കു വയ്ക്കുവാൻ ഞാനിവിടെ ശ്രമിച്ചിട്ടുണ്ട്. അത് പരിപൂർണ്ണമാണെന്ന അവകാശവാദമില്ല.

'അനന്തം അജ്ഞാതം അവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്ന്
നോക്കുന്നമർത്ത്യർ കഥയെന്തു കണ്ടു !!'

(അവസാനിച്ചു)

## ഹരിസുധാലഹരി

**(23-ാം പേജിൽ നിന്ന് തുടർച്ച)**

പാപം ഭീകരരൂപമാർന്നു ഗിരിശഗ്രാസത്തിനെത്തീടവേ. പാപം-യാതൊന്നിൽ നിന്ന് ആത്മാവിനെ രക്ഷിക്കണമോ അത്. (അമരം പാരമേശ്വരീ വ്യാഖ്യാ:) ഭീകരരൂപമാണ്ട്. രൂപം കാഴ്ചയ്ക്ക് വിധേയം. ഭീകരരൂപം -കണ്ടാൽ തന്നെ ഭയം ജനിപ്പിക്കുന്നത്. പൂണ്ട്, സ്വീകരിച്ച്. ആത്മാവിനെ യാതൊന്നിൽ നിന്നാണോ രക്ഷിക്കേണ്ടത് അത് കണ്ടാൽ തന്നെ ഭയം ജനിപ്പിക്കുന്ന വിധത്തിൽ. 'അസുര്യാ നാമതേ ലോകാ: അന്ധേന തമസാവൃതാ: താംസ്തേ പ്രിയാഭിഗച്ഛന്തി, യേ കേ ചാത്മഹനോ ജനാ'. എന്ന ഉപനിഷദ്വാക്യം ശ്രദ്ധിക്കുക.

ഗിരിശഗ്രാസത്തിനെത്തീടവേ, ഗിരിശ : കൈലാസത്തിൽ ശയിക്കുന്നവൻ. ശിവൻ. ഗ്രാസത്തിന്. തിന്നാൻ. ശിവനായാൽ പോലും, വന്ന കോപത്തിനും, അതുകൊണ്ടെടുത്ത നടപടിക്കും ന്യായീകരണങ്ങളുണ്ടാകാമെങ്കിലും മറ്റൊരുവന്റെ ശിരച്ഛേദനം ചെയ്ത പാപം അനുഭവിച്ചു തന്നെ തീരണം എന്ന കർമ്മ-പാപ സംബന്ധം വ്യക്തമാക്കുന്നു. അങ്ങനെ വരുന്ന സമയത്ത്.

താപാർത്തൻ ശിവൻ. താപം, ചൂട്, വേദന, ആർത്തൻ, ദു:ഖിതൻ, ശിവൻ. ആരുടെ രണ്ടറ്റം കണ്ടുപിടിക്കാൻ പോയിട്ടു പോലും ബ്രഹ്മാവിനും വിഷ്ണുവിനും സാധിച്ചില്ലയോ ആ ശിവൻ പോലും പാപാക്രാന്ത തപ്തനായി,/ ആദികേശവ, ആദ്യനായ കേശവ, ഭവല്പാദാംബുജം. അവിടുത്തെ പാദമാകുന്ന താമര. സേവചെയ്ത് - പരിചരിച്ച്. ആദികേശവൻ തിരുവട്ടാറ്റെ ദേവതാ സങ്കല്പത്തിൽ, കേശിയേയും കേശനേയും പരാജയപ്പെടുത്തിയ കേശവനെ ശിവൻ പാദസേവ ചെയ്യുന്നതായി സങ്കല്പം. ആപന്മുക്തിയുമാത്മശുദ്ധിയും. ആപത്തിൽ നിന്നുള്ള രക്ഷയും ആത്മാവിന്റെ ശുദ്ധിയും. പാപം ആത്മാവിനെ ദുഷിക്കുന്നതാണല്ലോ. അതിൽ നിന്നുള്ള രക്ഷ. സാധിച്ചു ലക്ഷ്മീപതേ. ലക്ഷ്മി. ധനം സമ്പത്ത്. പുരുഷാർത്ഥങ്ങളിൽ അർത്ഥത്തിന്റെ മാഹാത്മ്യം വിവരിക്കുന്നു. യസ്യാസ്തി വിത്തം എന്ന ഭർതൃഹരീ വാക്യം സ്മർത്തവ്യം. അങ്ങിനെയുള്ള സമ്പന്നനു മാത്രമേ മറ്റൊരുവന്റെ ആർത്തി തീർക്കാനാവൂ എന്നതുകൊണ്ടു തന്നെ ലക്ഷ്മീപതേ എന്ന സംബോധന ഉചിതം.

# ഭക്തഗർവ്വശമനം
## (ഒരു പുരാണകഥ)

രാധാ ദാമോദരൻ (ഫോൺ: 7025169518)

ഭഗവാൻ ശ്രീകൃഷ്ണന്റെ ഭക്തവാത്സല്യം പ്രസിദ്ധമാണ്. വാസ്തവത്തിൽ ഭഗവാൻ ഭക്തവത്സലൻ മാത്രമല്ല, ഭക്തദാസൻ തന്നെയാണ്. എന്നാൽ തന്റെ ഭക്തന്മാരിൽ അഹങ്കാരത്തിന്റെ ഒരംശം പോലും പാടില്ലെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. തന്റെ ഭക്തരിൽ പ്രമുഖരായ മൂന്ന് പേരുടെ അഹങ്കാരം അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടിരുന്നു. ഒന്ന് അദ്ദേഹത്തിന്റെ വാഹനമായ ഗരുഡൻ. തന്നേക്കാൾ വേഗത മറ്റാർക്കുമില്ലെന്ന ഗർവ്വായിരുന്നു ഗരുഡന്. രണ്ടാമതായി തന്റെ ആയുധമായ 'സുദർശന ചക്രം' നിമിഷനേരം കൊണ്ട് ആരേയും തനിക്ക് കീഴടക്കാം. തന്റെ ശക്തിക്ക് മുന്നിൽ പിടിച്ച് നിൽക്കാൻ ആർക്കും സാധിക്കുകയില്ലെന്ന അഹങ്കാരം സുദർശനത്തിനുണ്ടായിരുന്നു. മൂന്നാമത്തെയാൾ ഭഗവാന്റെ പത്നിയായ സത്യഭാമയായിരുന്നു. താനെന്തു തീരുമാനിച്ചാലും അത് അതേപടി നടത്തുവാനുള്ള ദിവ്യശക്തി തനിക്കുണ്ടെന്ന് സത്യഭാമ അഹങ്കരിച്ചിരുന്നു. അഹങ്കാരമെന്ന മാലിന്യം ഇവരുടെ മനസ്സിൽ നിന്നും നിർമ്മാർജ്ജനം ചെയ്ത് ഇവരെ വിനയസമ്പന്നരാക്കണമെന്ന് ഭഗവാൻ തീരുമാനിച്ചു. ഒരൊറ്റ പരീക്ഷണം കൊണ്ട് മൂന്നുപേരും അവരവരുടെ പരിമിതികൾ മനസ്സിലാക്കട്ടെ എന്നായിരുന്നു അദ്ദേഹത്തിന്റെ നിശ്ചയം.

ആദ്യം അദ്ദേഹം ഗരുഡനെ വിളിച്ചു. 'പ്രിയ ഗരുഡാ' ഭവാൻ ഒരു കാര്യം ചെയ്യണം. കഴിഞ്ഞ ജന്മത്തിൽ ഞാൻ ശ്രീരാമനായിരുന്നു എന്നറിയാമല്ലോ. പരമഭക്തനായ ഹനുമാൻ ഹിമവാനിൽ ഇരുന്ന് തപസ്സ് ചെയ്യുന്നു അദ്ദേഹത്തോട് ശ്രീരാമചന്ദ്രനും, സീതാദേവിയും ദ്വാരകയിൽ വന്നിട്ടുണ്ട്. അങ്ങയെ കാണുവാൻ ആഗ്രഹിക്കുന്നു. കുറച്ചു സമയമേ അവർ ദ്വാരകയിൽ ഉണ്ടാവുകയുള്ളൂ എന്ന് പറയുക. 'ഗരുഡൻ' പറഞ്ഞു സ്വാമിൻ, ഞാൻ ഉടൻ യാത്രയാകാം. കുറച്ച് സമയം മാത്രമേ ഉണ്ടാവുകയുള്ളുവെന്ന് പറഞ്ഞതുകൊണ്ട് ഞാൻ അതിവേഗം പറക്കാം. അവിടുന്ന് പറഞ്ഞ സമയത്തിനകം ഹനുമാന് ഇവിടെയെത്താൻ കഴിഞ്ഞാൽ മതിയായിരുന്നു എന്നു പറഞ്ഞു ഭഗവാനെ വണങ്ങിയ ശേഷം 'ഗരുഡൻ' അതിവേഗത്തിൽ പറന്നുയർന്നു.

പിന്നീട് ഭഗവാൻ സുദർശനത്തെ വിളിച്ച് താൻ പകൽ മുഴുവൻ വിശ്രമിക്കുവാനാഗ്രഹിക്കുന്നതിനാൽ ആരേയും അകത്തേക്ക് കടക്കാൻ അനുവദിക്കരുത് എന്ന് പറഞ്ഞു. സുദർശനം നെഞ്ചുവിരിച്ചു നിന്ന് സന്തോഷത്തോടെ പറയുകയാണ് – 'സ്വാമിൻ'– ഒരീച്ചപോലും ഗോപുരം കടന്ന് ഇങ്ങോട്ട് വരുകയില്ലാ, അത് ഞാനേറ്റു എന്ന്. പിന്നീട് ഭഗവാൻ സത്യഭാമയെ വിളിച്ചു. 'ദേവീ' എന്റെ പരമഭക്തനായ ഹനുമാൻ വലിയ താമസമില്ലാതെ ഇവിടെ എത്തും. ശ്രീരാമചന്ദ്രനും, സീതാദേവിയുമായിട്ടാണ് നാം അദ്ദേഹത്തിന് ദർശനം കൊടുക്കേണ്ടത്. ഹനുമാന്റെ വരവ് കണ്ടാൽ ഞാൻ ശ്രീരാമചന്ദ്രനാകാം ഭവതി സീതാദേവിയായി മാറുമല്ലോ ഇല്ലേ ? എന്നു ചോദിച്ചു സത്യഭാമ നിസ്സാര ഭാവത്തിൽ 'അതിനെന്താ സംശയം ഹനുമാൻ വരുമ്പോൾ അങ്ങ് എന്നെ വിളിച്ചാൽ മതി' എന്ന് പറഞ്ഞു.

ഗരുഡൻ പറന്ന്, പറന്ന് ഹിമാലയത്തിലെത്തി, ശ്രീഹനുമാൻ തപസ്സ് ചെയ്യുന്ന സ്ഥലം കണ്ട് പിടിച്ചു. ഏകാഗ്രമനസ്സോടെ, ശ്രീരാമസ്വാമിയെ ധ്യാനിച്ചുകൊണ്ടിരിക്കുന്ന ഭക്തന്റെ മുമ്പിൽ ചെന്ന് 'രാം, രാം' എന്ന് ഉച്ചത്തിൽ പറഞ്ഞു. തന്നെ ശല്യപ്പെടുത്തുവാൻ വന്നിരിക്കുന്നതാരാണെന്നറിയുവാൻ അദ്ദേഹം കണ്ണ് പതുക്കെ തുറക്കുവാൻ ഭാവിക്കുന്നത് കണ്ട്, ഗരുഡൻ വേഗം 'ശ്രീരാമചന്ദ്രൻ അങ്ങയെ കാണുവാൻ കാത്തിരിക്കുന്നു' എന്ന് പറഞ്ഞപ്പോഴേക്കും ഹനുമാൻ 'എവിടെ, എവിടെ, എന്റെ പ്രഭു' എന്ന് ചോദിച്ചു. ഗരുഡൻ പറയുകയാണ് 'ശ്രീരാമചന്ദ്രനും സീതാദേവിയും' ദ്വാരകയിൽ ഇരിക്കുന്നുണ്ട്. അങ്ങയെ കാണുവാൻ ആഗ്രഹമുണ്ട്, ആ വിവരം പറയുവാൻ എന്നെ അയച്ചതാണ്, കുറച്ച് സമയമെ ഉണ്ടാകുകയുള്ളു. വേഗം പോയാൽ കാണാം. എന്നു പറഞ്ഞതും ഹനുമാൻ രാം, രാം എന്നു പറഞ്ഞുകൊണ്ട് മുകളിലേക്ക് കുതിച്ചതും ഒപ്പം കഴിഞ്ഞു.

ഭഗവാൻ സത്യഭാമയോട് പറഞ്ഞു. വേഗം സീതയാകുവാൻ നോക്കിക്കൊള്ളു – ഹനുമാന്റെ രാമനാമജപം എനിക്ക് വ്യക്തമായി കേൾക്കാൻ കഴിയുന്നുണ്ട്. ഞാനിതാ രാമനാകാൻ പോകുന്നു എന്നു പറഞ്ഞു. നിമിഷങ്ങൾക്കകം അദ്ദേഹം കോദണ്ഡധാരിയായി മാറി. സിംഹാസനത്തിൽ ഉപവിഷ്ടനായി. സത്യഭാമ ധ്യാനിച്ചു നോക്കി ഫലിക്കുന്നില്ല. പ്രാർത്ഥിച്ച് നോക്കി, ശ്രീരാമപട്ടാഭിഷേകത്തിന്റെ ഛായാചിത്രം ഭിത്തിയിൽ ഇരിക്കുന്നത് നോക്കി, അതിൽ സീതാദേവി ഉടുത്തിരിക്കുന്നതുപോലെയുള്ള പുടവ ചുറ്റിനോക്കി. അതിൽ കണ്ടതുപോലെയുള്ള ആഭരണങ്ങൾ ധരിച്ചു. സീതാദേവി തൊട്ടിരിക്കുന്നപോലെ തിലകം ചാർത്തി എന്തെല്ലാം ചെയ്തിട്ടും സീതാദേവിയാകുന്നില്ല. ഭഗവാൻ തിരക്ക് കൂട്ടിത്തുടങ്ങി. ദാ – ഹനുമാൻ അടുത്തെത്തിക്കഴിഞ്ഞു. വേഗം വന്നിരിക്ക് ! സത്യഭാമ പതിനെട്ടടവും പരീക്ഷിച്ചു പരാജയപ്പെട്ടു നിൽക്കുമ്പോൾ ഭഗവാൻ രുഗ്മിണി ദേവിയെ വിളിച്ച് കാര്യം പറഞ്ഞു. ഹനുമാൻ ഗോപുരത്തിന് സമീപം എത്തിക്കഴിഞ്ഞു. രുഗ്മിണി, വിനയാന്വിതയായി ഭക്തിയോടെ, ഭഗവാന്റെ കാൽ തൊട്ടു വന്ദിച്ചു തൊഴുതുകൊണ്ട് മൂന്ന് പ്രദക്ഷിണം വെച്ച് ഭഗവാന്റെ ഇടത് വശത്തിരുന്നു. 'സാക്ഷാൽ സീതാദേവി തന്നെയായി മാറി. ഇതെല്ലാം കണ്ട് സത്യഭാമ നാണംകെട്ട് അകത്തേക്ക് പോയി.'

ഗോപുര വാതില്ക്കലെത്തിയ ഹനുമാനെ സുദർശനം ഔദ്ധത്യത്തോടെ തടഞ്ഞു – അകത്തേയ്ക്ക് കടക്കാൻ അനുവാദമില്ലെന്നു പറഞ്ഞു. എന്റെ പ്രഭുവിനെ കാണാൻ ആരുടേയും അനുവാദം വേണ്ടെന്നു പറഞ്ഞ ശ്രീ ഹനുമാൻ, വീണ്ടും തന്നെ തടുക്കാൻ ശ്രമിച്ച സുദർശന ചക്രത്തെ തന്റെ കയ്യിൽ വളയാക്കി ധരിച്ചുകൊണ്ട് അകത്തേയ്ക്ക് കടന്നു. അകത്ത് മന്ദസ്മിതം തൂകിക്കൊണ്ട്, സീതാസമേതനായിരിക്കുന്ന ശ്രീരാമചന്ദ്രനെ കണ്ടപ്പോൾ ഹനുമാന്റെ കണ്ണിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു നിരുദ്ധ കണ്ഠനായി. ഭഗവാനെ പലവുരു പ്രദക്ഷിണം വെച്ചുകൊണ്ട് സാഷ്ടാംഗം നമസ്ക്കരിച്ചു. തന്റെ കാൽക്കൽ കിടക്കുന്ന ഭക്തന്റെ ശിരസ്സിൽ തലോടിക്കൊണ്ട് ഭഗവാൻ പറഞ്ഞു. എഴുന്നേൽക്കു ഹനുമാൻ, എനിക്കു സന്തോഷമായി. തിരിച്ചുപോയി. അങ്ങയുടെ തപസ്സ് തുടർന്നുകൊള്ളൂ. ഞാൻ സദാ ഭക്തന്റെ കൂടെ ഉണ്ട്. ഹനുമാൻ വീണ്ടും വീണ്ടും ഭഗവാനെ നമസ്ക്കരിച്ചശേഷം മനമില്ലാ മനസ്സോടെ പോകുവാൻ എഴുന്നേറ്റപ്പോൾ ഭഗവാൻ ചോദിച്ചു ഈ വള എവിടെ നിന്നു കിട്ടി. ഗോപുരത്തിന്റെ സമീപത്തു നിന്നാണെന്നു പറഞ്ഞുകൊണ്ട് ഹനുമാൻ പുറത്തേക്ക് വന്നു. സുദർശനം എന്ന വളയെ ഊരിക്കളഞ്ഞു സുദർശനചക്രം നാണിച്ചു തല താഴ്ത്തി പതുക്കെ നടന്നുപോയി.

വളരെ സമയം കഴിഞ്ഞു. ഭഗവാൻ വീണ്ടും വാസുദേവനായി. ഓരോ കൃത്യങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്നപ്പോൾ അതാ വരുന്നു ഗരുഡൻ. അല്പം ക്ഷീണിതനായിട്ടുണ്ട്. ഭഗവാന്റെ സമീപം വന്ന് വണങ്ങിയിട്ട് പറഞ്ഞു – അയ്യോ സ്വാമിൻ, ഹനുമാൻ വരുമല്ലോ – അങ്ങ് ശ്രീരാമചന്ദ്രന്റെ രൂപം ധരിക്കുന്നില്ലേ ? ഭഗവാൻ ചിരിച്ചുകൊണ്ട് പറഞ്ഞു– ഗരുഡൻ പോയി വിശ്രമിക്കൂ. ഹനുമാൻ വന്നുപോയിട്ട് നാഴികകൾ കഴിഞ്ഞു. ഗരുഡൻ അത്ഭുതസ്തബ്ധനായി തന്നേക്കാൾ എത്രയോ വേഗത്തിലായിരിക്കും ഹനുമാൻ സഞ്ചരിച്ചത്. ഈ സംഭവം ഗരുഡന്റെ ഗർവ്വിനേറ്റ കനത്ത പ്രഹരമായി. അങ്ങനെ ലീലാവതാരമായ ശ്രീകൃഷ്ണ പരമാത്മാവ് തന്റെ പ്രിയ ഭക്തരുടെ മനസ്സിലെ ദർപ്പം ശമിപ്പിച്ച് അവരെ അനുഗ്രഹിച്ചു.

# വിശേഷ ദിവസങ്ങൾ

## 2019 ജൂലൈ16 മുതൽ ഓഗസ്റ്റ് 15 വരെ

| | | |
|---|---|---|
| ജൂലൈ | 16 | ഗുരുപൂർണ്ണിമ |
| | 17 | രാമായണ മാസാരംഭം |
| | 31 | കർക്കിടക വാവ് |
| ഓഗസ്റ്റ് | 3 | ചിന്മയാനന്ദ സമാധി |
| | 5. | ഗുരുവായൂർ ഇല്ലം നിറ |
| | 15. | സ്വാതന്ത്ര്യദിനം, രക്ഷാബന്ധൻ, ആവണി അവിട്ടം, സംസ്കൃത ദിനം |

# ലോകപരിസ്ഥിതി ദിനം

യു. എസ്. രവീന്ദ്രൻ (ഫോൺ : 9496120978)

ജൂൺ മാസം 5-ാം തീയതി ലോകപരിസ്ഥിതിദിനമായി ആചരിക്കുന്നു. ഭൂമി, ജലം, വായു, എന്നീ മൂന്നു ഘടകങ്ങൾ ചേർന്നതാണ് പരിസ്ഥിതി. കൊല്ലത്തിൽ 365 ദിവസവും മനുഷ്യൻ ചെയ്തു കൂട്ടുന്ന പരിസ്ഥിതി മലിനീകരണത്തെ ഓർമ്മപ്പെടുത്താൻ ഒരു ദിവസമെങ്കിലും മാറ്റിവെച്ചത് നന്ന്. പണ്ട് പണ്ട് 1306-ൽ ഇംഗ്ലണ്ടിലെ എഡ്വേഡ് രാജാവ് ഒരു ഉത്തരവ് ഇട്ടിരുന്നു. ആരെങ്കിലും കൽക്കരി കത്തിക്കുന്നത് കണ്ടാൽ അവന്റെ തലവെട്ടണം. പരിസ്ഥിതി മലിനീകരണത്തിന്റെ ദൂഷ്യഫലങ്ങളെപ്പറ്റി അന്നുതൊട്ടേ മനുഷ്യൻ ബോധവാനായിരുന്നുവെങ്കിലും ഇന്ന് യുണൈറ്റഡ് നേഷൻസിന്റെ സ്ഥിതിവിവരകണക്കുകൾ മലിനീകരണം മൂലം രോഗബാധിതരായി ഒരു കൊല്ലം 38 ലക്ഷം അകാലമരണങ്ങൾ ലോകമെമ്പാടും സംഭവിക്കുന്നു എന്ന് സൂചിപ്പിക്കുന്നു.

പ്രകൃതിയിൽ സ്വാഭാവികമായി സംഭവിക്കുന്ന കാട്ടുതീ, അഗ്നിപർവ്വതസ്ഫോടനം, പൊടിക്കാറ്റുകൾ എന്നീ മലിനീകരണ കാരണങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ് മനുഷ്യൻ സൃഷ്ടിക്കുന്ന മലിനീകരണം. കല്ക്കരിയെ ആശ്രയിച്ചു പ്രവർത്തിക്കുന്നതും അല്ലാതെയുമുള്ള വ്യവസായങ്ങൾ, നിരത്തിലൂടെ തുരുതുരാ ഓടുന്ന വാഹനങ്ങൾ, തീവണ്ടികൾ സമുദ്രത്തിലൂടെ കുതിക്കുന്ന കപ്പലുകൾ, ആകാശത്തിലൂടെ പറക്കുന്ന വിമാനങ്ങൾ, പുകവലിക്കുന്നവർ, കൃഷിസംബന്ധമായ രാസവസ്തുക്കൾ, കീടനാശിനികൾ, സൗന്ദര്യ വർദ്ധക സ്പ്രേകൾ, ശുചീകരണ രാസവസ്തുക്കൾ, ഊർജ്ജോല്പാദനത്തിനു വേണ്ടി ഉപയോഗിക്കുന്ന ഇന്ധനം എന്നിവ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ കരയേയോ, ജലത്തിനേയോ, വായുവിനേയോ മലനീകരിച്ചു കൊണ്ടിരിക്കുകയാണ്. ജലത്തിനും വായുവിനും രാജ്യാതിർത്തി കടക്കുവാൻ പാസ്പോർട്ടിന്റെ ആവശ്യമില്ലല്ലോ. ലോകത്തിൽ എവിടെ മലിനീകരണം നടന്നാലും അത് രാജ്യഭേദമന്യെ എല്ലാവരേയും ബാധിക്കും. കാർബൺ മോണോക്സൈഡ്, സൾഫർ ഡയോക്സൈഡ്,, നൈട്രജന്റെ വ്യത്യസ്ഥ ചേരുവകളിലുള്ള ഓക്സൈഡുകൾ തുടങ്ങിയ വാതകങ്ങൾ അന്തരീക്ഷത്തിൽ വായു മലിനീകരണവും അമ്ലമഴകളും (Acidrain) ഉണ്ടാക്കുന്നു.അന്തരീക്ഷത്തിലെ നീരാവിയും (Fog) വ്യവസായ ഗതാഗതാനന്തരഫലമായി ഉണ്ടാകുന്ന പുകയും അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്ന പൊടിപടലങ്ങളും (Suspended Matters) ചേർന്നുണ്ടകുന്ന smog എന്ന പ്രതിഭാസം പലയിടങ്ങളിലും ജനജീവിതത്തെ ബാധിച്ചു തുടങ്ങിയിരിക്കുന്നു. ഡൽഹിയിൽ ഇത് നിത്യസംഭവമാണ്. വായു മലിനീകരണം തടയുന്നതിനുള്ള ഉപാധിയായി നിയമനിർമ്മാണം 1981-ൽ തുടങ്ങിവച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല.

ഒരു വസ്തുവിന്റെ സാധാരണ ഘടനയിൽ കൂടുതലുള്ളതെല്ലാം അതിലെ മാലിന്യമാണ്. ഉദാഹരണത്തിന് വായുവിന്റെ ഘടന ഇപ്രകാരമാണ്. 21% ഓക്സിജൻ 78% നൈട്രജൻ ഒരു ശതമാനത്തോളം കാർബൺഡൈയോക്സൈഡ്, ഹീലിയം ആർഗോൺ, നിയോൺ, ഓസോൺ എന്നീ ചേരുവകളുമാണ്. ഇതിൽ കൂടുതലുള്ളതെല്ലാം മാലിന്യമാണ്. വായുവിന്റെ ഗുണനിലവാരത്തിന്റെ മാനദണ്ഡം സൂചിപ്പിക്കുന്നത് അതിന്റെ Air Quality index (AQI) കൊണ്ടാണ്. ഒരു പ്രദേശത്തെ വായുസാമ്പിൾ പരിശോധിച്ച് അതിൽ അടങ്ങിയിരിക്കുന്ന ചേരുവകളുടെ അടിസ്ഥാനത്തിലാണ് AQI നിശ്ചയിക്കപ്പെടുന്നത്. പത്തുലക്ഷം കണികകളിൽ Particles per million (PPM) എത്ര കണികകൾ മാലിന്യങ്ങളായി ഉണ്ടെന്നുള്ളതാണ് AQI. ഇത് പൂജ്യം മുതൽ 50 വരെയാണെങ്കിൽ (0-50 PPM) സാമാന്യം ഭേദപ്പെട്ട വായുവാണ് നാം ശ്വസിക്കുന്നതെന്ന് അനുമാനിക്കാം. 51-100 വരെ സഹിക്കാവുന്നതോതിലുള്ള മലിനീകരണം. 101 മുതൽ 150 വരെയാണെങ്കിൽ (101- 150 PPM) ആരോഗ്യത്തിന് നല്ലതല്ല. ചിലർക്ക് അസ്വസ്ഥതകൾ അനുഭവപ്പെട്ടേക്കാം. പ്രത്യേകിച്ചും ശ്വാസതടസ്സം, അസ്തമ തുടങ്ങിയ രോഗങ്ങളുള്ളവർക്ക്. 151 മുതൽ 200 വരെ (150-200 PPM) തികച്ചും അനാരോഗ്യകരമാണ്. ശ്വാസകോശസംബന്ധമായ രോഗങ്ങൾക്ക് അടിമയായേക്കാം. 201 മുതൽ 300 (201-300 PPM) വരെ AQI ഉള്ള വായുവിന്റെ നിലവാരം വളരെ ശോചനീയമാണ്. ശ്വസിക്കുന്നവർക്ക് അപകടകരമാണ്.

ഫാക്ടറികളിൽ നിന്നും പുറത്തു വിടുന്ന പുകയുടെയും പൊടിപടലങ്ങളുടെയും ജലത്തിന്റെയും ഗുണനിലവാരം ജനജീവിതത്തിന് ബുദ്ധിമുട്ടുണ്ടാക്കാത്ത വിധത്തിലാണെന്ന് ഉറപ്പു വരുത്തുവാൻ പൊല്യൂഷൻ കൺട്രോൾ ബോർഡുണ്ടെങ്കിലും ഫലപ്രദമായ ഒരു നിയന്ത്രണം ഇക്കാര്യത്തിൽ കൊണ്ടുവരുവാൻ സാധിച്ചിട്ടില്ല. പലപ്പോഴും സമ്മർദ്ദത്തിനു വഴങ്ങി ഫാക്ടറികൾക്ക് അനുകൂലമായ തീരുമാനങ്ങൾ എടുക്കേണ്ടി വന്നിട്ടാകാം ഇങ്ങനെ സംഭവിക്കുന്നത്.

ഇന്നത്തെ സ്ഥിതി തുടർന്നു കൊണ്ടു പോയാൽ യാത്ര പോകുമ്പോൾ കുപ്പിവെള്ളം കരുതുന്നതുപോലെ ഓക്സിജൻ കുപ്പിയും എപ്പോഴും കൂടെ കൊണ്ടു നടക്കേണ്ട അവസ്ഥ വന്നേക്കാം. ഓക്സിജൻ കുപ്പികൾ വിപണിയിൽ ഇറങ്ങിക്കഴിഞ്ഞു. ഓക്സിജൻ പാർലറുകളും വന്നു കഴിഞ്ഞു.

മലിനീകരണം തടയാൻ ഉണർന്നു പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. ഇന്ധനങ്ങൾക്കുള്ള സബ്സിഡി അവസാനിപ്പിക്കേണ്ടതാണ്. കൽക്കരിയിൽ അധിഷ്ഠിതമായ ഒരു പുതിയ സംരംഭവും അനുവദിച്ചു കൂടാ. ഉല്പാദിപ്പിക്കപ്പെടുന്ന ഓരോ യൂണിറ്റ് ഊർജ്ജവും ഏറ്റവും ഫലപ്രദമായി ഉപയോഗിക്കേണ്ടതാണ്. ഉത്തരവാദിത്വമുള്ള ഒരു പൗരൻ എന്ന നിലയിൽ നമ്മൾ ഓരോരുത്തരും അന്തരീക്ഷമലിനീകരണത്തിന് സഹായകമായ ഒരു പ്രവർത്തിയിലും ഏർപ്പെടാതിരിക്കുക. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിച്ചു കളയാതെ പുനർചംക്രമണത്തിന് വേണ്ടി (recycling) നൽകാം. കഴിയുന്നത്ര പൊതുഗതാഗത സംവിധാനം ഉപയോഗിക്കാം. ഒഴിച്ചു കൂടാൻ വയ്യാത്ത അവസരത്തിൽ മാത്രം സ്വന്തം വാഹനം ഉപയോഗിക്കാം. ഓഫീസിൽ പോകുന്ന സുഹൃത്തുക്കൾ മൂന്നോ നാലോ പേർ ഒരുമിച്ച് മാറി മാറി സ്വന്തം വാഹനങ്ങൾ പങ്കുവച്ച് Car Pooling സംവിധാനം ഉപയോഗിച്ച് നിരത്തിലെ തിരക്കും മലിനീകരണവും കുറയ്ക്കാം. എല്ലാവർക്കും സൗജന്യമായി സ്വതന്ത്രമായി ശ്വസിക്കാനുള്ള വായു നിറച്ചിട്ടാണ് ഭൂമി സൃഷ്ടിച്ചിരിക്കുന്നത്. ഉത്തരവാദിത്വമില്ലാതെ അതിനെ മലിനീകരിച്ച് ഉപയോഗശൂന്യമാക്കി പണം ചിലവാക്കി ഓക്സിജൻ വാങ്ങി ശ്വസിച്ച് ജീവിച്ച് മരിക്കേണ്ട ഗതികേട് ഉണ്ടാകാതിരിക്കട്ടെ.

## ഇ.സി.എഫ്
## വാർഷികം 2019

**എറണാകുളം കരയോഗം എൽഡർ സിറ്റിസൺ ഫോറത്തിന്റെ 21-ാമത് വാർഷിക പൊതുയോഗം 28.07.2019 വ്യാഴാഴ്ച നടത്തപ്പെടുന്നു.**
**എല്ലാ ഇ.സി.എഫ് അംഗങ്ങളും ഈ പരിപാടിയിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

*കൺവീനർ*

# അഭിനന്ദനങ്ങൾ



കഴിഞ്ഞ NEET Medical Entrance Examination ൽ ഓൾ ഇൻഡ്യ ലെവലിൽ 287 -ാമത് റാങ്കും, കേരളത്തിലെ 18-ാം റാങ്കും കരസ്ഥമാക്കിയ വിഘ്നേഷ്. എം. നായർക്ക് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. വിഘ്നേഷ് നമ്മുടെ കരയോഗ അംഗങ്ങളായ ഡോ. എസ്. മഹേഷിന്റെയും, ഡോ. സ്മിത മഹേഷിന്റെയും മകനാണ്. വിഘ്നേഷിന് ആതുരശുശ്രൂഷരംഗത്ത് മികച്ച സേവനങ്ങൾ നല്കുവാൻ കഴിയുമാറാകട്ടെ എന്ന് ആശംസിക്കുന്നു.

*ജനറൽ സെക്രട്ടറി*

# സമ്പൂർണ്ണ രാമായണ പാരായണം

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ രാമായണ മാസാചരണത്തിന്റെ ഭാഗമായി 2019 ജൂലൈ മാസം 21- ാം തീയതി ഞായറാഴ്ച രാവിലെ 6.30 മുതൽ ശ്രീ. എൻ.ടി. കാർത്തികേയന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ രാമായണ പാരായണം നടത്തുന്നു.**

# ERNAKULAM KARAYOGAM

D.H.ROAD,TDM HALL COMPLEX, COCHIN 682016
PH.2361160(30 Lines) Extn : 35/38

## NAVARATHRI CELEBRATIONS 2019 COMPETITIONS

| DATE | TIME | ITEM | SECTION |
|---|---|---|---|
| 14/07/2019 | 9.30 am | Recitation in Malayalam | Sub Juniors & Juniors |
| (Sunday) | 2.00 pm | Recitation in Malayalam | Seniors |
| | 5.00 pm | Karayogam Smaranikageetham | Sub Juniors, Juniors & Seniors |
| 21/07/2019 | 9.30 am | Light Music | Sub Juniors, Juniors |
| (Sunday) | 2.00 pm | Light Music | Seniors |
| | 5.00 pm | Essay (English, Malayalam, Hindi) | Juniors & Seniors |
| 28/07/2019 | 9.30 am | Namavali Malayalam (Single) | Sub Juniors |
| (Sunday) | | Namavali Malayalam (Single & Group) | Juniors |
| | | Namavali Malayalam (Single & Group) | Seniors |
| | | Patriotic Song | Combined |
| | 3.00 pm | Speech (English & Malayalam) | Juniors & Seniors |
| 04/08/2019 | 9.30 am | Lalitha sahasranamam, Vishnu Sahasranamam | Sub Juniors |
| (Sunday ) | | Bhagavad Gita, Narayaneeyam | " |
| | | Harinamakeerthanam | " |
| | | AdhyatmaRamayanam, Njanappana | " |
| | | Pathinnaluvritham, Krishnagatha | " |
| | 1.00.pm. | Lalitha Sahasranamam, Vishnu Sahasranamam | Juniors |
| | | Bhagavad Gita, Narayaneeyam | " |
| | | Harinama Keerthanam | " |
| | | AdhyatmaRamayanam, Njanappana, | " |
| | | Pathinnaluvritham, Krishnagatha | " |
| 11/08/2019 | 9.30.am | Lalitha Sahasranamam, Vishnu Sahasranamam | Seniors |
| (Sunday ) | | Bhagavad Gita, Narayaneeyam, | " |
| | | Harinama Keerthanam | " |
| | | AdhyatmaRamayanam,Devimahatmyam | " |
| | | SreeMahaBharatam,Pathinnaluvrutham | " |
| | | Krishnagatha | " |
| | 3.00 pm. | Veena, Violin, Mridangam | Combined |
| | | Ottamthullal, Kathakali Cholliyattom | Combined |
| | | Kathakalipadam | " |
| | | Sopanasangeetham (Ashtapathi) | " |
| 15/08/2019 | 9.30 am | Carnatic Music | Sub Juniors, Juniors |
| (Thrusday) | 2.00 pm. | Carnatic Music | Seniors |
| | 5.00 pm. | Purana-Quiz | Sub Juniors |
| | | Purana Quiz (writteen test) | Juniors & Senior |
| 18/08/2019 | 10.00am | Painting | Sub Juniors, Juniors & Seniors |
| (Sunday) | 10.30 am | Aksharaslokam | Juniors & Seniors |
| | 12.00 Noon | Floral arrangement | Combined |
| | 3.00 pm. | Handwriting | Sub-Juniors, Juniors & Seniors |
| | | (English, Malayalam & Hindi) | |
| 23/08/2019 | 9.30 am. | Thiruvathirakali | |
| (Friday) | | Folk dance (Single) | Sub-Juniors, Juniors & Seniors |
| | | Folk dance (Group) | Sub-Juniors, Juniors & Seniors |
| 21/09/2019 | 9.30 am. | Bharatanatyam | Juniors |
| (Saturday) | | Kuchipudi, | " |
| 22/09/2019 | 9.30 am | Bharatanatyam | Seniors |
| (Sunday) | | Kuchipudi, | " |
| 29/09/2019 | 9.30 am. | Mohiniyattam, | Juniors , Seniors |
| (Sunday) | | | |

# മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകൾ

**1. പ്രായപരിധി**

a) സബ് ജൂനിയർ : 8 വയസ്സു വരെ
ജൂനിയർ : 8 വയസ്സു മുതൽ 12 വയസ്സു വരെ
സീനിയർ : 12 വയസ്സു മുതൽ 16 വയസ്സു വരെ

b) 2019 ജൂൺ 30 നുള്ള വയസ്സാണ് മത്സരാർത്ഥികളുടെ പ്രായം നിശ്ചയിക്കുന്നതിന് കണക്കാക്കുക. മത്സരാർത്ഥികൾ അപേക്ഷയോടൊപ്പം പ്രായം തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് /ആധാർ കോപ്പി ഹാജരാക്കേണ്ടതാണ്.

c) വീണ, വയലിൻ, മൃദംഗം ഓട്ടൻതുള്ളൽ, കഥകളിപദം, കഥകളി ചൊല്ലിയാട്ടം, ദേശഭക്തി ഗാനം എന്നീ ഇനങ്ങളിലുള്ള മത്സരങ്ങളിൽ18 വയസ്സു വരെയുള്ളവർക്കും പങ്കെടുക്കാവുന്നതാണ്.

d) തിരുവാതിര മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് പ്രായപരിധിയില്ല.

2. a) തിരുവാതിര മത്സരങ്ങളിൽ പങ്കെടുക്കുന്ന ഓരോ ടീമിന്റെയും അംഗ സംഖ്യ 8 ആയി നിജപ്പെടുത്തിയിരിക്കുന്നു. പിന്നണിയിൽ പാട്ടുമാത്രവും കൈമണിയും ഉപയോഗിക്കാം, പാട്ടുകാർ രണ്ടു പേരിൽ കൂടരുത്.

b) ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം നാടോടിനൃത്തം, ഓട്ടൻതുള്ളൽ, കഥകളി ചൊല്ലിയാട്ടം എന്നിങ്ങനെയുള്ള മത്സരങ്ങൾക്ക് ആവശ്യമായ പിന്നണി വാദ്യസംഘങ്ങളെ സ്വന്തം ചിലവിൽ മത്സരിക്കുന്നവർ തന്നെ കൊണ്ടുവരേണ്ടതാണ്. CD, DVD എന്നിവയും ഉപയോഗിക്കാവുന്നതാണ്.

c) ആൺകുട്ടികളുടെയും, പെൺകുട്ടികളുടെയും വ്യക്തിഗത മത്സരവിഭാഗങ്ങളിൽ ഏതെങ്കിലും ഇനത്തിൽ മത്സരാർത്ഥികളുടെ എണ്ണം 5 ൽ കുറഞ്ഞാൽ ടി ഇനം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒന്നായിട്ടായിരിക്കും (Combined) നടത്തപ്പെടുക.

d) ഗ്രൂപ്പായുള്ള മത്സരങ്ങളിൽ ആൺകുട്ടികളുടെ വിഭാഗവും പെൺകുട്ടികളുടെ വിഭാഗവും 3 ഗ്രൂപ്പിൽ കുറഞ്ഞാൽ മത്സരം Combined ആയി നടത്തുന്നതാണ്.

3. 2019 ജൂലൈ 1-ാം തിയതി മുതൽ കരയോഗം ഓഫീസിൽ നിന്ന് അപേക്ഷാ ഫോറങ്ങൾ ലഭിക്കുന്നതാണ്. ഓരോ ഫോറത്തിനുമുള്ള അപേക്ഷാഫീസ്സ് ഇരുപത്തിയഞ്ച് രൂപയാണ്. എന്നാൽ ഡാൻസ് ഇനങ്ങൾക്ക് (ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, നാടോടി നൃത്തം) 100 രൂപയാണ് അപേക്ഷാഫീസ്.

4. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ 2019, ജൂലൈ 12-ാം തിയതി വരെ സ്വീകരിക്കുന്നതാണ് 12-ാം തിയതിക്കു ശേഷം ലഭിക്കുന്ന ഓരോ അപേക്ഷാ ഫോറത്തിനും late fee അടക്കം 50 രൂപ വീതവും ഡാൻസ് ഇനങ്ങളിൽ 250 രൂപ വീതവും ഈടാക്കുന്നതാണ്. late fee അടക്കം ലഭിക്കുന്ന അപേക്ഷകൾ മത്സരത്തിന് 24 മണിക്കൂർ മുമ്പ് വരെ മാത്രമേ സ്വീകരിക്കുകയുള്ളൂ.

5. മത്സരങ്ങളെക്കുറിച്ചുള്ള വിശദമായ നിയമങ്ങളും നിബന്ധനകളും നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്.

6. നൃത്ത മത്സരങ്ങളിൽ നറുക്കിലൂടെ മത്സരസമയം മത്സരത്തിന്റെ തലേ ദിവസം 4 മണിയ്ക്കു നിശ്ചയിക്കുന്നതും തദവസരത്തിൽ രക്ഷകർത്താക്കൾ എത്തിച്ചേരേണ്ടതും അതനുസരിച്ച് മത്സരാർത്ഥികൾ സമയ ക്ലിപ്തത നിർബന്ധമായും പാലിക്കേണ്ടതുമാണ്

7. മത്സരങ്ങൾ നോട്ടീസിൽ കാണിച്ചിരിക്കുന്നതുപോലെ കൃത്യസമയത്തു തന്നെ ആരംഭിക്കുന്നതാണ്.

8. നവരാത്രി ആഘോഷമത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനം വിജയദശമിനാൾ (8 - 10 - 2019) ചൊവ്വാഴ്ച വൈകുന്നേരം 5.00 മണിയ്ക്ക് സമാപനസമ്മേളനത്തിൽ വിതരണം ചെയ്യുന്നതായിരിക്കും.

# നവരാത്രിയാഘോഷ മത്സരങ്ങളിൽ ചൊല്ലേണ്ട ഭാഗങ്ങൾ

## സബ് ജൂനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം - ആത്മവിദ്യാ...........ദൈത്യഹന്ത്രീദക്ഷയജ്ഞവിനാശിനീ (118 - 120) 6 വരികൾ
2. വിഷ്ണുസഹസ്രനാമം - ഓം വിശ്വം ................ധാതുരുത്തമ : (14 - 18) 10 വരികൾ
3. ഭഗവദ്ഗീത - ശ്രീഭഗവാനുവാച-അശോച്യാനന്വശോചസ്ത്വം...............ന മുഹ്യതി (11-13) 3 വരികൾ
4. നാരായണീയം - ഒന്നാം ദശകം - കാരുണ്യാൽ............ശൗരേ നമസ്തേ - 4 വരികൾ
5. ഹരിനാമകീർത്തനം - പച്ചക്കിളിപ്പവിഴപാൽ.............ജനനമറ്റീടുമന്നവനു നാരായണായ നമ: (9-10) 8 വരികൾ
6. അദ്ധ്യാത്മരാമായണം - ബാലകാണ്ഡം - പരമാത്മാവാകുന്ന...........കാരുണ്യത്താൽ (301-310) 10 വരികൾ
7. ജ്ഞാനപ്പാന - സ്ഥാനമാനങ്ങൾ........... ക്രുദ്ധിക്കുന്നു ചിലർ (16 വരികൾ)
8. പതിനാലുവൃത്തം - പ്രഥമവൃത്തം) - ശുകപുരമമരും.........കരുതിവസിച്ചു നാരായണജയ (1-3)
9. കൃഷ്ണഗാഥ - കൃഷ്ണോത്പത്തി - ഇന്ദിരതന്നുടെ...........തുണയ്ക്കേണമേ. (1-4)

## ജൂനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം - നാരായണീ..............വാരുണീമദവിഹ്വല (70 - 74) 10 വരികൾ
2. വിഷ്ണുസഹസ്രനാമം - രാമോ വിരാമോ............കൃതലക്ഷണ: (56 - 64) 18 വരികൾ
3. ഭഗവദ്ഗീത - ഷഷ്ഠോ fദ്ധ്യായ: ശ്രീ ഭഗവാനുവാച : അനാശ്രിത: ........സമബുദ്ധിർവ്വിശിഷ്യതേ (1- 9) 18 വരികൾ
4. നാരായണീയം - പതിന്നാലാം ദശകം :

സമനുസ്മൃതതാവകാംഘ്രിയുഗ്മ: ...............സമാസ്സിഷേവേ (1&2) - 8 വരികൾ

5. ഹരിനാമകീർത്തനം - ബന്ധുക്കളർത്ഥ.........യാതൊന്നതൊക്കെ ഹരിനാരായണായ നമ: (54-57) 16 വരികൾ
6. അദ്ധ്യാത്മരാമായണം - വിശ്വാമിത്രന്റെ യാഗരക്ഷ.
''അക്കാലം വിശ്വാമിത്രനാകിയ........താപസകുലപതേ!'' (800-819) 20 വരികൾ
7. ജ്ഞാനപ്പാന - കർമ്മപാശത്തെ............സ്വർഗ്ഗത്തിങ്കലിരുന്നു സുഖിക്കുന്നു. (16 വരികൾ)
8. പതിനാലുവൃത്തം - മൂന്നാംവൃത്തം -മാനശാലി...........കുറവെന്തഹോശങ്കര! (1-5)
9. കൃഷ്ണഗാഥ - കാളീയമർദ്ദനം- കാർവർണ്ണൻ......പാലിച്ചുകൊള്ളേണം (76-83)

### സീനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം - ശിവപ്രിയാ....................വിഘ്നനാശിനീ (89 - 94) 12 വരികൾ
2. വിഷ്ണുസഹസ്രനാമം - ഭഗവാൻ ഭഗഹാനന്ദീ...........ശോകനാശന: (73 - 80) 16 വരികൾ
3. ഭഗവദ്ഗീത - ദ്വാദശോദ്ധ്യായ : അർജ്ജുന ഉവാച-
ഏവം സതതയുക്താ..........കുരു യതാത്മവാൻ (1-11) 22 വരികൾ
4. നാരായണീയം - മുപ്പത്തെട്ടാം ദശകം -വക്ഷ : സ്ഥലീസുഖനിലീന....മാനുഷബാല വേഷം (4-7) 16 വരികൾ
5. ഹരിനാമകീർത്തനം - രവികോടി.............സത്യസ്വരൂപ! ഹരി നാരായണായനമ : (58-62) (20 വരികൾ)
6. അദ്ധ്യാത്മരാമായണം - ബാലകാണ്ഡം : അഹല്യാസ്തുതി
''ഞാനഹോ................ഭജിച്ചീടുന്നേനില്ല. (22 വരികൾ)
7. ദേവീമാഹാത്മ്യം - 11 -ാം അദ്ധ്യായം : സർവ്വഭൂതാ...................മാഹേശ്വരീസ്വരൂപേണ നാരായണി നമോƒസ്തുതേ (7-14)
8. ശ്രീമഹാഭാരതം - ശാന്തിപർവ്വം - ജനിച്ചനേരം...........ഭിക്ഷയേറ്റുകൊള്ളുവൻ മേൽനാൾ (22 വരികൾ)
9. പതിനാലുവൃത്തം - പഞ്ചമവൃത്തം - വൃഷ്ണിവംശമണിദീപമതാകും.............വിഷ്ടപാധിപഹരേജയശൌരേ! (വൃത്താരംഭം മുതൽ 4 വരെ)
10. കൃഷ്ണഗാഥ - രുക്മിണീസ്വയംവരം : ലീലയായ്നിന്നു.......ചൊല്ലിനാരെല്ലാരും (1-9)

## വൈദേഹി ആര്?

(24-ാം പേജിൽ നിന്ന് തുടർച്ച)

സന്നിഹിതരായ മുനിമാർ അതിലേക്ക് ഒരു വഴി കണ്ടെത്തി. വലിയ ഒരു എണ്ണത്തോണിയുണ്ടാക്കി നിമിയുടെ ശരീരം അതിൽ കേടുവരാതെ സൂക്ഷിച്ചുകൊണ്ടാണ് അവർ യാഗം പൂർത്തിയാക്കിയത്. യാഗാവസാനം ദേവന്മാർ വന്ന് നിമിയുടെ ആത്മാവിനോട് ചോദിച്ചു. 'നരദേഹമോ ദേവദേഹമോ ഏതാണ് അങ്ങയ്ക്കു വേണ്ടത്?'

ദേവദേഹം മതി. നിമിക്ക് ഒരു നിമിഷം പോലും ആലോചിക്കേണ്ടിയിരുന്നില്ല ആ മറുപടി നൽകാൻ. ദേവന്മാർക്കൊപ്പം സ്വർഗത്തിലേക്കു പോകാൻ എത്രയും തിടുക്കമുള്ളതുപോലെ. യാഗം ഒരുവിധം പൂർത്തിയാക്കാൻ കഴിഞ്ഞുവല്ലോ. ഭാഗ്യം! രക്ഷപ്പെട്ടു ! പക്ഷെ ഭൂമിയിലുള്ളവരുടെ കാര്യമോ? പിന്നേയും പ്രശ്നങ്ങൾ തന്നെ!

നിമിയുടെ ആത്മാവ് സ്വർഗാരോഹണം ചെയ്തു. എണ്ണത്തോണിയിലെ ജഡം ശേഷിക്കുന്നു. അതു സംസ്കരിക്കണം. കർമ്മങ്ങൾ ചെയ്യാൻ പുത്രൻവേണം. നിമിക്കു പുത്രന്മാരില്ല. അപ്പോൾ എങ്ങനെയാണ് പ്രശ്നം പരിഹരിക്കുക?

ജഡത്തിൽ നിന്ന് പുത്രോല്പാദനം സാധിക്കുമോ? യാഗത്തിലെ മുനിമാരുടെ ചിന്ത ആ വഴിക്കായി. മനസ്സും വാക്കും പ്രവർത്തിയും ഒന്നിപ്പിച്ചാൽ എന്താണ് അസാധ്യമായിട്ടുള്ളത്. മന്ത്രതന്ത്രങ്ങളോടെ ഹോമപൂജാദികളോടെ അവർ നിമിയുടെ ജഡത്തെ മഥിക്കാൻ തുടങ്ങി. പാലാഴി മഥനമല്ല. ജഡമഥനം. അപ്പോൾ നിമിയേപ്പോലെ ലക്ഷണയുക്തനും തേജസ്വിയുമായ ഒരു പുരുഷൻ ഉണ്ടായി.

ജഡത്തിൽ നിന്നു ഒരാളെ ജനിപ്പിച്ചിരിക്കുന്നു. അതിനാൽ ജനകൻ എന്ന പേരാണ് മുനിമാർ അയാൾക്ക് നൽകിയത്. മഥനം ചെയ്തു ഉത്ഭവിക്കയാൽ മിഥി എന്നും പേർ വിളിച്ചു. ദേഹമില്ലാത്ത വിദേഹനായ നിമിയുടെ ആത്മാവാണല്ലോ യാഗം പൂർത്തിയാക്കിയത്. അതിനാൽ അദ്ദേഹത്തിന്റെ രാജ്യത്തിന് വിദേഹം എന്നും മിഥിയുടെ ഭരണം വരികയാൽ മിഥിലയെന്നും പേരുണ്ടായി. ഇവിടുത്തെ രാജാക്കന്മാരെല്ലാം ജനകന്മാർ എന്ന പേരിൽ അറിയപ്പെട്ടു. അങ്ങനെ ജനകവംശപരമ്പരയും ഉണ്ടായി.

ആ ജനകപരമ്പരയിലാണു സീരദ്ധ്വജൻ രാജാവായി വരുന്നത്. സീരം (കലപ്പ) കൊടിയടയാളമാക്കിയവൻ എന്ന പേര് അന്വർത്ഥം തന്നെ. ഉഴവുചാലിൽ നിന്നു കിട്ടിയ കുഞ്ഞിനെ അദ്ദേഹം വളർത്തുമകളാക്കി സീത എന്നു പേരിടുന്നതും വളരെ ഉദാത്തം. അവൾ സീരദ്ധ്വജാത്മജയാണ്., ജനകജയും വൈദേഹിയും മൈഥിലിയുമാണ്.

സീതയുടെ വളർത്തച്ഛനായ ജനകമഹാരാജാവിന്റെ യഥാർത്ഥനാമം സീരദ്ധ്വജൻ എന്നാണല്ലോ. അതുപോലെ ശ്രീരാമപിതാവായ (ഒരർത്ഥത്തിൽ അദ്ദേഹവും വളർത്തച്ഛനല്ലേ?) ദശരഥന്റെ യഥാർത്ഥനാമം നേമി എന്നാണെന്നു കൂടി പറയട്ടെ. എങ്കിൽ അയോനിജയായ കഥാനായികയുടെ യഥാർത്ഥനാമം എന്താണ് ? ലക്ഷ്മീദേവി എന്നോ?

*(തുടർച്ച)*



# ജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ

**എൻ. ഗോപിനാഥൻ നായർ. ഫോൺ : 9249205553**

## കാശി (വാരണാസി) യുടെ ചരിത്രം

പുണ്യ പുരാണ നഗരിയായ കാശി ഭാരതത്തിലെമ്പാടും സുപ്രസിദ്ധമാണ്. എന്നാൽ ഇപ്പോൾ ഈ നഗരം ലോകപ്രസിദ്ധമാണ്. അതിനു കാരണമായത് നമ്മുടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയാണ്. അദ്ദേഹത്തെ രണ്ടു പ്രാവശ്യം തിരഞ്ഞെടുത്ത മണ്ഡലമാണ് കാശി.

ഉത്തർപ്രദേശിലെ ബനാറസ് ജില്ലയിലാണ് കാശി നഗരം സ്ഥിതി ചെയ്യുന്നത്. ഗംഗാനദിയുടെ പടിഞ്ഞാറെ കരയിൽ സ്ഥിതി ചെയ്യുന്ന ഈ നഗരം കൊൽക്കത്തയിൽ നിന്നും 590 കി. മി. വടക്കു പടിഞ്ഞാറായും, പ്രയാഗയിൽ നിന്നും 192 കി.മി. തെക്കായിട്ടുമാണ് സ്ഥിതി ചെയ്യുന്നത്. കാശിക്ക്, വാരണാസി, ആനന്ദ കാനനം, മഹാശ്മശാനം എന്നീ പേരുകളുമുണ്ട്. കാശികൾ എന്നു പേരായ ഒരു വർഗക്കാർ ആദികാലത്ത് അവിടെ താമസമാക്കിയിരുന്നതിനാലാണ് സ്ഥലം കാശി എന്ന് അറിയപ്പെടാൻ ഇടയായതത്രെ. ഈശ്വരൻ ഒരിക്കലും ഉപേക്ഷിക്കാത്ത സ്ഥലമായതുകൊണ്ടും 'പാപമുക്തം' ആയതിനാലും അവിമുക്തം എന്നും പേരുണ്ട്. വാരണ, അസി എന്നീ രണ്ടു നദികൾക്കിടയിലുള്ള സ്ഥലമായതുകൊണ്ട് വാരണാസി എന്ന പേർ ലഭിച്ചു. ഈ പ്രദേശത്ത് താമസിക്കുന്നവർക്കത്രെ ഈശ്വരൻ ഏറ്റവും അധികം ആനന്ദം പ്രദാനം ചെയ്യുന്നത് എന്നതിനാൽ 'ആനന്ദകാനനം' എന്ന പേര് വന്നത്. മഹാശ്മശാനം എന്ന പേരിന് അർഹമായത് മഹാരാജാ ഹരിശ്ചന്ദ്രനുമായിട്ടുള്ള ബന്ധമാണ്. അദ്ദേഹം ഇവിടെയുള്ള ശ്മശാനത്തിന്റെ കാവൽക്കാരനായിരുന്നല്ലോ. ഇംഗ്ലീഷുകാരാണ് കാശിയെ 'ബനാറസ്' ആക്കിയത്. കാശിയിൽ വച്ച് മരണപ്പെട്ടാൽ പുനർജന്മം ഉണ്ടാവുകയില്ല. ആയതിനാൽ മോക്ഷം പ്രാപിക്കുന്നതായി വിശ്വസിക്കുന്നു.

പുനർജന്മം ഇല്ലാതെ മോക്ഷം പ്രാപിക്കുന്ന അവസ്ഥയ്ക്ക് കാരണം പറയുന്നത് ഇപ്രകാരമാണ്. വാരണ എന്നും, അസി എന്നും പേരുള്ള രണ്ടു നദികളുടെ ഇടയിലുള്ള പ്രദേശമാണ് കാശി. ജാബാലദർശനോപനിഷത്തിൽ വിവരിക്കുന്ന 'കുണ്ഡലിനി' യോഗ ശാസ്ത്രപ്രകാരം നട്ടെല്ലിലുള്ള 'സുഷുമ്ന' നാഡിയുടെ പ്രതീകമാണ് കാശി. സുഷുമ്നയുടെ ഇരു വശങ്ങളിലുള്ള 'ഇഡ' വരണയുടെയും 'പിങ്ഗള' അസിയുടെയും പ്രതീകങ്ങളാകുന്നു. ഈ സങ്കൽപ്പമാണ് കാശിയെ പുണ്യഭൂമിയാക്കുന്നതും. അവിടെ വച്ചുള്ള മരണം മോക്ഷപ്രാപ്തിയിലേക്ക് നയിക്കുന്നതും.

ഹിന്ദുക്കൾ പുണ്യഭൂമിയായി കരുതുന്ന കാശി അനേകം ആക്രമണങ്ങൾക്കും കൊലപാതകങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. ദീർഘകാലം മുസ്ലിം ഭരണത്തിൽ കഴിഞ്ഞിരുന്ന കാശിയിലെ അനേകം ക്ഷേത്രങ്ങൾ നശിപ്പിക്കപ്പെടുകയോ, പള്ളികളാക്കി മാറ്റപ്പെടുകയോ, മാത്രമല്ല മരണപ്പെട്ടവരെ സംസ്കരിക്കുന്ന ശ്മശാനമാക്കുകയോ ചെയ്തിട്ടുണ്ട്. കാശിയിലെ ആയിരത്തോളം ക്ഷേത്രങ്ങൾ അലാവുദ്ദീൻ കിൽജി തകർത്തതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇപ്പോൾ ഇവിടെയുള്ള രണ്ടായിരത്തിലധികം ക്ഷേത്രങ്ങളിൽ പ്രധാനപ്പെട്ടത് കാശിവിശ്വനാഥ ക്ഷേത്രമാണ്. ശിവലിംഗമാണ് ഇവിടുത്തെ പ്രതിഷ്ഠ. ഭാരതത്തിലെ പ്രസിദ്ധങ്ങളായ 12 ജ്യോതിർലിംഗങ്ങളിൽ ഒന്നാണിത്. ഹാലസ്യമാഹാത്മ്യത്തിൽ പറയുന്നതനുസരിച്ച് ബ്രഹ്മാവാണ് ശിവലിംഗ പ്രതിഷ്ഠനടത്തിയിരിക്കുന്നത്.

മുഗൾ ചക്രവർത്തിയായ ഔറംഗസേബാണ് വ്ശ്വനാഥക്ഷേത്രം തകർത്ത്, ശിവലിംഗം എടുത്ത് സമീപത്തുള്ള ഒരു കിണറ്റിൽ എറിഞ്ഞു കളഞ്ഞത്. ക്ഷേത്രമിരുന്ന സ്ഥലത്താണ് മുസ്ലിം പള്ളി പണിതത്. അന്നു പണിത പള്ളി ഇപ്പോഴും അവിടെയുണ്ട്.

ചരിത്രപരമായ ഈ വസ്തുതകളെ സ്ഥിരീകരിക്കുന്ന വിധത്തിൽ ഒരു വാർത്ത ഇപ്പോൾ മാധ്യമങ്ങളിൽ പ്രചരിച്ചു കൊണ്ടിരിക്കുന്നുണ്ട്. അത് ഇപ്രകാരമാണ്.

കാശി വിശ്വനാഥ ക്ഷേത്രത്തിൽ നിന്ന് ഗംഗാനദിയിലേക്കുള്ള റോഡ് വികസിപ്പിക്കാൻ നരേന്ദ്രമോഡി 80 മുസ്ലിം വീടുകൾ ഏറ്റെടുത്തു. ആ വീടുകൾ പൊളിക്കാൻ തുടങ്ങിയപ്പോൾ ആ ഗൃഹസ

മുച്ചയത്തിൽ 45 പുരാതന ക്ഷേത്രങ്ങൾ കണ്ടെത്തി. യഥാർത്ഥ കാശി വിശ്വനാഥ ക്ഷേത്രത്തെ കുപ്രസിദ്ധമായ ഗ്യാൻ വാപി പള്ളിയാക്കി മാറ്റിയ ഔറംഗസേബ്, പിന്നീട് ഈ ചെറിയ ക്ഷേത്രങ്ങളുടെ ചുറ്റിലും തന്റെ പട്ടാളക്കാരെ താമസിപ്പിക്കുകയും അവരുടെ വീടിനു മുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഇപ്പോൾ പഴയ മുഗൾ സേനയുടെ പിൻമുറക്കാരായ എല്ലാ മുസ്ലീം കുടുംബങ്ങളേയും അവിടെ നിന്ന് നീക്കം ചെയ്ത് ഈ കടന്നു കയറ്റം ലോകജനതയെ തുറന്നു കാട്ടി ബോധ്യപ്പെടുത്തി.

ഇപ്പോഴുള്ള വിശ്വനാഥക്ഷേത്രം പള്ളിയുടെ സമീപത്താണ്. 1776 ൽ റാണി 'അഹല്യാബായി ഗോൾക്കർ' എന്ന ശിവഭക്ത ക്ഷേത്രത്തെ ഇന്നു കാണുന്ന നിലയിൽ പരിഷ്കരിച്ചു. കിണറ്റിൽ മറഞ്ഞു കിടന്ന ശിവലിംഗം പിന്നീട് കണ്ടെടുത്ത് ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. 'ജ്ഞാനകൂപം' എന്നറിയപ്പെടുന്ന പ്രസ്തുത കിണറ്റിലെ ജലം പവിത്രമെന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു.

ബിന്ദുമാധവക്ഷേത്രം, അന്നപൂർണ്ണാക്ഷേത്രം എന്നിവയും പ്രസിദ്ധങ്ങളാണ്. ഇതിൽ അന്നപൂർണ്ണാക്ഷേത്രം ധാരാളം ഭക്തരെ ആകർഷിക്കുന്നു. കാശിയിലെ പ്രധാന തീർത്ഥഘട്ടങ്ങൾ, അസിസംഗം, മണികർണിക പഞ്ചഗംഗ വരണാസംഗം, ദശാശ്വമേധം, ഭോൺസ്ലാ, ഹരിശ്ചന്ദ്ര എന്നിവയാണ്. ഹരിശ്ചന്ദ്രഘട്ടവും മണികർണാഘട്ടവും ശ്മാശാന ഘട്ടങ്ങളാണ്. ഭാരതത്തിലെ അനേകം പുണ്യാത്മാക്കൾ കാശിയിൽ നിർവാണം പ്രാപിച്ചിട്ടുണ്ട്. അദ്വൈതാചാര്യനായ ശങ്കരാചാര്യർ ദീർഘകാലം കാശിയിൽ താമസിച്ചിരുന്നുവെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

പഞ്ചരഥം, ഒരു ഗർഭഗൃഹവും, മുൻ വശത്തായി ഒരു മണ്ഡപവുമുള്ള വിശ്വനാഥ ക്ഷേത്രത്തിൽ മുകളിലേക്ക് കെട്ടിപ്പൊക്കിയിട്ടുള്ള ശിഖരത്തെ അഞ്ചായി ഭാഗിച്ചിരിക്കുന്നു. പഞ്ചരഥം എന്നാണ് ഇത് അറിയപ്പെടുന്നത്. ക്ഷേത്രത്തിലെ മണ്ഡപത്തിന്റെ മേൽത്തട്ട് നിർമിച്ചിരിക്കുന്നത് രണ്ടു നിരയായിട്ടാണ്.

**ഉദങ്കൻ – കുഷ്ഠ രോഗിയായിരുന്ന ശിഷ്യൻ**

പ്രയാഗയിലെ താമസക്കാലത്താണ് ഒരു കുഷ്ഠരോഗിയെ കണ്ടു മുട്ടാനും അയാളെ ശുശ്രൂഷിച്ച് സുഖപ്പെടുത്താനും ശങ്കരാചാര്യർക്ക് അവസരം ലഭിച്ചത്. ആ സംഭവം വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

അക്ഷയവടവൃക്ഷത്തിന്റെ ചുവട്ടിൽ ഒരു കുഷ്ഠരോഗി മരണാസന്നനായി ശയിച്ചിരുന്നത് ശങ്കരാചാര്യരുടെ ഒരു ശിഷ്യൻ കാണുവാനിടയായി. അവശനായ ആ മനുഷ്യൻ ജീവിത നൈരാശ്യം മൂലം ആത്മഹത്യയിലൂടെ മോക്ഷം (ജലാശയത്തിലെ മരണം) പ്രാപിക്കാൻ അവിടെ എത്തിയതായിരുന്നു. ആ രോഗിയുടെ ശരീരമാസകലം വൃണങ്ങൾ ഉണ്ടായിരുന്നു. കണ്ണുകൾക്കാകട്ടെ സൂര്യപ്രകാശം സഹിക്കാനുള്ള ശക്തി നഷ്ടപ്പെട്ടിരുന്നു. ആചാര്യസ്വാമികളുടെ ശിഷ്യൻ അയാളെ ആത്മഹത്യയിൽ നിന്നും പിൻതിരിപ്പിച്ച് തന്റെ ഗുരുവിന്റെ സമീപത്തേയ്ക്ക് കൂട്ടിക്കൊണ്ടു വന്നു. തന്റെ ഗുരുവിന് ആ രോഗിയുടെ രോഗം മാറ്റാൻ സാധിക്കുമെന്ന് ശിഷ്യന് പൂർണബോധ്യമുണ്ടായിരുന്നു. എന്നാൽ കുഷ്ഠരോഗിയെക്കണ്ട് ജനങ്ങളെല്ലാം അകന്നുമാറി നിന്ന് ശിഷ്യനെ പഴിക്കാൻ തുടങ്ങിയിരുന്നു. ഒരാപത്തിനെയാണ് ശിഷ്യൻ വലിച്ചുകൊണ്ടു വന്നത് എന്ന തരത്തിലായിരുന്നു അവരെല്ലാം ആക്ഷേപിച്ചത്. എന്നാൽ ശങ്കരാചാര്യരാവട്ടെ വാത്സല്യത്തോടെ ആ രോഗിയെ ഔഷധലേപനങ്ങളാൽ ശുശ്രൂഷാദികൾ നടത്തുകയാണുണ്ടായത്. ഏതാനും നാളുകൾക്ക് ശേഷം ആ രോഗി സാധാരണ നിലയിലേക്ക് തിരിച്ചു വരികയായിരുന്നു. കാലക്രമേണ രോഗലക്ഷണങ്ങൾ അപ്രത്യക്ഷമാകുകയും രോഗി പരിപൂർണ സുഖം പ്രാപിക്കുകയും ചെയ്തു. തന്റെ സ്നേഹപൂർണമായ ശുശ്രൂഷയിലൂടെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടു വന്ന ആ മനുഷ്യനെ, ആചാര്യർ ശിഷ്യനായി അംഗീകരിക്കുകയും 'ഉദങ്കൻ' എന്ന് നാമകരണം നടത്തുകയും ചെയ്തു. ഈ സംഭവം തെളിയിക്കുന്നത്, സമാജത്തിലെ താഴെത്തട്ടിലുള്ളവരടക്കം എല്ലാവരെയും പ്രേമത്തോടെയും സൗഹാർദ്ദത്തോടെയും ഉള്ള ശങ്കരാചാര്യരുടെ സമീപനമായിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

പ്രയാഗയിൽ വസിച്ചിരുന്ന കാലത്താണ് ആചാര്യസ്വാമികൾ. യമുനാഷ്ടകം, പ്രയാഗാഷ്ടകം മാധവാഷ്ടകം, ലക്ഷ്മീനരസിംഹ പഞ്ചരത്നം, വേദസാരശിവസ്തോത്രം എന്നിവകളുടെ രചനകൾ നടത്തിയത് ഈ കൃതികൾ വായിക്കുമ്പോൾ, അവയിൽ അന്തർലീനമായിരിക്കുന്ന പ്രാചീന പരമ്പരകളുടെ ഓർമ്മകൾ നമ്മെ ത്രസിപ്പിക്കുന്നു. അങ്ങനെ നമ്മുടെ ഹൃദയം സ്വാഭിമാനപൂരിതമാകുന്നു.

ശങ്കരാചാര്യരെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രധാനപ്പെട്ട ഒരു സംഭവമാണ് പ്രയാഗയിൽ വെച്ചുണ്ടായത്. കുമാരലീല ഭട്ടന്റെ ശിഷ്യനായ പ്രഭാകരാചാര്യനുമായി വാദപ്രതിവാദത്തിൽ ഏർപ്പെട്ട് അദ്ദേഹത്തെ തോൽപ്പിക്കാൻ സാധിച്ചു എന്നതാണ് ആ സംഭവം.

(തുടരും)

# അവസരങ്ങൾ വിനിയോഗിക്കുക

വിദ്വൽപ്രഭ ജെ എസ്. ഫോൺ: 9847537007

എല്ലാവരിലും ഓരോ കഴിവുകൾ ഉണ്ടാകും. ചിത്രകലയോ, സംഗീതമോ, നൃത്തമോ അഭിനയമോ എന്തുമാകട്ടെ ആ കല ഏതു പ്രായത്തിലും എത്രയൊക്കെ പ്രതിബന്ധങ്ങളുണ്ടെങ്കിലും അതിന്റെ പാരമ്യത്തിലെത്തിക്കാൻ മനസ്സിൽ ഒരു ത്വര ഉണ്ടെങ്കിൽ സാധിക്കും. നമ്മുടെ കഴിവു തിരിച്ചറിയുക. അവസരം വരുമ്പോൾ വേണ്ട വിധം ഉപയോഗിക്കുക.

മഹത് വ്യക്തികൾ അക്കാര്യം നമ്മെ ബോധ്യപ്പെടുത്തിയിട്ടുണ്ട്, ഇവിടെ സാധാരണ ഒരു കർഷക കുടുംബത്തിലെ ബാലികയാണ് നമ്മെ ഞെട്ടിപ്പിക്കുന്ന പരിവർത്തനങ്ങൾക്കു വിധേയയാകുന്നത്.

അന്ന മറിയ എന്ന ബാലിക ഒരു സാധാരണ കർഷക കുടുംബത്തിൽ ഭൂജാതയായി. അച്ഛനും അമ്മയും കുടുംബാംഗങ്ങളും എല്ലാവരും കൃഷിക്കാർ. ഈ കുട്ടിയ്ക്ക് വരയ്ക്കാനുള്ള നൈസർഗ്ഗിക വാസനയുണ്ടായിരുന്നു. ആ കഴിവ് അവൾ സ്വയം തിരിച്ചറിഞ്ഞതാണ്. ഇന്നത്തെ കുടുംബ പശ്ചാത്തലമല്ല, ആ കാലഘട്ടത്തിൽ ഈ കഴിവു മാതാപിതാക്കൾ അറിയുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തില്ല. മറിയ ഓരോ ചിത്രങ്ങൾ വരച്ചും മറ്റും സ്വയം തൃപ്തയായി. അവൾ ചിത്രകലയെ താലോലിച്ചു വളർത്തി. പ്രാഥമിക വിദ്യാഭ്യാസം പോലും നിഷേധിക്കപ്പെട്ട ആ ബാലിക എത്രയ്ക്ക് ചിത്രകലയിൽ പ്രാവിണ്യം നേടുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. അതിനുള്ള അവകാശം അവൾക്കില്ലാതായി. ആ ബാലികയെ കർഷകവൃത്തിയിലേക്ക് തള്ളി വിട്ടു. കരിഞ്ഞു തളർന്ന ബാല്യം, കൗമാരം, ആഗ്രഹങ്ങൾ പൂവണിയാൻ ഒരു നിവൃത്തിയുമില്ല.

പരമ്പരാഗത ശൈലിയനുസരിച്ച് അവളെ വിവാഹം കഴിപ്പിച്ച് മാതാപിതാക്കൾ അവരുടെ കടമ നിറവേറ്റി. ഭാര്യയായി, അമ്മയായി, അമ്മൂമ്മയായി. ഭർത്താവ് മോസസ്സും കർഷകനായിരുന്നു. അവളുടെ കലാവാസന അയാളും ശ്രദ്ധിച്ചില്ല. ആ മനസ്സിന്റെ ഒടുങ്ങാത്ത ആഗ്രഹം ആരും വിലയ്ക്കെടുത്തില്ല. അങ്ങനെ ആ ജീവിത യാത്ര തുടർന്നു. അവളുടെ മനസ്സിന്റെ ഉള്ളറയിൽ കാത്തു സൂക്ഷിച്ച കല മറ്റാരുമറിഞ്ഞില്ലെങ്കിലും അവൾ മനസ്സിൽ പോറ്റി വളർത്തി.

കാലത്തിന്റെ ഒഴുക്കിൽ അവൾ നീന്തി. അവളുടെ ഭർത്തൃവിയോഗം അവളെ ഏകാന്തതയിലേക്ക് വലിച്ചെറിഞ്ഞു. രോഗാവസ്ഥയും, വാർദ്ധക്യവും അവളെ പുൽകി. എന്നാൽ മനസ്സിൽ ഉണങ്ങാതെ, വരണ്ടു പോകാതെ, വാർദ്ധക്യം കീഴ്പ്പെടുത്താത്ത ആഗ്രഹം അവളെ സടകുടഞ്ഞെഴുന്നേല്ക്കാൻ പ്രേരിപ്പിച്ചു. അവൾ പിന്നെ ഒന്നും ചിന്തിച്ചില്ല. അനാരോഗ്യമോ, പ്രായാധിക്യമോ അവളെ പിൻതിരിപ്പിച്ചില്ല.

അവൾ വരച്ചു തുടങ്ങി. 76-ാം വയസ്സിലാണ് വരച്ചു തുടങ്ങുന്നതെന്ന് മനസ്സിലാക്കുക. അവളുടെ ഇഛാശക്തി അത് മറ്റെന്തിനേയും പിൻതള്ളി ആഗ്രഹസാഫല്യത്തിനു തുണയേകി. താങ്ങും തണലുമില്ല, ഏകയാണ് എന്നൊക്കെ ചിന്തിച്ചിരുന്നെങ്കിൽ ഒരിക്കലും അവളിലെ കലാസൃഷ്ടികൾ രൂപം കൊള്ളുകയില്ലായിരുന്നു.

ഓരോ കലാസൃഷ്ടിയും, ചിത്രരചനയും വിപണിയിൽ വൻതുകയ്ക്ക് വിറ്റു പോയി. വിലമതിക്കാനാകാത്ത, കലാവൈഭവത്തിന്റെ ഉടമയായി 'Mrs. Moses' എന്ന പേരിലറിയപ്പെട്ടു. ആ കർഷക കുടുംബത്തിന്റെ പ്രശംസ ലോകമെങ്ങും പരന്നു. 'Grandma Moses' എന്ന അത്യുജ്ജ്വല താരം പിറവിയെടുത്തു.

'Mrs. Moses' ന്റെ അനുഭവം നമ്മെ ചിന്തിപ്പിക്കുക മാത്രമല്ല ഓരോ വനിതക്കും ഒരു ഗുണപാഠമാണ് സമ്മാനിക്കുന്നത്. പ്രായം ഒരിക്കലും ഒന്നിനും ഒരു തടസ്സമല്ല. രോഗവും വാർദ്ധക്യവും ജീവിതത്തിന്റെ അവസ്ഥകൾ മാത്രമാണ്. ആ അവസ്ഥയും സമൂഹത്തിനു നന്മയ്ക്കായി പ്രയോജനപ്പെടുത്താം എന്നാണ് Mrs. Moses ന്റെ കഥ നമ്മെ പഠിപ്പിക്കുന്നത്.

അവസരങ്ങൾ കണ്ണടച്ച് ഇരുട്ടാക്കാതിരിക്കുക. അതിനു കഴിഞ്ഞാൽ ജീവിതത്തിൽ നേട്ടങ്ങൾ നേടാനാകും. ഓരോ ഒഴിവുകഴിവുകൾ കണ്ടെത്തി സുവർണ്ണാവസരം പാഴാക്കുന്ന പ്രവണത നമ്മിൽ പലർക്കുമുണ്ട്. 'Mrs. Moses' എന്ന സാധാരണ വനിത നമുക്കു മാതൃകയാകട്ടെ.

# അശനിപാതം

**ജി. മാധവൻനായർ**

കനത്ത മഴ പെയ്തുകൊണ്ടേയിരുന്നു. ക്ഷേത്രത്തിനു സമീപത്ത് തന്നെയാണ് ആ രണ്ടുമുറി വീട്. അവിടെ നിന്നയാൾ ജനാല തുറന്നിട്ട് പുറത്തേയ്ക്ക് നോക്കി. ശക്തിയായി പ്രവഹിക്കുന്ന ജലധാരയും അതിനോടൊപ്പം ഉശിരൻ കാറ്റുമുണ്ട്. അതിനാൽ ജനസഞ്ചാരം നന്നേ കുറവാണ്. ഇടയ്ക്ക് അപൂർവ്വം ചില വാഹനങ്ങൾ നിരത്തിലൂടെ ചലിക്കുന്നു. പോകുന്ന വഴി നിറഞ്ഞു നില്ക്കുന്ന വെള്ളം ഇരുവശങ്ങളിലേക്കും ചീറി പായുന്നു.

മകൾ കുറച്ചകലെയുള്ള കലാലയത്തിലേക്ക് പോയിരിക്കുകയാണ്. അവളെ കൂട്ടികൊണ്ടു വരാനായി ബസ്സിറങ്ങുന്നിടത്ത് ദിവസവും പോകാറുണ്ട്. ഇന്ന് ഈ കൊടും മഴയത്ത് എങ്ങിനെ പോകാനാകും.? പക്ഷേ ചെല്ലാതെ കഴിയില്ലല്ലോ ! അവൾക്ക് ശാരീരിക ശേഷിക്കുറവ് കൊണ്ട് അത്രയ്ക്ക് അങ്ങോട്ട് നടക്കുവാൻ കഴിയില്ല. സ്കൂട്ടറിന്റെ ചാവി എടുത്ത് ശേഷം മുൻവശത്തെ വാതിൽ പൂട്ടി അതിന്റെ താക്കോൾ തൊട്ടടുത്ത വീട്ടിലെ പാട്ടിയെ ഏല്പിച്ചു. വല്ല കാരണവശാലും ഇന്ന് മോൾ മറ്റു വഴികളിൽ കൂടി നേരത്തെ എത്തിയാൽ വീട് തുറന്നോട്ടേ. അപൂർവ്വം ചില അവസരങ്ങളിൽ അവൾ ഒടട്ടോ വിളിച്ചു വന്നിട്ടുണ്ട്.

മഴക്കോട്ടെടുത്തണിഞ്ഞ്, വാഹനം പ്രവർത്തിപ്പിച്ചുകൊണ്ട്, വീഴുന്ന ജലത്തുള്ളികളെ ഭേദിച്ചുകൊണ്ടയാൾ മുന്നോട്ട് നീങ്ങി. പാതയാകെ വെള്ളംകൊണ്ട് നിറഞ്ഞ് കവിഞ്ഞിരിക്കുകയാണ്. ഇനി താഴ്ന്ന പ്രദേശങ്ങളിലേക്ക് ഒഴുകിപോകണമെങ്കിൽ ഏറെ സമയമെടുക്കും. വെള്ളക്കെട്ട് കാരണം കാനയേത്, വഴിയേത് എന്ന് തിരിച്ചറിയാൻ നന്നേ ബുദ്ധിമുട്ടുണ്ട്.

സാധാരണ ഇറങ്ങാറുള്ള ബസ്സ് നിർത്തൽ കേന്ദ്രത്തിൽ എത്തി നോക്കിയപ്പോൾ അവളെ അവിടെ കണ്ടില്ല. സ്കൂട്ടർ ഒരു വശത്തൊതുക്കി വച്ചിട്ട് മഴ നനയാതിരിക്കുവാൻ അഭയസ്ഥാനത്തേയ്ക്ക് കയറി നിന്നു. കുറച്ചധികം ആളുകൾ മഴയിൽ നിന്ന് രക്ഷപ്പെടുവാനായിരിക്കാം, അവിടെ നില്പ്പുണ്ടായിരുന്നു.

അല്പസമയത്തിനുള്ളിൽ നിരത്തിൽ കെട്ടികിടന്നിരുന്ന വെള്ളം തട്ടിത്തെറിപ്പിച്ചുകൊണ്ട് ഒരു ബസ്സ് വന്നു. അതിൽ നിന്നിറങ്ങിയവരുടെ കൂട്ടത്തിൽ തനുജയെ കണ്ടില്ല. നിർത്തിയ ശകടത്തിലേക്ക് കുറച്ചുപേർ കയറി പറ്റി. ബസ്സിൽ നിന്നിറങ്ങിയ ഒരാൾ മരം വീണ് വഴി തടസ്സപ്പെട്ടിരിക്കുകയാണെന്ന് ആരോടെന്നില്ലാതെ ഉറക്കെ പറഞ്ഞു. അതുകൂടി കേട്ടപ്പോൾ ഇനിയും കുറച്ചു സമയം കഴിയാതെ വാഹനങ്ങൾ എത്തിച്ചേരുകയില്ല എന്നയാൾക്ക് മനസ്സിലായി.

ഏതാണ്ട് അരമണിക്കൂർ കഴിഞ്ഞപ്പോൾ കാറുകളും മറ്റു വണ്ടികളും നിരനിരയായി അകലെ നിന്നും പ്രത്യക്ഷപ്പെട്ടു. വീണ മരം മുറിച്ച് മാറ്റിയിട്ട് ഗതാഗതം പുന:സ്ഥാപിച്ചിരിക്കണം. നിരയ്ക്ക് പുറകിലായി വന്ന ഒരു ബസ്സിൽ നിന്നവളിറങ്ങി. അച്ഛനെ കണ്ട് സന്തോഷിച്ച് സാവധാനം നടന്ന് വന്ന് വരാൻ താമസിച്ചതിന്റെ കാര്യം വിവരിച്ചു. അത് മുഴുവൻ കേട്ട് നിറചിരിയോടെ അവളെ അണച്ചു പിടിച്ചുകൊണ്ടയാൾ തന്റെ സ്കൂട്ടറുനരികിലെത്തി. ഇരിപ്പിടം ഉയർത്തി. അതിനടിയിലുള്ള പെട്ടിയിൽ നിന്ന് കീറി തുടങ്ങിയ ഒരു ടൗവ്വലെടുത്ത് മഴ നനഞ്ഞ സീറ്റും മറ്റു ഭാഗങ്ങളും തുടച്ച് വൃത്തിയാക്കി.

ഇതിനകം തോരാതെ പെയ്തു കൊണ്ടിരുന്ന മഴ ഏതാണ്ട് ശമിച്ചിരുന്നു. ഇരുചക്രവാഹനം പ്രവർത്തിപ്പിച്ച് ആദ്യം പുറകിൽ തനുജയും പിന്നെ മുൻപിൽ അച്ഛനും കയറി യാത്രയായി. വീട്ടിലെത്തിയപ്പോൾ മകളാദ്യം മെല്ലെ ഇറങ്ങി, മുൻവശത്തു തന്നെ നിന്നിരുന്ന അയൽപക്കത്തെ വയസ്സായ സ്ത്രീയുടെ കൈയ്യിൽ നിന്ന് ചാവി വാങ്ങി, വാതിൽ തുറന്ന് അകത്ത് കടന്നു. നേരെ അടുക്കള ഭാഗത്ത് ചെന്ന് അഴയിലിട്ടിരുന്ന തോർത്തെടുത്ത് നനഞ്ഞിരുന്ന ദേഹവും, തലയും തുടച്ചു മിനുക്കി. കിടപ്പു മുറിയിൽ കടന്ന് വാതിലടച്ചിട്ട് നനഞ്ഞ വസ്ത്രങ്ങളെല്ലാം അഴിച്ചു മാറ്റി, പുതിയത് ധരിച്ചു വാതിൽ തുറന്നു.

അടുക്കളയിൽ നിന്ന് താതൻ വിളിച്ചു പറഞ്ഞു. മോക്ക്, ഇന്ന് അപ്പാ തൈരുശാതം ഉണ്ടാക്കിയിട്ടുണ്ട്. വരൂ നമുക്കു കഴിക്കാം.

ഇത് പെൺകിടാവിന്, വളരെ ഇഷ്ടപ്പെട്ട ആഹാരമാണ് എന്നയാൾക്കറിയാം. വിളമ്പി വച്ചിരുന്ന തന്റെ തമ്പാളമെടുത്ത്, അവൾ സ്വാദോടെ ധൃതിയിൽ കഴി

ക്കുവാൻ തുടങ്ങി. അപ്പോൾ കാച്ചിയ പപ്പടം ഒരു ടിന്നിലും കൂടാതെ തന്റെ ആഹാരം നിറച്ച പ്ലേറ്റു മായി അയാൾ പ്രത്യക്ഷപ്പെട്ടു. മോൾക്ക് വേണ്ടത് എടുത്തു കൊള്ളാൻ പറഞ്ഞിട്ട്, സ്റ്റീൽ മൊന്തയിൽ വച്ചിരുന്ന കാപ്പി രണ്ടു ഗ്ലാസ്സുകളിൽ പകർന്നു വച്ചു.

ഭക്ഷണം കഴിക്കുന്നതിനിടയിൽ അവൾ ജ്യേ ഷ്ഠനെപ്പറ്റി തിരക്കി. അങ്ങകലെ പണിയെടുക്കുന്ന അവൻ ഇന്നു ഫോണിൽ വിളിച്ചിട്ടില്ല. തീർച്ചയായും എന്നും ഫോണിൽ ബന്ധപ്പെടുന്ന അവൻ എന്നും പെങ്ങളുമായി കുറച്ചു നേരം സംസാരിക്കും. ഇന്നും അതിനു മുടക്കം വരുത്തില്ല എന്നാണ് വിശ്വാസം. മറ്റൊരു കാര്യം മകളെ അറിയിച്ചിട്ടില്ല. അവന്റെ പണം ഇതുവരെ എത്തിയിട്ടില്ല. അവന്റെ കൂടി ഔദാര്യമി ല്ലെങ്കിൽ കഴിഞ്ഞു കൂടാൻ പറ്റില്ലല്ലോ!

ക്ഷേത്രത്തിൽ നിന്ന് ജോലിക്ക് ലഭിക്കുന്ന പാരി തോഷികം നന്നേ കുറവാണ്. കൂടുതലും അതൊരു സേവനമായിട്ടാണധികാരികൾ കണക്കാക്കുന്നത്. ഏതായാലും ഭഗവത്സന്നിധാനമാണല്ലൊ, എല്ലാ അനുഗ്രഹങ്ങളുമുണ്ടാകട്ടെ. ആ നിറസാന്നിദ്ധ്യ ത്തിൽ, മാനസികമായ ഒരുല്ലാസവും കൂടി കൈവരു ന്നു. ദിവസവും കിട്ടുന്ന ഒരു നേരത്തെ ഭക്ഷണവും വലിയ ഒരാശ്വാസമാണ്. അതിൽ നിന്നൊരു പങ്ക് മകൾക്കായി മാറ്റി വെയ്ക്കാറുമുണ്ട്.

കുട്ടിക്കാലം മുതൽ മക്കൾ തമ്മിൽ വലിയ അടു പ്പമായിരുന്നു. അവനു കൊടുക്കുന്നതേതും അവൾ തട്ടി പറിച്ചിരുന്നു. വളർന്നപ്പോൾ കുസൃതിയെല്ലാം മാറ്റിയിട്ട് സ്നേഹത്തിന്റെ മൂർത്തീഭാവമായി അവൾ. നന്നേ ചെറുപ്പത്തിൽ തന്നെ നഷ്ടപ്പെട്ടുപോയ ജന നിയുടെ അഭാവം ഒട്ടും തന്നെ അറിയാത്ത രീതി യിലാണവർ പെൺകിടാവിനെ സ്നേഹിച്ചു വളർ ത്തിയത്.

ബന്ധുക്കൾ പലരും നിർബന്ധിച്ചെങ്കിലും മറ്റൊ രു വിവാഹത്തിന് അയാൾ തയ്യാറായില്ല. വന്നു ചേ രുന്ന രണ്ടാനമ്മ ഏതു പ്രകൃതക്കാരിയായിരിക്കും? പ്രത്യേകിച്ചും അല്പം മസ്തിഷ്ക്ക വളർച്ച കുറ വുള്ള മകളെ എങ്ങിനെ കാണും! ജന്മനാ ഉണ്ടായ ഒരു വൈകല്യമാണ്. പ്രായപൂർത്തിയാകുമ്പോൾ നിശേഷം മാറിയില്ലെങ്കിലും ഒരു സാധാരണ ജീവിതം നയിക്കുവാൻ സാധ്യമാകുമെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. പഠിത്ത കാര്യത്തിൽ ആദ്യമൊക്കെ വളരെ പുറകോട്ടായിരുന്നു. പിന്നീട് പാഠശാലയ് ക്ക് പുറമെയുള്ള ശിക്ഷണം കൊണ്ടും അവളുടെ കഠിനപ്രയത്നവും സ്ഥിരോത്സാഹവും മൂലവും കു റവുകൾ ഒരളവുവരെ പരിഹരിക്കുവാൻ സാധിച്ചു. എതിർപ്പുകളെ മറികടന്ന് നല്ല ധൈര്യത്തോടെ ജീ വിതം തന്നെ ഒരു വെല്ലുവിളിയായി അവളെടുത്തു.

ഭക്ഷണമെല്ലാം കഴിഞ്ഞ് അച്ഛനും മകളും കൂടി ഉപയോഗിച്ച പാത്രങ്ങളെല്ലാം കഴുകി വച്ചു. ഇനി ഒരു ജോലി കൂടി ബാക്കിയുണ്ട്. കുഴലിൽ കൂടി വരുന്ന കുടിവെള്ളം പുറത്തു വച്ചിരിക്കുന്ന വീപ്പ യിൽ ശേഖരിക്കണം. ജലക്ഷാമം രൂക്ഷമായുള്ള ഒരു പ്രദേശമാണ്. ആഴ്ചയിൽ മൂന്ന് ദിവസം മാത്രമേ ജലവിതരണമുള്ളൂ. വീപ്പ കൂടാതെ കുശിനിയിലെ വലിയ പാത്രങ്ങളിലും ആ അമൂല്യനിധി നിറച്ച് വച്ച് വാതിൽ തഴുതിട്ട് അകത്തു കയറി. ദേഹശുദ്ധി വരുത്തിയ ശേഷം, സന്ധ്യാവന്ദനത്തിനായി നിലവി ളക്ക് കത്തിച്ചു.

ചുവരിൽ തൂക്കിയിട്ടിരുന്ന തടുക്കെടുത്ത് തറയി ലിട്ട് അതിലിരുന്ന് രണ്ടു പേരും നാമജപം നടത്തി. തുടർന്നു മുറിയുടെ മൂലയിലിട്ടിരുന്ന മേശയുടെ മുൻ പിലുള്ള കസേരയിൽ ചെന്നിരുന്ന്, മകൾ പുസ്തക ങ്ങളെടുത്തു. അച്ഛൻ മറ്റൊരു ഭാഗത്തിരുന്ന് അടുത്ത വീട്ടിൽ നിന്നും കൊണ്ടു വന്ന അന്നത്തെ പത്രം നിവർത്തി വായന തുടങ്ങി. സായാഹ്നം ആകുമ്പോ ഴേയ്ക്കും വർത്തമാന കടലാസ്സിന്റെ പ്രാധാന്യം ഇടിയുന്നു. അതോടെയാണ് അത് തനിക്കു ലഭ്യ മാകുന്നത്. അയൽവാസിയുടെ മഹാമനസ്കതയ് ക്ക് ആയിരം നന്ദി! വൈദ്യുത വിളക്കിന്റെ മങ്ങിയ പ്രകാശത്തിൽ മിക്കവാറും എല്ലാ പേജും നോക്കി യിട്ടു പത്രം മടക്കി വച്ചു. മകൾ പത്രത്തിലെ തല ക്കെട്ടുകൾ മാത്രമേ വായിച്ചു നോക്കാറുള്ളു. ഇനി അവൾ അതെടുത്തോട്ടേ. പൊതുവെ വായനശീ ലം കുറവാണ് എന്നത് അവൾക്കും അയാൾക്കും നന്നായറിയാം.

ഇനി അല്പനേരം ഭാഗവതപാരായണമാകാം. ജീ വിതസഖി വായിച്ചുകൊണ്ടിരുന്ന ആ പഴയ ഗ്രന്ഥം കൈയിലെടുത്തപ്പോഴേ അയാൾ വിഷാദമൂകനായി. എങ്കിലും എന്നുമുള്ള ആ ദിനചര്യയിലേർപ്പെടാ തെ സുഷുപ്തിയിലേക്ക് പോകുവാനാകയില്ലല്ലോ! കഴിഞ്ഞ ദിവസം വായിച്ചടയാളം വച്ച ഭാഗത്തു നിന്നും തുടങ്ങി. അല്പ സമയം കഴിഞ്ഞ് വായന നിർത്തി പുസ്തകം മടക്കി മേശപ്പുറത്തു വച്ചു.

മകൾ മങ്ങി കത്തുന്ന വിളക്കിന്റെ പ്രകാശത്തിലി രുന്ന് പഠിക്കുകയാണ്. വളരെ അധികം പ്രയത്നിച്ചി ട്ടും അതിനനുസൃതമായ ഒരു ഫലം ഉണ്ടാകുന്നില്ല. അതിനുള്ള കാരണം അവളുടെ ബൗദ്ധികശേഷി ക്കുറവു തന്നെയാണ്. എന്തായാലും എങ്ങിനെയെ ങ്കിലും യോഗ്യമായ ബിരുദം നേടി ഒരു ജോലിയിൽ

പ്രവേശിക്കണം. പ്രാപഞ്ചിക ശക്തി എന്താണ് വിധിച്ചിരിക്കുന്നതെന്ന് പ്രവചിക്കുവാനാകില്ലല്ലോ !

കുറച്ചു സമയം കഴിഞ്ഞ് മകൾ വിളിച്ചപ്പോഴാണ് അയാൾക്ക് സ്ഥലകാലബോധമുണ്ടായത്.

'അപ്പാ, തൂക്കം വരറൈ, ഇനി പടുക്കെട്ടുമാ'?

'അപ്പടിയാകട്ടെ.'

അയാൾക്കതിൽ പൂർണ്ണ സമ്മതമായിരുന്നു. മുറിയുടെ മറ്റൊരു മൂലയിലുള്ള ചെറിയ കട്ടിലിൽ അവൾ കിടക്കാനായി വന്നു. കിടക്കയിലിരുന്ന് കൈകൾ കൂപ്പി അല്പനേരം പ്രാർത്ഥിച്ചശേഷം ശയ്യയിലമർന്നു. എന്തോ, ചിന്തിച്ചിരുന്ന അയാൾ അതവസാനിപ്പിച്ചിട്ട് കട്ടിലിന്റെ തലയ്ക്കലിട്ടിരുന്ന പുതപ്പെടുത്ത് അവളുടെ ദേഹമാകെ മൂടി. കറങ്ങിക്കൊണ്ടിരുന്ന ഫാനിന്റെ വേഗത കൂട്ടിയിട്ട് കൊതുകുസംഹാരത്തിനുള്ള യന്ത്രം പ്രവർത്തിപ്പിച്ചു. തുടർന്ന് തട്ടുപടി എന്നു വിശേഷണമുള്ള തന്റെ ഉയരം കുറഞ്ഞ കട്ടിലിലെ ശയ്യയിലേക്ക് വീണു. തലയിണയ്ക്ക് മുകളിൽ വച്ചിരുന്ന ഷീറ്റെടുത്ത് ശരീരമാകെ പുതച്ചു. ക്ഷുദ്രജീവികൾ ചെവിയിൽ വന്ന് മൂളി നിദ്രാഭംഗം വരുത്തും. അതിനാൽ തലയും, ചെവിയും കൂടി മറച്ചിട്ട് നീണ്ടു നിവർന്നങ്ങിനെ കിടന്നു.

നേരം വെളുക്കുന്നതിനു മുമ്പു തന്നെ എഴുന്നേറ്റ് തൊട്ടടുത്തുള്ള അമ്പലത്തിൽ ചെല്ലണം. ഭക്തപ്രവാഹം എത്തുന്നതിനുമുൻപ് തന്നെ വഴിപാട് കൗണ്ടർ തുറന്നിരിക്കണം. ഈശ്വരന്മാരെ പ്രസാദിപ്പിക്കുവാൻ ഭക്തശിരോമണികൾ ഏതറ്റം വരേയും പോകുവാൻ തയ്യാറാണ്. അതേ സമയത്ത് കഷ്ടതയും, ദുരിതവുമനുഭവിക്കുന്ന ഒരു സാധുവിന്റെ കണ്ണീരൊപ്പാൻ ഒരിക്കലും സന്നദ്ധത കാട്ടാറില്ല. ഇല്ലാത്തവർക്ക് ഉള്ളവർ സാധാരണ സഹായഹസ്തങ്ങൾ നീട്ടാറില്ല. ആ മനുഷ്യസ്വഭാവം പൂർണ്ണമായും മനസ്സിലാക്കിയ അയാൾ കണ്ണടച്ചു കിടന്നു. ഏറെ താമസിയാതെ ഉറക്കത്തിലേക്ക് വഴുതി വീണു.

അഞ്ചു മണിക്കു മുൻപ് തന്നെ ഉറക്കമുണർന്ന് ശൗചാദികർമ്മങ്ങൾ നിറവേറ്റി അടുക്കളയിൽ കയറി ചായ തിളപ്പിച്ചു. ഇഡ്ഡലിപ്പാത്രത്തിൽ മാവു കോരിയൊഴിച്ച് രണ്ടു തട്ടുകൾ ആവിയിൽ വെന്തശേഷം പുറത്തെടുത്തു. ഇനി മകളെ വിളിക്കേണ്ട സമയമായി. ഉറക്കച്ചടവോടെ എഴുന്നേറ്റുവന്ന്, മടിച്ചിട്ടാണെങ്കിലും പുസ്തകങ്ങൾ എടുത്തു. അവൾക്കുള്ള ചായ എടുത്തുകൊണ്ടു വന്ന ഗ്ലാസ്സ് അടപ്പുകൊണ്ട് മൂടി വച്ചു. മോളോട് വാതിലടച്ച് കിടന്നോളാൻ പറഞ്ഞിട്ട് അയാൾ തൊട്ടരികെയുള്ള ക്ഷേത്രത്തിലേക്ക് സാവധാനം നടന്നു.

അവിടെ എത്തുമ്പോഴേയ്ക്കും ഭക്തജനങ്ങൾ വന്നു തുടങ്ങിയിരുന്നു. വേഗത്തിൽ തന്നെ വാതിൽ തുറന്ന് കൗണ്ടറിന്റെ മുൻപിലിരുന്നു. പൂജകൾ നടത്തുന്നതിനുവേണ്ടിയുള്ള പണം ചിലരിൽ നിന്ന് സ്വീകരിച്ച്, അവർക്ക് രശീത് നൽകി. നിന്നവരെല്ലാം പൊയ്ക്കഴിഞ്ഞപ്പോളാണ് സെല്ലിൽ തുടർച്ചയായ മണിനാദമുയർന്നത്. മകനാണ് അങ്ങേ തലയ്ക്കൽ എന്ന് മനസ്സിലാക്കിയിട്ട് മെല്ലെ ചോദിച്ചു.

'എന്നടാ, ഈ സമയത്തൊരു സമാചാരം'

കാര്യമായിട്ടൊന്നുമില്ലൈ. ഞാനങ്ങോട്ടു വരുന്നുണ്ട്. അപ്രതീക്ഷമായ ഒരു വരവാണല്ലോ. അയാൾ ഒട്ടൊന്നദ്ധാളിച്ചു.

എന്നടാ, ഇപ്പ ഒരു ട്രിപ്പ്?

ഒന്നുമില്ലൈ. ഇപ്പടി കേള്. ഞങ്ങൾക്കവിടെ വന്നിട്ട് വേണം ഗുരുവായൂർ പോകാൻ. ഡീറ്റേൽസ് പിന്നെ ചൊല്ലറേൻ.

തികച്ചും അസ്വസ്ഥനായ അയാൾ അങ്ങോട്ടു ചോദിക്കുന്നതിനുമുമ്പ് മകൻ കടന്നു കയറി.

ഞാനും, തൻവിയും ഇന്നലെ വിവാഹം രജിസ്റ്റർ ചെയ്തു. ഇനി ചടങ്ങുകളനുസരിച്ചുള്ള മാര്യേജ് അങ്ക വന്ന് ഗുരുവായൂർ നടയിൽ കൃഷ്ണന്റെ മുൻപിൽ നടത്തണം.

കൂടുതലൊന്നും പറയാതെ അവൻ ഫോൺ വച്ചു. സ്വന്തം സുഖത്തിനുവേണ്ടി തങ്ങളിൽ നിന്നകന്നു പോകുന്ന മകന്റെ ചെയ്തിയിൽ അയാൾ സ്തംഭിച്ച് അങ്ങിനെ നിന്നു.

പക്ഷേ ഭഗവത്സന്നിധിയിൽ തന്നെ നിന്നിരുന്നതുകൊണ്ട് വളരെ വേഗത്തിൽ തന്നെ മനധൈര്യം വീണ്ടെടുത്തു. എന്നിരുന്നാലും ദുർബ്ബലയും മാനസിക വൈകല്യങ്ങളുമുള്ളതായ തന്റെ പൊന്നോമലാളെ ഓർത്ത് ദു:ഖിതനായി കണ്ണീർ വാർത്തു.

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

# മഴയെത്തുമ്പോൾ

ഡോ. ദേവിദാസ് വെള്ളോടി ഫോൺ : 9747480903



ചുട്ടുപൊള്ളുന്ന മണ്ണിലേക്കും മലയാളിയുടെ മനസ്സിലേക്കും കുളിർമ്മയായി മഴക്കാലം വരവായി.

കേരളത്തിൽ അനുഭവപ്പെടുന്ന പ്രധാന കാലാവസ്ഥകളാണ് വേനൽ കാലവും മഴക്കാലവും. ശിശിരവും വസന്തവുമൊക്കെ ഒന്ന് എത്തി നോക്കാറേയുള്ളൂ.

**മഴക്കാലത്തിന്റെ പ്രത്യേകത**

നമ്മുടെ കാലാവസ്ഥയേയും ഊഷ്മാവിനേയും സമതുലിതാവസ്ഥയിൽ നിർത്താൻ മഴ കൂടിയേ തീരൂ. മഴ കൂടുതലായാൽ നാമെല്ലാം ഈ നശിച്ച മഴ എന്നു പറയും. എന്നാൽ വീട്ടിനകത്തിരുന്ന് പുറത്തു പെയ്യുന്ന മഴയെ നോക്കിയിരിക്കാൻ ഏന്തൊരു കൗതുകമാണ്. അനുഭൂതിയാണ്.

വാസ്തവത്തിൽ മഴയാണോ നശിച്ചത് മനുഷ്യനാണോ നശിച്ച സാധനം? മഴവെള്ളം ഒഴുകി പോകാനുള്ള പുഴകളിലെല്ലാം മണലെടുത്തു കുഴികളായി. ചെറുതോടുകൾ മണ്ണിട്ട് മൂടി. അപ്പോൾ ശക്തമായ മഴവെള്ളം താഴ്ന്ന് കിടക്കുന്ന സ്ഥലത്തേക്ക് ഒഴുകി. ഇതല്ലേ കഴിഞ്ഞവർഷം സംഭവിച്ചത്. ഡാം പെട്ടെന്ന് തുറന്നതു മാത്രമല്ലല്ലോ പ്രളയത്തിന് കാരണം. മണ്ണിലേക്കും മനസ്സിലേക്കും കുളിർമ്മ പെയ്യുന്നതിന്റെ കൂടെ മഴക്കാലം നമുക്ക് രോഗാണുക്കളെ കൂടിയഥേഷ്ടം തരുന്നുണ്ട്. ജലദോഷം, പനി, ഡെങ്കു, മലേറിയ എന്നിവ കൊണ്ട് എല്ലാ ആശുപത്രികളും നിറയുന്നു. രോഗികളും ഡോക്ടർമാരും പരക്കം പാഞ്ഞു നടക്കുന്ന അവസ്ഥ. ഇതിനൊരു ശാശ്വതമായ പ്രതിവിധിയില്ലേ. ഉണ്ടാവണ്ടേ?

**മഴക്കാലത്ത് വായുവും ജലവും ദുഷിക്കുന്നു.**

വായുവിലെ ഈർപ്പം രോഗാണുക്കളെ പ്രത്യേകിച്ച് വൈറസ്സുകളെ പരത്താനുള്ള ഒരു മീഡിയം ആയി വർത്തിക്കുന്നു. ആദ്യ മഴയിലാണ് കൂടുതൽ ദുഷിപ്പ് വരുന്നത്. അന്തരീക്ഷത്തിലെ പൊടിപടലങ്ങൾ എല്ലാം കലർന്ന വായു, കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ എല്ലാം കുത്തിയൊഴുകിയെത്തുന്ന വെള്ളം, ഇവ രണ്ടും ഏറ്റവും മലിനമായിരിക്കും.

ആയുർവ്വേദ രീതിയിൽ ചിന്തിക്കുമ്പോൾ ശരീരത്തിൽ പിത്തത്തിന്റെ ദൃഷ്ടി ഉണ്ടാകുന്നു. അതിനാൽ ദഹനപ്രക്രിയ അവതാളത്തിലാകുന്നു. വിശപ്പ് കുറവ്, ദഹനക്കുറവ് എന്നിവ സാധാരണയായി വർഷക്കാലത്ത് ഉണ്ടാകും.

**വർഷകാല രോഗങ്ങൾ**

FLU ജലദോഷം, കോളറ, ടൈഫോയ്ഡ്, മലേറിയ, Hepatitis -A, ഡെങ്കു എന്നിവയാണ് വർഷക്കാലത്ത് പ്രധാനമായും കാണുന്ന രോഗങ്ങൾ. രണ്ടോ മൂന്നോ ദിവസങ്ങൾക്കുള്ളിൽ ജലദോഷം മാറാതെ വരികയും ശക്തമായ തലവേദന വരുകയും ചെയ്താൽ ഡോക്ടറെ കാണാൻ മടിക്കരുത്. വെള്ളത്തിലൂടെ പടരുന്ന കോളറ, അതിയായ ഛർദ്ദ്യതിസാരം ഉണ്ടാക്കി ബലമില്ലാത്ത രോഗിയുടെ ജീവനെതന്നെ എടുത്തേയ്ക്കാം.

രക്തപരിശോധനയിലൂടെ നമുക്ക് മലേറിയ, ഡെങ്കു, എന്നിവ കണ്ട് പിടിക്കാം. നല്ല മരുന്നുകളും ലഭ്യമാണ്.

**രോഗപ്രതിരോധ മാർഗ്ഗങ്ങൾ : -**

1. വീട്ടിന് പുറത്ത് വെള്ളം കെട്ടിക്കിടക്കാതെ നോക്കുക. ചിരട്ട, തുറന്നു വെച്ച പാത്രങ്ങൾ എന്നിവയിൽ കൊതുകുകൾ വളരും.

2. കൈ വൃത്തിയായി കഴുകിയ ശേഷം മാത്രം ഭക്ഷണം കഴിക്കുക.

3. ശുചിമുറിയിൽ പോയി വന്നാൽ നന്നായി കൈകാലുകൾ കഴുകി വൃത്തിയാക്കുക. സോപ്പിട്ടു കഴുകാം.

4. പഴകിയ ഭക്ഷണം കഴിക്കരുത്. തലേ ദിവസത്തെ ഭക്ഷണം ചൂടാക്കി കഴിക്കരുത്.



5. ശുദ്ധീകരിച്ച വെള്ളം മാത്രം പാചകത്തിന് ഉപയോഗിക്കുക. തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക. ഐസിട്ട പാനീയങ്ങൾ ഒഴിവാക്കുക.

6. ഭക്ഷണപദാർത്ഥങ്ങൾ തുറന്നു വെയ്ക്കാതിരിക്കുക. ഈച്ച സുലഭമാകുന്ന സമയമാണ്.

7. കൊതുകിന് അപരാജിത ധൂമം പുകയ്ക്കുക. ഇത് ഔഷധി തുടങ്ങിയ മരുന്നു കടകളിൽ ലഭിക്കും.

പുകയില കഷായവും നല്ല കൊതുകു നാശിനിയാണ്. കടുക്, മഞ്ഞൾ, കുന്തിരിക്കം, വെള്ളുള്ളി എന്നിവ വേപ്പെണ്ണയിൽ കുഴച്ച് പുകയ്ക്കുക. കൊതുകു വരില്ല.

**4. ദഹനത്തിന് കുടിയ്ക്കാനുള്ള വെള്ളം: –**തുളസിയില, ചുക്ക്, കൊത്തമല്ലി, കുരുമുളക്, എന്നിവയിട്ട് തിളപ്പിച്ച വെള്ളം ചെറുചൂടിൽ കുടിക്കുക. ദഹനം വർദ്ധിക്കും.

**5. അഗ്നിമാന്ദ്യത്തിന് :–** ദഹനശേഷി കുറയുമെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അതിനാൽ എളുപ്പം ദഹിക്കുന്ന ഭക്ഷണങ്ങൾ കഴിക്കുക. രാത്രി കഞ്ഞിയാണ് ഉത്തമം. ഇഞ്ചി, കുരുമുളക് എന്നിവ കൂടുതൽ കറികളിൽ ചേർക്കുക. കുരുമുളക് രസം ദഹനം വർദ്ധിപ്പിക്കും. ഹിംഗുവചാദി ചൂർണ്ണം 5 ഗ്രാം വീതം രണ്ടു നേരം ഭക്ഷണത്തിന് മുമ്പ് മോരിലോ ചൂടുവെള്ളത്തിലോ കുടിക്കാം.

**6. വയറിളക്കമുണ്ടായാൽ :–** ഉടൻ തന്നെ ORS ലായനി കുടിപ്പിക്കുക. ഇത് മെഡിക്കൽ സ്റ്റോറുകളിൽ കിട്ടും. ഇല്ലെങ്കിൽ 200ml വെള്ളത്തിൽ 3ടീസ്പൂൺ പഞ്ചസാര 1 ടീസ്പൂൺ ഉപ്പ്, കാൽ ടീസ്പൂൺ അപ്പക്കാരം എന്നിവ ചേർത്തിളക്കി കുടിപ്പിക്കുക. കഞ്ഞിവെള്ളം ഉപ്പിട്ട് കുടിക്കുന്നത് നല്ലതാണ്. കൂവപ്പൊടി തിളപ്പിച്ച വെള്ളത്തിൽ ലായനിയാക്കി ഉപ്പിട്ട് കുടിക്കുന്നത് വയറിളക്കം കുറയ്ക്കും. വില്ലാദി ഗുളിക 1 വീതം ആവശ്യത്തിന് കഴിക്കുന്നത് വയറിളക്കത്തിന്റെ കാഠിന്യം കുറയ്ക്കും. കുറഞ്ഞില്ലെങ്കിൽ ഉടൻ ആശുപത്രിയിലെത്തിക്കണം. ഡ്രിപ്പ് കൊടുക്കേണ്ടി വരും.

**ആരോഗ്യം നില നിർത്താനുള്ള വർഷകാല ആയുർവ്വേദ ചര്യകൾ: –**

1. കോപിച്ചിരിക്കുന്ന പിത്തത്തെ കുറയ്ക്കുന്നതിനായി വർഷകാലത്ത് വയറിളക്കുന്നത് ശീലമാണ് വൈദ്യ നിർദ്ദേസാനുസരേണ ചെയ്യണം.

2. മുക്കുടിസേവ: ചുക്ക്, അയമോദകം, മല്ലി, പുളിയാറില, കുടകപ്പാലയരി എന്നിവ തുല്യമായെടുത്ത് മോരിൽ കാച്ചി കുറുക്കി രാവിലെ കുടിക്കുന്നത് ദഹനത്തിന് ഉത്തമമാണ്.

**3. മരുന്നുകഞ്ഞി :** ദഹനത്തിന് സഹായിക്കുന്ന മരുന്നുകൾ ചേർത്തുണ്ടാക്കുന്ന കഞ്ഞി കുടിക്കുന്ന ശീലം തിരുവിതാംകൂറിലും മധ്യതിരുവിതാംകൂറിലും ഉണ്ട്.

**4. കർക്കിടക ഉഴിച്ചിൽ :–** വർഷകാലത്തെ തണുപ്പിനാലും പേശിസങ്കോചത്താലും വാതദൃഷ്ടി വരുന്നത് തടയാൻ വൈദ്യനിർദ്ദേശാനുസാരേണ ധാന്വന്തരം, സഹചരാദി തുടങ്ങിയ ഔഷധതൈലങ്ങളാൽ തേച്ച് കുളിക്കുന്നത് വളരെ നല്ലതാണ്. വർഷകാലത്ത് പ്രത്യേകിച്ച് കർക്കിടകത്തിൽ എണ്ണ തേച്ചു കുളിക്കുന്നത് രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കും. വാതരോഗങ്ങളെ അകറ്റും.

ഞാനീപ്പറഞ്ഞതു കൂടാതെ ധാരാളം നല്ല ചര്യകൽ നമുക്ക് നാട്ടിൽ ശീലിച്ച് വരുന്നുണ്ട്. അതിലെ യുക്തിയെ വിശകലനം ചെയ്ത് ആരോഗ്യദായകമായ ചര്യകൾ അനുഷ്ഠിക്കുന്നത് നല്ലതാണെന്ന് പറയേണ്ടതില്ലല്ലോ.

**എറണാകുളം**
**കരയോഗാംഗത്വം എടുക്കൂ**
**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**94 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**
**ഈ അവസരം പ്രയോജനപ്പെടുത്തുക.**
***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***
Email: ekmkgm@gmail.com

# തിരുക്കുറൾ

**ഡോ. സുന്ദരി. ജി. മേനോൻ**

തിരുക്കുറൾ ഒരമൂല്യ കൃതിയാണ്. ഋഷീശ്വരനായ തിരുവള്ളുവർ കവീശ്വര രൂപത്തിൽ അവതരിച്ച് ലോക നന്മക്കായി സമർപ്പിച്ചിട്ടുള്ള ഒരമൂല്യ ദർശന കാവ്യമാണ് ഈ ദിവ്യഗ്രന്ഥം. ബൈബിൾ കഴിഞ്ഞാൽ ലോകഭാഷകളിൽ ഏറ്റവും അധികം പരിഭാഷപ്പെടുത്തപ്പെട്ടിട്ടുള്ള വിശ്വോത്തരമായ ദാർശനീക കൃതിയാണ് തിരുക്കുറൾ. രണ്ടായിരം വർഷം മുമ്പ് മനുഷ്യരാശിയുടെ നന്മക്കായി ഈ കൃതി രചിക്കപ്പെട്ടു എന്നു കുരതുന്നു. ഏത് ഘോരാന്ധകാരത്തിലും നക്ഷത്രത്തിരി കാട്ടുന്ന 1330 കുറളുകൾ ഈ കൃതിയിലുണ്ട്. ഏതു ഭവനത്തിലും കെടാവിളക്കായി ഈ കുറൾ പ്രകാശം പരത്തും.

മനുഷ്യനായി ജനിച്ചവർ മനുഷ്യനായി തന്നെ ജീവിക്കണം എന്നതാണ് കുറൾമൊഴി. ശുദ്ധിയും മനുഷ്യസംസ്കൃതിയും വിളയിച്ചെടുക്കുവാനുള്ള സ്വർണ്ണ വിത്തുകളാണ് ഈ കുറളുകൾ. ഈ മഹാദർശനസസ്യം ആർക്കും ഏതവസരത്തിലും ഉത്തമനായ ഒരു ഗുരുവിനെപ്പോലെ പ്രകാശമരുളുന്നു. ഏതു പ്രതിസന്ധിയിലും പരിഹാരം നിർദ്ദേശിക്കുന്നു. ഏതു ദൗർബല്യത്തിലും ശക്തി പകരുന്നു. അങ്ങനെ അമൂല്യങ്ങളായ 1330 ദിവ്യസൂക്തങ്ങൾ ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. മനുഷ്യരാശിയുടെ പൊതുസ്വത്തായ ഋഷിമൊഴികളുടെ സമ്പുടമാണ് തിരുക്കുറൾ. അലസത വെടിഞ്ഞ് കർമ്മങ്ങൾ യഥാവിധി നിർവഹിച്ച് വിജയം നേടി അവതാര ലക്ഷ്യം സഫലമാക്കാനുള്ള ഇച്ഛാശക്തി തിരുക്കുറൾ നൽകുന്നു. ജാതി, മതം, വർഗ്ഗം, വർണ്ണം, പ്രദേശം, ശൈലി, കാലം എന്നിവയ്ക്കതീതമായി ലോകജനതക്കാകമാനം മാർഗ്ഗദർശനം നൽകുന്നു അനുപമേയമായ ഈ നീതിശാസ്ത്രഗ്രന്ഥം. ലോകവേദം എന്ന് വാഴ്ത്തപ്പെടുന്ന ഈ അനശ്വരകൃതിക്കൊത്ത മറ്റൊന്ന് ഒരിടത്തും ഇല്ല. അമരകവി തിരുവള്ളുവർക്ക് ഒപ്പം നിൽക്കുന്ന മറ്റൊരു ദാർശനീക മനസ്സും വേറെ അധികമില്ല. കവി പരമ്പരകൾക്ക് പ്രകാശം ചൊരിഞ്ഞു കൊടുക്കുന്ന അമൃത തേജസ്സിന്റെ ഉറവയായി ഈ കൃതിയെ കണക്കാക്കാം. ദു:ഖത്തിൽ ദു:ഖിക്കാത്തവൻ ആ ദു:ഖത്തിനു തന്നെ ദു:ഖം വരുത്തുന്നു എന്നാണ് കുറൾ സമർത്ഥിക്കുന്നത്. അലസതയും നൈരാശ്യവും വെടിഞ്ഞ് കർമ്മയാത്ര തുടരുവാനും ലക്ഷ്യപ്രാപ്തിക്കുവേണ്ടി അഹോരാത്രം യത്നിക്കുവാനുമുള്ള പ്രചോദനവും നൽകി മനുഷ്യരാശിയുടെ വിജയത്തിന്റെ ദീപ്തമണ്ഡലത്തിലേക്ക് നയിക്കുകയാണ് ഇതിലെ 1330 കുറളുകൾ.

'തടസ്സങ്ങൾ വരികിലും ചെയ്യുക തുണിവോടെ നല്ലിമ്പം ഫലിക്കുന്ന കർമ്മം'

തിരുക്കുറളിന് മുപ്പാൻ എന്നൊരു ഇതരവിശേഷണമുണ്ട്. ധർമ്മം അർത്ഥം കാമം എന്നീ ഗുണങ്ങളാണ് ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. തിരുക്കുറൾ, ഉത്തരവേദം, തിരുവള്ളുവർ , പൊയ്യാമൊഴി, വായുറൈവാഴ്ത്തു, ദൈവനൂൽ, പൊതുമറൈ, മുപ്പാൽ, തമിഴ് മറൈ എന്നിങ്ങനെ ഈ വിശിഷ്ടകൃതി ഒൻപതു പേരുകളിൽ അറിയപ്പെടുന്നു.

മലയാള ഭാഷയുടെ ശൈശവകാലം മുതൽ ആധുനിക കാലം വരെ പല പ്രശസ്ത പണ്ഡിതരും തിരുക്കുറൾ എന്ന തിരുവള്ളുവർ കൃതിയെ മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുണ്ട്. അതിൽ എന്തുകൊണ്ടും പ്രഥമസ്ഥാനം അർഹിക്കുന്ന ഒന്നാണ് ശ്രീ എസ്സ്. രമേശൻ നായരുടെ വിവർത്തനം. മൂലകൃതിയോട് അത്രമാത്രം നീതി പുലർത്തി ആധികാരികവും വിശ്വസ്തവുമായ വിവർത്തനശൈലിയാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. നിരർത്ഥകപദപ്രയോഗങ്ങളൊന്നും ഇല്ലാതെ കുറൾ സൂക്തങ്ങൾ ഒട്ടും തനിമ നഷ്ടപ്പെടാതെ മലയാളത്തിലേക്ക് പകർത്തി വെക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. തിരുക്കുറൾ സൂക്തങ്ങൾ സാധാരണ മലയാളിക്ക് നൽകുവാനുള്ള തീവ്രമായ പ്രയത്നത്തിന്റെ സാഫല്യവും സാക്ഷാത്ക്കാരവുമാണ് ഈ വിവർത്തനം. മൂലകൃതിയിലെ സംഗീതാത്മകത, താളം, പ്രാസബന്ധിതശൈലി, സംക്ഷിപ്തത ഇവയൊന്നും കൈമോശം വരാതെ കാലാവർത്തിയായ കുറൾ സൂക്തങ്ങളുടെ വ്യാഖ്യാനം കാലഘടനക്ക് ഇണങ്ങും മട്ടിൽ ഗ്രന്ഥകാരൻ നിർവഹിച്ചിരിക്കുന്നു.

ബ്രഹ്മാവു തന്നെ തിരുവള്ളുവരായി അവതരിച്ച് മനുഷ്യരാശിക്ക് ജീവിതമാർഗ്ഗദർശനം നൽകുന്ന ശാസ്ത്രഗ്രന്ഥമാണ് തിരുക്കുറൾ എന്നാണ് വിശ്വാസം. തിരുവള്ളുവരുടെ ജീവിതത്തിന്റെ മഹത്വം വിളിച്ചോതുന്ന ഈ കൃതി അദ്ദേഹത്തിന്റെ ജീവിത സാരാംശവും സന്ദേശവുമാണ്. ഉരയ്ക്കുന്തോറും ഊറി വരുന്ന അമൃതിന്റെ ഒടുങ്ങാത്ത ഉറവയാണ് തിരുവള്ളുവരുടെ ജീവിതം. ഇദ്ദേഹത്തിന്റെ ജീവിത കാലം എ.ഡി.

രണ്ടാം നൂറ്റാണ്ടിനോട് അടുത്താണെന്നു കരുതപ്പെടുന്നു. മൈലാപ്പൂരിലാണ് ഇദ്ദേഹം ജീവിച്ചിരുന്നത്. ഈ മണ്ണിൽ എങ്ങിനെയാണോ ധാർമ്മിക ജീവിതം നയിക്കേണ്ടത് അങ്ങിനെ ജീവിച്ചാൽ ജീവിതാനന്തരം വിഷ്ണു ലോകത്ത് ദൈവപീഠത്തിൽ അവർ ആനയിക്കപ്പെടും എന്ന് തിരുവള്ളുവർ തറപ്പിച്ചു പറയുന്നു.

'മണ്ണാലിവിടെ വിധിപോലെ ധർമ്മമോടെ വാഴുവോർ

വിണ്ണോരിലൊരുവനായി തീരും' എന്ന് കവി വാക്യം. ഈ ജീവിതമാകട്ടെ അവനവനെ മാത്രം ചുറ്റിപറ്റി നിൽക്കുന്ന ഒന്നല്ല, അത് ലോകാതിർത്തി വരെ പ്രയോജനകരമായി വ്യാപിക്കണം. ഫലം നിറഞ്ഞ വൃക്ഷം പോലെ, വറ്റാത്ത കുളിർജലം നിറഞ്ഞ കിണർപോലെ, വായിച്ചാലും വായിച്ചാലും മതി വരാത്ത മഹത്ഗ്രന്ഥംപോലെ, ആയിരം നാളങ്ങൾക്ക് പിറവി കൊടുക്കുന്ന കെടാത്തിരിപോലെ അദ്ദേഹത്തിന്റെ ജീവിതം മറ്റുള്ളവർക്ക് ആശ്രയമാകുന്നു. അതിന് ധർമ്മത്തിൽ അടിയുറച്ച ജീവിതചര്യകളാണ് അടിസ്ഥാനമായത്.

അസത്യം പറയുക
അധർമ്മം ചെയ്യുക
തന്നിൽ എളിയവരെ അപമാനിക്കുക
പരദാര കാംക്ഷയിൽ ഭ്രമിക്കുക
അലസരായിരിക്കുക
കർമ്മത്തെ നിഷേധിക്കുക
കപടസന്യാസ വൃത്തിയാൽ ജനസേവനം നടത്തുക.

ആർജ്ജിച്ച അറിവ് അർഹരായ അപരർക്ക് പകരാതിരിക്കുക. ഇതിനെല്ലാം എതിരായി കുറൾ ശബ്ദമുയർത്തുന്നു. സ്വന്തം പെറ്റമ്മയുടെ പൈദാഹമടക്കാനായിപോലും മറ്റുള്ളവർ പഴിക്കുന്ന പ്രവൃത്തികൾ അരുത് എന്നത്രേ വള്ളുവ മൊഴി.

'പെറ്റതായ്തൻപശികാണുവോനും
ചെയ്യായ്മ മറ്റോർ പഴിക്കുന്ന കർമ്മം'

കാരുണ്യം, ജ്ഞാനം, സഹാനുഭൂതി ,ക്ഷമ, ആഭിജാത്യം, സംസ്കാരം, സദാചാരം എന്നിവയ്ക്ക് ഉടമയാവുക. കളവ്, മദ്യം, മാംസം, കാമം, ഹിംസ, ചൂത്, ഏഷണി, അസൂയ, ആർത്തി എന്നിവ ഏഴയലത്തും തീണ്ടാതെ സ്വയം രക്ഷിക്കുക. ധർമ്മം, ആർദ്രത, ദാനം, ദയാലുത്വം, മധുരഭാഷണം തുടങ്ങിയ നന്മകളിലൂടെ നിത്യപ്രയാണം തുടരുക, മുഖപ്രസാദത്തോടെ അന്യദു:ഖം അറിഞ്ഞ് വേണ്ടതു ചെയ്യുക, തന്നെപോലെയോ അതിലുപരിയോ മറ്റുള്ളവരെയും മാനിക്കുക തുടങ്ങി ഒട്ടേറെ ഉപദേശങ്ങൾ തരുന്നു കുറൾ. ജീവിതത്തിന് വേണ്ടതെല്ലാം ഈ സദുപദേശത്തിലുണ്ട്. പൂർവികബന്ധങ്ങൾ മറക്കരുത്. ആചാര്യരെ പഴിക്കരുത്, അധമൻമാരുമായുള്ള വിനിമയം അരുത് തുടങ്ങി ഉത്തമ ജീവിതത്തിന് മാറ്റു കൂട്ടേണ്ട എത്രയോ കാര്യങ്ങൾ ഉദാഹരണസഹിതം കുറൾ നിരത്തി വക്കുന്നു.

കുറൾ എന്നത് ഏറ്റവും കുറുകിയ തമിഴ് വൃത്തമാണ്. കുറുക്കിയെടുത്ത അമൃതാണ് ഓരോ കുറളും. പാനഗാഥ, വഞ്ചിപ്പാട്ട് തുടങ്ങിയ വൃത്തങ്ങളിൽ വിരചിക്കപ്പെട്ട ചില കൃതികൾ - ജ്ഞാനപ്പാന, കൃഷ്ണഗാഥ, കുചേലവൃത്തം വഞ്ചിപ്പാട്ട് - എന്നിവപോലെ വൃത്തനാമം തന്നെ ഗ്രന്ഥനാമമായി മാറിയതുപോലെ കുറളും വൃത്ത നാമങ്ങളിൽ അറിയപ്പെടുന്ന കൃതിയാണ്. തനതായ വൈശിഷ്ട്യം കാരണം അത് തിരുക്കുറൾ ആയി എന്നു മാത്രം. ആ തിരുക്കുറളിന് ലഭിക്കുന്ന ശ്രീരമേശൻ നായരുടെ ഈ ധന്യമായ പരിഭാഷ മലയാളത്തിനും മലയാളിക്കും ലഭിക്കുന്ന അമൂല്യമായ ഒരു സമ്പത്താണ്. തമിഴ് സരസ്വതി സംഘപ്പലകയിൽ ഇടം കൊടുത്ത ഏക ഗ്രന്ഥമാണി തിരുക്കുറൾ. ഉണ്മയുടെ പൊൻപൊടികളാണ് അതിലുടനീളം. സാമൂഹ്യ ജീവിതത്തിലും ഭരണരീതിയിലും ഐക്യമത്യവും സഹകരണവും ആവശ്യപ്പെടുന്ന ഭാവി ഭാരതത്തിന് അനുപേക്ഷണീയമായ അടിസ്ഥാനഗ്രന്ഥമാണ് തിരുക്കുറൾ. അങ്ങനെ സാഗരം സാഗരോപമം എന്ന് പറയുന്നതു പോലെ. തിരുക്കുറളിന് സമം ഒന്നേ ഉള്ളൂ. അത് തിരുക്കുറൾ മാത്രം.

കടുകുമണി തുളച്ച് അതിനുള്ളിൽ ഏഴു സമുദ്രങ്ങളെ ഉൾക്കൊള്ളിച്ച് ഇരുപുറവും മുറിച്ച പരിച്ഛേദമാണ് കുറളിന്റെ പ്രശസ്തി. തിരുവള്ളുവാമ ശൈലിയിൽ ഔവ്വയാറുടേതായി ചേർത്തിട്ടുള്ള ശ്വസ്തീസൂക്തം ഒരു പടി കൂടി കടന്ന് 'അണു വൈത്തുളെ തോഴകടലൈപ്പു കട്ടിക്കുറുകത്തരിഞ്ഞൂ കുറൾ' അണുവിനുള്ളിൽ സപ്തസമുദ്രങ്ങളെയും ആവാഹിക്കുകയും അത് രണ്ടായി പകുത്ത് ലോകത്തിനു മുൻപിൽ വെക്കുകയും ചെയ്യുന്ന കലാവിദ്യയുടെ വെന്നികൊടി പാറിക്കുന്നു ഈ കൃതി. തൊട്ടടുത്ത ഭാഷയായ മലയാളത്തിൽ ഇന്ന് വേണ്ടത്ര അറിയപ്പെടാതെ അർഹമാം വിധം ആദരിക്കപ്പെടാതെ പോയി ഈ കുറൾ എന്നത് സത്യമായ കാര്യമാണ്. നമ്മൾ എല്ലാം ഒരു കാലത്ത് തമിഴകം എന്ന നാമത്തിലായിരുന്നു. വെങ്കിടം വടക്കും കന്യാകുമാരി തെക്കും അതിരുകളായിരുന്നു. തമിഴകത്ത് ഒരേ ഭാഷ, ഒരേ ആചാര്യമര്യാദകൾ ഒരേ ജീവിത രീതികൾ എല്ലാം ആയിരുന്നു. കാലാന്തരത്തിൽ തെലുങ്ക്, കർണ്ണാടകം, തമിഴ്, മലയാളം എന്നിങ്ങനെ പിരിഞ്ഞതാണ്. വാസ്തവത്തിൽ കൊടും തമിഴ് എന്ന രൂപത്തിൽ നിന്ന് തമിഴ് മലയാളം എന്നീ ഭാഷകളായിത്തീർന്ന ഈ രണ്ടു ഭാഷകൾക്ക് വളരെയധികം സാമ്യം ഉള്ളതായി കാണാം.

തമിഴ് ഭാഷയോടും സംസ്കാരത്തോടുമുള്ള നാഭീ

നാള ബന്ധം, ഉന്നിദ്രമാക്കിയ കവിഹൃദയം, ഉദാരമായ സരസ്വതീ പ്രസാദം, മാതൃകാപരമായ ക്ഷമ എന്നിവയാൽ അനുഗ്രഹീതനായ ശ്രീ രമേശൻ നായർ കൈരളിക്കു സമർപ്പിക്കുന്ന ഈ ജീവദക്ഷിണ അത്യന്തം അനുഗ്രഹീതമാണ്. കവിതാരചന പോലെ തന്നെ ചിലപ്പോൾ അതിലുപരിയായും കഠിനമായ ഒരു തപസ്യ തന്നെയാണ് വിവർത്തനം. ആ അനന്യ തപസ്സിന്റെ അനന്തരഫലമായ വരപ്രസാദമാണ് ഈ തിരുക്കുറൾ. ഋഷീശ്വരനും കവീശ്വരനും ആയ തിരുവള്ളുവരുടെ ഈ കെടാവിളക്ക് മലയാളത്തിന്റെ മണിമുറ്റത്ത് കൊണ്ടു വച്ച ശ്രീ രമേശൻ നായർ ഒരു പുരുഷായുസ്സിന്റെ അർത്ഥം നമുക്ക് പകർന്നു തരുന്നു. 1595-ൽ പാലിയത്ത് അനുജൻ അച്ഛൻ ആണ് ഈ കൃതി മലയാളത്തിലേക്ക് ആദ്യമായി വിവർത്തനം ചെയ്യുന്നത്. തുടർന്ന് അനേകർ ഈ കൃതിയെ പല രൂപത്തിൽ മലയാളത്തിലേക്ക് രൂപമാറ്റം ചെയ്തിട്ടുണ്ട്. 1989 - ലെ ശ്രീ മലമൻ ഗോപാലപ്പണിക്കരുടെ 'വള്ളുവ നീതിവാക്യം' ഈ വിവർത്തന പരമ്പരയിലെ വളരെ ശ്രദ്ധേയമായ ഒരു കൃതിയാണ്. എന്നാൽ ഇതിൽ നിന്നെല്ലാം മൗലികമായ വ്യത്യസ്തത പുലർത്തികൊണ്ട് വേറിട്ടു നില്ക്കുന്ന ആധികാരികവും വിശ്വസ്ഥവുമായ വിവർത്തനമാണ് ശ്രീ രമേശൻ നായരുടേത്. അകവും പുറവും നന്നായി പഠിച്ചറിയുന്ന ഒരാളിന്റേതാണ് ഈ പുനഃസൃഷ്ടി.

നിർഭയവും അതികാർക്കശ്യവും മഞ്ഞിമപോലെ മൃദുലവുമാണ് കവി മനസ്സ്. സത്യധർമ്മാദികളെയല്ലാതെ അത് ഒന്നിനേയും ഭയക്കുന്നില്ല. ഉപോൽബലകമായ ഒരു കഥ പറയപ്പെടുന്നു. വരഗുണപാണ്ഡ്യ മഹാരാജാവ് തന്റെ റാണിയുമൊത്ത് ഉദ്യാനത്തിൽ ഉലാത്തുമ്പോൾ ഒരു ദിവ്യസൗരഭ്യം അദ്ദേഹത്തെ പൊതിഞ്ഞു. ഇത് ഉദ്യാനപുഷ്പങ്ങളുടേതോ അതോ തന്റെ റാണിയുടെ വാർകൂന്തലിൽ നിന്ന് ഉത്ഭൂതമാകുന്നതോ എന്ന് അദ്ദേഹത്തിന് സന്ദേഹമുദിച്ചു. ഇതിന്റെ നിചസ്ഥിതി സാക്ഷ്യപ്പെടുത്തുന്നതിനായി അദ്ദേഹം ഒരു കാവ്യപരീക്ഷ തന്നെ നിശ്ചയിച്ചു. വിജയിക്ക് പണക്കിഴി സമ്മാനം. ഇതിൽ ആകൃഷ്ടനായ ധർമ്മി എന്ന കവി ശിവഭഗവാനെ അഭയം പ്രാപിച്ചു. കഠിനവ്രതത്തിൽ കനിഞ്ഞ് ഭഗവാൻ ഒരു കാവ്യം കൊടുത്തു. എന്നാൽ ആ കവിത പാണ്ഡ്യ സദസ്സിൽ നിരാകരിക്കപ്പെട്ടു. പാണ്ഡ്യ സദസ്സിലെ ആസ്ഥാന കവി നക്കീരന്റെ കൃതി അംഗീകരിക്കപ്പെട്ടു. സങ്കടത്തിലായ ധർമ്മി വീണ്ടും ഭഗവാനെ തന്നെ ശരണം പ്രാപിച്ചു. ഒടുവിൽ കരുണ തോന്നി ഭഗവാൻ തന്നെ പ്രച്ഛന്ന വേഷത്തിൽ കവിതയുമായി വന്നു. അപ്പോഴും നക്കീരൻ തന്റെ തീരുമാനത്തിൽ ഉറച്ചു തന്നെ നിന്നു. കവിതയിൽ കുറ്റമുണ്ട് എന്നതിൽ നിന്ന് വ്യതിചലിക്കുവാൻ അദ്ദേഹം തയ്യാറായില്ല. ശിവൻ കോപത്താൽ ജ്വലിച്ചു. നീ വണങ്ങുന്ന പാർവ്വതീദേവിയുടെ കൂന്തലിനും സ്വാഭാവികമായ സൗരഭ്യം ഇല്ലേ? ഭഗവാൻ കോപത്താൽ അലറി. എന്നാൽ നക്കീരൻ വിനയാന്വിതനായി അതീവ ഭക്തിയോടെ ഉത്തരം നൽകി. ഇല്ല ഒരു സ്ത്രീയുടേയും കൂന്തലിന് സ്വാഭാവിക സുഗന്ധം ഇല്ല, അവൾ വിശ്വസുന്ദരിയായാലും ശരി, ഞാൻ സദാ വണങ്ങുന്ന ലോകമാതാവായ ശ്രീ പാർവതീദേവിയായാലും ശരി. സുഗന്ധതൈലങ്ങളും സുരഭിലപുഷ്പങ്ങളും പകർന്നു നല്കുന്ന സൗരഭ്യം മാത്രമേ അവരുടെ കൂന്തലിൽ നിന്ന് പ്രസരിക്കൂ. അത് സ്വാഭാവിക ഗന്ധമെന്നു പറയുന്നത് ശുദ്ധവിഡ്ഢിത്തം. മഹാദേവൻ നക്കീരന്റെ മുഖത്തോടു തന്റെ മുഖം അടുപ്പിച്ചു. നക്കീരാ നീ ആരോടാണ് കളിക്കുന്നതെന്നറിയാമോ? ഭഗവാൻ ക്രുദ്ധനായി. ആരുടെ സൃഷ്ടിയിലാണ് നീ കുറ്റം കാണുന്നതെന്നറിയാമോ? എന്റെ നെറ്റിയിൽ സൂക്ഷിച്ചു നോക്കുക. നക്കീരൻ ആ നെറ്റിയിൽ തിളങ്ങുന്ന അഗ്നിനേത്രം സൂക്ഷിച്ചു നോക്കി. സംഹാരം ഏതു നിമിഷവും സംഭവിക്കാം. കവിതയുമായി വന്നത് സാക്ഷാൽ ശ്രീമഹാദേവൻ തന്നെയാണെന്നു മനസ്സിലായി. നക്കീരൻ അതീവ ശിവഭക്തനാണ്. ആ തിരുമുഖം മുഖാമുഖം കണ്ടു കഴിഞ്ഞു. ഇതിൽ പരം ഇനി എന്തു വേണം ഭാഗ്യം. ഈശ്വരന്റെ തെറ്റ് തെറ്റാണോ? നീർക്കുമിള പോലത്തെ മനുഷ്യജന്മത്തിന് അതിൽ കുറ്റം കാണാൻ എന്തു യോഗ്യത? എന്തധികാരം? പക്ഷെ നക്കീരൻ നിർക്ഷോഭ്യനായി പറഞ്ഞു. നെറ്റിക്കൺ തുറപ്പിനും കുറ്റം കുറ്റമേ നെറ്റിക്കണ്ണ് തുറന്ന് ഭസ്മമാക്കിയാലും കുറ്റം കുറ്റം തന്നെയാണ്. സാക്ഷാൽ ഈശ്വരനുപോലും തെറ്റു പറ്റുന്നു. അങ്ങനെ ഭഗവാൻ നക്കീരനെ ഭസ്മമാക്കുന്നു. എന്നാൽ പാണ്ഡ്യമന്നന്റെ യാചന മാനിച്ച് നക്കീരനെ ഭഗവാൻ തന്നെ പുനർജ്ജീവൻ നൽകി അനുഗ്രഹിക്കുന്നു. ഇതാണ് കഥ.

ഇനി കുറച്ച് കുറൾ തത്ത്വങ്ങൾ പരിശോധിക്കാം.

'അകാരം മുതലെഴുത്തെല്ലാം
പകവൻ മുതലോ ഉലക്
അകാരം മുതൽ എഴുത്തെല്ലാം
ആദി ഭഗവാൻ മുതലേ ഉലകം'

അക്ഷരമാലകൾ അകാരത്തോടു കൂടിയവയാണ്. ഈ ലോകം ആദിദൈവമാകുന്ന ആരംഭത്തോടു കൂടിയാണ് ഈശ്വരനിൽ നിന്ന് ഈ പ്രപഞ്ചം ആരംഭിക്കുന്നത്. എല്ലാം ഈശ്വരൻ തന്നെയാണ്. ഈശ്വര സാന്നിദ്ധ്യം തുടർച്ചയായി അനുഭവപ്പെടാത്ത യാതൊന്നും ഈ ഭൂമിയിൽ ഇല്ല. ഭാഷ എന്തോ ആകട്ടെ അതിന്റെ അക്ഷരം തുടങ്ങുന്നത് 'അ' യിൽ നിന്നാണ്. അതായത് ഒരു 'അ'ഇല്ലാതെ അക്ഷരക്കൂട്ടങ്ങളുടെ ലോകം തുടങ്ങുന്നില്ല. ആ ഒന്ന് ഈശ്വരൻ തന്നെയാണ്. ആ

ഈശ്വരനാകട്ടെ ആദിയും അനാദിയും ഒക്കെയാണ്.

2.) ഇതുവരെ പഠിച്ചത് കൈയിന്റെ അളവിൽ മാത്രമാകുന്നു. ഇനിയും പഠിക്കുവാൻ കിടക്കുന്നത് സമുദ്രത്തിന്റെ അളവിലാണ്. ഈ ഉലക സൃഷ്ടി ഒരു കൈമുഷ്ടിക്കത്രയേ ആയിട്ടുള്ളൂ. ഇനി സമുദ്ര സമാനം കാര്യങ്ങൾ വരുന്നതേ ഉള്ളൂ. നാം എത്ര പഠിക്കുന്നു - അത് കുറച്ചോ കൂടുതലോ ആയിരിക്കട്ടെ. പക്ഷെ അത് വ്യക്തമായി പഠിക്കുക, വിശദമായി പഠിക്കുക അങ്ങനെ ആർജ്ജിക്കുന്ന അറിവ് കറ തീർന്നതായിരിക്കണം. ആ അറിവിന്റെ ബലത്തിൽ എങ്ങനെ ജീവിക്കണമോ അങ്ങനെ ജീവിക്കണം.

'കറത് കൈയളവ്
കല്ലാതത് കടലളവ്'

3.) 'കണ്ണുള്ളോർ വിദ്യയറിഞ്ഞോർമുഖത്തിരു
പുണ്ണുള്ളോർ വിദ്യയില്ലാത്തോർ'

വിദ്യാഭ്യാസത്തിന്റെ പ്രസക്തി രണ്ടായിരം വർഷം മുൻപു തന്നെ ഇത്ര ശക്തമായി വള്ളുവർ പറഞ്ഞിരിക്കുന്നു. പഠിക്കാത്തവന്റെ മുഖത്തുള്ള കണ്ണുകൾ വെറും പുണ്ണുകളാണ് എന്നു തിരുക്കുറൾ. വെള്ളം എത്രത്തോളം ഉയരുന്നുവോ താമരയും അത്രത്തോളം ഉയരുന്നതാണ്. ഉള്ളം അതായത് മനസ്സ് എത്രത്തോളം ഉയരുന്നുവോ അത്രത്തോളം ജീവിതവും ഉയരുന്നു എന്ന് സമർത്ഥനം. നല്ല ജീവിതം കാംക്ഷിക്കുന്നവർ ഹൃദയം കൊണ്ട് സമുന്നതനാകാൻ ശ്രമിക്കണം. മധുരമായ മിതഭാഷണം, ചിന്തിച്ചു പ്രവർത്തിക്കൽ വാക്കു പാലിക്കൽ, പ്രതിപക്ഷ ബഹുമാനം ഇതിനെല്ലാം വേണ്ടത് അവനവന്റെ മനോദാർഢ്യമാണ്, ഇച്ഛാശക്തിയാണ്. വേഷവിധാനം, ആഭരണം, ധനം, ബിരുദം, സൗന്ദര്യം ഇതൊന്നുമല്ല. മറിച്ച് മഹത്വം തരുന്നത്. സദാചാര നിഷ്കൃത തന്നെയാണ്.

4.) 'വിരുന്തു പുറത്താത്താനുണ്ടാൽ ചാവാ -
മരുന്തെതിനും വേണ്ടറ് പാറ്റൻറു'

അതിഥി പുറത്തിരിക്കുമ്പോൾ അകത്തിരുന്ന് ആഹാരം കഴിക്കുന്ന ഗൃഹസ്ഥൻ പാപകർമ്മമാണ് ചെയ്യുന്നത്. അതിഥി ദൈവതുല്യനാണ്. ഭാരതസംസ്കാരത്തിൽ ഗുരുകുല വിദ്യാഭ്യാസം കഴിഞ്ഞു പുറത്തിറങ്ങുന്ന ശിഷ്യന് ഗുരു ഉപദേശിക്കുന്നത്. മാതൃദേവോ ഭവ! പിതൃദേവോ ഭവ! ആചാര്യദേവോ ഭവ! അതിഥി ദേവോ ഭവ! എന്ന ആപ്ത വാക്യമാണ്.

5.) ഉഴുതുണ്ടു വാഴ്വോരെ വാഴ്വോർ -
മറ്റെല്ലാം തൊഴുതുണ്ടു പിൻചെല്ലുവോർ

കാർഷിക സംസ്കാരത്തിന്റെ മഹിമയെക്കുറിച്ച് കുറൾ അന്നേ പറഞ്ഞു വച്ചിരിക്കുന്നു. കർഷകൻ കെട്ടുറപ്പുള്ള സമൂഹജീവിതത്തിന്റെ അടിത്തറയാണ്. നിലം ഉഴുതുണ്ട് ജീവിക്കുന്നവൻ മാത്രമേ യഥാർത്ഥത്തിൽ ജീവിക്കുന്നുള്ളൂ. മറ്റുള്ളവരെല്ലാം അവനെ തൊഴുതുണ്ട് ജീവിക്കുകയാണ്. അധികാരമോഹികൾ എവിടെ വച്ച് ഇത് തിരിച്ചറിയുന്നുവോ അവിടെ വച്ച് നാടിന്റെ പുരോഗതി ആരംഭിക്കുന്നു. കർഷകരെ ഏഴാം കിട പൗരന്മാരായി തരംതാഴ്ത്തപ്പെടുന്നിടത്തു നിന്ന് നാടിന്റെ അധ:പതനവും തുടങ്ങുന്നു.

6.) 'വിദ്യയാൽ ബലമെന്ത് ? സർവ ഉത്തമനായോന്റെ തൃപ്പാദം കുമ്പിട്ടിടായ്കിൽ'

വിദ്യ അഭ്യസിച്ചതുകൊണ്ട് എന്താണൊരു പ്രയോജനം. എല്ലാം അറിയുന്ന ശക്തി ഒന്നേ ഉള്ളൂ. ഈശ്വരൻ ആ ഈശ്വരന്റെ തൃച്ചേവടികളിൽ സർവ്വവും സമർപ്പിച്ച് വണങ്ങാത്തവന്റെ വിദ്യയും പാണ്ഡിത്യവുമൊക്കെ വെറും വിഴുപ്പുപാണ്ഡം പോലെ നിഷ്പ്രയോജനമാണ്.

7). 'ധർമ്മത്തേക്കാൾ ശ്രേയസ്സാകില്ല മറ്റൊന്നും
ധർമ്മം മറന്നോർക്ക് കേടും.'

ധർമ്മമാർഗ്ഗത്തിൽ കർത്തവ്യങ്ങൾ ചെയ്യണം. ഇങ്ങനെയുള്ളവർക്ക് ഉത്തരോത്തരം അഭിവൃദ്ധി ഉണ്ടാകും. ഇത് ധർമ്മനിഷ്ഠനു ലഭിക്കുന്ന ഈശ്വര വരദാനമാണ്. അധർമ്മികൾക്ക് വലിയ പതനവും വന്നു ചേരും. മാറ്റി വച്ചിടാതെ ചെയ്യുന്ന ധർമ്മം അന്ത്യകാലത്തോളം തുണയായി നിൽക്കും. നാളെ നാളെ എന്നു കരുതി മരണം വരെ യാതൊന്നും ചെയ്യാതിരിക്കുന്നത് അവിവേകമാണ് . അവനവനാൽ കഴിയുന്ന കർമ്മം നേരത്തെ ചെയ്തു വെക്കണം. ആ ധർമ്മമാണ് അഴിയാതെ നിലനില്ക്കുന്നതും അന്ത്യകാലത്ത് തുണയാവുന്നതും.

8.) 'ധർമ്മ ഭയത്താൽ പകുത്തുൺവോർ മക്കൾക്ക്
മണ്ണിലൊരു കുറവും വരില്ല.'

ധർമ്മം പിഴച്ചാൽ ഉണ്ടാകുന്ന പാപത്തെ ഭയന്ന് ന്യായമായ മാർഗ്ഗത്തിലൂടെ നേടുന്ന സമ്പാദ്യങ്ങൾ പിതൃക്കൾ, ദേവകൾ, അച്ഛൻ, അതിഥികൾ, ബന്ധുക്കൾ എന്നിവർക്ക് തുല്യമായി പകുത്ത് തന്റെ ജീവിതം അനുഭവിക്കുക. അവരുടെ സന്തതി പരമ്പരകൾക്കു പോലും ഒരു കാലത്തും ഒരു മുട്ടും വരുകയില്ല.

9.) 'മണ്ണുലകിൽ വിധിപോലെ ധർമ്മമോടു വാഴുവോർ
വിണ്ണിലൊരുവനായ് തീരും.'

ഈ ഭൂമിയിൽ തന്നെ യഥാവിധി ധർമ്മങ്ങൾ ചെയ്ത് ഗ്രഹസ്താശ്രമ ജീവിതം നയിക്കുന്നവർ മറ്റെല്ലാവർക്കും മാതൃകയായി തീരുന്നു. കാലശേഷം സ്വർലോകസ്ഥിതരായ ദേവന്മാരിൽ ഒരാളായി ഉയർത്തപ്പെട്ട് ആദരിക്കപ്പെടുകയും ചെയ്യുന്നു.

10.) 'കണവന്റെ വരവറിഞ്ഞ് ചെലവിടും ഗുണമാർന്ന
കുല പത്നി വാഴ്വിനും തുണ തന്നെ.'

കുടുംബ ജീവിതത്തിന് യോഗ്യമായ സത്ഗുണ

ങ്ങൾ ഉള്ളവളും ഭർത്താവിന്റെ വരുമാനംകൊണ്ട് കുടും ബം നടത്തി സംതൃപ്ത ജീവിതം നയിക്കുന്നവളുമായ ധർമ്മപത്നി ഗാർഹസ്ഥ്യത്തിൽ തുണയായിരിക്കും.

11) 'ദൈവത്തെയല്ല തൻ കണവനെത്തൊഴുതേഴു-
വോൾ പെയ്യെന്നിൽ പെയ്യുന്ന മാരി'

പ്രത്യേകമായി മറ്റൊരു ദൈവത്തേയും തൊഴാതെ തന്റെ കണവൻ തന്നെയാണ് ദൈവമെന്നു കരുതി തൊഴുത് എഴുന്നേൽക്കുന്നവളുമായ ധർമ്മ പത്നി പെയ്യ് എന്ന് ആഗ്രഹിക്കുമ്പോൾ പെയ്യുന്ന മഴപോലെ ആകുന്നു.

12) 'ഏഴു ജന്മത്തിലും തിന്മതീണ്ടാ ധർമ്മ -
ശീലരാം മക്കളെ പെറ്റാൽ'

അന്യന്മാർ നിന്ദിക്കുകയും പഴിക്കുകയും ചെയ്യാത്തവരായ ലോകസമ്മതരായ ഉത്തമ സന്താനങ്ങളെ പ്രസവിക്കുന്നവർക്ക് അവരുടെ ഏഴു ജന്മങ്ങളിലും ദു:ഖിക്കേണ്ടി വരില്ല.

13.) 'അമൃതിനേക്കാളും രുചികരം മക്കൾ തൻ
ചെറുകൈ വിളയാടും കുഴമ്പ്.'

അച്ഛനമ്മമാർക്ക് തങ്ങളുടെ പിഞ്ചോമനകളുടെ പരിമൃദുലമായ കൈകൾ കൊണ്ടു കുഴച്ച ഭക്ഷണം അമൃതിനേക്കാൾ രുചികരവും മാധുര്യമുള്ളതും പ്രിയങ്കരവും ആയിരിക്കും.

14) 'പെറ്റ സന്തോഷം പെരുമമ്മക്കു തൻ
പുത്രൻ മഹാനെന്നു കേൾക്കെ.'

ഒരു സ്ത്രീയുടെ പൂർണ്ണത മാതൃത്വമാണല്ലോ. പുത്രലാഭത്തോടെ അവളുടെ സന്തോഷം പരിപൂർണ്ണമാകുന്നു. എന്നാൽ ആ സന്താനത്തെ ഇതാ ലോകം വാഴ്ത്തുന്നു എന്നു കേൾക്കുമ്പോഴുള്ള ആ അമ്മയുടെ ചാരിതാർത്ഥ്യം ഊഹിക്കാവുന്നതേയുള്ളൂ.

15) 'ഇവനേതു പുണ്യഫലം എന്നുലകുവാഴ്ത്തു
വതു -
മകനച്ഛനേകുമുപകാരം'

ഈ മകനെ ലഭിക്കാൻ ഇവന്റെ അച്ഛൻ ഏതൊക്കെ നോയ്മ്പുകളാണോ നോറ്റത്, എന്തൊക്കെ തപസ്സുകളാണോ ചെയ്തത് എന്നൊക്കെ ലോകം അത്ഭുതാദരങ്ങളോടെ മകനെ നോക്കി വാഴ്ത്തുമാറാകണം. അങ്ങനെ ഒരവസ്ഥ ഉണ്ടാവുക എന്നത് മാത്രമാണ് ഒരു മകൻ തന്റെ അച്ഛന് ചെയ്യേണ്ട ഉപകാരം.

16) 'അൻപിനും തുഴുണ്ടോ? കാണാമതിഷ്ടർതൻ
തുൻപതിൻ കണ്ണുനീർചാലായ്'

നിസ്തുല സ്നേഹത്തെകുറിച്ചു പറയുന്നു. അതു താഴിട്ടു പൂട്ടി വയ്ക്കാൻ കഴിയുമോ ? ഒരിക്കലുമില്ല. ഏറ്റവും അടുത്ത ഉറ്റവരുടെ ദു:ഖത്തിൽ അറിയാതെ കണ്ണുനീർ ചാലുകളായി അത് പുറത്തേയ്ക്ക് ഒഴുകുകതന്നെ ചെയ്യും.

17) 'നന്ദി, മറക്കാൻ തന്നല്ല, കൃതഘ്നത -
അന്നേ മറന്നേക്ക് നല്ലൂ.'

ആരെങ്കിലും ഒരുപകാരം എപ്പോഴെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അത് ഒരിക്കലും മറക്കരുത്. എന്നാൽ ഒരാൾ ചെയ്ത തിന്മയെ അപ്പോൾ തന്നെ മറന്നു കളയുകയും വേണം. അതാണ് ധർമ്മം.

18) 'കണ്ണോട് കണ്ണ് നോക്കുകയാണെങ്കിൽ
വാക്കിന് എന്തു പ്രയോജനം'

ഒരാളുടെ വിചാരവികാരങ്ങളെ കണ്ണിൽ നിന്നു വായിച്ചെടുക്കാം. വാക്കുകൾ അത്തരം സന്ദർഭങ്ങളിൽ നിശ്ചലങ്ങളാകുന്നു. അതിനേക്കാൾ ആഴത്തിലും വ്യാപ്തിയിലും അർത്ഥതലങ്ങളെ ആവാഹിക്കുവാൻ കണ്ണുകൾക്ക് കഴിയും. അത്തരം സന്ദർഭങ്ങളിൽ വാക്കുകൾ കേവലം നിഷ്പ്രയോജനങ്ങളായി തീരുന്നു.

19) 'ഉണ്ണുന്നോർക്കുണ്ണേണ്ടതുണ്ടാക്കിതിനു -
മൊരൂണായി തീരുന്നു മാരി'

മഴയുടെ വൈശിഷ്ട്യത്തെക്കുറിച്ചു പറയുന്നു. നിഷ്കാമ കർമ്മത്തിന്റെ ശ്രേഷ്ടതയാണ് ഇവിടെ ഊന്നുന്നത്. ഉണ്ണുന്നവർക്ക് നല്ല ഭക്ഷണം ഉണ്ടാക്കുന്നതിന് കാരണമായി തീരുന്നതും (കർഷക ബന്ധു) തുടർന്ന് അവർക്ക് സ്വയം ഭക്ഷണമായി (പാനീയം) തീരുന്നതും ഈ മഴ തന്നെയാണ്.

20) 'ദാനം തപം എന്നിവയില്ലാത്ത ലോകത്ത് മേഘം മഴ പൊഴിക്കുകയില്ല എന്ന ചൊല്ല്' ഗ്രഹസ്ഥന്റെ പുണ്യകർമ്മമാണ് യഥാശക്തി ദാനം. അതുപോലെ ഋഷീശ്വരന്റെ ധർമ്മമാണ് ധ്യാനം അല്ലെങ്കിൽ തപം. ഇതു രണ്ടുമില്ലാത്ത ലോകം കേവലം അധോമുഖമാണ്. ഇവിടെ വർഷിക്കുവാൻ കാർമേഘം പോലും താൽപര്യപ്പെടുകയില്ല.

21) 'തുണനന്മധനവൃദ്ധി നൽകും പരിശ്രമം
ഗുണ നന്മ സകലതും നൽകും.'

ബന്ധുമിത്രാദികൾ തുണയായി ഉള്ളവർക്ക് അവരുടെ സഹകരണം അനുസ്യൂതം ഉണ്ടാകും. അതുപോലെ പരിശ്രമിക്ക് ധനവൃദ്ധി സദാ ലഭ്യമാണ്. നിരന്തരം പരിശ്രമം എന്ന സത്ഗുണത്തിന്റെ തുണയുള്ളവർക്ക് അതിന്റെ നന്മ അവർ ആഗ്രഹിക്കുന്നതെല്ലാം കൊടുക്കുന്ന കാമധേനുവാണ്.

22) 'തുൻപം വരികിലും ചെയ്ക തുടർ പാറ്റി
ഇൻപം പയക്കും വിനൈ'

തടസ്സങ്ങൾ വന്നാലും ചെയ്തു തുടങ്ങിയ കർമ്മങ്ങൾ നല്ല ഫലം ഉണ്ടാക്കുന്നവയാണെങ്കിൽ അതു ചെയ്യുക തന്നെ വേണം. മനസ്സ് തളരാതെ ധീരമായി ശക്തിപൂർവ്വം ആ കർമ്മങ്ങൾ ചെയ്യുകയാണ് വേണ്ടത്.

# 2-ാം ചരമവാർഷികം

**23.07.2019**



## ശ്യാമള ഉണ്ണികൃഷ്ണൻ

**'കാർത്തിക'**
**ജിംനേഷ്യം ലെയ്ൻ, പോണോത്ത് റോഡ്**
**കലൂർ, കൊച്ചി - 682017**

**ഉണ്ണിക്കാൽ കൊണ്ടു നൃത്തങ്ങളു, മരനിറയെ -**
**ക്കിങ്ങിണിപ്പൊന്നരഞ്ഞാ -**
**ണുണ്ണിക്കൈകൊണ്ടു താളങ്ങളു, മണിമുടിയിൽ**
**പിഞ്ഛരവും കൊഞ്ചൽ വായ്പും ;**
**ഉണ്ണിക്കണ്ണന്റെ പൂമെയ് കുഴൽ വിളിയുമടു -**
**ത്തുള്ള ചിൽപ്പിള്ളരും മേ**
**കണ്ണിൽക്കാണുന്നപോലെ മനതളിരിലുദി -**
**ക്കേണമോർക്കുമ്പൊഴെല്ലാം.**

*- പൂന്താനം - ശ്രീകൃഷ്ണകർണ്ണാമൃതം.*

ഉണ്ണിക്കാൽകൊണ്ടു നൃത്തങ്ങളും അരയിൽ നിറയെ കിങ്ങിണികളുള്ള പൊന്നരഞ്ഞാണവും ഉണ്ണിക്കൈകൊണ്ടു താളം കൊട്ടലും മനോഹരമായ തലമുടിയിൽ മയിൽപ്പീലിയും കൊഞ്ചലിന്റെ ആധിക്യവും ഉണ്ണിക്കണ്ണന്റെ പൂമേനിയും ഓടക്കുഴൽ വിളിയും അടുത്തുള്ള കുട്ടികളും കണ്ണുകൊണ്ടു നേരിട്ടു കാണുന്നതുപോലെ എപ്പോഴും എന്റെ മനസ്സിൽ തെളിഞ്ഞു കാണണം.

## 2019 ജൂൺ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**Adv. നാരായണികുട്ടി ചേറ്റൂർ**
L/4690, എച്ച്. ബി. 123
പനമ്പിള്ളി നഗർ, കൊച്ചി-36

**കെ. മാധവൻ നായർ**
L/0370, 28,
കൈരളി അപ്പാർട്ട്മെന്റ്സ്
പനമ്പിള്ളി നഗർ
കൊച്ചി 682036



**സരസ്വതി അമ്മ. എ**
L/2420, എടനാട്ടു വീട്
കെ. പി. വള്ളോൻ റോഡ്
കടവന്ത്ര, കൊച്ചി -682020



**കോമള പണിക്കർ**
L/ 4555, 702, Fern Icon
അമ്പേലിപ്പാടം റോഡ്
വൈറ്റില, കൊച്ചി - 682019



**2019 ഏപ്രിൽ മാസത്തിൽ അന്തരിച്ച കരയോഗാംഗം**

**പി. ആർ. വിജയശങ്കർ**
L/3860, സി. 24
എച്ച്. ഐ. ജി അപ്പാർട്ട്മെന്റ്
ഗാന്ധിനഗർ, കടവന്ത്ര, കൊച്ചി

**കുഞ്ഞിക്കാലും കരത്താർകളുമണിമുഖവും**
**കണ്ണിലെക്കണ്ണെഴുത്തും**
**കിഞ്ചില്പോന്നങ്കുരിക്കും ദശനമുകളവും**
**കൃഷ്ണ ! ചെഞ്ചോരിവായും**
**പഞ്ചത്വം വന്നടുക്കുമ്പൊഴതു മതിമറ -**
**ന്നങ്ങു വീണീടുമപ്പോ -**
**ളെഞ്ചിത്തേ പോന്നുദിച്ചീടുക തവ തിരുമെ -**
**യ്ക്കുള്ള കോപ്പും മുരാരേ.**

*- പൂന്താനം - ശ്രീകൃഷ്ണകർണ്ണാമൃതം.*

ഭഗവാനേ, ഉണ്ണികൃഷ്ണാ, മരണം അടുത്ത്, ബുദ്ധി മങ്ങി ഞാൻ കിടക്കുന്ന സമയത്ത് അങ്ങയുടെ കുഞ്ഞിക്കാലും പൂവുപോലുള്ള കൈകളും മനോഹരമായ മുഖവും കണ്ണിലെ മഷിയെഴുത്തും ചെറുതായി മുളച്ചു വരുന്ന പല്ലിൻമൊട്ടും ചുവന്ന ചുണ്ടും ശരീരത്തിലണിഞ്ഞിരിക്കുന്ന ആഭരണങ്ങളും എന്റെ മനസ്സിൽ കാണപ്പെടണം.

കര്‍ക്കിടകം

ഓം


ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491

# മാസഫലം

**2019 ജൂലൈ 15 മുതല്‍ ഓഗസ്റ്റ് 15 വരെ**

**ജ്യോതിഷാചാര്യന്‍: ജി.കെ. മേനോന്‍**



**മേടക്കൂറ് (അശ്വതി, ഭരണി, കാര്‍ത്തിക1/4)ഃ** അനാരോഗ്യവും രക്തസംബന്ധമായും ഉദരസംബന്ധമായും അസുഖങ്ങളും കഠിനമായ ദുഃഖവും സ്ഥാനചലനവും ശത്രു വര്‍ദ്ധനയും കര്‍മ്മവിഘ്നവും സ്നേഹ ബന്ധങ്ങളില്‍ ഉലച്ചിലും വേര്‍പാടുകളും യാത്രാക്ലേശവും ധനലാഭവും വിശേഷ വസ്ത്ര ലാഭവും ബന്ധുഗുണവും ഈ മാസത്തില്‍ ഉണ്ടാകും. അഷ്ടമ വ്യാഴവും ഭാഗ്യസ്ഥാനത്തെ ശനിയും പ്രതികൂലത സൃഷ്ടിക്കുന്നതിനാല്‍ വിഷ്ണു ക്ഷേത്രത്തില്‍ ഭാഗ്യസൂക്ത അര്‍ച്ചന വ്യാഴാഴ്ചയും ശനിയാഴ്ച ശനിദോഷ നിവാരണ മന്ത്രത്താല്‍ അര്‍ച്ചനയും നടത്തണം.



**ഇടവക്കൂറ് (കാര്‍ത്തിക 3/4 രോഹിണി, മകയിരം 1/2)ഃ** ദ്രവ്യലാഭം വിശേഷപ്പെട്ട അലങ്കാര സാധനങ്ങളുടെ ബഹുമാനം സ്ഥാനലാഭം അര്‍ത്ഥലാഭം സ്ത്രീസുഖം, ബുദ്ധിക്കും വാക്കിനും നിപുണത സ്വജന വിരോധം പലവിധ കഠിന ക്ലേശങ്ങള്‍ സഹിക്കേണ്ടി വരിക, വിദേശ ഗമനത്തിന് സാധ്യത വാക്കും ധനവും ചില സന്ദര്‍ഭങ്ങളില്‍ ക്രമം വിട്ട രീതിയില്‍ ആകും. അത് ദാമ്പത്യ ബന്ധത്തില്‍ പിണക്കങ്ങള്‍ക്ക് കാരണമാകാം. ധനസ്ഥാനത്തെ സര്‍പ്പവും അഷ്ടമത്തിലെ ശനിയും ദോഷകരമായതിനാല്‍ സര്‍പ്പപ്രീതിയും ശനി പ്രീതിയും വരുത്തുക.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണര്‍തം 3/4 )ഃ** ഭക്ഷണസൗഖ്യം വസ്ത്രലാഭം, നേത്രരോഗം ചതി പറ്റുക വാക്കേറ്റം മൂലം കലഹവും ധന നഷ്ടവും കള്ളന്മാരില്‍ നിന്ന് ധനനഷ്ടത്തിന് സാധ്യത, എന്തൊക്കെ ഉണ്ടായാലും പൊതുവെ സുഖഹാനി അനുഭവപ്പെടുക. ദൂരദേശ ഗമനത്തിന് സാധ്യത, പൊതുവെ സമ്മിശ്ര ഫലങ്ങളാണ് ഉണ്ടാവുക എന്നാലും അഷ്ഠമ വ്യാഴവും കണ്ടകശ്ശനിയും കൂടിയ കാലമായതിനാല്‍ വിശ്വസ്തരില്‍ നിന്നും ചതി വഞ്ചന എന്നിവയ്ക്ക് സാധ്യത ഉണ്ട്. ആയതിനാല്‍ ശിവങ്കലും വിഷ്ണുവിങ്കലും ആശ്രയം തേടുക.



**കര്‍ക്കിടകക്കൂറ് (പുണര്‍തം 1/4, പൂയം, ആയില്യം)ഃ** അമിത അദ്ധ്വാനവും അനാരോഗ്യവും വിഭവനാശവും സഞ്ചാര ക്ലേശവും ശിരോരോഗവും കാര്യവിഘ്നവും ശത്രു ശല്യവും ബന്ധുകലഹവും സന്താനങ്ങളെക്കുറിച്ചുള്ള അമിത ചിന്ത മനസ്സിന് സമ്മര്‍ദ്ദം സൃഷ്ടിക്കും. സഹായികളില്‍ നിന്നും സഹോദരസ്ഥാനീയരില്‍ നിന്നും ചില അനുകൂലതകള്‍ ഉണ്ടാകും. വിവാഹ കാര്യങ്ങള്‍ക്ക് തീരുമാനമാകും. കാലം പൊതുവെ ഗുണദോഷ സമ്മിശ്രമായിരിക്കും സര്‍പ്പപ്രീതികരങ്ങളും ശിവപ്രീതികരങ്ങളും ആയ വഴിപാടുകള്‍ നടത്തി ദോഷങ്ങള്‍ മാറ്റുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 )ഃ** മാനസികമായി അകന്നുപോയ ബന്ധങ്ങള്‍ പുനസ്ഥാപിക്കാന്‍ സാധിക്കും. വ്യവഹാരങ്ങളില്‍ വിജയ മുണ്ടാകും.ദൂരദേശത്തുള്ള ബന്ധുക്കളുമായി കൂടിചേരും. ബന്ധു സ്നേഹവും ധനലാഭവും കളത്രസുഖപ്രാപ്തിയും ഉണ്ടാകും. കണ്ണിനും, കാലിനും രോഗവും അതുമൂലം പ്രയാസങ്ങളും ഉണ്ടാകും. ചില ബിസിനസ്സുകളില്‍ നിന്നും പിന്‍മാറുന്ന അവസ്ഥ ഉണ്ടാകും. പുത്രാദികളെ കൊണ്ട് മനപ്രയാസമുണ്ടാകും. തിങ്കളാഴ്ചകളില്‍ ശിവക്ഷേത്രത്തില്‍ ധാരയും ദേവിക്ക് കുങ്കുമവും സര്‍പ്പത്തിന് മഞ്ഞളും സമര്‍പ്പിച്ച് പ്രാര്‍ത്ഥിക്കുക.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)ഃ** വില്‍ക്കുവാനുദ്ദേശിക്കുന്ന വസ്തുവകകള്‍ വില്പനയാകുവാന്‍ സാധ്യത ഉണ്ട്. വ്യവഹാരങ്ങള്‍ പ്രതികൂലമാകും. ഉന്നത പരീക്ഷക്ക് ശ്രമിക്കുന്നവര്‍ക്ക് ഉല്‍കൃഷ്ട വിജയത്തിന് സാധ്യത ഉണ്ട്. സ്ഥാനപ്രാപ്തിയും അര്‍ത്ഥലാഭവും സര്‍ക്കാരില്‍ നിന്നുള്ള ഗുണവും, അന്യദേശ ഗമനവും കുടുംബവുമായിട്ട് വേര്‍പ്പെട്ട് നില്‍ക്കേണ്ടി വരുകയും, സ്ത്രീകള്‍ നിമിത്തം കലഹവും ഉണ്ടാകും. ആയതിനാല്‍ ദോഷപരിഹാരമായി വിഷ്ണു ക്ഷേത്രത്തില്‍ ഭാഗ്യസൂക്ത മന്ത്രം, അഭിഷ്ടഫലസിദ്ധി മന്ത്രം എന്നിവയാല്‍ അര്‍ച്ചനകള്‍ നടത്തുക.



**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)ഃ** ധനലാഭം, ഭാര്യാസുഖം, കുടുംബസുഖവും ആരോഗ്യവും, അഭിഷ്ട സിദ്ധിയും ധനധാന്യാദികളുടെ ലാഭവും, മനസ്സന്തോഷവും സല്‍ക്കര്‍മ്മ സിദ്ധിയും കാര്യവിജയവും ഫലം. സഹായികളും സഹോദരസ്ഥാനിയരും ആയവരില്‍ നിന്നും പ്രതീക്ഷിക്കാത്ത ചില തിരിച്ചടികള്‍ക്കും, കര്‍മ്മരംഗത്ത് കലഹങ്ങള്‍ക്കും കൂടി സാധ്യതയുള്ള കാലമാണ്. ഗുണാധിക്യമുണ്ടെങ്കിലും ചില ദോഷങ്ങള്‍ക്കു കൂടി സാധ്യത ഉള്ളതിനാല്‍ ഭദ്രകാളി ക്ഷേത്രത്തില്‍ ഐക്യമത്യസൂക്തം, കാര്യസിദ്ധി മന്ത്രങ്ങളാല്‍ അര്‍ച്ചനകള്‍ നടത്തുക.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)ഃ** പ്രാര്‍ത്ഥനയിലൂടെ ആരോഗ്യസ്ഥിതി മെച്ചപ്പെടും. ഈശ്വര കാര്യങ്ങള്‍ക്കും അദ്ധ്യാത്മിക കാര്യങ്ങള്‍ക്കും കൂടുതല്‍ ശ്രദ്ധ ചെലുത്തും. കളത്രപുത്രാദികലോടു കലഹവും വീടുവിട്ടു നില്‍ക്കുവാന്‍ തോന്നുന്ന തരത്തിലുള്ള പ്രതിസന്ധികള്‍ നേരിടേണ്ടി വരിക, അസത്യങ്ങള്‍ പറയേണ്ടി വരുന്ന സന്ദര്‍ഭങ്ങള്‍ ഉണ്ടാകുക, തുടങ്ങിയ ദോഷങ്ങള്‍ക്ക് ഇടവരും. ജന്മവ്യാഴവും ഏഴരശനിയുടെ അവസാനവും കൂടിയായതിനാല്‍ ശനിദോഷ നിവാരണ പൂജ ശാസ്താക്ഷേത്രങ്ങളിലും, ഭാഗ്യസൂക്താര്‍ച്ചന വിഷ്ണു ക്ഷേത്രത്തിലും നടത്തുക.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)ഃ** രക്തസമ്മര്‍ദ്ദം നിമിത്തമുണ്ടാകുന്ന അസുഖങ്ങളും മാനസിക സംഘര്‍ഷങ്ങളും ശിരോ രോഗവും വര്‍ദ്ധിയക്കും. ബന്ധുവിരോധവും ദൂരദേശ ഗമനവും പല തരത്തിലുള്ള അരിഷ്ടതകളും വരും. സ്ത്രീകള്‍ നിമിത്തം ഉപദ്രവത്തിന് സാധ്യത ഉള്ളതിനാല്‍ ശ്രദ്ധയോടെ വേണം സ്ത്രീകളുമായി ഇടപെടാന്‍. പിതൃസ്ഥാനീയര്‍ക്കുണ്ടാകുന്ന രോഗങ്ങള്‍ മൂലം വിഷമം അനുഭവിക്കേണ്ടി വരും. ജന്മശനിക്കാലമായതിനാല്‍ ശിവക്ഷേത്ര ദര്‍ശനവും ഭാഗ്യസൂക്തം, മൃത്യുഞ്ജയ മന്ത്രം എന്നിവയാല്‍ അര്‍ച്ചനയും നടത്തി ദുരിത ശാന്തി വരുത്താം.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)ഃ** ആരോഗ്യസ്ഥിതി മോശമാകും. സഞ്ചാര ക്ലേശം വര്‍ദ്ധിക്കും. കുടുംബ ബന്ധങ്ങളില്‍ ചില വിഷമതകള്‍ ഉണ്ടാകും. സാമ്പത്തികമായി അനുകൂലതകള്‍ ഉണ്ടാകും. കണ്ണിനും പാദങ്ങള്‍ക്കും രോഗദുരിതം ഉണ്ടാകും. ശത്രു വിരോധം കാര്യതടസ്സം സൃഷ്ടിക്കും. ഏഴരശനി കാലമായതിനാല്‍ ഒന്നിന് പുറകെ ഒന്നായി ഓരോ ദുരിതങ്ങള്‍ വന്ന് ചേരും. എല്ലാ ശനിയാഴ്ചയും ശിവക്ഷേത്ര ദര്‍ശനവും കൂവളമാല സമര്‍പ്പണവും നടത്തുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരുരുട്ടാതി 3/4)ഃ** അര്‍ത്ഥപുത്രബന്ധുമിത്രാദികളെ കൊണ്ടുള്ള സന്തോഷവും, സ്ഥാനലാഭവും ശത്രുഭയവും ചില ശത്രുക്കള്‍ മിത്രങ്ങളായി ഭാവിക്കുകയും ഉണ്ടാകും. സ്വജനങ്ങളുടെ വിയോഗവും, മനോരോഗദുരിതമനുഭവിക്കുന്നവര്‍ക്ക് ആശ്വാസമുണ്ടാകും. ചില സ്നേഹബന്ധങ്ങള്‍ തകരും. സന്താനങ്ങള്‍ക്ക് വേണ്ടി ധനം കൂടുതല്‍ ചിലവഴിക്കേണ്ടി വരും. കാലം പൊതുവെ ഗുണദോഷസമ്മിശ്രമായിരിക്കും. അതുകൊണ്ട് കര്‍മ്മ പരമായ പുരോഗതിക്കു വേണ്ടി വിഷ്ണുക്ഷേത്രദര്‍ശനവും യഥാശക്തി വഴിപാടുകളും നടത്തുക.



**മീനക്കൂറ്(പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)ഃ** ബന്ധുബലവും പ്രതാപവും വാഹന ലാഭവും എന്നാല്‍ വാഹനത്തില്‍ നിന്നും അപകടവം ഉണ്ടാകും. കാര്യങ്ങള്‍ക്ക് തടസ്സവും സന്താനങ്ങള്‍ ശത്രുതാപരമായി പ്രവര്‍ത്തി ക്കുകയോ ചിന്തിക്കുകയോ ചെയ്യാം. കര്‍മ്മരംഗത്ത് പല വിധത്തിലുള്ള പ്രശ്നങ്ങള്‍ സ്വന്തം അശ്രദ്ധമൂലം സംഭവിക്കും. സ്വയാര്‍ജിത ധനത്തിന് കുറവ് വരും. കാലം ഗുണദോഷ സമ്മിശ്രമായിരിക്കും. കര്‍മ്മ പുരോ ഗതിക്ക് വേണ്ടി ശനിഗ്രഹ പൂജ, ശനി സ്തോത്ര ജപം നമഃശിവായ ജപം എന്നിവ നടത്തുക.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പന്‍ തുണ!*

**തിങ്കള്‍, വ്യാഴം, ശനി ദിവസങ്ങളില്‍ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,28/163cm,Chothi, Wheatish, MA,Mphil,PhD(Doing),Assistant Professor,Govt College, Low vision girl, Pref: Having Higher Education Permanet Employ, Mob:9497736831/ 8547952471, Reg.No.22049


Email:drrsreek@gmail.com
Date of Birth:5-03-1991(10.35am)
Sishta Dasa:Rahu: 10-8-14




Contact Address:
DR.R.SREEKUMAR
SREEVALSAM
PUNNAMADA WARD
PUNNAMADA
ALAPPUZHA - 688006

Nair Girl, 27/5'7",Uthram,Fair, MBBS, MS,ENT,-Head & Neck Surgery, Doctor, Pref: MD/MS or Higher qualification ,viz.CA/Lawyers/IAS, Mob:7823934626/ 9962119626, Reg.No.22079


Email:satheesan2k@gmail.com
Date of Birth:24-01-1992(8.35am)
Sishta Dasa:Ravi : 0-3-15




Contact Address:
MR.N SATHEESAN
DREAM FLOWER BONITA
FLAT NO.404
ELAMAKKARA, SWAMYPPADY
GREEN RIPPLE ROAD
ERNAKULAM - 680026

Nair Girl, 22/162, Uthram, Fair, B.Arch (Final Yr), Pref : Any Profession, Passionate in Music (Vocal & Instrumental), Ph: 0484-2777501, Mob : 9847113501, 9447127817, Reg No: 22081


Email:surgeeth@gmail.com
Date of Birth:04-12-1996 (01.07pm)
Sishta Dasa:Aadithya : 4.2.1




Contact Address:
MR. SURESH KUMAR. R.B
2D, ROYAL MUNDORKOT APTS
PALLIPARAMBU KAVU
TRIPUNITHURA
COCHIN - 682301

Nair Girl,23/168cm, Chothi, Fair, B.Tech (IT),Software Professional (UST Global) Infopark, Kochi, Pref:B.Tech, Software Professionals in India & Abroad (No Gulf),Officers (Defence), Ph:0484-2971001,Mob:9447375923/ 9048368797, Reg.no.22083


Email:jaleshkb@gmail.com
Date of Birth:07-07-1995(10.20am)
Sishta Dasa:Rahu: 15.11.29.6




Contact Address:
MR.K. B. JALESH
F9, GALAXY CLIFFORD
CHILAVANNOOR SOUTH
KADAVANTHRA P. O
KOCHI - 682020

Nair Girl, 25/162cm, Moolam, Fair, M.Sc Seed Technology - Agriculture, waiting for PG results, Pref: Govt job/ Multinational Companies,Professionals, Kottayam & nearby districts, Mob: 9447147524/ 9495734665, Reg.No. 22085


Email:sreekumarprabha@gmail.com
Date of Birth:7-11-1994(1.04pm)
Sishta Dasa:Kethu : 0-0-27




Contact Address:
MR.K SREEKUMAR
KRISHNA PRABHA
THALAYOLAPARAMBU P. O
KOTTAYAM - 686605

Nair Girl, 25/168cm, Aayilam, Wheatish, MCA, Ui & Ux design ,Ui & Ux design Analyst, Chennai,Pref: Professionals, Mob:9447769101, Reg.No.22087

Email:sreedhanya.m93@gmail.com
Date of Birth:24-03-1994(11.30am)
Chennai
Sishta Dasa:Budha:5-10-28




Contact Address:
MR.MANOJ KUMAR MENON
FLAT -1B, FERNARISTOCRAT
KANNADIKKADU
MARADU
ERNAKULAM - 682304

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്

Nair Girl, 26/5ft,Pooruruttathi, Fair, B.Tech,Employed in Accenture ,Bangalore, Pref: Boy working in Bangalore, Ph:0478-2582241,Mob: 9447455729,Reg.No.22088

Email:krishnan.nair.s@gmail.com
Date of Birth:27-01-1993(11.17am)
Sishta Dasa:Guru:1-10-16

ല ബു ര

| | | | |
|---|---|---|---|
| ല ച ശു | മാ | ശി | കു |
| | ഗ്രഹനില & അംശകം | | |
| ബു ര മ | | | |
| | സ | | ഗു |

സ · കു (left) · ഗു ച ശു · ശി മ മാ (right)

Contact Address:
MR.KRISHNAN NAIR S
SREERAJ
THANNEERMUKKOM
CHERTHALA
ALAPPUZHA - 688527

Nair Girl,27/5ft(150cm),Chithira, White, Graduate in Fine Arts, Self Employed,Boy working in USA or UK,supports her profession in Arts, Mob: 9496454174/ 9496742859, Reg.No.22094

Email:ssissu@gmail.com
Date of Birth:14-05-1992(7.30pm)
Sishta Dasa:Kuja : 1-2-9

| | | | |
|---|---|---|---|
| കു മാ | ബു ശു | ര | ശി |
| | ഗ്രഹനില & അംശകം | | |
| മ | | | ഗു |
| സ | ല | ച | |

Contact Address:
MR.KUMAR M S
SANKARAMANGALAM
179, SREENAGAR
EROOR WEST P O
PISHARIKOVILROAD,
TRIPUNITHURA
ERNAKULAM - 682306

Nair Girl,21/168cm, Uthradam, Fair, B.Tech-BioMedical Engineer, Product Specialist in American Company,Pref: PG, Engineer, Management Professional, Partners residing or working at European Countries,Ph:0484-4853066, Mob: 9746178266/ 9656868266, Reg.No. 22096

Email:devutty1711@gmail.com
Date of Birth:17-08-1997(5.30am)
Sishta Dasa:Ravi : 0-0-19

ച ര ശി

| | | | |
|---|---|---|---|
| മ | | മാ | |
| ശി | ഗ്രഹനില & അംശകം | | ല |
| ച ഗു | | | ര ബു സ |
| | | കു | ശു |

ശു മ · മാ · ല കു (left) · ഗു (right)

സ ബു

Contact Address:
MR.SAJEEV KUMAR
ASHTAPADI
JAWAHAR ROAD
GANDHI SQUARE - PETTA
ERNAKULAM - 682038

Nair Girl,27/5'4",Karthika, Fair, B.Tech, MNC, Infopark,Pref : Professionals, Ph:0484-2705290, Mob:9387631810, Reg.No.22105

Email:kjayakumar105@gmail.com
Date of Birth:15-1-1992(7.15pm)
Sishta Dasa:Ravi : 3-10-0

മ മാ

| | | | |
|---|---|---|---|
| | | ച | ശി |
| | ഗ്രഹനില & അംശകം | | ല |
| ര മ | | | ഗു |
| കുബു സമാ | ശു | | |

ശു ശി · ര ച (left) · കു · ബു സ (right)

ല ഗു

Contact Address:
MR.JAYAKUMAR
SOUPARNIKA
KADEKUZHY HOUSE
KUNDANOOR
MARADU P O
ERNAKULAM - 682304

Nair Girl, 22/161cm, Uthradam, Medium, M.Sc Mathematics, B Ed pursuing, Pref: Degree, Ph:0484-2711516, Mob:9946727665, Reg.No.22106

Email:aryamarketingkochi@gmail.com
Date of Birth:02-04-1997(1.46pm)
Sishta Dasa:

ച ബു

| | | | |
|---|---|---|---|
| ര ശു മ ശി | ബു | | മാ |
| | ഗ്രഹനില & അംശകം | | ല |
| ച ഗു | | | കു |
| | | | സ |

സ മാ · ര കു ശു മ (left) · ഗു · ശി · ല (right)

Contact Address:
MR.VENUGOPALAN P S
DARSHAN ENCLAVE
FLAT NO. 5 D
CHANKROTHMANA
M L A ROAD, CHOTTANIKKARA
ERNAKULAM - 682312

Nair Girl,26/159cm, Uthram,Fair, B.Tech, MBA, Manager Trainee, Chennai, Pref: Well placed , Professionals,Mob:9447731861, Reg.No.22107

Email:svijayan.villagenook@gmail.com
Date of Birth:30-5-1993(6.01pm)
Sishta Dasa:Ravi : 0-6-22

ച മാ ഗു ശു ര

| | | | |
|---|---|---|---|
| | ശു | ര ശി | ബു |
| മ | ഗ്രഹനില & അംശകം | | കു |
| | | | |
| | ല സ | മാ | ഗു ച |

കു · സ (left) · ശി · ല (right)

മ ബു

Contact Address:
MR.S.VIJAYAN
23/338, INDEEVARAM
OTTOLIPARAMBU(CANAL SIDE)
TRIPUNITHURA
ERNAKULAM - 682301


# MANGALYAM MATRIMONIAL



# വരനെ ആവശ്യമുണ്ട്

Nair Girl,22/159cm,White, Vishakam, Sudha Jathakam, B.Com,Aviation, Employ,Pref: Graduation,Govt/Gulf, Mob:9961246422/9961577325, Reg.No.22108


Email:kozhivehilsureshkumar@gmail.com
Date of Birth:25-07-1996(12.17pm)
Sishta Dasa:Guru : 6-7-22




Contact Address:
MR.K. S. SURESH KUMAR
KOZHIVELIL HOUSE
KANINADU P. O
PUTHENCRUZE
ERNAKULAM - 682310


Nair Girl,25/165cm, Poororuttathi, Fair, M.Tech Civil Structurale Engineering ,Design Engineer,Pref: Engineering equivalent or above qualification , Govt/Private sector, Mob : 9562310923, Reg.No.22109

Email:sheelamandanath11@gmail.com
Date of Birth:02-06-1994(10.10am)
Sishta Dasa:Guru: 4-11-8.24





Contact Address:
MR.BABU SURESH
CHOONDAMKUZHIYIL HOUSE
THIRUVANIYOOR P O
ERNAKULAM - 682308

Nair Girl,28/5'5",Anizham, Fair, BDS, MDS,Consultant,Periodontist,Pref: Professional Degree, Preferably from Ernakulam/Trichur,Palakkad/ Alappuzha/Kottayam, Ph:0484-2360078, Mob:9447603768/ 9605056622, Reg.No.22112
Email:manjumnn9@gmail.com
Date of Birth:8-02-1991(2.37am)
Sishta Dasa:Sani :10-9-3





Contact Address:
MR.ASOK DAMODHARAN
ANJANAM
VEEKSHANAM ROAD
EAST END
PULLEPPADY
ERNAKULAM - 682018

Nair Girl,26/169cm, Pooradam, Dosham in 7th Portion, Fair, B.Tech (CS), Employed in Infosys, Please contact Parents of Professionally well employed boys, Ph: 0477-2270310, Mob:9400236009/ 9567532024, Reg.No.22115
Email:
Date of Birth:3-10-1992(3.56pm)
Sishta Dasa:Sukra : 17-7-1




Nair Girl,23/163cm, Thiruvathira, Fair, Doing Internship - MBBS, Doctor, Pref: MBBS/Doctor/MD ,Mob: 9895605032, Reg.No.22117


Email:bmkumar57@gmail.com
Date of Birth:08-12-1995(10.25pm)
Sishta Dasa:Rahu : 13-2-4




Contact Address:
MR.B.MOHANAKUMAR
THADATHILPARAMBIL HOUSE
ELOOR ROAD
N.KALAMASSERY
ERNAKULAM - 683104

Nair Girl, 25/168cm, Vishakam, White, M.Com, Accounts Asst at Flywell Tours & Travels, Pref : Graduation, Business, IT Professional or UAE, Mob: 9847217637/ 9961674081 , Reg.No. 22120

Email:gparvathynair93@gmail.com
Date of Birth:20-9-1993(11.13am)
Sishta Dasa:Guru : 3-0-5




Contact Address:
MR.J KESAVAN NAIR
PRASANTHI
THYKUDOM CHURCH ROAD
VYTTILLA P O
ERNAKULAM - 682019


MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl, 26/5'2", Karthika, Fair, M.Tech, Internship at C-DAC, Pref : Secured Permanent Job, Post Graduate, Ph : 9349320100, Reg No: 22122


Email:drtpadmakumar@gmail.com
Date of Birth:28-02-1993 (3.03pm)
Sishta Dasa:Aadithya : 4.1.23.24




Contact Address:
DR. T. PADMAKUMAR
REVATHY TENRA-103
THYCAD ELAKAM NAGAR
THYCADU. P.O
TRIVANDRUM - 695014

Nair Girl,24/5'6", Thiruvonam, Wheatish Brown,B.Tech(CS),Infoys Bangalore, Pref: B.Tech,working at Bangalore, Ph:0484-2536155, Mob:9746066006,Reg.No.22123


Email:krishnapsnt@gmail.com
Date of Birth:30-01-1995(7.35pm)
Sishta Dasa:Chandra: 8-10-2




Contact Address:
MR.KRISHNA KUMAR
SAI NIVAS
PUTHUKALAVATTOM ROAD
ELAMAKKARA
ERNAKULAM -682026

Nair Girl,27/155cm,Chithira, Fair, M.Tech, Civil, Doing research in IIT, Pref: Engineer/Doctor/Officers/ Charted Accountant, Executives, Ph:0484-2310873, Mob:9446608223, Reg.No.22125

Email:sreekumartr54@gmail.com
Date of Birth:11-6-1992(5.32am)
Sishta Dasa:Kuja: 0-0-18.54




Contact Address:
MR.SREEKUMARAN T. R
SREEVIHAR , 58/1157
GEORGE EADEN ROAD
PANAMPILLY NAGAR
KOCHI - 682036

<u>കവിത</u>

# ഋഷിനാഗകുളത്തപ്പൻ

**എ.ബി.സി. കൈമൾ**

ഉണ്ടു പണ്ടു മുതലേ പ്രസിദ്ധിയാർ -
ന്നിങ്ങൽ തീർത്തൊരു പിനാകിമന്ദിരം
ചെണ്ടു ചാർത്തിയെറണാകുളാഖ്യമാം
തുണ്ടുപോലെ ചെറുതായ പത്തനം.
ഇന്നു ക്ഷേത്രമരുളുന്ന സുസ്ഥലം
പണ്ടു കാടു വളരുന്ന ദു:സ്ഥലം
അന്നുമുണ്ടൊരു കുളം വിഴുപ്പുകൾ
കൊണ്ടു വന്നു രജകർക്കലക്കുവാൻ.
പൂർവ്വദിക്കിൽ നികടത്തിൽ കേരള -
ബ്രാഹ്മണർ ചിലർ വസിച്ചിരുന്നപോൽ
ദിക്കിനൊക്കെയുടമസ്ഥർ, പുഷ്ടമാം
ധിക്കൃതിക്കുമവർ കുപ്രസിദ്ധരായ്.
ശാപമേറ്റുരഗശീർഷനായൊരു
നാഗയോഗി, തപമോടെമേവി നിർ -
വ്വാണമാർന്ന പരിപുണ്യഭൂതല -
മാണിതെന്നതു പുരാണഘോഷിതം.
ശാപമോക്ഷമതിനായി സഞ്ചരി -
ച്ചാഗമിച്ചിഹ നിപാനവാസിയായ്
കൊണ്ടുവന്ന ശിവലിംഗപൂജയിൽ
സന്തതംമരുവിയാദൃഢവ്രതൻ.
രൂപവൈകൃതമിയന്നൊരാ ഋഷി -
യ്ക്കേറെ യാതനകളേറ്റി നാട്ടിലെ
മൂഢരായ ദ്വിജരൊട്ടുപേർ തപോ -
വിഘ്നവും കൊടിയ ദേഹപീഡയും.
നാഗയോഗി ശിവഭക്തർ പൂകിടും
നാകമാർന്നനതിദൂരഭാവിയിൽ
രുദ്രനേത്രമെരിയിച്ചുപോൽ ശഠർ
ദുഷ്ടവിപ്രരമരും ഗൃഹങ്ങളെ!
അന്നു ഭക്തഋഷി പൂജചെയ്തൊരാ
സ്ഥാണുലിംഗമിവിടെ പ്രതിഷ്ഠിതം
വില്വമംഗലയതീന്ദ്രനാണനുഷ് -
ഠാനപൂർവ്വമതു നിർവ്വഹിച്ചതും.
വാമദേവനുടെയീപുരം ഋഷി -
നാഗവും കുളവും ചേർന്ന പേരിലായ്
ലോപമാർന്നതു ക്രമേണയായെറ -
ണാകുളപ്രചുരനാമധാരിയായ്
കാലചക്രഭ്രമണത്തിലേറയായ്
മാറിയീ പഴയദേശമെങ്കിലും
ദേശദേവതപദാഭിഷിക്തനായ്
വാണിടുന്നു ശിവദേവനിന്നുമേ
ഭജിക്കുന്നോർക്കുകൈവല്യം
യജിക്കുന്നോർക്കു സൗഭാഗ്യം
ഋഷിനാഗകുളത്തപ്പൻ
വർഷിപ്പൂ സർവ്വമംഗളം

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 30/176cm,Rohini,Fair,MBA from Reputed International University, Vice Chairman,Pref: PG, Age below 26 yrs, Must be from reputed family,Mob: 9446418773, Reg.No.21633

Email:grp.matrimony@gmail.com
Date of Birth:28-01-1988(11am - Saudi Arabia -Dammam time)
Sishta Dasa:Chandran:8.2.17

ഗു ശു ല ച ര മ

| | | | |
|---|---|---|---|
| ഗു സ മാ | ല | ച | |
| ബു ശു | ഗ്രഹനില & അംശകം | | |
| ര | | | |
| മ | കു | | ശി |

സ (right) ; ശി മാ (left)

കു ബു

Nair Boy, 32/175cm, Uthram, Fair, B.Com,MBA, Retail Manager, Bangalore, Pref: Any Higher Degree, Ph:0484-2779832,Mob: 8301067832/ 9567525663, Reg.No.22077

Email:mrs.nair12@gmail.com
Date of Birth:13-07-1986(9.31am Kuwait time
Sishta Dasa:

സ ലമാ ഗു

| | | | |
|---|---|---|---|
| | സ | | ര |
| ഗു | ഗ്രഹനില & അംശകം | | ബു |
| | | | ശു |
| കു മാ | മ | ശി | ല ച |

ച (left) ; ര ശു, മ (right)

കു ബു ശി

Contact Address:
MR.BHASKARAN NAIR
ASWATHY
PATTUPURAKKAL ROAD
THRIPUNITHURA
ERNAKULAM - 683201

Nair Boy, 27/171cm,Bharani,Slight darkish,B.Tech,MBA,,Junior Officer, Tirumala Chemicals, Ranipet, Pref: Diploma/Degree,Mob:9846004610, Reg.No.22078

Email:a_aravindababu@yahoo.co.ok
Date of Birth:09-03-1992(12.40Noon)
Sishta Dasa:

ര

| | | | |
|---|---|---|---|
| ബു | ച | | ല ശി |
| ര ശു | ഗ്രഹനില & അംശകം | | മാ |
| കു മ | | | ഗു |
| സ | | | |

ശി (left) ; മ, കു സ, ഗു (right)

ശു ബു ച

Contact Address:
ARAVINDA BABU
SURYASREE
CMC -XI
CHERTHALA POST
ALAPPUZHA - 688524

Nair Boy, 29/172cm, Pururuttathi, Wheatish,B.Tech,Quality Control Engineer MNC (Skoda India Ltd, Aurangabad),Pref:B.Tech/PG, working girls preferred from Ekm, Trichur Districts,Mob: 9544113858, Reg.No. 22023

Email:ushabhaskaran76@gmail.com
Date of Birth:13-10-1989(11.28am)
Sishta Dasa:Guru:0-0-6

ഗു ബു ല

| | | | |
|---|---|---|---|
| ച | | | ഗു |
| | ഗ്രഹനില & അംശകം | | ശി |
| സ | | | |
| മ ല | ശു മാ | | ര കു ബു |

ശി (left) ; ച കു മാ, ര മ, സ (right)

ശു

Contact Address:
SMT.USHA BHASKARAN
FLAT.NO.1A, SPLENDOUR
NEAR ANCHUMANA TEMPLE
SURABHI ROAD,EDAPALLY
KOCHI - 682024

Nair Boy, 27/177cm, Pururuttathi, Fair-white,B.Tech/MS(Machine Design), Sr.Manager,TATA Motors, Pune, Pref: B.Tech/M.Tech, willing to relocate to pune, Ph:0471-2365244, Mob: 9400775244 / 9446336524, Reg.No.22080

Email:radhasmb@yahoo.com
Date of Birth:20-10-1991(2.10pm)
Sishta Dasa:Guru: 10-8-20

ശി ച

| | | | |
|---|---|---|---|
| മാ | | | ശി |
| ച | ഗ്രഹനില & അംശകം | | |
| ല മ | | | ഗു ശു |
| സ | ര ബു കു | | |

ബു മ, കു (left) ; ല ഗു മാ, ശു സ (right)

ര

Contact Address:
MR.RADHAKRISHNAN M B
SREENIKETHAN
PEROOR P O
KOTTAYAM - 686637

Nair boy, 29/174cm,Anizham,Fair ,B.Tech (Doing MBA),Engineer- Non IT,Govt/PSU, Pref: Matching stars - Aswathy, Karthika, Rohini,Punartham, Ketta, Uthradam, Thiruvonam, Pururuttathi, Uthrittathi, Revathi, Mob:9495873650/ 9446073169, Reg.no.22084

Email:mohandaspsm@gmail.com
Date of Birth:1-11-1989(9.25am)
Sishta Dasa:Sani:5.10.8

ഗു ശി ശു

| | | | |
|---|---|---|---|
| | | | ഗു |
| | ഗ്രഹനില & അംശകം | | ശി |
| സ മാ | | | |
| ശു മ | ല ച | ര ബു കു | |

ല, ര, മാ, ബു (left) ; മ (right)

കു ച സ

Contact Address:
MR.MOHANDAS P S
AKHILAM (PERAYAPPILLIL)
KIDANGOOR P O
KOTTAYAM - 686572


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 29/5'6",Thiruvathira, Fair, MBBS,Doctor,Doing MS,General Surgery, Pref:MBBS,MD/MS, Mob: 9249728963, Reg.No.22086


Email:vpnairvenugopal@yahoo.com
Date of Birth:26-05-1990(2.35pm)
Sishta Dasa:Rahu : 15-5-21




Contact Address:
MR.VENUGOPAL V. P
CHAITHANYA
SHADY LANE
THOTTAKKATTUKARA
ALUVA - 683108

Nair Boy, 32/164cm, Uthradam, Wheatish, B.Com, MBA, CA INTER, Pursuing CA Final, Business, Audit Manager,Ernakulam,Mob: 9846655667, Reg.No.22089


Email:paintsand.rajan@gmail.com
Date of Birth:24-03-1987(6.25am)
Sishta Dasa:Ravi:5-9-10




Contact Address:
MR. K. RAJAN MENON
NADATHEDATH HOUSE
MANJINAKKARA ROAD, VKC P. O
THEVAKKAL
ERNAKULAM - 682021

Nair Boy, 29/160cm, Pooram, MBA (HR),DECATHALON, Pref: Graduate, White Colour, Dist -Ernakulam, Kottayam, Idukki, Thrichur, Palakkad, Mob: 9946346901, Reg.No.22090


Email:amgayathri5@gmail.com
Date of Birth:05-08-1989(3.55am)
Sishta Dasa:Sukra : 2-0-0




Contact Address:
MR.T. K. MOHANKUMAR
SREEVALSAM, N.R.A-2
PARAPPURATH HOUSE
MANJUMMEL P. O
UDYOGAMANDAL
COCHIN - 683501

Nair Boy, 29/178cm,Thriketta, Fair, B.Com,FCA,Manager,Wipro Technologies, Bangalore,Pref: Doctor, Chartered Accountant,Ph:0484-2807069, Mob:8547000023, Reg. No.22091


Email:gopushus@gmail.com
Date of Birth:08-09-1989(10.35am)
Sishta Dasa:Budha:14-5-11




Contact Address:
MR.P.GOPINADHAN
USHUS
NETTAYIL LANE
CHAKKARAPARAMBU
VENNALA
KOCHI - 682028

Nair Boy, 29/5'11",Makayiram, Fair, MBA (HR & Marketing),HR Admin, Pref:UG/PG, Residing Kochi/near by employed, Slim & Fair,Vegetarian prefered,Mob: 0091-9745107104, Reg.no.22092


Email:anitharajagopal1@gmail.com
Date of Birth:21-09-1989(4.30pm)
Sishta Dasa:Chowa:5-2-25




Contact Address:
MR.K.R. RAJAGOPAL
SOWBHAGYA
ELAMAKKARA
NEAR GANAPATHY TEMPLE
SWAMIPADY, GANAPATHY
TEMPLE ROAD, KOCHI -682026

Nair Boy, 35/165cm, Chothy, Fair, B.Tech Electronics & Communication, Senior Consultant, Infosys, Trivandrum, Pref: Doctors/Engineers/Lectures/Bank Employees/Govt Employees, Ph: 0484-2658224, Mob: 9447815848, Reg.No. 22097

Email:rohithnair@gmail.com
Date of Birth:10-09-1983(1.45pm)
Sishta Dasa:Rahu : 16-6-29




Contact Address:
MR.V. S. NARAYANAN NAIR
ELENJICKAMALIL HOUSE
ASAMANNOOR P O
PERUMBAVOOR
ERNAKULAM 683549


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 27/178, Bharani, Fair, Rich, B.Tech, MS (Eng) USA, Working Abroad, Likely to Settled in India, within 2 years, Pref : MBBS, CA, CS, MDS, BDS, Ph: 9446540872/ 9495940872, Reg No: 22098


Email:kmanoharan_sbt@rediffmail.com
Date of Birth:07-07-1991 (10.55 pm)
Sishta Dasa:Sukra : 3.0.8




Contact Address:
MR. K. MANOHARAN
USHUS, KADEKUZHI HOUSE
KUNDANOOR. P.O
MARADU
ERNAKULAM-682304

Nair Boy, 27/5'11", Thiruvonam, Wheatish Brown, B.Tech, MBA, Mechanical Engineer,Chennai, Pref: B.Tech, MBA,PG,Ph:0484-2236711, Mob: 9895957441, Reg.No.22099


Email:menon.gayathri989@gmail.com
Date of Birth:10-12-1991(4.32pm)
Sishta Dasa:Chandra : 9-3-11




Contact Address:
MR.T.M.RAVINDRAN
THERODATH HOUSE
AZHAKIYAKAVU TEMPLE LANE
PALLURUTHY P O
COCHIN - 682 006

Nair Boy, 26/169cm,Pooram, Fair, B.Tech(Aerospace Engg),Spectrum Antennas & Avionics, Pref: Educated and Vegetarian,Ph: 0484-2780651, Mob: 9947361151, Reg.No.22100


Email:aaram.nair@gmail.com
Date of Birth:01-08-1992(13.58hrs)
Sishta Dasa:




Contact Address:
MR.SATISH KUMAR N
40/768, SARATH
I.N MENON LANE
NORTH FORT GATE
TRIPUNITHURA
ERNAKULAM - 682301

Nair Boy, 23/ 169cm,Poorurruttathi, Fair, B.Tech with Honours, Software Engineer, Pref: Well Educated girl from an Aristocratic nair family,Employed or Unemployed, Mob:9447023080/ 8296614929,Reg.No.22101


Email:endileep@gmail.com
Date of Birth:9-6-1996(6.57am)
Sishta Dasa:Guru: 1-2-12




Contact Address:
MR.E.N.DILEEP KUMAR
KALATHIL HOUSE
KUREEKAD P O
TRIPUNITHURA
ERNAKULAM - 682305

Nair Boy,28/188cm,Anizham, Medium, Masters in Financial Planning & Wealth Management,Banking Professional,Pref: As per qualification,Districts - Ernakulam/Trissur/Palghat,Mob: 8589960377/ 9895373636, Reg.No. 22102


Email:ikoherb@gmail.com
Date of Birth:28-05-1991(3.40pm)
Sishta Dasa:Sani: 6-4-19




Contact Address:
MR.SRIKUMAR K NAIR
SREE MANDIRAM (CHAKYAT)
BHAGAVATHI TEMPLE WEST
NADA ROAD
CHERANELLUR P O
KOCHI - 682034

Nair Boy, 32,180cm (5'11"), Atham, Medium, MS, Aerospace, Doing Software Business, Pref: Graduation, Ph:0484-2712122, Mob:9446469122, Reg.No.22103

Email:suseeladevik58@gmail.com
Date of Birth:16-03-1987(7.31pm)
Sishta Dasa:Chandra : 6-11-6




Contact Address:
SMT.SUSEELA DEVI
SREEPADAM (YESODAYAM)
KANNOKADA/KAYAPURAM
TATA HOSPITAL ROAD
CHOTTANIKARA
ERNAKULAM - 682312


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 30/5'7"(170cm),Pooyam, Wheatish, MBA,Private Sector, Bangalore, Pref: looking for traditional , Educated, qualified girls preferably placed in Bangalore or having Transferable jobs, Mob: 91+ 9447165744/ 7012667758, Reg.No. 22104

Email:sreemenon12@gmail.com
Date of Birth:17-06-1988(2.25pm)
Sishta Dasa:Sani: 13-4-17





Contact Address:
MR.SREEKUMAR V K
34/1214,PPRRA 27,
NARAYANEEYAM
PALAPARAMBU ROAD
ELAMAKKARA
COCHIN - 682026

---

Nair boy, 29/(5'10")178cm, Uthram, Fair, B.Tech-Mechanical Engeering & Diploma in Tool Designing & Car Designing, Mechanical Engineer-Dubai, Pref: Professionaly qualified /PG in any subject, Mob:9995036220/ 9744536219, Reg.no.22110

Email:geethasekhar59@gmail.com
Date of Birth:20-12-1989(1.10pm)
Sishta Dasa:Ravi:0.9.26





Contact Address:
MR.D. PRABHAKARA PANICKER
KRISHNAGEETHAM
(PERUPARAMPU)
NEERKUNNAM
T.D.M.C.P.O
ALAPPUZHA- 688005

---

Nair Boy, 28/6'(180cm), Pooram, Wheatish Brown, MBA, Private Sector, Baharin, Pref: Degree, Ph: 0485-2831213,Mob: 9495371788, Reg.No. 22111

Email:sreekalab63@gmail.com
Date of Birth:25-07-1990(7.15am)
Sishta Dasa:Sukran :15-11-30





Contact Address:
SMT.SREEKALA. B
NJARAKATTU HOUSE
M.C.ROAD
MUVATTUPUZHA P. O
ERNAKULAM - 686661

---

Nair Boy,31,177cm,(5'11"),Ayilyam ,Sudhajathakam,, Fair, B.Tech+MS, Healthcare Data Analyst in Bangalore, Pref: 25-29,Fair,Tall,Medium Built, Professionally qualified,willing to settle abroad, stars except Moolam will match, Mob: 9847358376,/ 7907043935 Reg.No. 22113

Email:pkbabykumar@gmail.com
Date of Birth:07-01-1988(12.57pm)
Sishta Dasa:Budha:02-04-08





Contact Address:
SMT.UMA. B KUMAR
92, VAISHNAV
VIKAS NAGAR
KUNDANOOR
MARADU P O
ERNAKULAM - 682304

---

Nair Boy, 32/172cm,Pooyam, Wheatish, B.Com, MBA (HR & Marketing), Asst.HR Manager,NMC Hospital, Muscat, Pref: Graduation, Ph: 0484-2518830, Mob: 9895040121/ 96899104781, Reg.No.22114

Email:baladxb@gmail.com
Date of Birth:4-8-1986(7.50pm)
Sishta Dasa:Sani : 16-8-5





Contact Address:
MR.R GOVINDAN KUTTY MENON
ABHILASH - CHATUPPELIL HOUSE
VADAKKUMPURAM P O
N PARAVOOR
ERNAKULAM - 683521

---

Nair Boy, 26/170cm, Anizham, Wheatish, B.Com, MBA (Fin), Federal Bank, Pref: Graduation, Employed, Ernakulam/Trissur/Kottayam,Mob: 9495735633/ 7558815936, Reg.No.22116

Email:tmr4160@gmail.com
Date of Birth:13-03-1993(6pm)
Sishta Dasa:




Contact Address:
MR.T.M.R.KARTHA
PRANAVAM
KOODANCHERIL MADHOM
NILANAGAR
PUTHENCRUZ POST
ERNAKULAM - 682308



# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 25/175cm, Bharani, Sudha Jathakam, Fair, MBA(Rajagiri), Asst.Manager in Muthoot Fin Corp, Thiruvananthapuram,Pref: Degree, Educated girl,Ph: 0484-2785013, Mob:9995310628/ 9969223601, Reg.No.22118

Email:gopakumarmavelil@gmail.com
Date of Birth:10-08-1993(3.24pm)
Sishta Dasa:Sukra : 8-4-2

ലശി ഗു

| | | | |
|---|---|---|---|
| | ച | ശി | ശു |
| മ | ഗ്രഹനില | | ര ബു |
| | & അംശകം | | |
| ല | സ മാ | | കു ഗു |

കു ശു മാ
ര
ബു
മ സ ച

Contact Address:
MR. S GOPAKUMAR
MAVELIL HOUSE
KSHB COLONY
IRUPANAM P O
ERNAKULAM - 682 309

Nair Boy,30/172cm, Thrikketta, Medium, B.Com,Diploma in Computer Science Govt Service, Police Dept, Pref:Employed/Graduate/PG,Vegetarioan family with traditional values, Mob: 9495496163/ 8075148840, Reg.No. 22119

Email:rpremaletha@gmail.com
Date of Birth:22-08-1988(11.55am)
Sishta Dasa:Budha : 5-10-21

ശു സ ഗു മ ര ല

| | | | |
|---|---|---|---|
| കു | | ഗു | ശു |
| സ | ഗ്രഹനില | | |
| | & അംശകം | | ബു ര ശി |
| മ മാ | ച | ല | |

ച
കു
മാ
ശി ബു

Contact Address:
MR.GOPALAKRISHNAN R
QR.NO.F2/5,GOVT ENG. COLLEGE
STAFF QUARTERS
ENGINEERING COLLEGE P O
THRISSUR - 680009

Nair Boy, 28/180cm, Uthram, Fair, B.Tech, Mechanical Engg,Project Engineer, Worley,Qator,Pref: B.Tech (NonIT), M.Com,CA,MBA,B.Ed, Ph: 0484-2711367, Mob:8111827919, Reg.No. 22121

Email:uk_gvv@yahoo.co.in
Date of Birth:19-06-1991(8.05am)
Sishta Dasa:

മ ശി

| | | | |
|---|---|---|---|
| | | | ര ബു ശി |
| | ഗ്രഹനില | | ല ശു ഗു കു |
| മ | & അംശകം | | മാ |
| സ | | | ച |

ച കു
ഗു ശു മാ
ല
ബു സ

Contact Address:
MR.UNNIKRISHNAN NAIR,
KRISHNA KRIPA
ERUVELY
CHOTTANIKARA P O
ERNAKULAM - 682312

Nair Boy, 32/170cm,Thiruvathira, Fair, B.Tech (Civil), Self Employed, Pref : Degree, Mob:9995050812, Reg.No.22124

Email:ppnvkm@gmail.com
Date of Birth:30-08-1986(9.02am)
Sishta Dasa: Rahu : 9-0-24-18

സ ബുഗു

| | | | |
|---|---|---|---|
| സ | | | ച |
| ഗു | ഗ്രഹനില | | |
| | & അംശകം | | മാ ര ബു |
| കു | മ | | ല ശു ശി |

ച
ര ല
ശു ശി മ
മാ കു

Contact Address:
MR.P. PRABHAKARAN NAIR
MADHAVAM,BMCRRA 101,
BAKER LANE,
BTS-MAMANGALAM CROSS ROAD
EDAPPALLY,
KOCHI - 682024


## THOTTEKKATT DIWAN'S MEMMORIAL HALL

### ERNAKULAM KARAYOGAM

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

**For Details Contact: 0484 2361160**
**Email: ekmkgm@gmail.com, Web: www.ernakulamkarayogam.com**

# എറണാകുളം കരയോഗം 94-ാമത് വാർഷിക പൊതുയോഗം...









ബ്രഹ്മശ്രീ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ നടന്ന
ഗണപതി ഹോമവും, ഭഗവതി സേവയും.....



എറണാകുളം നായർ സ്ത്രീസമാജം 74-ാം വാർഷിക
പൊതുയോഗത്തിൽ കരയോഗം പ്രസിഡന്റ്
കെ പി കെ മേനോൻ സംസാരിക്കുന്നു




എറണാകുളം കരയോഗം, കാൻസെർവ് സൊസൈറ്റി
ഏഷ്യാനെറ്റുമായി സഹകരിച്ച് നടത്തിയ സെമിനാറിൽ
ജന: സെക്രട്ടറി പി രാമചന്ദ്രൻ (വേണു) സംസാരിക്കുന്നു

DATE OF PUBLICATION: 10-07-2019

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2018-20
LICENSE NO. KL/CR/EKM/WPP-15/2018-20
LICENSED TO POST WITHOUT PREPAYMENT

Volume No. 12 July 2019 Issue No. 7

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ കഥകളി



പ്രവേശനം സൗജന്യം

**കഥകളി : നളചരിതം ഒന്നാം ദിവസം (ദമയന്തി മുതൽ)**

**23.7.2019, ചൊവ്വാഴ്ച, ടി.ഡി.എം. ഹാൾ ഗംഗ, 6.30 p.m.**

ദമയന്തി - ശ്രീമതി.പ്രമീള വിജയൻ
തോഴിമാർ - ശ്രീമതി. ആര്യദേവി തീയ്യാടി,കുമാരി സേതുലക്ഷ്മി
ഹംസം - കുമാരി നർമ്മദ
പാട്ട് - ശ്രീമതി. മീരാ രാംമോഹൻ, കുമാരി. അദ്രിജ വർമ്മ
ചെണ്ട - ശ്രീ.കോട്ടയ്ക്കൽ മനീഷ് രാമനാഥൻ
മദ്ദളം - ശ്രീ.കോട്ടയ്ക്കൽ പ്രതീഷ്
അണിയറ - സർവ്വശ്രീ.രാമചന്ദ്രൻ,സുരേന്ദ്രൻ, കലാമണ്ഡലം അരുൺ രമേശ്

**കഥാസാരം:** നളന്റെ ഗുണഗണങ്ങൾ കേട്ടു പ്രണയാതുരയായ ദമയന്തി സഖിമാരോടു കൂടി ഉദ്യാനത്തിൽ എത്തുന്നു.എന്നാൽ ഉദ്യാനത്തിലെ കാഴ്ചകൾ എല്ലാം അവളിൽ വിരഹത്തിന്റെ തീ ആളികത്തിക്കുന്നു. തിരികെ പോരാൻ ഒരുങ്ങുന്ന അവരുടെ സമീപത്തേക്കു ഹംസം പറന്നു ഇറങ്ങുകയും ദമയന്തിയെ വിദഗ്ധമായി തോഴിമാരിൽ നിന്നും അകലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നു. തന്റെ സരസമായ വാക്കുകൾ കൊണ്ട് ദമയന്തി നളനിൽ മുന്നേ തന്നെ ആകൃഷ്ടയാണെന്ന് മനസ്സിലാക്കുകയും, ഉമയ്ക്കു ഹരൻ പോലെ നളൻ ദമയന്തിക്കു ഏറ്റവും യോജിക്കുന്നവൻ ആണെന്നും, അവരുടെ വിവാഹം മംഗളം ആയി ഭവിക്കും എന്നും അറിയിച്ച് ദമയന്തിയുടെ മനസ്സിലെ ആഗ്രഹം നളനെ അറിയിക്കാനായി തിരികെ പറക്കുന്നു.




## എറണാകുളം കരയോഗം ഫിലിം ക്ലബ്ബ്

**2019 ജൂലൈ 21, ഞായറാഴ്ച വൈകീട്ട് 5.00ന്, ടിഡിഎം ഹാൾ**

കഴിഞ്ഞ ദിവസം നിര്യാതയായ കേരളത്തിലെ ആദ്യത്തെ വനിതാ സംവിധായികയും മലയാളികളുടെ മനം കവർന്ന ഭാർഗ്ഗവിക്കുട്ടിയായും (ഭാർഗ്ഗവി നിലയം) തിളങ്ങിയ വിജയനിർമ്മല സൂപ്പർതാരങ്ങളോടൊപ്പം അഭിനയിച്ച ചിത്രം.

## അന്വേഷിച്ചു കണ്ടെത്തിയില്ല




പ്രവേശനം സൗജന്യം

അഭിനേതാക്കൾ : സത്യൻ, മധു, പി.ജെ.ആന്റണി, മുത്തയ്യ, വിജയനിർമ്മല, കെ.ആർ. വിജയ, കഥ : പാറപ്പുറം, നിർമ്മാണം : അച്ചാണി രവി
ഗാനരചന,സംവിധാനം : പി.ഭാസ്ക്കരൻ, സംഗീതം : ബാബുരാജ്

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.